# മഴവില്ല്

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
**ഫീലിയോ ബുക്ക്സ്**
കോലഞ്ചേരി – 683 562

# മഴവില്ല്


## പ്രൊഫ. എം.വൈ. യോഹന്നാൻ

റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി - 682 311, കേരളം.
ഫോൺ: (0484) 2689489, 2689889

E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**


●


Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി - 683 562**

●

Cover Page & Design
Lijo Puthusseril

●

Printed at
Sterling Print House, Cochin - 682 041

●

Price: ` 80


●


All rights reserved with the publisher

# ആമുഖം

സത്യവേദപുസ്തകം തിരുവചനമാണ്; ദൈവത്തിന്റെ തിരുവചനം. എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാണ് എന്ന് അപ്പൊസ്തലനായ പൗലോസ് തിമൊഥെയൊസിന് ലേഖനമെഴുതുമ്പോൾ പറയുന്നു. ജീവനുള്ള ദൈവത്തിന്റെ അരുളപ്പാടുകളാണ് തിരുവചനത്തിൽ നമുക്ക് ലഭിക്കുന്നത്. തിരുവചനത്തിലെ ആദ്യവാക്യം "ആദിയിൽ ദൈവം" എന്ന താകുന്നു. നമ്മുടെ ജീവിതത്തിൽ എല്ലാറ്റിന്റെയും ആദിയിൽ ദൈവമായിരിക്കണം. നമ്മുടെ സകല പ്രവർത്തനങ്ങളുടെയും ആദിയിൽ ദൈവമായിരിക്കണം. നമ്മുടെ മനോഭാവത്തിന്റെ ആദിയിലും ദൈവമായിരിക്കണം. ദൈവാനുരൂപമായി മാത്രമേ നാം ചിന്തിക്കാവൂ, സംസാരിക്കാവൂ, പ്രവർത്തി ക്കാവൂ. ആദിയിൽ ദൈവം ആകുന്നു എങ്കിൽ നമ്മുടെ ജീവിത ത്തിന്റെ മദ്ധ്യത്തിൽ 'മനുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നത് നല്ലത്' എന്ന് നമുക്ക് മനസ്സി ലാക്കാൻ സാധിക്കും. ബൈബിളിലെ ഒത്ത മദ്ധ്യത്തിലുള്ള വാക്യമാണ് 118-ാം സങ്കീർത്തനം എട്ടാം വാക്യം:

**"മനുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവ യിൽ ആശ്രയിക്കുന്നത് നല്ലത്."**

ഒരു കാരണവശാലും നമ്മുടെ ആശ്രയം മനുഷ്യനിലേ ക്കായി പോകരുത്. ജീവിതത്തിന്റെ ആദിയിൽ ദൈവം ആണെ ങ്കിൽ നമ്മുടെ ജീവിതത്തിന്റെ മദ്ധ്യഭാഗത്തും കേന്ദ്രഭാഗത്തും ദൈവാശ്രയം മാത്രമായിരിക്കും.

വേദപുസ്തകത്തിലെ ആദ്യത്തെ പുസ്തകം ഉല്പത്തി

പുസ്തകമാണെങ്കിലും ആദ്യം എഴുതപ്പെട്ട പുസ്തകം ഇയ്യോബിന്റെ പുസ്തകമാണെന്നാണ് വേദവ്യാഖ്യാതാക്കളുടെ അഭിപ്രായം. ഇയ്യോബിന്റെ പുസ്തകത്തിൽ, 'ദൈവത്തിങ്കലേക്കു തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും' എന്ന വചനം നമുക്കു കാണാം. ദൈവത്തിങ്കലേക്കു തിരിയുക എന്നു പറഞ്ഞാൽ ദൈവത്തിൽ ആശ്രയിക്കുക എന്നർത്ഥം.

**"സർവ്വശക്തങ്കലേക്കു തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും. നീതികേട് നിന്റെ കൂടാരങ്ങളിൽ നിന്ന് അകറ്റിക്കളയും."** **ഇയ്യോബ് 22 : 23**

സദൃശവാക്യങ്ങൾ 22-ന്റെ നാലിൽ:

**"താഴ്മയ്ക്കും യഹോവാഭക്തിക്കും ഉള്ള പ്രതിഫലം ധനവും മാനവും ജീവനും ആകുന്നു."** എന്നു നാം കാണുന്നു.

വേദപുസ്തകത്തിലെ ഒടുവിലത്തെ വാക്യം, വെളിപ്പാടു പുസ്തകം 22-ാം അദ്ധ്യായം 21-ാമത്തെ വാക്യമാണ്:

**"കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ; ആമേൻ."**

ആദിയിൽ ദൈവം, മദ്ധ്യത്തിൽ - എന്നു പറഞ്ഞാൽ, ജീവിതമാകെ മനുഷ്യനിൽ ആശ്രയിക്കാതെ ദൈവത്തിൽ ആശ്രയിക്കുക അപ്പോൾ യേശുക്രിസ്തുവിന്റെ കൃപ കൂടെയുണ്ടായിരിക്കും. ജീവിതാവസാനം വരെയും യേശുക്രിസ്തുവിന്റെ കൃപ കൂടെയുണ്ടായിരിക്കും.

വേദപുസ്തകത്തിലെ ഏറ്റവും പ്രാധാന്യമേറിയ വിഷയം, യേശുക്രിസ്തുവിന്റെ തിരുരക്തത്തിൽ കൂടിയുള്ള മനുഷ്യന്റെ വീണ്ടെടുപ്പ് എന്നുള്ളതാണ്. പാപം ചെയ്തുപോയ മനുഷ്യൻ നിത്യശിക്ഷാവിധിക്ക് അർഹനായിത്തീർന്നപ്പോൾ ദൈവത്തിന്റെ അഗാധ സ്നേഹം മനുഷ്യനെ വീണ്ടെടുക്കുവാൻ ദൈവം തന്നെത്തന്നെ താഴ്ത്തി, ഈ ഭൂമിയിൽ ഒരു മനുഷ്യനായി അവതരിച്ചു, ഒരു മനുഷ്യനായി ജീവിച്ചു, അവിടുന്ന്

യാതനയേറ്റ്, പീഡയേറ്റ്, നിന്ദയേറ്റ് ക്രൂശിൽ മരിച്ചു. ആ ക്രൂശിലെ തിരുബലി മൂലം മനുഷ്യന് വീണ്ടെടുപ്പ് നൽകി, രക്ഷ നൽകി, നിത്യജീവൻ നല്കി, നിത്യസ്വർഗ്ഗത്തിന്റെ അവകാശം നൽകി. പാപിയായ മനുഷ്യൻ ഒന്നും ചെയ്യാതെ, ഒരു പ്രായശ്ചിത്തവും ചെയ്യാതെ, ക്രിസ്തു തന്റെ തിരുരക്തം മൂലം മനുഷ്യരാശിക്കുവേണ്ടി പ്രായശ്ചിത്തയാഗമായിത്തീർന്നു. ഇതാണ് വേദപുസ്തകത്തിലെ ആകമാനസന്ദേശം.

വേദപുസ്തകത്തിന് പഴയനിയമം എന്നും പുതിയനിയമം എന്നും രണ്ടു ഭാഗങ്ങളുണ്ട്. പഴയനിയമം നിഴലും പുതിയനിയമം പൊരുളുമാണ്. പഴയനിയമത്തിൽ നാം ധാരാളം യുദ്ധങ്ങളെക്കുറിച്ച് വായിക്കുന്നുണ്ട്. ആ യുദ്ധങ്ങളൊക്കെയും ദൈവവും സാത്താനും തമ്മിലുള്ള യുദ്ധങ്ങളുടെ പ്രതീകങ്ങളാണ്. പുതിയനിയമത്തിലേക്കു വരുമ്പോൾ യേശുക്രിസ്തു നേരിടുന്ന എതിർപ്പുകളെല്ലാം, എതിർക്രിസ്തുവിന്റെ എതിർപ്പുകളാണ്. ഈ യുദ്ധങ്ങളുടെയെല്ലാം പര്യവസാനത്തിൽ എതിർക്രിസ്തുവിനെ കർത്താവായ യേശുക്രിസ്തു ജയിച്ച് ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടാകുന്നതിനെക്കുറിച്ച് വെളിപ്പാട് 21-ന്റെ 1-ൽ നാം കാണുന്നു.

സിസ്റ്റർ മേരി ബനീഞ്ഞ എഴുതിയ മനോഹരമായ ഒരു കവിതയിൽ ഇപ്രകാരം പറയുന്നു:

ഒരു ശാശ്വത സുപ്രഭാതമു-
ണ്ടതു കണ്ടെത്തുകിലോ ജയിച്ചു നാം
അതിനപ്പുറമില്ല തേങ്ങലും
ദൃഢ നിശ്വാസവുമൊന്നു മാത്രമേ

ആ ശാശ്വതമായ സുപ്രഭാതമാണ് വാസ്തവത്തിൽ പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും ഉദയം. വേദപുസ്തകത്തിന്റെ ആദ്യപുസ്തകമായ ഉൽപത്തി പുസ്തകത്തിന്റെ തുടക്കത്തിൽ നാമൊരു തോട്ടം കാണുന്നു (garden). എന്നാൽ ഒടുവിലത്തെ പുസ്തകം അവസാനിക്കുമ്പോൾ ഒരു

'ഗാർഡൻ സിറ്റി' നാം കാണുന്നു; സ്വർഗ്ഗീയ നഗരം (garden city).

ക്രിസ്തുവിനെയും എതിർക്രിസ്തുവിനെയും തമ്മിൽ തിരിച്ചറിയുവാനുള്ള ബൈബിളിലെ ചില വേദഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കാം:

| | |
|---|---|
| യേശുക്രിസ്തു (1 യോഹന്നാൻ 2 : 8) | എതിർക്രിസ്തു (1 യോഹന്നാൻ 2 : 18) |
| ദൈവപുത്രൻ (ലൂക്കോസ് 1 : 35) | നാശപുത്രൻ (2 തെസ്സലൊനിക്യർ 2 : 3) |
| നല്ല ഇടയൻ (യോഹന്നാൻ 10 : 11) | തുമ്പുകെട്ട ഇടയൻ (സെഖര്യാവ് 11 : 15) |
| സ്ത്രീയുടെ സന്തതി (ഉൽപത്തി 3 : 15) | സർപ്പത്തിന്റെ സന്തതി (ഉൽപത്തി 3 : 15) |
| വിശുദ്ധ പ്രജ (ലൂക്കോസ് 1 : 35) | അധർമ്മ മൂർത്തി (2 തെസ്സലൊനിക്യർ 2 : 3) |
| സത്യം (യോഹന്നാൻ 14 : 6) | ഭോഷ്ക്, വഞ്ചന (2 തെസ്സലൊനിക്യർ 2 : 9) |
| നീതിയുടെ രാജാവ് (യെശയ്യാവ് 32 : 1) | ഉപായബുദ്ധിയുള്ള രാജാവ് (ദാനിയേൽ 8 : 23) |
| സമാധാന പ്രഭു (യെശയ്യാവ് 9 : 6) | ഉഗ്രപ്രതാപമുള്ളവൻ (ദാനിയേൽ 8 : 23) |
| സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്നു (യോഹന്നാൻ 6 : 51) | ആഴത്തിൽ നിന്ന് കയറിവരുന്നു (വെളിപ്പാട് 11 : 7) |
| മറ്റൊരുത്തന്റെ നാമത്തിൽ വന്നു (യോഹന്നാൻ 5 : 43) | സ്വന്തനാമത്തിൽ വരും (യോഹന്നാൻ 5 : 43) |

| | |
|---|---|
| ദൈവത്തിന്റെ ഇഷ്ടം ചെയ്വാൻ വന്നു (യോഹന്നാൻ 6 : 38) | സ്വന്ത ഇഷ്ടം ചെയ്വാൻ വന്നു (ദാനിയേൽ 7 : 25, ദാനിയേൽ 8 : 12) |
| പരിശുദ്ധാത്മ ശക്തിയാൽ പ്രവർത്തിച്ചു (ലൂക്കോസ് 4 : 18) | സാത്താന്യ ശക്തിയാൽ പ്രവർത്തിക്കും (വെളിപ്പാട് 13 : 2) |
| തന്നെത്താൻ താഴ്ത്തി (ഫിലിപ്പ്യർ 2 : 8) | തന്നെത്താൻ ഉയർത്തും (2 തെസ്സലൊനിക്യർ 2 : 4) |
| ദൈവാലയത്തെ ശുദ്ധീകരിച്ചു (യോഹന്നാൻ 2 : 13-16) | ദൈവാലയത്തെ അശുദ്ധമാക്കും (2 തെസ്സലൊനിക്യർ 2 : 4) |
| മനുഷ്യരാൽ ത്യജിക്കപ്പെട്ടു (യെശയ്യാവ് 53 : 3) | മനുഷ്യരാൽ അംഗീകരിക്കപ്പെട്ടു (ദാനിയേൽ 8 : 11, വെളിപ്പാട് 13 : 8) |
| ജനത്തിനുവേണ്ടി കൊല്ലപ്പെട്ടു (1 തിമൊഥെയയൊസ് 2 : 6) | ജനത്തെ കൊല്ലും (ദാനിയേൽ 8 : 24, 25) |
| ആടുകൾക്കായി ജീവനെ കൊടുത്തു (യോഹന്നാൻ 10 : 11) | ആടുകളുടെ മാംസം ഭക്ഷിക്കും (സെഖര്യാവ് 11 : 16) |
| സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു (അപ്പൊ. പ്രവൃത്തികൾ 1 : 9) | തീപ്പൊയ്കയിലേക്ക് തള്ളപ്പെട്ടു (വെളിപ്പാട് 19 : 20) |

എതിർക്രിസ്തു (Anti Christ) - അന്തിക്രിസ്തു, പൈശാചികന്റെ ത്രിത്വത്തിൽ രണ്ടാമനാണ്. സാത്താൻ, എതിർക്രിസ്തു, കള്ളപ്രവാചകൻ. ദൈവത്തിന്റെ ത്രിത്വം: പിതാവായ

ദൈവം, കർത്താവായ യേശുക്രിസ്തു, പരിശുദ്ധാത്മാവാം ദൈവം. ജീവനുള്ള ദൈവവും സാത്താനും തമ്മിലുള്ള യുദ്ധത്തിൽ ആത്യന്തികമായി ദൈവം ജയിക്കുകയും മനുഷ്യന് സമാധാനവും ശാന്തിയുമുള്ള ഒരു നിത്യയുഗം തരികയും ചെയ്യും എന്ന മഹത്തായ വാഗ്ദാനമാണ് ബൈബിളിൽ നാം കാണുന്നത്. അതിന്റെ പ്രതീകമാണ് മഴവില്ല്.

'മഴവില്ല്' എന്ന ഈ പുസ്തകം എഴുതുമ്പോൾ എന്റെ മനസ്സിലൂടെ കടന്നുപോയ പ്രത്യാശയുടെ കിരണങ്ങളാണ് ഞാനിതിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ പുസ്തകം വായിക്കുന്നവർക്ക് നിരാശമാറി സമാധാനവും പ്രത്യാശയും ലഭിക്കണം എന്നുള്ളതാണ് എന്റെ പ്രതീക്ഷ, എന്റെ പ്രത്യാശ.

ഈ പുസ്തകത്തിന്റെ പ്രകാശനത്തിന്റെ പിന്നിൽ അദ്ധ്വാനിച്ച അനേകം ദൈവമക്കളുണ്ട്, അവരോടുള്ള എന്റെ അഗാധമായ കൃതജ്ഞത ഞാനിവിടെ രേഖപ്പെടുത്തുകയാണ്.

ഈ ഗ്രന്ഥം അനുശീലനം ചെയ്യുന്നതിലൂടെ അനുവാചകർക്ക് ഏവർക്കും ശാന്തിയും സമാധാനവും സ്വസ്ഥതയും ലഭിക്കട്ടെ എന്ന് ഞാൻ ആശംസിക്കുകയാണ്.

നിങ്ങളുടെ സ്വന്തം,<br>
**എം.വൈ. യോഹന്നാൻ സാർ.**

# ഒന്ന്

ഹാനോക്ക് ദൈവത്തോടു കൂടെ നടന്നു. ഹാനോക്ക് പ്രവചിച്ചു.

**"ഇവരോ തങ്ങൾ അറിയാത്തത് എല്ലാം ദുഷിക്കുന്നു; ബുദ്ധിയില്ലാത്ത മൃഗങ്ങളെപ്പോലെ സ്വാഭാവികമായി ഗ്രഹിക്കുന്നവയാൽ ഒക്കെയും തങ്ങളെത്തന്നേ വഷളാക്കുന്നു. അവർക്ക് അയ്യോ കഷ്ടം! അവർ കയീന്റെ വഴിയിൽ നടക്കയും കൂലി കൊതിച്ചു ബിലെയാമിന്റെ വഞ്ചനയിൽ തങ്ങളെത്തന്നെ ഏല്പിക്കയും കോരഹിന്റെ മത്സരത്തിൽ നശിച്ചു പോകയും ചെയ്യുന്നു. ഇവർ നിങ്ങളുടെ സ്നേഹ സദ്യകളിൽ മറഞ്ഞുകിടക്കുന്ന പാറകൾ; നിങ്ങളോടുകൂടെ വിരുന്നുകഴിഞ്ഞു ഭയംകൂടാതെ നിങ്ങളെത്തന്നെ തീറ്റുന്നവർ; കാറ്റുകൊണ്ട് ഓടുന്ന വെള്ളമില്ലാത്ത മേഘങ്ങൾ; ഇലകൊഴിഞ്ഞും ഫലമില്ലാതെയും രണ്ടുരു ചത്തും വേരറ്റും പോയ വൃക്ഷങ്ങൾ; തങ്ങളുടെ നാണക്കേടു നുരച്ചു തള്ളുന്ന കൊടിയ കടൽത്തിരകൾ; സദാകാലത്തേക്കും അന്ധതമസ്സ് സൂക്ഷിച്ചുവച്ചിരിക്കുന്ന വക്രഗതിയുള്ള നക്ഷത്രങ്ങൾ തന്നെ. ആദാം മുതൽ ഏഴാമനായ ഹാനോക്കും ഇവരെക്കുറിച്ച്: "ഇതാ കർത്താവ് എല്ലാവരേയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തിവിരുദ്ധമായ സകല പ്രവൃത്തികളും നിമിത്തം ഭക്തികെട്ട പാപികൾ തന്റെ നേരെ പറഞ്ഞ സകല നിഷ്ഠൂരങ്ങളും നിമിത്തവും ഭക്തികെട്ടവരെ ഒക്കെയും ബോധംവരുത്തുവാനും ആയിരമായിരം വിശുദ്ധ ന്മാരോടുകൂടെ വന്നിരിക്കുന്നു" എന്നു പ്രവചിച്ചു.**

**യൂദാ : 10 – 15**

വരാനിരിക്കുന്ന കാര്യങ്ങൾ ഹാനോക്ക് പ്രവചിച്ചു. ആരെക്കുറിച്ചാണ് പ്രവചിച്ചത്? ഇവരോ തങ്ങൾ അറിയാത്തതെല്ലാം ദുഷിക്കുന്നു. ഒരു വിവരവുമില്ലെങ്കിലും ദുഷിക്കുകയാണ്. ഒരു പരിചയവുമില്ലെങ്കിലും കുറ്റം പറയുകയാണ്. കണ്ടിട്ടും കേട്ടിട്ടുമില്ലെങ്കിലും കുറ്റം പറയുകയാണ്.

ബുദ്ധിയില്ലാത്ത മൃഗങ്ങളെപ്പോലെ തങ്ങളെത്തന്നെ വഷളാക്കുന്നു. തങ്ങളെത്തന്നെ ചീത്തയാക്കുന്നു. അവർക്ക് അയ്യോ കഷ്ടം! അവരെക്കുറിച്ചാണ് ഹാനോക്ക് പ്രവചിച്ചത്.

അവർ ദ്രവ്യാഗ്രഹിയായ കയീന്റെ വഴിയിൽ നടക്കുന്നു. ആദാമിന്റെ മൂത്ത മകനായ കയീൻ, ദൈവത്തിന്റെ വഴി മനസ്സിലാക്കാതെ അസൂയയും കോപവും പൂണ്ട് ഹാബേലിനെ കൊന്നവനാണ്. കൊലപാതകം ചെയ്യാൻ മടിയില്ലാതെ, സഹോദരനെ, സ്നേഹം ഭാവിച്ച്, വളരെ തന്ത്രപൂർവ്വം വയലിൽ വച്ച് കൊന്നു കളഞ്ഞവനാണ്.

“നാം വയലിലേക്കു പോക” എന്നു പറഞ്ഞ് ലോഹ്യമായി വിളിച്ചുകൊണ്ടു പോയി, വയലിൽ വച്ച് സഹോദരന്റെ നേരെ കയർത്തു, അവനെ കൊന്നു. ഹാബേൽ ചെയ്ത തെറ്റ് എന്താണ്? ഒരു തെറ്റും ചെയ്തില്ല. ഹാബേലിന്റെ വഴിപാടിൽ ദൈവം പ്രസാദിച്ചു. കയീന്റെ വഴിപാടിൽ ദൈവം പ്രസാദിച്ചില്ല. ദൈവത്തോടുള്ള പരാതിയാണ് കയീൻ സഹോദരന്റെ നേരെ തീർത്തത്.

ദൈവം എന്റെ വഴിപാട് കൈക്കൊണ്ടില്ല, ഹാബേലിന്റെ വഴിപാടിൽ പ്രസാദിച്ചു. അതുകൊണ്ട് ആ വൈരാഗ്യവും പകയും അസൂയയിൽ നിന്നു മുളച്ചുണ്ടായതാണ്. മനുഷ്യർ അങ്ങനെയുള്ളവരാണ് എന്നു പറയുന്നു.

**“അവർ കയീന്റെ വഴിയിൽ നടക്കയും കൂലി കൊതിച്ചു ബിലെയാമിന്റെ വഞ്ചനയിൽ തങ്ങളെത്തന്നെ ഏല്പിക്കയും കോരഹിന്റെ മത്സരത്തിൽ നശിച്ചു പോകയും ചെയ്യുന്നു.”**

**യൂദാ : 11**

ബിലെയാം ഒരു പ്രവാചകനാണ്. പ്രവാചകനാണെങ്കിലും പൈസയ്ക്കു വേണ്ടിയാണ് പ്രവചനം നടത്തുന്നത്. മോവാബ്യ രാജാവായ ബാലാക്കിന്റെ ആളുകളിൽ നിന്നു സമ്മാനം കിട്ടും. ആ പ്രതീക്ഷയോടുകൂടിയാണ് വേലയ്ക്കു പോകുന്നത്.

കോരഹ്, ദാഥാൻ, അബീരാം എന്നിവർ, മോശയ്ക്കും മോശയുടെ അധികാരത്തിനും എതിരായി സംസാരിച്ചു. ഭൂമി വായ് പിളർന്നു അവരെ വിഴുങ്ങിക്കളഞ്ഞു. ഇവർ കോരഹിന്റെ മത്സരമുള്ളവരാണ്.

“ഇവർ നിങ്ങളുടെ സ്നേഹസദ്യകളിൽ മറഞ്ഞു കിടക്കുന്ന പാറകൾ.’’ കൂട്ടായ്മയിലെ സന്തോഷ സദസ്സുകളിൽ, പ്രാർത്ഥനായോഗങ്ങളിൽ, ആത്മാവിന്റെ സ്വർഗ്ഗീയ വിരുന്നുകളിൽ മറഞ്ഞുകിടക്കുന്ന പാറകൾ! നല്ല രുചികരമായ ഭക്ഷണം കഴിക്കുമ്പോൾ അതിൽ കടുത്ത കല്ലുണ്ടെങ്കിൽ എങ്ങനെയിരിക്കും? പാറക്കഷണങ്ങൾ മറഞ്ഞു കിടക്കുന്നു!

“നിങ്ങളോടുകൂടെ വിരുന്നുകഴിഞ്ഞു ഭയം കൂടാതെ നിങ്ങളെത്തന്നേ തീറ്റുന്നവർ.” വിരുന്നുകഴിക്കും പക്ഷേ, ഭക്ഷണക്കൊതിക്കുവേണ്ടി മാത്രം. “കാറ്റുകൊണ്ട് ഓടുന്ന വെള്ളമില്ലാത്ത മേഘങ്ങൾ.’’ കണ്ടാൽ മേഘമാണ്. “മേഘമുണ്ടല്ലോ, ഇപ്പോൾത്തന്നെ മഴ പെയ്യും” എന്നു വിചാരിക്കും. എന്നാൽ മഴമേഘം അല്ല. വെള്ളമില്ലാത്ത, മേഘത്തിന്റെ ഛായയും ആകൃതിയുമുള്ള മേഘങ്ങൾ! മഴ പെയ്യുകയില്ല, ഉറപ്പാണ്.

“ഇലകൊഴിഞ്ഞും ഫലമില്ലാതെയും രണ്ടുരു ചത്തും വേരറ്റും പോയ വൃക്ഷങ്ങൾ.” വേരില്ലാത്ത വൃക്ഷങ്ങൾ! ഫലമില്ല, ഫലമുണ്ടാകാൻ വേരുമില്ല. “തങ്ങളുടെ നാണക്കേടു നുരച്ചുതള്ളുന്ന കൊടിയ കടൽത്തിരകൾ.” ഭയങ്കരമായ കടൽത്തിരകൾ പോലെ, ആരവാരവും ഒച്ചപ്പാടും ബഹളവുമുണ്ട്. നല്ല ചാട്ടവും ഹാലേലുയ്യായും സ്തുതിയുമുണ്ട്. പക്ഷേ അകത്ത്

കാമ്പില്ല.

"സദാകാലത്തേക്കും അന്ധതമസ്സു സൂക്ഷിച്ചുവച്ചിരിക്കുന്ന വക്രഗതിയുള്ള നക്ഷത്രങ്ങൾ തന്നേ." പേര് നക്ഷത്രം എന്നാണ് (നക്ഷത്രം സ്വയം പ്രകാശ ശക്തിയുള്ളതാണ്). എന്നാൽ ഇരുട്ട് സൂക്ഷിച്ചുവച്ചിരിക്കുന്നു.

ഇവരെക്കുറിച്ചാണ് ഹാനോക്ക് പ്രവചിച്ചത്. ദൈവത്തോടു കൂടെ നടക്കുമ്പോൾ പ്രവചനത്തിന്റെ ആത്മാവിനെ ലഭിക്കും.

ആ കാലത്ത് ജനം ഭക്തികെട്ടവരായിരുന്നു. ദൈവമില്ലാത്ത ജനം! ദൈവത്തിനു വിരുദ്ധമായ വഴികളിൽ നടക്കുന്നവരായിരുന്നു. ദൈവമില്ലാത്ത പ്രവൃത്തികൾ ചെയ്യുന്നവരായിരുന്നു. അവർ ക്രൂരവാക്കുകൾ, നിഷ്ഠൂരവാക്കുകൾ പറഞ്ഞു; കുത്തി മുറിവേല്പ്പിക്കുന്ന വാക്കുകൾ പറഞ്ഞു. ദൈവം, അങ്ങനെയുള്ളവരെ വിധിപ്പാൻ വരുന്നു.

ഹാനോക്കിന്റെ കാലം കഴിഞ്ഞു, മെഥൂശലേഹിന്റെ കാലമായി. മെഥൂശലേഹിന്റെ കാലം കഴിഞ്ഞു, ലാമേക്കിന്റെ കാലമായി. ലാമേക്കിന്റെ കാലം കഴിഞ്ഞു, നോഹയുടെ കാലമായി. ഈ തിന്മകൾ വർദ്ധിച്ച് പെരുകിപ്പെരുകി വന്നു. ആളുകളുടെ വക്രതയും കൊള്ളരുതായ്മയും വർദ്ധിച്ചു വന്ന കാലത്താണ് നോഹ ജീവിച്ചത്.

നോഹയെ ജനം കളിയാക്കി. അപ്പോഴാണ് നോഹ പ്രവർത്തനമാരംഭിച്ചത്. Working for God! ആളുകളെല്ലാം പരിഹസിക്കുന്നു. എല്ലാവരും കളിയാക്കുന്നു. നിങ്ങൾ ആത്മീയരാകാൻ തുടങ്ങിയാൽ സകലരും നിങ്ങളെ തെറ്റിദ്ധരിക്കും. നിങ്ങൾ ജീവിതം ക്രിസ്തുവിനു സമർപ്പിച്ചാൽ പലരും നിങ്ങളെ പകയ്ക്കും. നിങ്ങൾ ചെയ്തിട്ടില്ലാത്തതും നിരൂപിച്ചിട്ടില്ലാത്തതുമായ തിന്മകൾ, അപവാദം നിങ്ങളെക്കുറിച്ച് പറയും.

സംശയിക്കേണ്ട, നിങ്ങൾക്ക് സഹിക്കാൻ വയ്യാത്ത

രീതിയിൽ അപവാദശരങ്ങൾ നിങ്ങളുടെമേൽ വന്ന് ആഞ്ഞു തറയ്ക്കും. ക്രിസ്തുവിനുവേണ്ടി സമർപ്പിച്ച് സത്യ വിശ്വാസ ജീവിതം തുടങ്ങിയാൽ, ക്രിസ്തുവിനുവേണ്ടി എന്തെങ്കിലുമെല്ലാം പ്രവർത്തിക്കാൻ തുടങ്ങിയാൽ അന്ധകാരശക്തി ഇളകാതിരിക്കയില്ല. ഇരുളിന്റെ ശക്തി നിങ്ങൾക്ക് എതിരായി തെറുത്തു വരും.

നിങ്ങൾ ക്രിസ്തുവിന്റെ നാമത്തിനുവേണ്ടി നിൽക്കാൻ തുടങ്ങിയാൽ സ്വന്തവീട്ടിൽനിന്നുപോലും ശത്രുക്കളുണ്ടാകും. ഒരു പക്ഷേ ഭാര്യ, കർത്താവിനെ കൈക്കൊണ്ടാൽ ഭർത്താവിൽ നിന്ന് എതിരുണ്ടാകും. ഭർത്താവ് കൂട്ടായ്മയിൽ ദൈവത്തിന്റെ വേലയ്ക്കു പോകുമ്പോൾ തടയുന്ന ഭാര്യമാരുണ്ടാകും. ഭാര്യ പോകുമ്പോൾ തടയുന്ന ഭർത്താക്കന്മാരുണ്ടാകും.

മക്കൾ നിങ്ങൾക്ക് എതിരാകും. നിങ്ങൾ പ്രാർത്ഥിക്കാൻ മുട്ടു മടക്കുമ്പോൾ മക്കൾ ടി.വി. ഓൺ ചെയ്ത് സിനിമാ - സീരിയലുകൾ കണ്ട് രസിക്കുകയും ഉച്ചത്തിൽ ആർപ്പിടുകയും ചെയ്തുകൊണ്ടിരിക്കും. നിങ്ങൾക്ക് ശാന്തമായിരുന്നു പ്രാർത്ഥിക്കാൻ പറ്റാത്ത സ്ഥിതി വരും. പല കുടുംബങ്ങളിലും ഇങ്ങനെയെല്ലാമുണ്ട് എന്ന് പലരും ഫോൺ ചെയ്ത് അറിയിക്കാറുണ്ട്.

പ്രിയപ്പെട്ടവരേ, നിങ്ങളുടെ കുടുംബങ്ങൾ എങ്ങനെയിരിക്കുന്നു? യഥാർത്ഥമായ ഐക്യമുണ്ടോ നിങ്ങളുടെ കുടുംബത്തിൽ? ഹൃദയത്തിൽ സ്നേഹത്തിന്റെ ഭാവമുണ്ടോ? പൂർണ്ണമായും വിട്ടുവീഴ്ച ചെയ്യാനുള്ള മനസ്സ് നിങ്ങളുടെ കുടുംബത്തിലുണ്ടോ? അതോ എപ്പോഴും വഴക്കുണ്ടാക്കുകയും തർക്കിക്കുകയും വാഗ്വാദം ചെയ്യുകയും ചെയ്യുന്ന കുടുംബങ്ങളാണോ?

നിങ്ങളുടെ ജീവിതം എങ്ങനെയാണ്? എല്ലാവരും പരിഹസിക്കും. എതിർപ്പുകൾ വർദ്ധിച്ചു വരും. അതുകൊണ്ടാണല്ലോ നിർമ്മലസുവിശേഷം പ്രസംഗിക്കുമ്പോൾ അതിനെ

എതിർക്കുന്നവരുടെ എണ്ണം കൂടിക്കൂടി വരുന്നത്. സഭാഭേദം കൂടാതെ, സമുദായ വ്യത്യാസം കൂടാതെ ക്രൂശിന്റെ സുവിശേഷം, ക്രൂശിൽ തിരുരക്തം ചിന്തിയ ക്രിസ്തുവിനെക്കുറിച്ചുള്ള സുവിശേഷം പ്രഖ്യാപിക്കുമ്പോൾ എന്തിനു മനുഷ്യർ ഇളകുന്നു?

വേറെ യാതൊരു സ്ഥാപിത താൽപര്യവുമില്ലാതെ, ഒരു പൈസപോലും പിരിവെടുക്കാതെ, ആരോടും സംഭാവന ചോദിക്കാതെ ദൈവത്തിന്റെ വേല നടക്കുമ്പോൾ എന്തിന് എതിർക്കണം? എതിർക്കുന്നതിനു കാരണം, അന്ധകാര ശക്തിക്കു സഹിക്കുന്നില്ല. ഇരുളിന്റെ അധികാരിയായ പിശാചിന് സഹിക്കുന്നില്ല.

അവന്റെ കോട്ടയിൽ കുടുക്കിയിട്ടിരുന്ന ചിലർ കോട്ടയിൽ നിന്ന് രക്ഷപ്പെട്ടു പുറത്തുവരുന്നു. അനേകർ സമാധാനം അനുഭവിക്കുന്നു. അനേകം കുടുംബങ്ങൾ രക്ഷപ്പെടുന്നു. അനേകരുടെ സ്വഭാവം മാറുന്നു. ഭാര്യയും ഭർത്താവും ഒന്നായിത്തീരുന്നു. ഐക്യമില്ലാത്ത ഭവനത്തിൽ ഐക്യമുണ്ടാകുന്നു. പിണങ്ങിപ്പോയ ഭാര്യയും ഭർത്താവും ഒരുമിച്ചു ജീവിക്കാൻ തുടങ്ങുന്നു. മാതാപിതാക്കളും മക്കളും ഐക്യമായി തീരുന്നു.

മദ്യപിച്ച് രൂപ മുടിച്ചുകൊണ്ടിരുന്നവർ മദ്യപാനം നിർത്തി, വരുമാനം ബാക്കിയായി തീർന്നിരിക്കുന്നു. മുമ്പ് എത്ര കടം മേടിച്ചാലും മതിയാകാത്ത കുടുംബങ്ങളിൽ ഇന്ന് കടം കൊടുക്കാൻ തക്കവണ്ണം രൂപ ഉണ്ടാകുന്നു. എന്തുകൊണ്ട്? മദ്യപാനം നിർത്തി. കഞ്ചാവും പാൻപരാഗും നിർത്തി. കൊള്ളരുതാത്ത ബന്ധങ്ങൾ നിർത്തി. അഴുക്ക് ചാലുകൾ നിർത്തി. എല്ലാത്തിനും മാറ്റം വരുത്തി. സ്വഭാവം മാറി.

അപ്പോൾ അത്ഭുതകരമായ വ്യതിയാനം കുടുംബത്തിൽ വരുന്നു. ഇത് പിശാചിന് സഹിക്കുന്നില്ല. അവൻ കോട്ടയിൽ കുടുക്കിയിട്ടിരുന്നവർ രക്ഷപ്പെട്ടു പോകുന്നത് പിശാചിന്

സഹിക്കയില്ല.

നിങ്ങൾ ആ രക്ഷപ്പെട്ടവരുടെ കൂട്ടത്തിലാണോ? നിങ്ങളുടെ കുടുംബത്തിൽ ഐക്യവും സമാധാനവും വന്നോ? മറ്റുള്ളവർ എന്തും പറഞ്ഞുകൊള്ളട്ടെ. "നിങ്ങളെക്കൊണ്ട് എല്ലാ തിന്മയും കളവായി പറയുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ." "മനുഷ്യർ നിങ്ങളെ ദ്വേഷിച്ച്, നിന്ദിച്ച് നിങ്ങളുടെ പേര് വിടക്ക് എന്നു തള്ളുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ." മത്തായി 5 : 10 – 12.

അവസാന അത്താഴം കഴിഞ്ഞിട്ട് തന്റെ പതിനൊന്ന് ശിഷ്യന്മാരെയും അരികിൽ ഇരുത്തിക്കൊണ്ട് കർത്താവ് ചെയ്ത പ്രസംഗമാണ് യോഹന്നാന്റെ സുവിശേഷം 14,15,16 അദ്ധ്യായങ്ങൾ. അതിൽ 16–ാം അദ്ധ്യായത്തിൽ പറയുന്നു.

**"നിങ്ങൾ ഇടറിപ്പോകാതിരിപ്പാൻ ഞാൻ ഇത് നിങ്ങളോട് സംസാരിച്ചിരിക്കുന്നു. അവർ നിങ്ങളെ പള്ളിഭ്രഷ്ഠർ ആക്കും; അത്രയുമല്ല നിങ്ങളെ കൊല്ലുന്നവൻ എല്ലാം ദൈവത്തിന് വഴിപാട് കഴിക്കുന്നു എന്നു വിചാരിക്കുന്ന നാഴിക വരുന്നു." യോഹന്നാൻ 16 : 1, 2**

കൊന്നാൽ ദൈവത്തിന് ഇഷ്ടമാണെന്ന് ചിന്തിക്കുന്നു. അതുകൊണ്ടാണല്ലോ അക്കാലത്ത് സ്തെഫാനൊസിനെ കൊന്നത്.

നിങ്ങൾക്കു പേടിയുണ്ടോ? എന്തെല്ലാം നഷ്ടപ്പെട്ടാൽ എന്ത്? യേശു എന്റെ ഹൃദയത്തിൽനിന്നു മാറിപ്പോകരുത്. എന്തെല്ലാം പോയാലും എനിക്കൊരു പാപം വരരുത്, എനിക്കൊരു പരിഭവം വരരുത്, കോപം വരരുത്, വൈരാഗ്യം വരരുത്, അക്ഷമ വരരുത്. ഞാൻ ക്രൂശ് വഹിക്കാൻ എന്നെത്തന്നെ സമർപ്പിച്ചതല്ലേ?

ഒന്നുകൂടി തിരുത്തി പറയട്ടെ: കർത്താവേ, കുരിശ് സന്തോഷത്തോടെ വഹിച്ചുകൊണ്ട്, നിന്റെ കാലടിപ്പാടുകളിൽ നിന്നു വിടാതെ, ആ ചുവടുവയ്പ്പുകളെ പിൻതുടർന്നുകൊണ്ട്

പിന്നാലെ വരാൻ ഞാൻ സമർപ്പിച്ചിരിക്കുകയാണ്. എന്തെല്ലാം നേരിട്ടാലും, എന്തെല്ലാം ദുർഘടങ്ങൾ വന്നാലും, എന്റെ രാജാധിരാജനായ പൊന്നേശുവേ, എനിക്കുവേണ്ടി കുറ്റമില്ലാത്ത രക്തം ചിന്തിയ ഉടയവനേ, അവിടത്തെ കാൽപ്പാടുകളിൽ നിന്നു മാറാതെ അവിടത്തെ പിന്നാലെ വരാനല്ലയോ ഞാൻ സമർപ്പിച്ചിരിക്കുന്നത്.

നിങ്ങൾക്ക് ഇങ്ങനെ സമർപ്പിക്കാൻ പറ്റുമോ? നിങ്ങളുടെ ജീവിതത്തിൽ എതിരാളികൾ പെരുകുമ്പോഴും, എതിർപ്പുകൾ വർദ്ധിക്കുമ്പോഴും, വലിയ പ്രതിസന്ധികൾ വരുമ്പോഴും, ഏതെല്ലാം പ്രശ്നങ്ങൾ രൂക്ഷമായി വന്നാലും തളരാതെ, പതറാതെ, ഉലയാതെ ക്രിസ്തുവിന്റെ പിന്നാലെ പോകത്തക്ക വണ്ണം നിങ്ങൾക്കൊരു കെട്ടുറപ്പുണ്ടോ? അതിനുള്ള ധൈര്യമുണ്ടോ, തീരുമാനമുണ്ടോയെന്ന് നിങ്ങൾ ദയവായി ചിന്തിച്ചു നോക്കുക.

Working for God – ദൈവത്തിനുവേണ്ടി പ്രവർത്തിക്കുന്നു.

എല്ലാവരും നോഹയെ കളിയാക്കി. ഓരോ തവണ കൊട്ടുവടികൊണ്ട് അടിക്കുമ്പോഴും പിറകിൽ നിന്നു കളിയാക്കൽ കേൾക്കാം. പലകകൾ മുറിക്കുമ്പോഴും കളിയാക്കൽ കേൾക്കാം. ഒരു വൃദ്ധൻ ഇരുന്നു പണിയുന്നതു കണ്ടില്ലേ? ശുദ്ധഭ്രാന്ത്! ഇത്ര പ്രായമായിട്ടും ഇങ്ങനെയായി പോയല്ലോ? നല്ലൊരു മനുഷ്യനായിരുന്നു. വലിയ കുഴപ്പമില്ലാത്ത കുടുംബമായിരുന്നു. കാരണവന്മാരുടെ കാലത്ത് നല്ല ആഭിജാത്യമുള്ള കുടുംബമായിരുന്നു. ഇങ്ങേർക്ക് എന്തുപറ്റി? എല്ലാവരും കളിയാക്കും.

ദൈവപൈതലേ, നിനക്കതിൽ അഭിമാനിക്കാൻ പറ്റുമോ? സന്തോഷിക്കാൻ പറ്റുമോ? അതിൽ പ്രശംസിക്കാൻ പറ്റുമോ? “എന്റെ ബലഹീനതകളിൽ ഞാൻ പ്രശംസിക്കും” എന്ന് പൗലോസ് അപ്പൊസ്തലൻ പറഞ്ഞു. നമുക്കും ധൈര്യമായി മുന്നോട്ടു പോകാം.

ദൈവത്തിനുവേണ്ടി വേല ചെയ്യുക. എല്ലാം എതിരാണ്. അപ്പോഴാണ് കർത്താവിന്റെ വചനമനുസരിക്കാൻ നോഹ മുന്നോട്ടു വന്നത്.

3. Witnessing God! ദൈവത്തെ സാക്ഷിക്കുന്നു!

നോഹ ദൈവത്തെ സാക്ഷിച്ചു. എന്താണ് നോഹയ്ക്കു പറയാനുള്ളത്? നോഹയ്ക്കു പറയാനുള്ളത് ഒന്നേയുള്ളൂ. പ്രളയം വരും. മഴ പെയ്യും. നിങ്ങൾ ചിന്തിക്കുന്നതുപോലെയല്ല, ഈ ദേശം മുടിയും. പാപത്തിന് ശിക്ഷയുണ്ട്. ഇന്ന് ദേശം വഷളായിരിക്കുന്നു. ഒരിടത്തും ന്യായമില്ല, നീതിയില്ല, മാന്യതയില്ല. എല്ലാം തകർന്നു കിടക്കുന്നു.

സമൂഹം ജീർണ്ണിച്ചു പോയിരിക്കുന്നു; ചീഞ്ഞളിഞ്ഞു പോയിരിക്കുന്നു. ലൈംഗിക പാപം (Sexual sin) ഇന്ന് നടമാടുകയാണ്. കുരുന്നു പ്രായത്തിൽ തന്നെ ലൈംഗികതയിലേക്ക് ആളുകൾ ഒഴുകുകയാണ്. ഇന്ന് സ്കൂളിൽ പഠിക്കുന്ന കുട്ടികൾ പോലും ഗേൾഫ്രണ്ടിനെയും ബോയ്ഫ്രണ്ടിനെയും തിരയുന്ന കാലമായി കഴിഞ്ഞിരിക്കുന്നു.

വൃത്തികെട്ട പരിചയങ്ങൾ! വൃത്തികെട്ട ശീലങ്ങൾ! വൃത്തികെട്ട ജീവിതങ്ങൾ! അതെല്ലാം അഭിമാനമായി കരുതുന്നു. സ്കൂളിൽ പഠിക്കുന്ന കുട്ടികൾ പോലും മദ്യത്തിന്റെ അടിമകളായിത്തീരുന്നു. കഞ്ചാവടിച്ച് കിറുങ്ങി നടക്കുന്നു. ഉച്ചകഴിഞ്ഞ്, കഞ്ചാവടിച്ച്, വെള്ളം വറ്റിയ കനാലിൽ ഇറങ്ങി മയങ്ങിക്കിടക്കുന്ന, വേറെ ഏതോ ലോകത്ത് പോയി സുഖസുഷുപ്തിയിൽ ആണ്ടു കിടക്കുന്ന കുട്ടികളുണ്ട് എന്നു ഞാൻ കേട്ടിട്ടുണ്ട്. ഞാൻ കോളേജിൽ ആയിരുന്ന സമയം അങ്ങനെയുള്ള കുട്ടികളെ ശാസിച്ചിട്ടുണ്ട്, ഉപദേശങ്ങൾ കൊടുത്തിട്ടുണ്ട്.

ഇന്ന് സമൂഹം അനർത്ഥത്തിലേക്കു പോയിരിക്കുന്നു! യൗവ്വനക്കാർ എങ്ങോട്ടോടുന്നു? സമൂഹം എങ്ങോട്ട് പോകുന്നു? നമ്മുടെ കുഞ്ഞുങ്ങൾ എങ്ങോട്ടു പോകുന്നു എന്ന്

അറിയുന്നുണ്ടോ?

ഇന്ന് എല്ലാ വീടുകളിലും കമ്പ്യൂട്ടർ ഉണ്ട്. കമ്പ്യൂട്ടർ നല്ലതാണ്. എന്നാൽ ആ കമ്പ്യൂട്ടറിന്റെ മുമ്പിലിരുന്ന് അനർത്ഥത്തിന്റേയും അശുദ്ധിയുടേയും അഴുക്കിന്റേയും പടങ്ങൾ കാണുവാനായി ഇന്റർനെറ്റിൽ കടന്നു വൃത്തികെട്ട രംഗങ്ങൾ കണ്ടു രസിക്കുന്ന, അങ്ങനെ ജീവിതം പാഴാക്കി ക്കളയുന്ന എത്രയോ യുവജനങ്ങൾ! നിങ്ങൾ പ്രായമായവർ ഇതു വല്ലതും അറിയുന്നുണ്ടോ?

ക്രിസ്തുവിനെ സാക്ഷിക്കുന്ന ജീവിതം നിങ്ങൾക്കു വേണമോ? ഏതെല്ലാം സാഹചര്യം വന്നാലും അശുദ്ധിക്ക് എന്നെ കിട്ടില്ലയെന്ന നിർബ്ബന്ധബുദ്ധിയുള്ള ചിലരെങ്കിലും ഉണ്ടാകുമോ? എല്ലാവരും നാശത്തിലേക്ക് ഒഴുകിപ്പോകുമ്പോൾ ഒഴുക്കിനെതിരെ നീന്താൻ പറ്റുന്നവരാണ് ചലനമുണ്ടാക്കുന്നവർ. അവരാണ് വെല്ലുവിളി ഏറ്റെടുക്കുന്നവർ.

സമൂഹത്തിന്റെ വെല്ലുവിളി ഏറ്റെടുക്കാൻ നിങ്ങൾക്കു സാധിക്കുമോ? അതിന് വിലയുണ്ട്. അതിന് മൂല്യമുണ്ട്. അതിശോഭനമായ ഭാവിയുണ്ട്. വേണമെങ്കിൽ നിങ്ങൾക്കും നേടിയെടുക്കാം. എല്ലാവരും തിന്മയിലേക്കും നാശത്തിലേക്കും ഒഴുകുമ്പോൾ യേശുവേ, ഞാൻ ഒരാൾ, എന്റെ യേശുവിനോടുള്ള പ്രതിബദ്ധതകൊണ്ട്, എനിക്കുവേണ്ടി ജീവൻ വെടിഞ്ഞവനോടുള്ള സ്നേഹംകൊണ്ട് പാപത്തിൽ പോകാതെ, അശുദ്ധി തൊടാതെ വിശുദ്ധനായി നിൽക്കുമെന്ന് നിങ്ങൾക്ക് പറയാൻ സാധിക്കുമോ?

എല്ലാവരും മദ്യത്തിന്റെയും കഞ്ചാവിന്റെയും മയക്കു മരുന്നിന്റെയും പുറകെ പോകുമ്പോൾ, പ്രണയബന്ധങ്ങളിൽ കുടുങ്ങുമ്പോൾ, ഞാൻ ഒരാൾ വിശുദ്ധിയുടെ ദീപശിഖ ഉയർത്തിപ്പിടിച്ചുകൊണ്ട് ഈ സമൂഹത്തിന്റെ മുമ്പിൽ വെല്ലുവിളിയായി നിൽക്കുമെന്നു തീരുമാനിക്കുവാൻ കഴിയുമോ? എങ്കിൽ നിങ്ങളിൽ നിന്നുകൊണ്ട് കർത്താവ് അത്ഭുതങ്ങൾ ചെയ്യും.

നിങ്ങളിൽ നിന്നുകൊണ്ട് സമൂഹത്തിൽ ചലനമുണ്ടാക്കും. സഭകളിൽ ആത്മീയ ഉണർവ്വുണ്ടാകും. നിങ്ങളിൽ നിന്നു കൊണ്ട് സ്വർഗ്ഗം ഇറങ്ങിവന്ന് അനേകരെ വീണ്ടെടുക്കാൻ തുടങ്ങും. നിങ്ങളുടെ കാര്യം കർത്താവ് ഏറ്റെടുക്കും.

നിങ്ങളുടെ ജീവിതം ക്രിസ്തുവിന് സൗരഭ്യവാസനയായ വഴിപാടും യാഗവുമായി സമർപ്പിച്ചാൽ നിങ്ങളുടെ കാര്യം യേശു ഏറ്റെടുക്കും. നിങ്ങളുടെ മക്കളുടെ കാര്യം യേശു ഏറ്റെടുക്കും. പാപമില്ലാത്ത ജീവിതത്തിന് നിങ്ങൾ വാക്കു കൊടുത്താൽ യേശു ആർക്കും കടക്കാരനായിരിക്കയില്ല. നിങ്ങളുടെ കടം ക്രിസ്തു ഏറ്റെടുക്കും. രോഗം ക്രിസ്തു ഏറ്റെടുക്കും.

നിങ്ങളുടെ depression – മാനസിക വിഭ്രാന്തി – യേശു ഏറ്റെടുക്കും. നിങ്ങളുടെ മക്കളുടെ വിവാഹവും ജോലിയും വിദ്യാഭ്യാസവും യേശു ഏറ്റെടുക്കും. നിങ്ങളുടെ ഭവനം പണിയുടെ കാര്യം ക്രിസ്തു ഏറ്റെടുക്കും. ബിസിനസ്സിന്റെ കാര്യം ഏറ്റെടുക്കും. നിങ്ങളുടെ ജീവിതം മുഴുവനും ക്രിസ്തുവിന്റെ കരങ്ങളിലാകും.

ക്രിസ്തുവിന്റെ കരങ്ങളിലേക്കു നിങ്ങളുടെ ജീവിതം കൊടുക്കുവാൻ ഇനിയും താമസിക്കണ്ട. നമുക്കുവേണ്ടി ആണിയടിച്ച കരങ്ങളിലേക്ക് സംശയിക്കാതെ ഇപ്പോൾ തന്നെ ഏല്പിച്ചു കൊടുക്കുവിൻ. യേശുവിനോട് വാക്കു പറയുവിൻ. എന്റെ യേശുവേ, ഇത്രയും കാലം നിന്നെയറിയാതെ ഞാൻ ജീവിച്ചു. ഇത്രയും കാലം ലോകത്തിന്റെ ഗതിക്കൊത്ത പോലെയും പാപത്തിന്റെ ഇച്ഛക്കൊത്തതുപോലെയും ജീവിച്ചു.

നാഥാ, ഇന്നു ഞാൻ ഒരു പുതിയ വഴി തേടുന്നു. ക്രൂശുപേറിയ രക്ഷകന്റെ പിന്നാലെ പോകുവാൻ ഞാനും ഇതാ വരുന്നു. ഞാൻ എന്റെ യേശുവിന്റെ സാക്ഷ്യം വഹിക്കും. യേശുവിന്റെ വിശുദ്ധിക്കും ദയാവായ്പിനും

തിരുരക്തത്തിനും സാക്ഷ്യം വഹിച്ചുകൊണ്ട്, പാപമോചനത്തിന്റെ സൗഖ്യം അനുഭവിച്ചുകൊണ്ട് ഞാനും നിന്റെ പിന്നാലെ വരുന്നു. നമുക്ക് സമർപ്പിക്കാം, നമുക്ക് പ്രാർത്ഥിക്കാം.

കാരുണ്യവാനായ കർത്താവേ, ഈ അത്ഭുത നിമിഷങ്ങൾക്കായി സ്തോത്രം. കൃപയുടെ നിറവിനായി സ്തോത്രം. തിരുസാന്നിദ്ധ്യത്തിനായി സ്തോത്രം. ഇത് വായിച്ച നിന്റെ മക്കളെയെല്ലാം തൊട്ടതിനായി സ്തോത്രം. എല്ലാവരേയും അനുഗ്രഹിച്ചതിനായി സ്തോത്രം. യേശുക്രിസ്തുവിന്റെ രാജകീയ നാമത്തിൽ തന്നേ, ആമ്മേൻ.

## രണ്ട്

**“വിശ്വാസത്താൽ നോഹ അതുവരെ കാണാത്തവയെ ക്കുറിച്ച് അരുളപ്പാടുണ്ടായിട്ട് ഭയഭക്തി പൂണ്ടു തന്റെ കുടുംബത്തിന്റെ രക്ഷയ്ക്കായിട്ട് ഒരു പെട്ടകം തീർത്തു; അതിനാൽ അവൻ ലോകത്തെ കുറ്റം വിധിച്ചു വിശ്വാസത്താലുള്ള നീതിക്ക് അവകാശിയായിത്തീർന്നു.”**

**എബ്രായർ 11 : 7**

നോഹ വിശ്വാസത്താൽ ദൈവത്തോടുകൂടെ നടന്നു. He had the faith to walk with God. നോഹയ്ക്കു ദൈവത്തോടുകൂടെ നടക്കുവാനുള്ള വിശ്വാസമുണ്ടായിരുന്നു. അരുളപ്പാട് കിട്ടിയപ്പോൾ ഭയത്തോടും ഭക്തിയോടും കൂടെ അതു വിശ്വസിച്ചു, പ്രവർത്തിച്ചു.

1. Walking with God - നോഹ ദൈവത്തോടു കൂടെ നടന്നു.
2. Working for God - വിശ്വാസത്താൽ നോഹ ദൈവത്തിനു വേണ്ടി പ്രവർത്തിച്ചു, പെട്ടകം പണിതു.
3. Witnessing God - നോഹയ്ക്ക് ദൈവത്തെ സാക്ഷി ക്കാനുള്ള വിശ്വാസമുണ്ടായിരുന്നു.
4. Waiting for God - ദൈവത്തിനുവേണ്ടി കാത്തിരുന്നു. ദൈവത്തിന്റെ സമയത്തിനുവേണ്ടി കാത്തിരുന്നു.
5. Worshipping God - ദൈവത്തെ ആരാധിച്ചു.

ഈ അഞ്ച് വാക്കുകളും ഇംഗ്ലീഷിൽ പറയുമ്പോൾ

ആദ്യത്തെ അക്ഷരം, 'W' എന്നാണ്. Walk, Work, Witness, Wait, Worship! ഈ വാക്കുകളിൽ നിന്ന് നോഹയെക്കുറിച്ച് ഒരു സമഗ്രവിവരണം നമുക്ക് ചിന്തിച്ചുണർത്താൻ പറ്റും.

6. Waiting for God!

സ്വന്തമായി അഭിപ്രായമില്ലാതെ, സ്വന്തം പദ്ധതിയില്ലാതെ നോഹ ദൈവത്തിന്റെ അരുളപ്പാടിനുവേണ്ടി കാത്തിരുന്നു. ദൈവത്തിന്റെ സമയത്തിനുവേണ്ടി കാത്തിരുന്നു. ദൈവത്തിൽ നിന്ന് നിർദ്ദേശം കിട്ടാൻ കാത്തിരുന്നു. ദൈവം നിശ്ചിതമായ നിർദ്ദേശം തരുന്നത് കാത്തിരുന്നു പ്രാപിച്ചു.

ഹബക്കൂക് പ്രവാചകന്റെ പുസ്തകം രണ്ടാം അദ്ധ്യായത്തിൽ പ്രവാചകൻ പറയും: 'കാത്തിരിപ്പിൻ' എന്ന്. സംശയിക്കാതെ കാത്തിരിക്കുക. ലഭിക്കുമോ ഇല്ലയോ എന്ന് അല്പം പോലും അവിശ്വസിക്കാതെ കാത്തിരിക്കുക.

**"ഞാൻ കൊത്തളത്തിൽനിന്നു കാവൽ കാത്തുകൊണ്ട്: അവൻ എന്നോട് എന്തരുളിച്ചെയ്യും എന്നും എന്റെ ആവലാതി സംബന്ധിച്ച് ഞാൻ എന്തുത്തരം പറയേണ്ടു എന്നും കാണേണ്ടതിന്നു ദൃഷ്ടിവയ്ക്കും. യഹോവ എന്നോട് ഉത്തരം അരുളിയത്: നീ ദർശനം എഴുതുക; ഓടിച്ചു വായിപ്പാൻ തക്കവണ്ണം അതു പലകയിൽ തെളിവായി വരയ്ക്കുക. ദർശനത്തിന് ഒരു അവധിവച്ചിരിക്കുന്നു; അത് സമാപ്തിയിലേക്ക് ബദ്ധപ്പെടുന്നു; സമയം തെറ്റുകയുമില്ല; അത് വൈകിയാലും അതിനായി കാത്തിരിക്ക; അത് വരും നിശ്ചയം; താമസിക്കയുമില്ല." ഹബക്കൂക് 2 : 1 – 3**

ഹബക്കൂക് പ്രവാചകന് ചില ആവലാതികളുണ്ടായിരുന്നു. മനസ്സിനെ അലട്ടുന്ന പ്രശ്നങ്ങളുണ്ടായിരുന്നു. ജീവിതത്തിൽ ചില വേദനകളും യാതനകളും ഉണ്ടായിരുന്നു. പ്രവാചകനാണ്; പക്ഷേ, കഷ്ടപ്പാടിൽ മുങ്ങിവലയുന്ന മനുഷ്യനായിരുന്നു. എന്തുകൊണ്ടാണ് ഈ ആവലാതി? എന്നാണ് ഇതിന് ഒരറുതി? എന്താണ് വേണ്ടത്? പ്രവാചകന് വ്യക്തമായ അരുളപ്പാട് കിട്ടി:

"കാത്തിരിക്ക."

നാം ആവശ്യക്കാരാണെങ്കിൽ ദൈവത്തിന്റെ കൃത്യമായ അരുളപ്പാട് നമുക്ക് ലഭിക്കും. ദൈവത്തിന്റെ ഹിതപ്രകാരം നടക്കണമെന്ന് നിർബ്ബന്ധമുണ്ടെങ്കിൽ, എന്റെ അഭിപ്രായ പ്രകാരമല്ല, നിന്റെ ഹിതപ്രകാരം എനിക്ക് നടക്കണം, എന്റെ ജീവിതത്തിന്റെ ഓരോ ചുവടുവയ്പ്പിലും നിന്റെ നിർദ്ദേശങ്ങൾ എനിക്കു ലഭിക്കണം, നിന്റെ നിർദ്ദേശത്തിന് വിരുദ്ധമായ ദിശയിലൂടെ പോകാൻ എനിക്ക് ഇടവരരുത് എന്നുള്ള നിർബ്ബന്ധം എനിക്കുണ്ടെങ്കിൽ ദൈവം എന്നെ നടത്തും എന്നുള്ളതിന് സംശയമില്ല.

നിങ്ങൾ ചിന്തിക്കൂ, ദൈവഹിതം നടന്നാൽ മതി എന്നു നിങ്ങൾ പറയുമ്പോൾ പോലും പൂർണ്ണമായും നിങ്ങളുടെ സ്വയത്തെ ബലികഴിച്ചുകൊണ്ട്, സ്വന്ത ഇഷ്ടത്തെ പിൻതള്ളി ക്കൊണ്ട് ദൈവത്തിന്റെ ഹിതത്തിനു പൂർണ്ണമായും വിധേയപ്പെടുവാൻ നിങ്ങൾ തയ്യാറാണോ?

എബ്രായർ 11-ാം അദ്ധ്യായത്തിൽ മോശയെക്കുറിച്ച് പറയുന്നു:

**''പ്രതിഫലം നോക്കിയതുകൊണ്ട് ഫറവോന്റെ പുത്രിയുടെ മകൻ എന്ന് വിളിക്കപ്പെടുന്നത് നിരസിക്കയും മിസ്രയീമിലെ നിക്ഷേപങ്ങളേക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്ന് എണ്ണുകയും ചെയ്തു."**

**എബ്രായർ 11 : 25, 26**

ലൗകികമായ പ്രതിഫലം ഇഷ്ടം പോലെ മോശയ്ക്കു ണ്ടായിരുന്നു. എന്നാൽ അതെല്ലാം ഇവിടെ തീർന്നു പോകുമെന്ന് മോശയ്ക്കു മനസ്സിലായി. ഇതിന്നപ്പുറം വലിയൊരു പ്രതിഫലമുണ്ടെന്നു മനസ്സിലാക്കാൻ മോശയ്ക്ക് കഴിഞ്ഞു.

മിസ്രയീമിൽ നിക്ഷേപങ്ങളുണ്ട്. അതെല്ലാം മോശയ്ക്ക് അവകാശപ്പെട്ടതാണ്. ഫറവോന്റെ പുത്രിയുടെ മകനാണ്.

അടുത്ത കിരീടാവകാശിയാണ്. അടുത്ത ഫറവോൻ ആയി വാഴേണ്ടയാളാണ്. മിസ്രയീമിലെ സ്വർണ്ണക്കുമ്പാരങ്ങൾ മുഴുവൻ അവകാശമാക്കുവാൻ മോശയ്ക്ക് കഴിയും. ഈ വലിയ സ്വത്തിന്റെ ആധിപത്യം മുഴുവനും മുന്നിൽ കാണുന്നു.

എന്നാൽ അതിനപ്പുറത്ത് വേറൊരു പ്രതിഫലം കാണുന്നു. അതെന്താണ്? ക്രിസ്തുവിന്റെ നിന്ദ! ആക്ഷേപം സഹിക്കുക. യാതന സഹിക്കുക. മരുഭൂമിയിൽക്കൂടി അലഞ്ഞുതിരിയുക. എല്ലാവരാലും നിരസിക്കപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും ചെയ്യുക. കൂടെ നടക്കുന്നവർ പോലും കുതികാൽ ചവിട്ടുക. മോശ അതെല്ലാം വലിയ ധനം എന്ന് എണ്ണി; ഇവിടെയുള്ള നിക്ഷേപങ്ങൾ എല്ലാം നിസ്സാരം എന്ന് എണ്ണുവാൻ മോശയ്ക്കു കഴിഞ്ഞു.

മോശയ്ക്കു വേണമെങ്കിൽ അടുത്ത ഫറവോ ആയിട്ട് വാഴാം. മരിച്ചു കഴിയുമ്പോൾ മോശയുടെ ശവശരീരം ഒരു പിരമിഡിൽ (pyramid) എന്നന്നേക്കുമായി സൂക്ഷിക്കപ്പെടും. പേരുണ്ട്, പെരുമയുണ്ട്, കീർത്തിയുണ്ട്, പ്രതാപമുണ്ട്. എന്നാൽ ശവശരീരം പിരമിഡിൽ എത്രകാലം ഇരുന്നാലും, ആത്മാവ് നിത്യസമാധാനം നഷ്ടപ്പെട്ടുപോകുമെന്ന് മോശയ്ക്ക് മനസ്സിലായി. അതുകൊണ്ട് മോശ മിസ്രയീമിലെ നിക്ഷേപങ്ങളേക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്ന് എണ്ണി.

ക്രിസ്തുവിനെ സാക്ഷിക്കുവാൻ നമുക്ക് സാധിക്കണം. ക്രിസ്തുവിനെ സാക്ഷിച്ചാൽ ക്രിസ്തുവിനുവേണ്ടി കാത്തിരുക്കാൻ സാധിക്കും. യഥാർത്ഥമായി ക്രിസ്തുവിനെ സാക്ഷിക്കണമെന്ന് നമ്മുടെ നിർബ്ബന്ധമാണെങ്കിൽ, നമ്മുടെ ജീവിതത്തിൽക്കൂടി യേശുക്രിസ്തുവിനെ പ്രതിഫലിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ അത് തീരാനഷ്ടമാണെന്ന് നമുക്കു മനസ്സിലായാൽ എന്തും സഹിച്ചും നാം ക്രിസ്തുവിനു വേണ്ടി കാത്തിരിക്കും.

മിസ്രയീമിൽ നിന്ന് മോശ പുറപ്പെട്ടു. യിത്രോവിന്റെ

ആടുകളെ നോക്കിക്കൊണ്ട് മലഞ്ചെരിവിൽക്കൂടി മോശ നടന്ന കാലങ്ങൾ! ഹെബ്രോൻ മലയുടെ തീരത്തും സീനായ് മരുഭൂമിയുടെ ഓരത്തും മോശ നടന്ന കാലങ്ങൾ! ആ കാലങ്ങൾ എത്ര ദുരിതം പിടിച്ചതായിരുന്നു. ഏകനായി, ആർക്കും വേണ്ടാത്തവനായി നടന്നപ്പോൾ എപ്പോഴെങ്കിലും മോശ ചിന്തിച്ചു കാണുമോ: "വേണ്ടായിരുന്നു. ഈ കഷ്ടപ്പാടൊന്നും വേണ്ടായിരുന്നു. ആ മിസ്രയീം കൊട്ടാരത്തിൽ വാണാൽ മതിയായിരുന്നു. ഞാൻ എന്തിനാണ് കൊട്ടാരം വിട്ടിറങ്ങിയത്? എന്തു വിഡ്ഢിത്തമാണ് ഞാൻ കാണിച്ചത്?

മിസ്രയീമ്യൻ പാവപ്പെട്ട യിസ്രായേല്യനെ അടിച്ചുകൊല്ലുന്നത് കണ്ടപ്പോൾ എന്തുകൊണ്ടോ എനിക്ക് മിസ്രയീമ്യനെ അടിച്ചു കൊല്ലണമെന്നു തോന്നി. എനിക്ക് വേണമെങ്കിൽ അതെല്ലാം ഒഴിവാക്കാമായിരുന്നു. ആ കൊട്ടാരത്തിന്റെ നല്ല പ്രതാപത്തിൽ കഴിയാമായിരുന്നു. മിസ്രയീമിലെ സൈന്യവും സൈന്യനായകന്മാരും എനിക്കു ചുറ്റും ഓച്ഛാനിച്ചു നിൽക്കുമായിരുന്നു. എല്ലാം ഞാൻ നഷ്ടപ്പെടുത്തിയത് എന്തിന്? ഒരു ആടുനോട്ടക്കാരനായിത്തീരാനാണോ?"

മോശ അങ്ങനെയെല്ലാം ചിന്തിച്ചു കാണുമോ? ചിന്തിച്ചതായി തിരുവചനം പറയുന്നില്ല. എന്നാൽ നമ്മുടെ മാനുഷബുദ്ധിയിൽ അങ്ങനെയെല്ലാം ചിന്തിച്ചു പോകാവുന്നതാണ്.

മോശ തളർന്നില്ല. He was waiting for God. ദൈവത്തിനു വേണ്ടി കാത്തിരുന്നു. ''എന്നെ വിളിച്ചിറക്കിയവൻ വിശ്വസ്തനാണ്. ഒരു ലാക്കോടുകൂടിയാണ് എന്നെ വിളിച്ചിരിക്കുന്നത്. ഉന്നതമായ ലാക്കിലേക്ക് അവൻ എന്നെ കൊണ്ടു പോവുകയാണ്."

ഉന്നതമായ ജീവിത ലക്ഷ്യം! ഉന്നതമായ ജീവിതാദർശം! അതിലേക്ക് ദൈവം എന്നെ അടുപ്പിച്ചുകൊണ്ടിരിക്കുകയാണ്. എന്റെ ഈ യാതനയുടെ കാലങ്ങളിലും, സകലരാലും

ഒറ്റപ്പെടുത്തുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്ന കാലങ്ങളിലും, ഞാൻ ഏകനായി ആടുകളുടെ പിറകെ നടക്കുമ്പോഴും എന്നെ കണ്ടുകൊണ്ടിരിക്കുന്ന രണ്ടു കണ്ണുകളുണ്ട്." മോശയ്ക്ക് അതറിയാമായിരുന്നു.

നാല്പതുകൊല്ലം മിസ്രയീമിലെ കൊട്ടാരത്തിൽ! നാല്പതു കൊല്ലം ആടുകളുടെ പുറകെ അലഞ്ഞു നടന്നു! അമ്മായി അപ്പന്റെ ആടുകളെ നോക്കിക്കൊണ്ട് സീനായി മലയുടെ ചരിവിൽക്കൂടി നടന്നുവരുമ്പോഴാണ് ഒരു ദിവസം മഹാത്ഭുതം നടന്നത്. 'മോശേ, മോശേ' എന്നു വിളിക്കുന്ന ശബ്ദം! മോശ ഞെട്ടലോടെ നോക്കിയപ്പോൾ ഒരു മുൾപ്പടർപ്പ് നിന്നു കത്തുന്നു.

മോശ അങ്ങോട്ട് അടുത്തുചെല്ലാൻ തുടങ്ങിയപ്പോൾ വീണ്ടും ശബ്ദം: "നീ നിൽക്കുന്ന സ്ഥലം വിശുദ്ധ ഭൂമിയാണ്. നിന്റെ കാലിൽനിന്നു ചെരിപ്പ് ഊരിക്കളക." തീയുടെ നടുവിൽ നിന്ന് ഒരു ശബ്ദം! ആ തീയുടെ നടുവിൽ ജീവനുള്ള ദൈവത്തിന്റെ ശബ്ദമാണ് മോശ കേട്ടത്.

മുൾപ്പടർപ്പ് കത്തുന്നുണ്ട്, എന്നാൽ കത്തി ചാമ്പലാകുന്നില്ല. അത് കത്തിക്കൊണ്ടിരിക്കുന്നു. മുൾപ്പടർപ്പിന് കേട് വരുന്നതുമില്ല. ഈ തീ കേടുവരുത്താത്ത തീയാണ്. ഇത് സ്വർഗ്ഗീയ തീയാണ്. സ്വർഗ്ഗീയ തീയിൽനിന്ന് സ്വർഗ്ഗീയ അരുളപ്പാടു കിട്ടുകയാണ്.

നമുക്കും നിരന്തരം ഇതാണ് ലഭിക്കുന്നത്. സ്വർഗ്ഗത്തിലെ തീയുടെ പ്രത്യക്ഷത! തീയുടെ അരുളപ്പാടുകൾ! തീയുടെ ദൂതുകൾ! അന്ന് മോശയ്ക്കു കിട്ടിയതുപോലെ നിങ്ങളും കാത്തിരുന്നു പ്രാപിക്കുക. നിങ്ങൾക്കാഗ്രഹമുണ്ടോ? തീയുടെ നടുവിൽ നിന്നുള്ള ശബ്ദം എനിക്കു കേൾക്കണം. തീയുടെ നടുവിൽ നിന്നുള്ള ശബ്ദം എനിക്കു തിരിച്ചറിയണം. എന്നെ വ്യക്തിപരമായി അറിയുന്ന ജീവനുള്ള ദൈവത്തിന്റെ സ്വരം കേട്ടുകൊണ്ട്, എന്റെ പഴയ ആളത്വത്തിലുള്ളതെല്ലാം ഊരിക്കളഞ്ഞിട്ട് ഞാൻ ഇതാ വരുന്നു.

ഞാൻ നടന്നുവന്ന വഴിത്താരയിൽ എന്റെ ചെരിപ്പിൽ പറ്റിയ അഴുക്കുകളുണ്ട്. അതെല്ലാം ഞാൻ ഊരി മാറ്റുന്നു. ഇത് വിശുദ്ധഭൂമിയാണ്. തീയുടെ നടുവിൽ നിന്നുള്ള ശബ്ദമാണ്. എന്റെ കർത്താവേ, നീ എന്നോട് എന്താണ് സംസാരിക്കുന്നത്? കാത്തിരുന്നു പ്രാപിക്കണം. മോശ നാല്പതുവർഷം കാത്തിരുന്നു പ്രാപിച്ചു.

നിങ്ങൾ കാത്തിരുന്ന് അരുളപ്പാട് വാങ്ങാറുണ്ടോ? കാത്തിരുന്ന് പ്രാർത്ഥിക്കാറുണ്ടോ? കർത്താവേ, നിനക്ക് എന്നോട് എന്താണ് അറിയിക്കാനുള്ളത്? ഇന്നത്തേക്കുള്ള ദൂത് എന്താണ്? ഇന്നു ഞാൻ പോകേണ്ട വഴി ഏതാണ്? ഇന്ന് എന്റെ ശുദ്ധീകരണത്തിനായി നീ എനിക്കു തരുന്ന തിരുത്തൽ എന്താണ്?

സ്നേഹിതരേ, നിങ്ങൾ തിരുത്താൻ തയ്യാറാകണം; എളിമപ്പെടാൻ തയ്യാറാകണം. ദൈവം എന്നെക്കുറിച്ചാഗ്രഹിച്ചത് നിറവേറ്റാൻ എനിക്ക് മുന്നോട്ടു പോകണം. എന്തെല്ലാം ആഗ്രഹം ദൈവം പുലർത്തിയിട്ടുണ്ടോ, ഈ ഭൂമിയിലെ ഒരു പ്രജയായി പിറന്നുവീഴാൻ ഇടയായപ്പോൾ എന്നെക്കുറിച്ച് എന്തെല്ലാം പ്രതീക്ഷകൾ പുലർത്തിയോ അതെല്ലാം നിറവേറ്റി, എന്റെ ഓട്ടം ഓടിത്തികച്ച് കടന്നു വരണം. ഈയൊരു വാഞ്ഛ നിങ്ങൾക്കു വന്നാൽ സ്വർഗ്ഗത്തിലെ ദൈവം നിങ്ങളെ നടത്താൻ തുടങ്ങും.

ദൈവം മോശയെ തന്റെ കരങ്ങളിലെടുത്തു. എൺപതാമത്തെ വയസ്സിലാണ് മോശയ്ക്ക് ഈ സ്വർഗ്ഗീയമായ അരുളപ്പാട് കിട്ടിയത്. അതു കഴിഞ്ഞുള്ള നാൽപ്പത് വർഷം മോശ ദൈവത്തോടുകൂടെയായിരുന്നു. കാത്തിരുന്ന് അനുഗ്രഹം പ്രാപിച്ച് പിന്നെ ദൈവത്തോടുകൂടെ നടക്കുകയായിരുന്നു

ഇത് വായിക്കുമ്പോൾ നിങ്ങളും പറയണം: കർത്താവേ, ഞാൻ കാത്തിരുന്നു കൊള്ളാം. നിന്റെ ഹിതം നിവർത്തിക്കാൻ

ഞാൻ താണിരുന്നുകൊള്ളാം. ദൈവത്തിന്റെ ആലോചനയ്ക്കായി, ദൈവത്തിന്റെ നടത്തിപ്പിനായി കാത്തിരുന്നുകൊള്ളാം.

Wait, wait for the Lord! യഹോവയ്ക്കായി പ്രത്യാശിക്കുക! പ്രിയപ്പെട്ടവരേ, നിങ്ങൾ പലരും മടുത്തുപോയിട്ടുണ്ടാകും. ആത്മീയജീവിതത്തിൽ മടുപ്പു വന്നിട്ടുണ്ടാകും. എനിക്ക് പാപത്തിന്റെമേൽ ജയം കിട്ടുന്നില്ലല്ലോ. കോപം മാറുന്നില്ലല്ലോ. ഞാൻ വേണ്ടാ എന്നു വച്ചിട്ടും ചീത്ത ചിന്തകൾ എന്റെ ഹൃദയത്തിൽ ഇരച്ചുകയറി വരുന്നല്ലോ. എന്റെ സ്വഭാവത്തിൽ ഇനിയും മാലിന്യം നിൽക്കുന്നല്ലോ. മുറുകെപ്പറ്റുന്ന പാപങ്ങൾ ഇനിയും ചിലത് ഉണ്ടല്ലോ.

കർത്താവേ, വേണ്ടാ, വേണ്ടാ എന്നു ഞാൻ തീരുമാനിച്ചതാണ്. പറിച്ചെറിഞ്ഞു കളഞ്ഞിട്ടും പോകാതെ, അട്ട കടിച്ചുതൂങ്ങുന്നതുപോലെ ചില പാപങ്ങൾ എന്നിൽ കടിച്ചുതൂങ്ങി നിൽക്കുന്നല്ലോ. വാശിയും പിണക്കവും വഴക്കും വൈരാഗ്യവും എന്റെ ഹൃദയത്തിൽനിന്ന് പോകാതിരിക്കുന്നല്ലോ. കർത്താവേ, എനിക്ക് ഇതിനൊരു പരിഹാരം വേണമല്ലോ. നിങ്ങൾ ദൈവത്തോട് ചോദിക്കാറുണ്ടോ? നിങ്ങൾ ദൈവസന്നിധിയിൽ ഇരുന്നു കരയാറുണ്ടോ? നിങ്ങൾ ദൈവത്തിനായി കാത്തിരിക്കാറുണ്ടോ? കാത്തിരിക്കുക! അതാണ് സങ്കീർത്തനക്കാരൻ പറഞ്ഞത്:

**“ഞാൻ ജീവനുള്ളവരുടെ ദേശത്ത് യഹോവയുടെ നന്മ കാണുമെന്നു വിശ്വസിച്ചില്ലെങ്കിൽ കഷ്ടം! യഹോവയിങ്കൽ പ്രത്യാശവയ്ക്കുക; ധൈര്യപ്പെട്ടിരിക്ക; നിന്റെ ഹൃദയം ഉറച്ചിരിക്കട്ടെ; അതേ, യഹോവയിങ്കൽ പ്രത്യാശവയ്ക്കുക.”**

**സങ്കീർത്തനങ്ങൾ 27 : 13, 14**

പ്രത്യാശവയ്ക്കുക! ഇംഗ്ലീഷ് ബൈബിളിൽ അത് പറഞ്ഞിരിക്കുന്നത്, Wait for the Lord എന്നാണ്. ആശയോടെ കാത്തിരിക്കുക. അത്യാകാംക്ഷയോടെ കാത്തിരിക്കുക. മോശ കാത്തിരുന്നു.

നോഹയും കാത്തിരുന്നു. നോഹ എങ്ങനെയാണ് കാത്തിരുന്നത്?

**“ഭൂമിയിൽ ജലപ്രളയം ഉണ്ടായപ്പോൾ നോഹയ്ക്ക് അറുന്നൂറു വയസ്സായിരുന്നു. നോഹയും പുത്രന്മാരും അവന്റ ഭാര്യയും പുത്രന്മാരുടെ ഭാര്യമാരും ജലപ്രളയം നിമിത്തം പെട്ടകത്തിൽ കടന്നു” ഉല്പത്തി 7 : 6, 7**

**“ഏഴ് ദിവസം കഴിഞ്ഞശേഷം ഭൂമിയിൽ ജലപ്രളയം തുടങ്ങി.” ഉല്പത്തി 7 : 10**

പെട്ടകത്തിൽ കടന്ന് ഏഴു ദിവസത്തേക്ക് ഒന്നും കാണുന്നില്ല. നോഹയുടെ മക്കൾ, അല്ലെങ്കിൽ മക്കളുടെ ഭാര്യമാർ തമ്മിൽത്തമ്മിൽ പറഞ്ഞുകാണുമോ? ദൈവം പറഞ്ഞത് മഴ പെയ്യുമെന്നല്ലേ? അത് വിശ്വസിച്ചല്ലേ നമ്മൾ കയറിയത്? മഴയൊന്നും കാണുന്നില്ലല്ലോ. ആകാശത്തു നിന്നും വെള്ളം ഭൂമിയിലേക്ക് പെയ്യുമെന്നാണ് പറഞ്ഞത്. ഒരു ദിവസം കാത്തിരുന്നു. എവിടെപ്പോയി? മഴയില്ലല്ലോ.

ദിവസം രണ്ട്, മഴ പെയ്യുന്നില്ല. ദിവസം മൂന്ന്, നാല്, അഞ്ച്, ആറ്, ഏഴ്! ഇതെന്താണ്? ദൈവം പറഞ്ഞതാണ് മഴ പെയ്യുമെന്ന്. പ്രളയമുണ്ടാകുമ്പോൾ അതിന്മീതെ പതച്ചു നിൽക്കുന്ന ഒരു പെട്ടകമുണ്ടാക്കാനാണ് പറഞ്ഞത്. നമ്മൾ ഇതിൽ കയറിയിരുന്നത് വിഡ്ഢിത്തമായിപ്പോയോ?

ഏഴു ദിവസം കഴിഞ്ഞു. ഏഴു ദിവസത്തെ കാത്തിരിപ്പു ണ്ടായി. നോഹ മടുത്തില്ല. നോഹയുടെ വാക്കുകേട്ടു കയറിയവരും മടുത്തില്ല. അവർ പ്രതീക്ഷയോടെയിരിക്കുകയാണ്. ദൈവത്തിന്റെ വചനമാണോ, അത് നിറവേറും. പിള്ളേർ സംശയിച്ചപ്പോൾ നോഹ അവരോടു പറഞ്ഞു കാണും: ഞാൻ നിങ്ങളോടു ദൈവത്തിന്റെ അരുളപ്പാട് പറഞ്ഞുതന്നതല്ലേ?

**“ഇനി ഏഴു ദിവസം കഴിഞ്ഞിട്ട് ഞാൻ ഭൂമിയിൽ നാല്പതുരാവും നാല്പതു പകലും മഴ പെയ്യിക്കും; ഞാൻ**

**ഉണ്ടാക്കിയിട്ടുള്ള സകല ജീവജാലങ്ങളെയും ഭൂമിയിൽ നിന്നു നശിപ്പിക്കും.”** **ഉല്പത്തി 7 : 4**

കൃത്യമായ കണക്കല്ലേ ദൈവം തന്നത്? ദൈവത്തിനു തെറ്റു പറ്റുകയില്ല. നമ്മുടെ ദൈവം കല്പിച്ചതാണോ, അത് നടക്കും.

നിങ്ങൾ വാഗ്ദത്തങ്ങളെ മുറുകെ പിടിച്ചുകൊണ്ടു പ്രാർത്ഥിക്കണം. എന്റെ വശത്ത് ആയിരങ്ങൾ വീഴും, എന്റെ വലത്തുവശത്ത് പതിനായിരങ്ങൾ വീഴും. പക്ഷേ അതൊന്നും എന്നോടടുക്കയില്ല എന്നു നീ കല്പിച്ചു, ഞാൻ വിശ്വസിക്കുന്നു. പകൽ സൂര്യനെങ്കിലും രാത്രി ചന്ദ്രനെങ്കിലും നിന്നെ ബാധിക്കയില്ല എന്നു നീ കല്പിച്ചു, ഞാൻ വിശ്വസിക്കുന്നു.

ഒരു ആദിത്യദശയും ഒരു ചന്ദ്രദശയും ഒരു രാഹൂർദശയും കേതൂർദശയും ശുക്രദശയും ശനിദശയും ഒന്നും എന്നെ സ്പർശിക്കയില്ല എന്നു ഞാൻ വിശ്വസിക്കുന്നു. ഇന്ന് ജാതകവും ജ്യോതിഷവും പറയുന്ന കണക്കുകളൊന്നും എന്റെ ജീവിതത്തിൽ സംഭവിക്കാൻ പോകുന്നില്ല. കാരണം, എന്റെ ജീവിതത്തിൽ ക്രിസ്തു എന്ന പുതിയ സൂര്യൻ ഉദിച്ചു കഴിഞ്ഞിരിക്കുന്നു. ഈ സൂര്യന്റെ വെളിച്ചത്തിലും ആകർഷണത്തിലും ഞാൻ നിൽക്കുന്നതുകൊണ്ട് ഈ പ്രകൃതിയിലെ സൂര്യനോ ചന്ദ്രനോ ഗ്രഹങ്ങളോ ഉപഗ്രഹങ്ങളോ ഒന്നും എന്നെ ബാധിക്കയില്ല. പകൽ സൂര്യനെങ്കിലും രാത്രി ചന്ദ്രനെങ്കിലും നിന്നെ ബാധിക്കയില്ല എന്ന വചനം ഞാൻ വിശ്വസിക്കുന്നു. (സങ്കീർത്തനങ്ങൾ 91 : 10).

നമുക്ക് വിശ്വാസത്തോടെ അവകാശം പറഞ്ഞ് ദൈവത്തോടു ചോദിച്ചു വാങ്ങാം. ഇരുപത്തി ഒന്നാം സങ്കീർത്തനത്തിൽ വായിക്കുന്നു: “അധരങ്ങളുടെ യാചന നിഷേധിച്ചതുമില്ല” എന്ന് (സങ്കീർത്തനങ്ങൾ 21 : 2). കർത്താവേ, എന്റെ ഈ ചുണ്ടുകൊണ്ട് ഞാൻ നിന്നോട് യാചിക്കുകയാണ്. ഇന്ന കാര്യം എനിക്കു സാധിപ്പിച്ചു തരണം. എന്റെ കോപം നീ

മാറ്റിത്തരണം. എന്റെ ഹൃദയത്തിലെ ചില വൈരാഗ്യങ്ങൾ, അത് വിട്ടിട്ടും വിട്ടിട്ടും പോകാതെ കിടക്കുന്നു. ചിലർ എന്നോട് ചെയ്ത ദ്രോഹങ്ങൾ, അത് മറക്കാൻ പറ്റുന്നില്ല. ക്ഷമിച്ചു എന്നു ഞാൻ പറഞ്ഞെങ്കിലും അത് പിന്നെയും മനസ്സിൽ പൊന്തിവരുന്നു. കർത്താവേ, ഇത് ഞാൻ മനസ്സോടെ വിടുന്നു. എനിക്ക് നീ മാറ്റിത്തരണം.

ഭൗതികമായ കാര്യങ്ങളും ചോദിക്കാം. കുട്ടികൾ പ്രാർത്ഥിക്കണം: എന്റെ പരീക്ഷയിൽ ഉയർന്ന വിജയം തരണം. "ഞാൻ നിന്നെ വാലല്ല തലയാക്കും" എന്ന് നിന്റെ വചനമാണ്, അത് ഞാൻ വിശ്വസിക്കുന്നു. ''സർവ്വ ശക്തങ്കലേക്കു തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും" എന്ന് നിന്റെ വചനമാണ്, ഞാൻ അത് വിശ്വസിക്കുന്നു. "താഴ്മയ്ക്കും യഹോവാഭക്തിക്കുമുള്ള പ്രതിഫലം ധനവും മാനവും ജീവനുമാകുന്നു" എന്നു ഞാൻ വിശ്വസിക്കുന്നു. ഈ വചനങ്ങളെ മുറുകെപിടിച്ചുകൊണ്ട് ഞാൻ നിന്റെ പാദപീഠത്തിലേക്കു വരുന്നു.

ചോദിച്ചു വാങ്ങുക, പിടിച്ചു വാങ്ങുക, കാത്തിരുന്നു വാങ്ങുക! അനുഗ്രഹം കിട്ടുവോളം കാത്തിരിക്കുക. എൻട്രൻസ് ടെസ്റ്റ് എഴുതുന്ന കുട്ടികൾ ഉണ്ട്. നിങ്ങൾ ദൈവത്തോട് പറയണം: കർത്താവേ, ഞാൻ എന്റെ ആയുസ്സ് നിനക്ക് തന്നതല്ലേ? കല്ലിനെയും മരത്തേയും ഊമവിഗ്രഹങ്ങളെയും അല്ലല്ലോ, ജീവനുള്ള ക്രിസ്തുവിന്റെ കരങ്ങളിലേക്കല്ലോ എന്റെ ആയുസ്സ് ഞാൻ തന്നത്. മനസ്സറിഞ്ഞ് ഒരു പാപം വരികയില്ലെന്ന് ഞാൻ നിന്നോട് പറഞ്ഞ വാക്ക് ഞാൻ ഇതുവരെ പാലിച്ചല്ലോ. ഞാൻ ഇനിയും പാലിക്കുമല്ലോ. അതുകൊണ്ട് ഈ എൻട്രൻസ് ടെസ്റ്റ് നീ എനിക്കു പാസ്സാക്കിത്തരണം.

കുഞ്ഞുങ്ങളേ, നിങ്ങൾ പ്രാർത്ഥിക്കണം. സ്വർഗ്ഗത്തിലെ ദൈവം നിങ്ങളെ ഉയർത്തുന്നതും അനുഗ്രഹം പ്രാപിക്കുന്നതും നിങ്ങൾക്ക് അപ്പോൾ അനുഭവിക്കാൻ കഴിയും. ഇങ്ങനെ

കാത്തിരുന്ന് അനുഗ്രഹം പ്രാപിക്കുക. പിടിച്ചു വാങ്ങുക. “ബലാൽക്കാരികൾ സ്വർഗ്ഗരാജ്യം പിടിച്ചടക്കുന്നു.” ദൈവത്തോടു ചോദിച്ചു വാങ്ങണം. എല്ലാം ചോദിക്കണം.

ഒന്നും വിടരുത്. ഭൗതിക കാര്യങ്ങളും ആത്മീയകാര്യങ്ങളും നിങ്ങളെ അലട്ടുന്ന പ്രശ്നങ്ങളും നിങ്ങളെ വിഷമിപ്പിക്കുന്ന ദുർഘടങ്ങളും എല്ലാം ദൈവത്തോട് പറഞ്ഞ് പരിഹാരം ചോദിച്ചു വാങ്ങണം. ഈ കടമൊന്നു മാറ്റിത്തരാൻ നിന്റെ കരുണയുടെ കരം എന്റെമേൽ വയ്ക്കണം. എന്റെ മക്കളെക്കുറിച്ചുള്ള വേവലാതികൾ എന്റെ മനസ്സിലുണ്ട്. ഇതെല്ലാം ഒന്നു മാറ്റിത്തരണമേ. നിങ്ങൾ ചോദിച്ചു വാങ്ങണം. പിടിച്ചു വാങ്ങണം. അങ്ങനെ അനുഗ്രഹം പ്രാപിക്കുക.

# മൂന്ന്

നോഹയും നോഹയുടെ ഭാര്യയും ആൺമക്കൾ മൂന്നുപേരും അവരുടെ ഭാര്യമാരും, അങ്ങനെ പെട്ടകത്തിൽ "അല്പജനം എന്നുവെച്ചാൽ എട്ട് പേർ കടന്നു." സകല ഭൂചരജീവികളും പെട്ടകത്തിൽ കടന്നു ( 1 പത്രോസ് 3: 20).

പെട്ടകത്തിൽ കടന്ന് എഴുദിവസം കഴിഞ്ഞിട്ടാണ് മഴ പെയ്തു തുടങ്ങുന്നത്. ഏതാണ്ട് ഒരു വർഷത്തോളം ഭൂമിയിൽ പ്രളയം പൊങ്ങിനിന്നു. നാല്പതു ദിവസമാണ് മഴ പെയ്തത്. എന്നാൽ വെള്ളം പിന്നെയും പൊങ്ങിക്കൊണ്ടിരുന്നു. എല്ലാ മലകളുടെയും മുകൾപ്പരപ്പുകളിലും വൃക്ഷത്തലപ്പുകളുടെ മുകളിലും വെള്ളം പൊങ്ങി. ഭൂമിയിൽ ഒക്കെയും വെള്ളം പൊങ്ങി.

**"അറുന്നൂറ്റൊന്നാം സംവത്സരം ഒന്നാം മാസം ഒന്നാം തീയതി ഭൂമിയിൽ വെള്ളം വറ്റിപ്പോയിരുന്നു; നോഹ പെട്ടകത്തിന്റെ മേൽത്തട്ടു നീക്കി, ഭൂതലം ഉണങ്ങിയിരിക്കുന്നു എന്നു കണ്ടു. രണ്ടാം മാസം ഇരുപത്തേഴാം തീയതി ഭൂമി ഉണങ്ങിയിരുന്നു. ദൈവം നോഹയോട് അരുളിച്ചെയ്തത്: നീയും നിന്റെ ഭാര്യയും പുത്രന്മാരും പുത്രന്മാരുടെ ഭാര്യമാരും പെട്ടകത്തിൽനിന്ന് പുറത്തിറങ്ങുവിൻ. പറവകളും മൃഗങ്ങളും നിലത്തിഴയുന്ന ഇഴജാതിയുമായ സർവ്വജഡത്തിൽനിന്നും നിന്നോടുകൂടെ ഇരിക്കുന്ന സകല ജീവികളെയും പുറത്തു കൊണ്ടുവരിക; അവ ഭൂമിയിൽ അനവധിയായി വർദ്ധിക്കയും പെറ്റു പെരുകുകയും ചെയ്യട്ടെ."** **ഉല്പത്തി 8 : 13 – 17**

അറുന്നൂറാം സംവത്സരത്തിലാണ് പ്രളയം തുടങ്ങുന്നത്.

എന്നാൽ അറുന്നൂറ്റൊന്നാം സംവത്സരം ഒന്നാം മാസം ഒന്നാം തീയതി ഭൂമിയിൽ വെള്ളം വറ്റിപ്പോയിരുന്നു. ഒരു വർഷം കഴിഞ്ഞിരിക്കുന്നു. ഭൂതലം ഉണങ്ങി! വെള്ളം വറ്റി! ഒരു പുതിയ ഭൂമി! അതുവരെ ഉണ്ടായിരുന്ന ഭൂമി കളങ്കമുള്ള ഭൂമിയായിരുന്നു.

ഇപ്പോൾ പ്രളയജലത്തിൽ കഴുകിയെടുത്ത ഭൂമി! പ്രളയത്തിന്റെ ജലപ്പെരുപ്പത്തിൽ ഭൂമിയെ കഴുകിയെടുത്തു. ഒന്നാം മാസം ഒന്നാം തീയതി വെള്ളം വറ്റിയതിനുശേഷം നോഹ പിന്നെയും ദൈവത്തിന്റെ അരുളപ്പാടിനുവേണ്ടി കാത്തിരിക്കുകയാണ്.

ഒരു വർഷം പെട്ടകത്തിനുള്ളിൽ കഴിഞ്ഞതല്ലേ? എത്രയും വേഗം പുറത്തു കടക്കാൻ ഒരു ആഗ്രഹം വരാമല്ലോ. വെള്ളമെല്ലാം വറ്റി, നിലമെല്ലാം സജ്ജമായി. പെട്ടെന്ന് പുറത്തുകടക്കാൻ തോന്നാമല്ലോ? പക്ഷേ, ദൈവത്തിന്റെ സമയത്തിനായി കാത്തിരുന്നു. ഒന്നാം മാസം, ഒന്നാം തീയതി വെള്ളം വറ്റിപ്പോയിരുന്നെങ്കിലും രണ്ടാം മാസം ഇരുപത്തേഴാം തീയതിവരെ കാത്തിരുന്നു. ദൈവത്തിന്റെ അരുളപ്പാട് കിട്ടിയിട്ടേ നോഹ പുറത്തു കടക്കുന്നുള്ളൂ.

Waiting for God! ദൈവത്തിനുവേണ്ടി, ദൈവത്തിന്റെ സമയത്തിനുവേണ്ടി കാത്തിരിക്കുന്നു. ധൃതി കൂട്ടരുത്. നാം ബദ്ധപ്പെടരുത്. നാം നമ്മുടെ വേഗത കൂട്ടരുത്. ദൈവത്തിന്റെ സമയത്തിനുവേണ്ടി കാത്തിരിക്കണം.

നോഹ പെട്ടകത്തിൽ കടന്നശേഷം പ്രളയം തുടങ്ങാനായി ഏഴു ദിവസം കാത്തിരുന്നു. അവിടെ പ്രത്യേകിച്ചൊന്നും ചെയ്യാനില്ല. ഇവിടെ വെള്ളമെല്ലാം വറ്റി. പക്ഷേ നോഹ പുറത്തുകടക്കുന്നില്ല. ദൈവം പറയണം പുറത്തു കടക്കാൻ. ഓരോ ചുവടുവയ്പ്പിലും വ്യക്തമായ നിർദ്ദേശം കാത്തിരിക്കുകയാണ്.

നിങ്ങൾ ഇപ്പോൾ ചിന്തിക്കും: അങ്ങനെയെല്ലാം ചെയ്യാമായിരുന്നു. പക്ഷേ, എനിക്കു വ്യക്തമായ നിർദ്ദേശം

കിട്ടുന്നില്ലല്ലോ. ഇന്നയിടത്തുപോവുക, ഇത്ര സമയം അവിടെ നിൽക്കുക എന്ന നിർദ്ദേശം എനിക്കു കിട്ടുകയായിരുന്നെങ്കിൽ ഞാൻ തീർച്ചയായിട്ടും ചെയ്തേനെ. പ്രിയപ്പെട്ടവരേ, കാത്തിരിക്കുമെങ്കിൽ നിങ്ങൾക്കു വ്യക്തമായ നിർദ്ദേശം കിട്ടും. ഓരോ ചുവടുവയ്പിലും ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിങ്ങളെ നടത്തും.

നടത്താൻ ഒരു ആത്മാവുണ്ട്. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ കൃത്യമായും നടത്തും. നമുക്കാവശ്യമായ നിർദ്ദേശം തരും. അത് ഏതു വിധത്തിലാണെന്ന് വിവരിക്കാൻ എനിക്കറിയില്ല. ഒന്നറിയാം, ജീവനുള്ള ദൈവത്തിന്റെ പരിശുദ്ധാത്മാവ് സകല സത്യത്തിലും വഴി നടത്തും. ഓരോ ചുവടുവയ്പ്പിലും നിങ്ങളെ വഴി നടത്തും.

**"കർത്താവ് നിങ്ങൾക്ക് കഷ്ടത്തിന്റെ അപ്പവും ഞെരുക്കത്തിന്റെ വെള്ളവും മാത്രം തന്നാലും ഇനി നിന്റെ ഉപദേഷ്ടാവ് മറഞ്ഞിരിക്കയില്ല; നിന്റെ കണ്ണ് നിന്റെ ഉപദേഷ്ടാവിനെ കണ്ടുകൊണ്ടിരിക്കും. നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ: വഴി ഇതാകുന്നു, ഇതിൽ നടന്നുകൊൾവിൻ എന്നൊരു വാക്ക് പിറകിൽനിന്നു കേൾക്കും."** **യെശയ്യാവ് 30 : 20, 21**

നമ്മെ നയിക്കാൻ ദൈവത്തിന്റെ ആത്മാവുണ്ട്. ഇടത്തോട്ടാണോ വലത്തോട്ടാണോ തിരിയേണ്ടത്? ഒരു ജംഗ്ഷനിൽ വന്നെത്തിയിരിക്കുകയാണ്. ഒരു നാലുവഴി കവലയിൽ ഞാൻ വന്നെത്തിയിരിക്കുന്നു. ഞാൻ ഏതു വഴിക്കാണ് പോകേണ്ടത്?

ജീവിതത്തിന്റെ നാല്ക്കവലകളിൽ നിൽക്കുമ്പോൾ, പ്രതിസന്ധികളിൽ നിൽക്കുമ്പോൾ, ഊരാക്കുരുക്കുകളിൽ പെട്ട് വലയുമ്പോൾ, എങ്ങനെ മുന്നോട്ടു പോകണമെന്നറിയാതെ അഴലുമ്പോൾ നിങ്ങൾക്ക് ക്രിസ്തുവിനെ നോക്കാം. ഗോഗുൽത്തായിൽ തിരുനിണം ഒഴുക്കിയവനെ നമുക്ക്

ശ്രദ്ധിക്കാം.

"പിതാവേ, ഇവർ ചെയ്യുന്നത് ഇന്നതെന്ന് ഇവർ അറിയായ്കയാൽ ഇവരോട് ക്ഷമിക്കണമേ" എന്നു പ്രാർത്ഥിച്ച കർത്താവായ യേശുവിനെ നമുക്ക് ധ്യാനിക്കാം. നിങ്ങളെ സ്നേഹിക്കുന്ന, നിങ്ങളെ ഓരോ ചുവടുവയ്പ്പിലും വഴിനടത്താൻ ആഗ്രഹിക്കുന്ന, നിങ്ങളുടെ ആത്യന്തിക നന്മയാഗ്രഹിക്കുന്ന ക്രിസ്തുവിനെ നിങ്ങൾക്ക് വിളിക്കാം. ഏതു സമയത്തു വിളിച്ചാലും വിളികേൾക്കുന്ന ഒരു ദൈവം!

'അപ്പാ' എന്നു വിളിക്കാൻ പദവി തന്ന ദൈവം! 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്നു വിളിക്കാൻ പദവി തന്ന ദൈവം! ഈ നല്ലവനായ ദൈവത്തെ നിങ്ങൾ വിളിക്കണം. ഏതു ഭൗതിക വിഷയങ്ങളാകട്ടെ, ഏത് ആത്മീയ പ്രശ്നങ്ങളാകട്ടെ നിങ്ങൾ ദൈവത്തെ വിളിക്കാൻ തുടങ്ങണം. ഓരോന്ന് എണ്ണിയെണ്ണി പറഞ്ഞുകൊണ്ട് ദൈവസന്നിധിയിൽ ഇരിക്കണം.

പ്രാർത്ഥനയ്ക്ക് വേറിട്ടിരിക്കണം. നിങ്ങൾ ഇത് വായിച്ചു പോയാൽ പോരാ, ജീവിതത്തിൽ അനുവർത്തിക്കണം. നിങ്ങൾ ദൈവസന്നിധിയിൽ ഇരിക്കുന്നവരാണോ? ദൈവത്തിന്റെ അരുളപ്പാടിനുവേണ്ടി കാത്തിരിക്കാറുണ്ടോ? ദൈവം എന്നെക്കുറിച്ച് എന്താണ് ആഗ്രഹിക്കുന്നത് എന്നറിയാൻ കാത്തിരിക്കാറുണ്ടോ?

എന്റെ ജീവിതത്തിൽ ഇനി എന്താണ് തിരുത്താനുള്ളത്? എന്റെ ജീവിതത്തിൽ ഇനി ശുദ്ധീകരണം വേണ്ടത് എവിടെയാണ്? എവിടെയാണ് എന്റെ ജീവിതത്തിൽ ഇനിയും തിന്മയുള്ളത്? എവിടെയാണ് ഇപ്പോഴും മാലിന്യം ബാക്കി നിൽക്കുന്നത്? എന്തെല്ലാം കാര്യങ്ങളാണ് ശരിയാക്കാനുള്ളത്? എന്റെ വഴികളെ ചൊവ്വാക്കാൻ എന്നെ അഭ്യസിപ്പിക്കണമേ. നിന്റെ വചനപ്രകാരം എന്നെ നടത്തണമേ.

**"ദൈവമേ, എന്നെ ശോധന ചെയ്ത് എന്റെ ഹൃദയത്തെ**

**അറിയേണമേ; എന്നെ പരീക്ഷിച്ച് എന്റെ നിനവുകളെ അറിയേണമേ. വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി, ശാശ്വത മാർഗ്ഗത്തിൽ എന്നെ നടത്തേണമേ.”**

**സങ്കീർത്തനങ്ങൾ 139 : 23, 24**

കർത്താവേ, നീ എന്നെ പരീക്ഷിക്കണം. ഞാൻ കാണുന്നതു പോലെയല്ല, മനുഷ്യർ കാണുന്നതുപോലെയുമല്ല, നീ എങ്ങനെയാണ് എന്നെ കാണുന്നത്? സ്വർഗ്ഗത്തിലെ ദൈവമേ, ഒരു ദിവസം ഞാൻ തിരുമുമ്പാകെ വന്നു നിൽക്കേണ്ടി വരുമല്ലോ. ന്യായാധിപതിയുടെ മുമ്പാകെ, ന്യായാധിപസഭയുടെ മുമ്പാകെ നിൽക്കേണ്ടിവരുമല്ലോ.

അന്ന് എനിക്കു വാക്കുമുട്ടി പോകാൻ ഇടവരരുത്. അന്ന് എല്ലാ നാവും അടയുമ്പോൾ ഞാനും നാവടഞ്ഞവനായി നിൽക്കാൻ ഇടവരരുത്. തിരുമുമ്പാകെ മുഖപ്രസന്നതയോടെ, മുഖശോഭയോടെ, പ്രാഗത്ഭ്യത്തോടെ വരുവാൻ ഇവിടെവച്ച് എനിക്ക് ഒരുക്കം തരണം. ഇവിടെയുള്ള മായയായ കാര്യങ്ങളിൽ ഹൃദയം ലയിച്ചും അതിൽ അലിഞ്ഞും എന്റെ ജീവിതം താറുമാറാക്കാനിടയാകരുത്.

ഈ ലോകത്തിന്റെ ഇമ്പങ്ങളിലേക്കും ആകർഷണത്തി ലേക്കും വെറിക്കൂത്തിലേക്കും പാപങ്ങളിലേക്കും ധനസമൃദ്ധി യിലേക്കും സൗകര്യങ്ങളിലേക്കും എന്റെ മനസ്സ് പായാൻ പാടില്ല. എന്റെ മനസ്സ് നിത്യതക്കുവേണ്ടി ഒരുങ്ങാനുള്ളതാണ്. അനേകരെ ഒരുക്കാനുള്ള കൃപ എനിക്കു തരണമേ എന്നു നിങ്ങൾ പ്രാർത്ഥിക്കണം.

അങ്ങനെ പ്രാർത്ഥിക്കുമ്പോൾ ദൈവാത്മാവ് നിങ്ങളെ നടത്താൻ തുടങ്ങും. വളരെ കൃത്യമായി നടത്തും.

**“ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും.”** **ലൂക്കോസ് 11 : 13**

നിങ്ങളെത്തന്നെ ശുദ്ധീകരിച്ച് പരിശുദ്ധാത്മാവിനുവേണ്ടി പ്രാർത്ഥിക്കണം. Waiting for God! ദൈവത്തിനുവേണ്ടി കാത്തിരിക്കണം. ശുദ്ധീകരണത്തിനുവേണ്ടി കാത്തിരിക്കണം. ദൈവത്തിന്റെ അരുളപ്പാട് കിട്ടുവാൻവേണ്ടി കാത്തിരിക്കണം.

ദൈവത്തിന്റെ നടത്തിപ്പു കിട്ടുവാൻവേണ്ടി കാത്തിരിക്കണം. നോഹ ദൈവത്തിന്റെ സമയത്തിനുവേണ്ടി കാത്തിരുന്നു. നോഹ നിഷ്ക്രിയനായിരിക്കാതെ ചെയ്യേണ്ടതെല്ലാം ചെയ്തു.

**"പത്താം മാസം വരെ വെള്ളം ഇടവിടാതെ കുറഞ്ഞു; പത്താം മാസം ഒന്നാം തീയതി പർവ്വതശിഖരങ്ങൾ കാണായി. നാല്പതു ദിവസം കഴിഞ്ഞശേഷം നോഹ, താൻ പെട്ടകത്തിന് ഉണ്ടാക്കിയിരുന്ന കിളിവാതിൽ തുറന്നു. അവൻ ഒരു മലങ്കാക്കയെ പുറത്തുവിട്ടു; അത് പുറപ്പെട്ടു ഭൂമിയിൽ വെള്ളം വറ്റിപ്പോയതുവരെ പോയും വന്നും കൊണ്ടിരുന്നു. ഭൂമിയിൽ വെള്ളം കുറഞ്ഞുവോ എന്ന് അറിയേണ്ടതിന് അവൻ ഒരു പ്രാവിനെയും തന്റെ അടുക്കൽനിന്ന് പുറത്തു വിട്ടു. എന്നാൽ സർവ്വ ഭൂമിയിലും വെള്ളം കിടക്കകൊണ്ട് പ്രാവ് കാൽവെപ്പാൻ സ്ഥലം കാണാതെ അവന്റെ അടുക്കൽ പെട്ടകത്തിലേക്ക് മടങ്ങിവന്നു; അവൻ കൈനീട്ടി അതിനെ പിടിച്ചു തന്റെ അടുക്കൽ പെട്ടകത്തിലാക്കി. ഏഴു ദിവസം കഴിഞ്ഞിട്ട് അവൻ വീണ്ടും ആ പ്രാവിനെ പെട്ടകത്തിൽ നിന്നു പുറത്തുവിട്ടു. പ്രാവ് വൈകുന്നേരത്ത് അവന്റെ അടുക്കൽ വന്നു; അതിന്റെ വായിൽ അതാ, ഒരു പച്ച ഒലിവില; അതിനാൽ ഭൂമിയിൽ വെള്ളം കുറഞ്ഞു എന്ന് നോഹ അറിഞ്ഞു. പിന്നെയും ഏഴു ദിവസം കഴിഞ്ഞിട്ട് അവൻ ആ പ്രാവിനെ പുറത്തുവിട്ടു; അത് പിന്നെ അവന്റെ അടുക്കൽ മടങ്ങിവന്നില്ല." ഉല്പത്തി 8 : 5 – 12**

പെട്ടകത്തിൽ മൂന്നു തട്ടുള്ളതിൽ, മുകളിലത്തെ തട്ടിൽ ഒരു കിളിവാതിൽ ഉണ്ടാക്കിയിരുന്നു. ആ കിളിവാതിൽ നോഹ തുറന്നു, ഒരു മലങ്കാക്കയെ പുറത്തു വിട്ടു. മലങ്കാക്ക ഭൂമിയിൽ വെള്ളം വറ്റിപ്പോയതുവരെ പോയും വന്നും കൊണ്ടിരുന്നു.

മലങ്കാക്ക ഒരു അശുദ്ധജീവിയാണ്. വെള്ളം വറ്റിയിട്ടില്ലാത്ത ഭൂമിയിൽ അവിടവിടെ ചേറും ചെളിയുമുണ്ട്.

മലങ്കാക്കയെ വിട്ടിട്ട് കാര്യം മനസ്സിലാകുന്നില്ല. അതിന്റെ കാലിൽ ചെളിയുണ്ട്. ചെളിയിൽ ചവിട്ടാൻ അതിന് മടിയില്ല. അതുകൊണ്ട് കൃത്യമായി ഒന്നും മനസ്സിലാകുന്നുമില്ല. നോഹ അതിനുശേഷം ഒരു പ്രാവിനെ പറത്തിവിട്ടു.

പ്രാവ് എങ്ങും ചെളിയിൽ തൊട്ടില്ല. പ്രാവ് കാൽവയ്പ്പാൻ സ്ഥലം കിട്ടാത്തതുകൊണ്ട് പെട്ടകത്തിലേക്ക് മടങ്ങിവന്നു. വെള്ളം വറ്റിയോ എന്നറിയാൻ ഏഴു ദിവസം കഴിഞ്ഞ് വീണ്ടും ആ പ്രാവിനെ പുറത്തുവിട്ടു. വൈകുന്നേരത്ത് പ്രാവ് മടങ്ങി വന്നപ്പോൾ അതിന്റെ കൊക്കിൽ ഒരു പച്ച ഒലിവില. ഒലിവു മരത്തിന്റെ തലപ്പ് കാണാറായി. വെള്ളം കുറഞ്ഞു കൊണ്ടിരിക്കുന്നു. ആശ നിറവേറി വരുന്നു.

വീണ്ടും ആ പ്രാവിനെ പറത്തിവിട്ടു. പ്രാവ് മടങ്ങി വന്നില്ല. പ്രാവിന് ഇരിക്കാൻ സ്ഥലം കിട്ടി. എന്താണിതിന്റെ അർത്ഥം? പ്രാവ് വിശുദ്ധജീവിയാണ്. അത് അഴുക്കിൽ ഇരിക്കയില്ല. പ്രാവ് തിന്മയിൽ ഇരിക്കയില്ല. മലങ്കാക്ക വന്നും പോയും ഇരുന്നു. എന്നാൽ പ്രാവ് അതിന് ഇരിക്കാൻ ഇടം കിട്ടുന്നതുവരെയും മടങ്ങിവന്നു.

ഇന്നും ഈ സ്വർഗ്ഗീയപെട്ടകത്തിൽനിന്ന് പ്രാവ് പറന്നു വരുന്നുണ്ട്. ഇരിക്കാനിടമുണ്ടോ? പ്രാവ് തിരികെ പോകേണ്ടി വരുന്നുണ്ടോ? അശുദ്ധിയുള്ളേടത്ത് പ്രാവ് ഇരിക്കയില്ല. ന്യായവിധിയുടെ പ്രളയം പൊങ്ങിനിൽക്കുന്നു. ശിക്ഷാവിധിയുടെ പ്രളയം പൊങ്ങിനിൽക്കുന്നു.

അനേകജീവിതത്തിലും ശിക്ഷാവിധിയുടെ പ്രളയം പൊങ്ങിനിൽക്കുന്നു. നിന്റെ ജീവിതത്തിൽ പ്രാവിന് ഇരിക്കാനിടമുണ്ടോ? പ്രാവിന് ഇരിക്കാനിടം കിട്ടിയിട്ടില്ല. പ്രാവ് തിരികെ പറന്നുചെല്ലുകയാണ്. പക്ഷേ സ്വർഗ്ഗത്തിലെ ദൈവം കാരുണ്യവാനാണ്. ഇനിയും അവസരം തരികയാണ്.

വീണ്ടും പറത്തിവിട്ടപ്പോൾ പ്രാവിന് ഒരു പച്ച ഒലിവില കിട്ടി. വെള്ളം കുറഞ്ഞു വരുന്നു. അത് നല്ല ലക്ഷണമാണ്. ആശയ്ക്ക് വകയുണ്ട്. ഇന്ന് ഇതു വായിക്കുമ്പോൾ നിങ്ങളിൽ നിന്ന് നിത്യപിതാവിന്റെ അരികിലേക്ക് പരിശുദ്ധാത്മാവാകുന്ന പ്രാവ് തിരികെ ചെല്ലുമ്പോൾ ഒലിവില കൊണ്ടുചെല്ലുമോ? ഈ മകന് മാറ്റം വന്നുതുടങ്ങി. ഈ മകളുടെ സ്വഭാവത്തിൽ മാറ്റം വന്നു തുടങ്ങി.

അവളുടെ തെറ്റുകൾ കണ്ടുപിടിച്ചുതുടങ്ങി. അവളുടെ തെറ്റുകളോർത്ത് അവൾക്ക് പാപബോധം വരുന്നുണ്ട്. അവളുടെ നാവിൽക്കൂടി വന്ന വാക്കുകളെയോർത്ത് അവൾ പശ്ചാത്തപിക്കുന്നുണ്ട്. അവളുടെ മനോഭാവത്തിലുള്ള അവിശ്വാസത്തെയോർത്ത് അവൾ പശ്ചാത്തപിക്കുന്നുണ്ട്. അവളുടെ വാക്കുകളിൽ വന്ന ഹീനമായ പ്രയോഗങ്ങളെ യോർത്ത് അവൾക്ക് പശ്ചാത്താപം വരുന്നുണ്ട്.

അവന്റെ പെരുമാറ്റത്തിലെ ദൂഷ്യവും കോപവും വാശിയും വഴക്കും പിണക്കവും വൈരാഗ്യവുമെല്ലാമോർത്ത് അവൻ അനുതപിക്കുന്നുണ്ട്. ആശയ്ക്കു വകയുണ്ട്. പ്രാവിനിരിക്കാൻ അധികം താമസിക്കാതെ ഇടം കിട്ടും. ഈ ജീവനുള്ള പ്രാവ് ഇന്നു പറന്നു വരുമ്പോൾ പച്ച ഒലിവില കൊടുക്കാൻ നിങ്ങൾക്കു സാധിക്കുമോ? പ്രതീക്ഷ കൊടുത്തു വിടാൻ പറ്റുമോ?

എന്റെ കർത്താവേ, ഇനി താമസിക്കുകയില്ല. നിനക്കിരിക്കാൻ ഞാൻ സ്ഥലം തരിക തന്നെ ചെയ്യും. ഇത്രയും കാലം എന്റെ ജീവിതം മലിനമായിരുന്നു. എന്റെ ജീവിതം അശുദ്ധമായിരുന്നു. എന്റെ ജീവിതം ലോകത്തിനുവേണ്ടിയുള്ളതും തിന്മപ്പെട്ടതു മായിരുന്നു.

ഇപ്പോൾ തന്നെ ഞാൻ നിന്നോട് വാക്കുപറയുകയാണ്. പച്ച ഒലിവിലയുമായി പ്രാവ് പറന്നുപോകത്തക്കവണ്ണം എന്റെ ജീവിതത്തിൽ പുതിയ തീരുമാനങ്ങൾ ഞാൻ എടുക്കുന്നു. ഈ തീരുമാനങ്ങൾ ഞാൻ മേലിൽ പാലിച്ചുകൊള്ളാം. വരും

ദിവസങ്ങളിൽ ഈ തീരുമാനം പാലിക്കുന്നത് ഞാൻ തെളിയിക്കും. എന്റെ ജീവിതംകൊണ്ട് ഞാൻ തെളിയിക്കും. എന്റെ സംസാരംകൊണ്ടും എന്റെ പ്രവർത്തനപദ്ധതികൾ കൊണ്ടും ഞാൻ ആളു മാറി എന്ന് തെളിയിക്കും.

സ്വഭാവം മാറിയെന്നു നിങ്ങൾ തെളിയിക്കണം. വീട്ടിലെ പെരുമാറ്റംകൊണ്ട്, ജോലിസ്ഥലത്തെ പെരുമാറ്റംകൊണ്ട്, ജോലിയിലെ വിശ്വസ്തതയും കാര്യക്ഷമതയും ആത്മാർത്ഥതയും ഉത്തരവാദിത്വബോധവും സത്യസന്ധതയും കൊണ്ട് നിങ്ങൾ തെളിയിക്കണം.

പ്രാവിനിരിക്കാൻ ഇടം കിട്ടുന്നതുവരെയും നോഹ കാത്തിരിക്കുകയാണ്. സ്വർഗ്ഗീയപ്രാവിന് നിങ്ങളിൽ ഇടം കിട്ടുന്നതുവരെയും ഇനി നിങ്ങൾ വിശ്രമിക്കരുത്. അത് കിട്ടാതെ അടങ്ങരുത്. സ്വർഗ്ഗീയപ്രാവിന് നിങ്ങളുടെ ഹൃദയത്തിൽ ഇടംകൊടുക്കുക. ഇനി എന്റെ ജീവിതത്തിൽ ഈ വാക്കുകളിൽ നിന്നു പുറകോട്ടു മാറുകയില്ല.

നിങ്ങൾ ധാരാളം വചനം കേട്ടവരാണ്. അതിന്റെ മടുപ്പോ ചെടിപ്പോ നിങ്ങൾക്കുണ്ടാകാം. Familiarity breeds contempt. ധാരാളം വചനം കേട്ടവരായതുകൊണ്ട് വചനത്തെ നിങ്ങൾക്കു വിലയില്ല. വചനത്തെ മാനമില്ല. വചനത്തിന്റെ സാരസ്യം നിങ്ങൾ അനുഭവിക്കുന്നില്ല.

ജീവനുള്ള ദൈവത്തോട് നിങ്ങൾ വ്യക്തമായി പറയണം. ഈ പ്രാവിനിരിക്കാൻ എന്റെ ജീവിതത്തിൽ ഇടം നൽകും. ഈ പ്രാവ് പറന്നു തിരികെ പോകാതെ എന്നിൽ സ്ഥിരമായി വസിക്കാൻ ഞാൻ ഇടംകൊടുക്കും. ഞാൻ ഇനി എഴുന്നേൽക്കുകയും വീഴുകയുമല്ല, ഞാൻ എഴുന്നേറ്റു നിൽക്കുക തന്നെ ചെയ്യും. വീഴാൻ ഇടം കൊടുക്കുകയില്ല. ഇനി ഞാൻ സ്ഥിരമായി ഓടും.

ഇനി മുന്നോട്ട് ഞാൻ ഒരു വിശ്വാസിയായി നിൽക്കും. വിശുദ്ധിയോടെ നിൽക്കും. സത്യസന്ധതയോടെ നിൽക്കും.

യേശുവേ, ഞാൻ ഇതാ എന്റെ ആളത്വം നിനക്ക് തരുന്നു. എന്റെ ദേഹവും ദേഹിയും ആത്മാവും നിനക്കു തരുന്നു. കാത്തിരിക്കുക. ഇടം കിട്ടുന്നതുവരെയും കാത്തിരിക്കുക.

ദാവീദ്, ഗോല്യാത്തിനെ കൊന്നവനാണ്. അടുത്ത രാജാവ് ദാവീദാണ് എന്ന് ശമൂവേൽ പ്രവാചകൻ പറയുന്നതും ദാവീദിനെ അഭിഷേകം ചെയ്യുന്നതും 1 ശമൂവേൽ 16-ാം അദ്ധ്യായത്തിലാണ്. 17-ാം അദ്ധ്യായത്തിലേക്ക് വരുമ്പോഴാണ് ദാവീദ്, ഗോല്യാത്തിനെ കൊല്ലുന്നതും, ഗോല്യാത്തിന്റെ തല ഉയർത്തിപ്പിടിച്ചുകൊണ്ട് ജയാളിയായി വരുന്നതും. ശൗൽ രാജാവിന് ശേഷം രാജാവാകാനുള്ള ദാവീദ്, അതിനുള്ള എല്ലാ ലക്ഷണവും കാണിച്ചുകൊണ്ട് ജയത്തോടെ വിജയഭേരി മുഴക്കിക്കൊണ്ട് വരികയാണ്.

ജനം ആർപ്പുവിളിക്കുന്നുണ്ടെങ്കിലും ദാവീദിന് ഒരു തിടുക്കവുമില്ല. രാജാവാകാൻ തലയിൽ അഭിഷേകതൈലം വീണിട്ടുണ്ട്. എന്നാൽ ദാവീദ് തിടുക്കം കാണിക്കുന്നില്ല. ഇത്രയും ജയം കിട്ടിയതല്ലേ, ഇനി ഞാൻ പെട്ടെന്ന് വേഷമൊക്കെ മാറി, കൊട്ടാരത്തിലേക്കു ചെന്ന്, "ഞാനാണ് രാജാവ്" എന്നു പറഞ്ഞ് കേറിയിരുന്നാൽ പോരേ? "ഞാൻ അഭിഷേകം കിട്ടിയവനാണ്, കഴിഞ്ഞ ദിവസം ഞാൻ ഗോല്യാത്തിനെ കൊന്നതു കണ്ടില്ലേ? നിങ്ങളെല്ലാം ആർപ്പു വിളിക്കൂ" എന്നു വേണമെങ്കിൽ പറയാം. പറഞ്ഞില്ല; ദൈവത്തിന്റെ സമയത്തിനു വേണ്ടി കാത്തിരുന്നു.

പിന്നീടാണ് എതിർപ്പുകൾ! ശൗൽ രാജാവുമായി എന്തൊരു പോരാട്ടം! എന്നാൽ ദാവീദ് അവിടെയൊന്നും മടുത്തില്ല. ദൈവം എന്നെ അഭിഷേകം ചെയ്തതാണെങ്കിൽ അവന്റെ സമയത്ത് എന്നെ അവിടെയാക്കിക്കൊള്ളും. ഞാനായിട്ട് പൊങ്ങണ്ട. ഞാൻ എന്നെ പൊക്കിയാൽ ഞാൻ പൊങ്ങുകയില്ല. ഉടയതമ്പുരാൻ പൊക്കിയാൽ ആരു താഴ്ത്തിയാലും താഴുകയില്ല. ഞാൻ കാത്തിരിക്കും. അവന് സമയം തെറ്റുകയില്ല.

ദാവീദ് കാത്തിരിക്കുകയാണ്. ബദ്ധപ്പെടുന്നില്ല. ശൗൽ കൊല്ലാൻ വരുമ്പോഴും ദാവീദിന് ഒരു പതർച്ചയുമില്ല. എന്റെ ദൈവം എന്നെ കണ്ടതാണെങ്കിൽ എന്റെ ആയുസ്സ് വേണ്ട സമയത്ത് അവൻ എടുത്തുകൊള്ളും. അതുവരെ എന്നെ ഉപയോഗിച്ചുകൊള്ളും. ആരെല്ലാം എന്റെ നേരെ കുന്തം എറിഞ്ഞാലും, സ്വർഗ്ഗത്തിലെ ദൈവത്തിന്റെ കരങ്ങളിൽ നിന്നാണ് അഭിഷേകതൈലം എന്റെമേൽ വീണതെങ്കിൽ അവന്റ സമയത്ത് അവൻ അത് നിവർത്തിക്കതന്നെ ചെയ്യും.

"തന്നത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും. തന്നത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും." തന്നത്താൻ ഉയർത്തുന്നവനെ ദൈവം താഴ്ത്തും. തന്നത്താൻ താഴ്ത്തുന്നവനെ ദൈവം ഉയർത്തും. നാം ധൃതിപിടിക്കരുത്. ദൈവത്തിന്റെ സമയ ത്തിനുവേണ്ടി കാത്തിരിക്കുക.

ഇത് വായിക്കുമ്പോൾ നിങ്ങൾക്ക് എന്താണ് ദൈവത്തോട് തീരുമാനം പറയാനുള്ളത്? കർത്താവേ, ഞാൻ സ്വന്തം നിലയിൽ ബദ്ധപ്പാടു കാണിച്ചിട്ടുണ്ട്. നിന്റെ സമയം എന്ത് എന്ന് ഞാൻ കാത്തിരുന്നിട്ടില്ല. എന്നെ ഞാൻ എളിമപ്പെടുത്തി യിട്ടില്ല. ഞാൻ താണിട്ടില്ല. എന്റെ സ്വയം പൊങ്ങി നിന്നിരുന്നു. എന്റെ അഹം പൊങ്ങി നിന്നിരുന്നു. അതുകൊണ്ടാണ് ഞാൻ പരാജയപ്പെട്ടത്.

കർത്താവേ, എന്റെ സ്വയത്തെ ഞാൻ താഴെ വയ്ക്കുന്നു. എന്റെ ശരികളെ ഞാൻ താഴെ വയ്ക്കുന്നു. എന്റെ ആത്മീയത്തെയും ശുശ്രൂഷയെയും ഞാൻ താഴെ വയ്ക്കുന്നു. എന്റെ നന്മകളെ ഞാൻ താഴെ വയ്ക്കുന്നു. എന്റെ നേട്ടങ്ങളെയും, എനിക്ക് അഭിമാനമായി തോന്നിയതിനെയും ഞാൻ താഴെ വയ്ക്കുന്നു. സകലവും താഴെ വച്ചിട്ട് ഞാൻ ഇതാ, എളിമപ്പെടുന്നു. കുരിശിലെ മരണത്തോളം തന്നെത്തന്നെ താഴ്ത്തിയ രക്ഷകന്റെ പാത പിന്തുടർന്നുകൊണ്ട് ഞാൻ ഇതാ, എന്നെത്തന്നെ താഴ്ത്തുന്നു.

താഴ്മ ശീലിച്ചവനായി ക്രൂശുംപേറി നടന്നുപോയവന്റെ പിറകെ പോകുവാൻ ഞാൻ ഇതാ, എന്നെത്തന്നെ താഴ്ത്തുന്നു. ഞാനും വരുന്നു. നീ പോയ കാൽച്ചുവടുകളിൽ കൂടെ വരുവാൻ എന്നെത്തന്നെ താഴ്ത്തുന്നു. എന്നെ കൈക്കൊള്ളണമേ. എന്റെമേൽ നിന്റെ കരം വയ്ക്കണമേ. എന്നെ സ്വീകരിക്കണമേ. നിന്റെ ആണിപ്പാടുള്ള കരം എന്റെമേൽ വച്ച് എന്നെ താഴ്മ അഭ്യസിപ്പിക്കണമേ. താഴുവാൻ എനിക്കു ഭാഗ്യം തരണമേ. എന്നെത്തന്നെ നിന്റെ കരങ്ങളിലേക്കു തരുന്നു.

മഹാപരിശുദ്ധനായ സ്വർഗ്ഗീയപിതാവേ, അവിടുത്തെ കൃപയുടെ വചനങ്ങൾക്കായി സ്തോത്രം. കാത്തിരുന്നു ബലം പ്രാപിക്കുവാൻ ഞങ്ങൾക്കു ഭാഗ്യം തരുന്നതിനായി സ്തോത്രം. എല്ലാവരേയും വാഴ്ത്തണമേ. അനുഗ്രഹിക്കണമേ. രണ്ടാമത്തെ വരവിന്നായി എല്ലാവരേയും ഒരുക്കണമേ. രോഗികളെ സൗഖ്യമാക്കണമേ. മനോഭീതിയിലിരിക്കുന്നവർക്ക് ശാന്തിയും ധൈര്യവും നൽകണമേ. പ്രത്യാശ നൽകണമേ. എല്ലാ നന്മകളാലും നിറയ്ക്കണമേ. യേശുക്രിസ്തുവിന്റെ നാമത്തിൽ തന്നേ, ആമ്മേൻ.

## നാല്

**“നോഹ യഹോവയ്ക്ക് ഒരു യാഗപീഠം പണിതു, ശുദ്ധിയുള്ള സകല മൃഗങ്ങളിലും ശുദ്ധിയുള്ള എല്ലാ പറവകളിലും ചിലത് എടുത്തു യാഗപീഠത്തിന്മേൽ ഹോമയാഗം അർപ്പിച്ചു. യഹോവ സൗരഭ്യവാസന മണത്തപ്പോൾ യഹോവ തന്റെ ഹൃദയത്തിൽ അരുളിച്ചെയ്തത്: ഞാൻ മനുഷ്യന്റെ നിമിത്തം ഇനി ഭൂമിയെ ശപിക്കയില്ല. മനുഷ്യന്റെ മനോനിരൂപണം ബാല്യംമുതൽ ദോഷമുള്ളത് ആകുന്നു; ഞാൻ ചെയ്തതുപോലെ സകലജീവികളെയും ഇനി നശിപ്പിക്കയില്ല. ഭൂമിയുള്ള കാലത്തോളം വിതയും കൊയ്ത്തും, ശീതവും ഉഷ്ണവും, വേനലും വർഷവും, രാവും പകലും നിന്നുപോകയുമില്ല.”**

**ഉല്പത്തി 8 : 20 – 22**

നോഹ ദൈവത്തെ ആരാധിച്ചു. He had the faith to worship God.

നോഹ സുഗന്ധവാസനയുള്ള സുഗന്ധയാഗപീഠം ഒരുക്കുകയും യാഗം കഴിക്കുകയും ചെയ്തു. ദൈവം യാഗം കൈക്കൊണ്ടു. നോഹയുടെ സമർപ്പണത്തെ ദൈവം അംഗീകരിച്ചു. നോഹയുടെ ആരാധന ദൈവം കൈക്കൊണ്ടു.

ദൈവം, സർവ്വജനത്തിനും വ്യക്തമായ അനുഗ്രഹത്തിന്റെ വാഗ്ദത്തം നൽകി. നോഹയുടെ വിശ്വാസംമൂലം, നോഹയുടെ സമർപ്പണം മൂലം, നോഹയുടെ ആരാധനമൂലം, നോഹയുടെ ആരാധന ദൈവം കൈക്കൊള്ളത്തക്കവണ്ണം ദൈവത്തിനു പ്രസാദകരമായിരുന്നതുമൂലം സകല ജനങ്ങൾക്കും അനുഗ്ര

ഹത്തിന്റെ വാഗ്ദത്തം ലഭിച്ചു.

നോഹ ദൈവത്തെ ആരാധിച്ചു. ആരാധന!

**"യാഗം കഴിച്ച് എന്നോട് നിയമം ചെയ്തവരായ എന്റെ വിശുദ്ധന്മാരെ എന്റെ അടുക്കൽ കൂട്ടുവിൻ."**

**സങ്കീർത്തനങ്ങൾ 50 : 5**

ദൈവത്തിന്റെ വിശുദ്ധന്മാർ യാഗം കഴിച്ചവരാണ്. എന്താണീ യാഗം? ഇത് വ്യക്തമായി ഗ്രഹിക്കണമെങ്കിൽ പുതിയനിയമത്തിലേക്കു വരണം. റോമർക്കെഴുതിയ ലേഖനം 12-ാം അദ്ധ്യായത്തിലേക്കു വരുമ്പോൾ കാണാം, എന്താണ് യാഗം? യാഗം കഴിക്കുക എന്നു പറഞ്ഞാലെന്താണ്? അതിന്റെ വ്യക്തമായ ദൃഷ്ടാന്തം എന്താണ്?

**"സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നത്: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിന്ന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ."**

**റോമർ 12 : 1, 2**

റോമിലെ വിശ്വാസികൾക്ക് അപ്പൊസ്തലനായ പൗലോസ് ഒരു പ്രബോധനം കൊടുക്കുകയാണ്. നിങ്ങളുടെ ആരാധന ബുദ്ധിയുള്ളതായിരിക്കണം. നിങ്ങളുടെ ശരീരങ്ങളെ ജീവനുള്ള യാഗമായി സമർപ്പിപ്പിൻ. നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധിയുള്ള യാഗമായി സമർപ്പിപ്പിൻ. നിങ്ങളുടെ ശരീരങ്ങളെ ദൈവത്തിന് പ്രസാദമുള്ള യാഗമായി സമർപ്പിപ്പിൻ.

ഒരു കാരണവശാലും നിങ്ങൾ ലോകത്തോട് ഇഴുകിച്ചേർന്ന് പോകരുത്. ലോകത്തോട് ലയിച്ചു പോകരുത്. നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്

മനസ്സുപുതുക്കി രൂപാന്തരപ്പെടുവിൻ.

ഡോക്ടർ നോർമെൻ വിൻസെന്റ് പീൽ, (Dr. Norman Vincent Peale) എഴുതിയ അതിമനോഹരമായ പുസ്തകമാണ് 'ദി പവർ ഓഫ് പോസിറ്റീവ് തിങ്കിംങ്' (The power of positive thinking). ഇംഗ്ളീഷ് അറിയാവുന്നവർ വായിച്ചിരിക്കേണ്ട പുസ്തകമാണ്. അതിൽ ഒരു സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്.

ഒരു മനുഷ്യൻ വളരെ ദു:ഖിതനും തീരെ അവശനുമായി ഡോക്ടർ നോർമെൻ വിൻസെന്റ് പീലിനെ കണ്ടു, പറഞ്ഞു: "ഡോക്ടറേ, എനിക്ക് ഒരു സുഖവുമില്ല, സ്വസ്ഥതയില്ല, സമാധാനമില്ല. എന്തെല്ലാമോ പ്രയാസങ്ങൾ. പ്രത്യേകിച്ച് ഒന്നും എനിക്ക് എടുത്തു പറയാനും വയ്യ. ഒരിക്കലുള്ള രോഗമല്ല മറ്റൊരിക്കൽ. ചില ഭീതികൾ എന്നെ വല്ലാതെ ഭയപ്പെടുത്തുന്നു. എനിക്ക് ഉറക്കമില്ല. ഡോക്ടർ എന്നെ നോക്കണം."

ഡോക്ടർ നോക്കി: സ്നേഹിതാ, പേടിക്കാനൊന്നുമില്ല. ഗൗരവമുള്ള ഒരു രോഗവുമല്ല, നിങ്ങൾ ഉള്ളുതുറന്ന് ഒന്നു ചിരിച്ചാൽ മതി. ആ മനുഷ്യൻ പറഞ്ഞു: ഡോക്ടറേ, എനിക്കു സന്തോഷമില്ല, പിന്നെയെങ്ങനെയാണ് ചിരിക്കുക? ഡോക്ടർ ആ മനുഷ്യനെ ആശ്വസിപ്പിച്ചു പറഞ്ഞു: "ഇപ്പോൾ കാലിഫോർണിയയിൽ ഒരു വലിയ സർക്കസ്സ് നടക്കുന്നുണ്ട്. അതിൽ ഒരു വലിയ തമാശക്കാരനുണ്ട്. അയാളുടെ തമാശകൾ കണ്ടാൽ ആരും പൊട്ടിച്ചിരിച്ചുപോകും. എത്ര ഗൗരവത്തോടെ ഇരിക്കുന്നവനെയും ചിരിപ്പിക്കും. അത്ര രസികനാണ്. അവിടെയൊന്നു പോകൂ."

ഡോക്ടർ നോക്കുമ്പോൾ ഈ മനുഷ്യന്റെ കണ്ണിൽനിന്ന് കണ്ണുനീർ വരുന്നു. എന്താണ് പ്രയാസം? തുറന്നു പറയൂ. ആ മനുഷ്യൻ പറഞ്ഞു: "അത് ഞാനാണ്. ആളുകളെ ഞാൻ പൊട്ടിപ്പൊട്ടി ചിരിപ്പിക്കും. അനേകരെ ചിരിപ്പിക്കാൻ എനിക്കു കഴിയും. എങ്കിലും എനിക്കു ചിരിയില്ല. ഞാൻ സ്വന്തമായി

ഇരിക്കുമ്പോൾ എനിക്ക് സന്തോഷമില്ല. ഡോക്ടർ എന്നെ പരിശോധിച്ചിട്ട് എനിക്ക് ചികിത്സ തരൂ."

ഡോക്ടർ പറഞ്ഞു: "ഞാൻ ഒരു prescription – കുറുപ്പടി – തരാം. ആ ഒരൊറ്റ മരുന്നുകൊണ്ട് നിങ്ങളുടെ സകലരോഗങ്ങളും മാറും. ചെറിയ മരുന്നാണ്." ഡോക്ടർ മരുന്ന് കുറിച്ചുകൊടുത്തു.

ഈ രോഗി വളരെ താല്പര്യത്തോടെ മരുന്നുകടയിൽ ചെന്നു, കുറിപ്പ് കാണിച്ചു. കുറിപ്പ് നോക്കിയിട്ട് മരുന്ന് എടുത്തു കൊടുക്കുന്നയാൾക്ക് ഏതു മരുന്നാണ് എന്ന് മനസ്സിലാ കാത്തതുപോലെ. "ഈ കടയിൽ ഈ മരുന്നില്ല. ഈ മരുന്ന് ഞാൻ കണ്ടിട്ടും കേട്ടിട്ടുമില്ല. നിങ്ങൾ വേറെ ഏതെങ്കിലും കടയിൽ പോയി നോക്കൂ".

അടുത്ത കടയിൽ പോയി, അവിടെയും ഇല്ല. പലയിടത്തും പോയി, എങ്ങും കിട്ടിയില്ല. അവർ പറഞ്ഞു: സിറ്റിയിൽ എല്ലാ മരുന്നും കിട്ടുന്ന വലിയ മരുന്നു കടയുണ്ട്, അവിടെ ചെല്ലൂ. അവിടെ കിട്ടും. ഈ രോഗി അവിടെ ചെന്നു. മരുന്ന് എടുത്തുകൊടുക്കുന്നയാൾക്ക് അത് മനസ്സിലാകാത്തതുകൊണ്ട് അദ്ദേഹം ആ കുറിപ്പ് മാനേജരുടെ കൈയിൽ കൊണ്ടുപോയി കൊടുത്തു.

മാനേജർ അതു നോക്കി പുഞ്ചിരിച്ചു. രോഗിയോട് ഇരിക്കാൻ പറഞ്ഞിട്ട്, അദ്ദേഹം പറഞ്ഞു: "ഡോക്ടർ നിങ്ങൾക്ക് എഴുതിയിരിക്കുന്ന മരുന്ന് സാധാരണ മരുന്നല്ല, വളരെ വിശേഷപ്പെട്ട മരുന്നാണ്. ഡോക്ടറുടെ ചികിത്സ വളരെ ഫലവത്തായ ചികിത്സയാണ്." രോഗി പറഞ്ഞു: "ശരിയാണ്, ഡോക്ടർ പറഞ്ഞു: ഈ ഒരു മരുന്നുകൊണ്ട് എന്റെ അസുഖമെല്ലാം മാറുമെന്ന്."

മാനേജർ അദ്ദേഹത്തിന്റെ മേശവലിപ്പിൽനിന്ന് വേദ പുസ്തകമെടുത്തു. നിങ്ങൾക്ക് ഡോക്ടർ എഴുതിയിരിക്കുന്നത്. റോമർ 12 : 2 എന്നാണ്. നിങ്ങൾക്കുള്ള ചികിത്സയതാണ്.

**"ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും**

**പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്ന് മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ.”**

**റോമർ 12 : 2**

മനസ്സ് പുതുക്കി രൂപാന്തരപ്പെട്ടാൽ മതി, നിങ്ങളുടെ സകല രോഗങ്ങളും മാറും. ആന്തരിക പരിവർത്തനം വരുമ്പോൾ നിങ്ങളുടെ പ്രശ്നങ്ങൾ മാറും. നിങ്ങൾ ഈ ലോകത്തിന്ന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന് മനസ്സുപുതുക്കി രൂപാന്തരപ്പെടുമ്പോൾ നിങ്ങളുടെ രോഗങ്ങൾ മാറും.

സാക്ഷാത്തായ യാഗം അതാണ്. യാഗം എന്നു പറയുമ്പോൾ ഏതെങ്കിലും മൃഗത്തെയോ ആട്ടിൻകുട്ടിയെയോ ബലികഴിക്കുന്നത്, അല്ലെങ്കിൽ ഒരു പ്രാവിനെ ബലികഴിക്കുന്നത്, കോഴിയെ വെട്ടുന്നത്, ഇങ്ങനെയുള്ളതൊന്നുമല്ല. മാനസാന്തര പ്പെടുന്നതാണ് യാഗം. മനസ്സു പുതുക്കി രൂപാന്തരപ്പെടുക എന്നു പറഞ്ഞാലെന്താണ്? യാഗം എന്നു പറഞ്ഞാലെന്താണ്?

ബുദ്ധിയുള്ള ആരാധന എന്താണ്? നിങ്ങളുടെ ശരീരങ്ങളെ യാഗമായി സമർപ്പിക്കണം. നിങ്ങളുടെ ജഡം, നിങ്ങളുടെ പഴയ മനുഷ്യൻ പാപം നിറഞ്ഞതാണ്. ഈ ശരീരത്തിന് അതിന്റേതായ ദാഹങ്ങളുണ്ട്. ശരീരത്തിന്റെ ദാഹങ്ങളിൽ പാപം കുടികൊള്ളുന്നുണ്ട്.

ഏതു മനുഷ്യനും ശരീരമുണ്ട്. ശരീരമുള്ള ഏത് മനുഷ്യനും പാപമുണ്ട്. പാപമയമാണ് മനുഷ്യപ്രകൃതി. ശരീരത്തിലെ രക്തത്തിൽ പാപഘടനയുണ്ട്. അത് പൂർവ്വികമായി ലഭിച്ചു വരുന്ന പാപപ്രകൃതിയാണ്. പൂർവ്വികന്മാരുടെ കാലം മുതൽ നമ്മുടെ രക്തത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്ന രക്തത്തിന്റെ പ്രവണതയാണ്.

അത് ചിലപ്പോൾ നമ്മുടെ ചിന്തയിൽക്കൂടി വ്യാപരിക്കും. ചിലപ്പോൾ നമ്മുടെ വാക്കിൽ വരും. ചിലപ്പോൾ നമ്മുടെ

പ്രവൃത്തിയിൽ വരും. ചിന്തയിൽ വരാത്തപ്പോഴും, വാക്കിലോ പ്രവൃത്തിയിലോ പാപം വരാത്തപ്പോഴും നമ്മുടെ ആളത്വത്തിൽ പാപമുണ്ട്.

ദ്രവ്യാഗ്രഹമുള്ളവരുണ്ട്. ചിലർക്കു ദ്രവ്യാഗ്രഹമില്ലെന്നു വന്നേക്കും. ഹൃദയം ലൈംഗിക മോഹത്തിൽ വ്യഗ്രതപ്പെടുന്ന വരുണ്ട്. പക്ഷേ, അതില്ലാത്തവരുമുണ്ട്. കോപാവേശമുള്ളവരുണ്ട്, എന്നാൽ ശാന്തതയുള്ളവരുണ്ട്. ഏതെങ്കിലും തരത്തിലാ യിരിക്കും അത് വ്യാപരിക്കുന്നത്.

ശരീരത്തിന്റെ പ്രവണതകൾ! ശരീരത്തിന്റെ പ്രത്യേകതകൾ! നമ്മുടെ രക്തത്തിൽ കലർന്നിരിക്കുന്ന പാപത്തിന്റെ വിത്തുകൾ! അത് നമ്മുടെ ജീവിതത്തെ മുഴുവൻ മലീമസമാക്കുന്നതാണ്. ശരീരത്തിന്റെ ജീവചക്രത്തിനു തീ കൊളുത്തുന്നതാണ് പാപം. ശരീരത്തിന്റെ മുഴുവനായ പ്രകൃതിയിൽ സാരമായ സ്വാധീനം ചെലുത്തുന്നതാണ് പാപപ്രകൃതി. അത് നമ്മുടെ ജീവിതത്തിലെമ്പാടുമുണ്ട്. മനുഷ്യരാണോ, നമുക്ക് പാപമുണ്ട്.

അതുകൊണ്ടാണ് അപ്പൊസ്തലനായ പൗലോസ് റോമർക്കെഴുതിയ ലേഖനത്തിൽ പറയുന്നത്:

**"നീതിമാൻ ആരുമില്ല, ഒരുത്തൻപോലുമില്ല. ഗ്രഹിക്കു ന്നവൻ ഇല്ല, ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല. എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു; നന്മ ചെയ്യുന്നവനില്ല, ഒരുത്തൻപോലും ഇല്ല." റോമർ 3 : 10 – 12**

ദാവീദ് 51–ാം സങ്കീർത്തനത്തിൽ പറയുന്നു:

**"ഇതാ, ഞാൻ അകൃത്യത്തിൽ ഉരുവായി; പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു." സങ്കീർത്തനങ്ങൾ 51 : 5**

ഗർഭം ധരിക്കുന്നത് പാപമെന്നല്ല പറഞ്ഞത്. ഗർഭത്തിൽ ഇരിക്കുമ്പോൾ തന്നെ ഞാൻ പാപിയാണ്. ഗർഭത്തിൽ ഇരിക്കുമ്പോൾ പാപം ചെയ്തില്ലല്ലോ. പാപം ചിന്തിക്കുന്നില്ലല്ലോ. പാപത്തിന്റെ വാക്കുകൾ പറയുന്നില്ലല്ലോ. ഉരുവാകുന്നതോ

ഗർഭം ധരിക്കുന്നതോ പാപമല്ല. ഈ ഭൂമിയിലേക്കു പിറന്നു വീഴുന്നതിനു മുമ്പു തന്നെ പാപിയാണ് എന്നാണ് പറയുന്നത്.

നാം എല്ലാവരും പാപികളാണ്. എന്നാൽ ഈ പാപമയമായ ശരീരത്തെ നാം യാഗമായി സമർപ്പിക്കുക. എങ്ങനെ? ക്രിസ്തു നമുക്കുവേണ്ടി യാഗമായി തീർന്നതു പോലെ നമ്മെ യാഗമായി സമർപ്പിക്കുന്നു.

**“ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിന്നു സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ.”**
**എഫെസ്യർ 5 : 2**

സൗരഭ്യവാസനയുള്ള വഴിപാടും യാഗവും ക്രിസ്തു അർപ്പിച്ചു. ദൈവത്തിന് സൗരഭ്യവാസനയായി അർപ്പിച്ചു. എന്താണ് സൗരഭ്യവാസന?

**“പുരോഹിതൻ സകലവും യാഗപീഠത്തിന്മേൽ ഹോമ യാഗമായി ദഹിപ്പിക്കേണം; അത് യഹോവയ്ക്ക് സൗരഭ്യ വാസനയായ ദഹനയാഗം.” ലേവ്യപുസ്തകം 1 : 9**

സകലവും അർപ്പിക്കണം. ഒന്നും ബാക്കി വയ്ക്കരുത്. പുരോഹിതൻ സകലവും യാഗമായി അർപ്പിക്കണം. അതാണ് ദൈവത്തിന് സുഗന്ധവാസനയായ യാഗം. മുഴുവനായി നം അർപ്പിച്ചിട്ടുണ്ടോ?

നാം ചിലതെല്ലാം അർപ്പിച്ചിട്ടുണ്ട്. മദ്യപാനം ചെയ്കയില്ല എന്നു തീരുമാനിച്ചു. പുക വലിക്കുകയില്ല എന്നു തീരുമാനിച്ചു, നല്ലത്. നാം ആരേയും ഉപദ്രവിക്കുകയില്ല, തല്ലുകയില്ല എന്നു തീരുമാനിച്ചു. കോപിക്കയില്ല എന്നു തീരുമാനിച്ചു. നമ്മുടെ ജീവിതത്തിൽ ചില നിഷ്ഠകളും പ്രതിഷ്ഠകളും നാം പാലിച്ചു. നല്ലതാണ്. സമർപ്പണമുണ്ട്. പക്ഷേ മുഴുവനായും സമർപ്പിച്ചുവോ?

നാമും നമുക്കുള്ളതും നാം മുഴുവനായും സമർപ്പിച്ചുവോ? എന്നെത്തന്നെ ഞാൻ ക്രിസ്തുവിനു കൊടുത്തുവോ?

ക്രിസ്തുവും തന്നെത്തന്നെ യാഗമായി സമർപ്പിച്ചു. അതുപോലെ മുഴുവനായി നാം കൊടുത്തുവോ? മുപ്പത്തിമൂന്നര വയസ്സിൽ ആരുടേയും നിർബ്ബന്ധം കൂടാതെ ക്രിസ്തു തന്നെത്തന്നെ യാഗമായി അർപ്പിച്ചു.

കർത്താവ് നിരൂപിച്ചിരുന്നെങ്കിൽ, കർത്താവിനെ രക്ഷിക്കാൻ ദൂതവൃന്ദങ്ങൾ ഇറങ്ങിവരുമായിരുന്നു. പിന്നെ എന്തുകൊണ്ടാണ് കർത്താവ് തന്നെത്തന്നെ അർപ്പിച്ചത്? മനുഷ്യജാതിയുടെ പാപത്തിനുവേണ്ടി, എന്റെയും നിങ്ങളുടേയും വിടുതലിനു വേണ്ടി, എനിക്കും നിങ്ങൾക്കും നരകം ഒഴിവാക്കി സ്വർഗ്ഗത്തിന്റെ അവകാശം തരാൻ വേണ്ടി നമ്മുടെ ശാപം കർത്താവേറ്റെടുത്തു. നമ്മുടെ പാപം കർത്താവേറ്റെടുത്തു.

നമ്മുടെ ശിക്ഷ കർത്താവേറ്റെടുത്തു. നമുക്കുവേണ്ടി കർത്താവ് ക്രൂശിൽ മരിച്ചു. യേശുകർത്താവ് നമുക്കുവേണ്ടി കുരിശിൽ തിരുരക്തം ചിന്തി. ഒരു കറയും ഏൽക്കാത്തവനായ ക്രിസ്തു! പാപമേശാത്തവനായ ക്രിസ്തു! നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ചു ബോധം വരുത്തും എന്നു വ്യക്തമായി ചോദിക്കത്തക്കവണ്ണം പാപത്തിന്റെ കണിക ഏശാത്തവനായ ക്രിസ്തു! അവിടുന്ന് നമുക്കുവേണ്ടി പാപമാക്കപ്പെട്ടു.

**"പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്ന്, അവൻ നമുക്കുവേണ്ടി പാപം ആക്കി."**

**2 കൊരിന്ത്യർ 5 : 21**

ഈ ക്രിസ്തു തന്നത്താൻ യാഗമായി അർപ്പിച്ചതുപോലെ നാം നമ്മെത്തന്നെ യാഗമായി അർപ്പിക്കണം. അത് നമ്മുടെ ജീവിതത്തിൽ സംഭവിച്ചിട്ടുണ്ടോ? അതാണ് ആരാധന.

നിങ്ങൾ എന്നും വചനം കേൾക്കുന്നവരാണ്. അവരവർ നിൽക്കുന്ന പള്ളിയിൽ വിശ്വസ്തതയോടെ നിൽക്കുന്നവരാണ്. നിങ്ങൾ പോകുന്ന സഭയോ പള്ളിയോ മാറണ്ട. പക്ഷേ ചിന്തിക്കണം, എന്നെത്തന്നെ മുഴുവനായി ക്രിസ്തുവിന്

കൊടുത്തുവോ? സൗരഭ്യവാസനയായി എന്നെത്തന്നെ അർപ്പിച്ചുവോ?

എന്റേത് ഇനി ഒന്നുമില്ല, എല്ലാം യാഗമായി അർപ്പിച്ചു എന്നു പറയത്തക്കവണ്ണം ഞാൻ മുഴുവനായി ബലിപീഠത്തിൽ വച്ചുവോ? മുഴുവനായി വച്ചെങ്കിൽ സ്വർഗ്ഗത്തിൽനിന്ന് തീ ഇറങ്ങിയിട്ടുണ്ട്. ഞാൻ അർപ്പിച്ചതിൽ സ്വർഗ്ഗത്തിൽനിന്ന് തീ ഇറങ്ങണം. പരിശുദ്ധാത്മാവാകുന്ന അഗ്നിയിറങ്ങണം.

കർമ്മേൽഗിരിയിൽ ഏലിയാവിന്റെ യാഗത്തിൽ ഇറങ്ങിയ തീ എന്റെ യാഗത്തിലിറങ്ങണം. ഈ ചെറിയ മുറിക്കുള്ളി ലിരുന്നുകൊണ്ട്, ഈ കീറപ്പായിൽ മുട്ടുമടക്കിയിരുന്നുകൊണ്ട് എന്റെ യേശുവേ, ഞാനും എനിക്കുള്ളതെല്ലാം അവിടു ത്തേക്ക് എന്ന് ഉള്ളത്തിൽ നിന്നു പറയുമ്പോൾ യേശു എന്റെ യാഗം സ്വീകരിച്ച്, ആ യാഗത്തിലേക്ക് തീയായി ഇറങ്ങിവരുന്ന അനുഭവം. അതാണ് ആത്മാവിന്റെ അനുഭവം! ആത്മാവിന്റെ തീ! ആത്മാവിന്റെ അഭിഷേകം!

അതാണ് സമർപ്പണത്തിൽ തീ കത്തിയെന്നു പറയുന്നത്. സൗരഭ്യവാസനയായ യാഗം എന്നു പറഞ്ഞാലെന്താണ്? പുറമെയുള്ള യാഗം ദൈവം മണത്തു എന്നല്ല, ദൈവം പ്രസാദിച്ചു എന്നാണ്. ഉല്പത്തി പുസ്തകം 8-ാം അദ്ധ്യായം 21-ാം വാക്യത്തിൽ പറയുന്നു: “ദൈവം അതു മണത്തപ്പോൾ പ്രസാദിച്ചു.” എന്ന്. എന്റെ യാഗം ദൈവം അംഗീകരിച്ചുവോ? ഞാൻ കൊടുത്തത് ദൈവം അംഗീകരിച്ചുവോ?

ഞാൻ ചിലതെല്ലാമെടുത്തു കൊടുത്തു. ഞാൻ കാണി ക്കയിട്ടത്, ഞാൻ സമർപ്പിച്ചത്, ഞാൻ ദൈവവേലക്കുവേണ്ടി ചിലവു ചെയ്തത്, ഞാൻ സമയം വേർതിരിച്ചത്, ഞാൻ പ്രാർത്ഥിച്ചത്, ഞാൻ ഉപവാസമെടുത്തത്, ദൈവവേല ചെയ്തത്, ഞാൻ സണ്ടേസ്കൂളിൽ പഠിപ്പിച്ചത്, ഞാൻ സാക്ഷ്യങ്ങൾ പറഞ്ഞത്, എല്ലാമെല്ലാം വിശുദ്ധമായ കൈകൾ കൊണ്ട് സമർപ്പിച്ച സമർപ്പണമായിരുന്നുവോ?

എന്റെ ഹൃദയത്തിൽ അശുദ്ധിയുണ്ടായിരുന്നുവോ? എന്റെ ഹൃദയത്തിൽ ദ്രവ്യാഗ്രഹമുണ്ടായിരുന്നുവോ? എന്റെ ഹൃദയത്തിൽ അശുദ്ധവികാരങ്ങളുണ്ടായിരുന്നുവോ? എന്റെ ജീവിതത്തിൽ, എന്റെ ഹൃദയത്തിൽ തിന്മയുണ്ടായിരുന്നുവോ? എന്റെ ഹൃദയത്തിൽ ആരോടെങ്കിലും അസൂയയോ, പകയോ, വിദ്വേഷമോ ഉണ്ടായിരുന്നുവോ?

എന്റെ ഹൃദയത്തിൽ ആരെക്കുറിച്ചെങ്കിലും മുൻവിധി യുണ്ടായിരുന്നുവോ? ആരെക്കുറിച്ചെങ്കിലും പരദൂഷണം പറഞ്ഞുവോ? ഞാൻ അഹങ്കാരത്തോടെ സംസാരിച്ചിട്ടുണ്ടോ? നിന്റെ സ്വഭാവത്തിനു വിരുദ്ധമായതെന്തെങ്കിലും എന്റെ ജീവിതത്തിൽ സംഭവിച്ചിട്ടുണ്ടോ? എങ്കിൽ ഈ യാഗം ദൈവം സ്വീകരിക്കയില്ല.

ദൈവം യാഗം സ്വീകരിക്കണം; ദൈവം യാഗം അംഗീകരിക്കണം. അതാണ് സൗരഭ്യവാസനയായ സുഗന്ധ ധൂപം. ഇപ്പോൾ നിങ്ങൾക്ക് സ്വന്തം ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കാം. കർത്താവേ, എന്റെ സമർപ്പണത്തിൽ നീ പ്രസാദിച്ചുവോ? എന്റെ യാഗത്തിൽ നീ സന്തോഷിച്ചുവോ? നീ ഇതെല്ലാം ഏറ്റെടുത്തുവോ? നിന്റെ തീ എന്റെ മേൽ ഇറങ്ങിയോ? തീ എന്റെയുള്ളത്തിൽ കത്തുന്നുണ്ടോ?

എന്റെ ജീവിതത്തിൽ പല നല്ല കാര്യങ്ങൾ ചെയ്തു എന്നു ഞാൻ അഭിമാനംകൊള്ളുന്നുണ്ട്. പക്ഷേ, നീ അത് സന്തോഷമായി കൈക്കൊള്ളുന്നുണ്ടോ? നിനക്ക് പ്രസാദമുള്ള യാഗമായിരുന്നുവോ? ഉടയവനേ, ഞാൻ ഇതാ, എല്ലാം മറന്നു നിന്റെ ക്രൂശിൻ ചുവട്ടിൽ എന്നെത്തന്നെ സമർപ്പിക്കുന്നു.

സ്നേഹിതരേ, നിങ്ങൾക്ക് സമർപ്പിക്കാം. മുഴുവനായി ഏൽപ്പിച്ചുകൊടുക്കാം. ക്രിസ്തുവിന്റെ കരങ്ങളിലേക്ക് വിട്ടുകൊടുത്തുകൊണ്ട് പ്രാർത്ഥിക്കാം. കർത്താവേ, എന്നെത്തന്നെ ഞാൻ ഇതാ, സുഗന്ധവാസനയായി സമർപ്പിക്കുന്നു. എന്നെത്തന്നെ യാഗമായി സമർപ്പിക്കുന്നു.

എന്റെ ദേഹവും ദേഹിയും ആത്മാവും ഞാൻ സമർപ്പിക്കുന്നു. പിശാച് പന്താടിയ ജീവിതം നിന്റെ കരങ്ങളിലേക്ക് കൈമാറുന്നു.

സാത്താൻ ഇതുവരെയും ഉപയോഗിച്ചുകൊണ്ടിരുന്ന എന്റെ ഹൃദയത്തെയും ജീവിതത്തേയും ഞാൻ അവിടുത്തെ കരങ്ങളിലേക്ക് നിക്ഷേപിക്കുന്നു. സ്വീകരിക്കണമേ. എന്നെ കൈക്കൊള്ളണമേ. എന്റെമേൽ തൃക്കരം വയ്ക്കണമേ. തിരുരക്തം പുരട്ടണമേ. എന്നെ നിന്റെ തൃക്കരം വച്ച് ആശീർവ്വദിക്കണമേ. എന്നെ നിന്റെ മകനും അവകാശിയും ആക്കിത്തീർക്കണമേ. നിന്റെ രാജ്യത്തിന്റെ പൗരത്വം എനിക്ക് തരണമേ.

# അഞ്ച്

**"ശേത്തിനും ഒരു മകൻ ജനിച്ചു; അവന് എനോശ് എന്നു പേരിട്ടു. ആ കാലത്ത് യഹോവയുടെ നാമത്തിലുള്ള ആരാധന തുടങ്ങി."**
**ഉല്പത്തി 4 : 26**

ആരാധന! ആ കാലത്ത് യഹോവയുടെ നാമത്തിൽ ആരാധന തുടങ്ങി.

എന്നാൽ ദൈവത്തിന്റെ സന്നിധിയിൽ ആരാധന നടക്കുന്നത് ഉല്പത്തി പുസ്തകം 4-ാം അദ്ധ്യായത്തിന്റെ ആദ്യഭാഗത്താണ്. ഹാബേലും കയീനും ആരാധന കഴിച്ചു. ഹാബേലിന്റെ ആരാധനയിൽ ദൈവത്തിന്റെ തീയിറങ്ങി. കയീന്റെ യാഗത്തിൽ ദൈവത്തിന്റെ അംഗീകാരമുണ്ടായില്ല.

**"പിന്നെ അവൾ അവന്റെ അനുജനായ ഹാബെലിനെ പ്രസവിച്ചു. ഹാബെൽ ആട്ടിടയനും കയീൻ കൃഷിക്കാരനും ആയിത്തീർന്നു. കുറെക്കാലം കഴിഞ്ഞിട്ട് കയീൻ നിലത്തെ അനുഭവത്തിൽനിന്ന് യഹോവയ്ക്ക് ഒരു വഴിപാട് കൊണ്ടുവന്നു. ഹാബെലും ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂലുകളിൽ നിന്ന്, അവയുടെ മേദസ്സിൽനിന്നു തന്നേ, ഒരു വഴിപാട് കൊണ്ടുവന്നു. യഹോവ ഹാബെലിലും അവന്റെ വഴിപാടിലും പ്രസാദിച്ചു. കയീനിലും അവന്റെ വഴിപാടിലും പ്രസാദിച്ചില്ല."**
**ഉല്പത്തി 4 : 2 – 5**

ദൈവം ഹാബേലിൽ പ്രസാദിച്ചു. അവന്റെ വഴിപാടിലും പ്രസാദിച്ചു. ദൈവം കയീനിൽ പ്രസാദിച്ചില്ല, അവന്റെ വഴിപാടിലും പ്രസാദിച്ചില്ല. എന്നിൽ പ്രസാദിച്ചെങ്കിൽ മാത്രമേ എന്റെ വഴിപാടിൽ ദൈവം പ്രസാദിക്കുകയുള്ളൂ. എന്തു

കൊണ്ടാണ് ഹാബേലിൽ പ്രസാദിച്ചത്? അതിന് ഒരു വ്യവസ്ഥയേയുള്ളൂ.

**"വിശ്വാസത്താൽ ഹാബെൽ ദൈവത്തിന് കയീന്റേതിലും ഉത്തമമായ യാഗം കഴിച്ചു; അതിനാൽ അവന് നീതിമാൻ എന്ന സാക്ഷ്യം ലഭിച്ചു." എബ്രായർ 11 : 4**

ഹാബേലിന്റെ യാഗം കയീന്റേതിലും ഉത്തമമായ യാഗമായിത്തീർന്നതെന്തുകൊണ്ട്? ഹാബേലിന് വിശ്വാസ മുണ്ടായിരുന്നു. എന്താണ് വിശ്വാസം?

**"ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു." റോമർ 10 : 17**

വചനം കേട്ടാലാണ് വിശ്വാസം വരിക. ഹാബേൽ എങ്ങനെയാണ് വചനം കേട്ടത്?

അത് വചനത്തിൽനിന്ന് നമ്മൾ മനസ്സിലാക്കണം. ഏദെൻ തോട്ടത്തിൽ ജീവനുള്ള ദൈവം ഇറങ്ങിവന്ന് ആദാമിനോടും ഹവ്വായോടും സംസാരിച്ചു: "ഈ ഭൂമി നീ മൂലം ശപിക്കപ്പെട്ടു." ആദാം പാപം ചെയ്തതു മൂലം ഭൂമി ശപിക്കപ്പെട്ടു. ശാപം മാറാൻ ദൈവം ഒരു വ്യവസ്ഥ വച്ചു.

ദൈവം വച്ച വ്യവസ്ഥ, ദൈവം അത് നിവർത്തിക്കും എന്ന വാഗ്ദാനമായിരുന്നു. ആ വാഗ്ദാനമെന്തായിരുന്നു? സ്ത്രീയുടെ സന്തതിയായി ജനിക്കുന്നവൻ പാമ്പിന്റെ തല തകർക്കും. അങ്ങനെ ശാപം മാറിപ്പോകും. അത് എങ്ങനെയാണ് എന്ന് ഉടനെ തന്നെ തെളിഞ്ഞു.

ആദാമിനെ ദൈവം, ഒരു മൃഗത്തെ കൊന്ന് അതിന്റെ തോലുകൊണ്ട് ഉടുപ്പുണ്ടാക്കി ഉടുപ്പിച്ചു. ഏദെൻതോട്ടത്തിൽ ആട്ടിൻകുട്ടി കൊല്ലപ്പെട്ടു. ഹാബേൽ ആദാമിന്റെ മകനാണ്. ഹാബേലിന് അർത്ഥം മനസ്സിലായി. സ്വർഗ്ഗത്തിലെ ദൈവം അന്ന് ഏദെൻതോട്ടത്തിൽ അപ്പനോടു പറഞ്ഞതിന്റെ പൊരുൾ വാസ്തവത്തിൽ എന്ത് എന്ന് അപ്പൻ പറഞ്ഞ് ഈ മകൻ

ഗ്രഹിച്ചിട്ടുണ്ട്.

സ്വർഗ്ഗത്തിലെ ദൈവം അപ്പനോട് പറഞ്ഞ വാക്കുകൾ ഏദെൻ തോട്ടത്തിൽനിന്നു പുറത്തു വന്നതിനുശേഷം ആദാം കൂടെക്കൂടെ ഉരുവിടാറുണ്ട്. ആദാം മക്കളെ രണ്ടുപേരെയും വിളിച്ചു പറയാറുണ്ട്: "മക്കളേ, സ്വർഗ്ഗത്തിലെ ദൈവം എനിക്ക് ഒരു വാഗ്ദത്തം തന്നിട്ടുണ്ട്. സ്വർഗ്ഗത്തിലെ ദൈവത്തിന്റെ വാക്ക് ധിക്കരിച്ചതുമൂലം നമുക്ക് വന്ന ശാപം മാറാൻ സ്വർഗ്ഗത്തിലെ ദൈവം നമുക്ക് ഒരു വാക്ക് തന്നിട്ടുണ്ട്: "സ്ത്രീയുടെ സന്തതി പാമ്പിന്റെ തല തകർക്കും."

മക്കളേ, ഞങ്ങൾ നാളുകളായി കാത്തിരിക്കുകയാണ്. ഏദൻതോട്ടത്തിന്റെ വെളിയിൽ, 930 വർഷം ആദാം കാത്തിരുന്നു. സ്ത്രീയുടെ സന്തതി ജനിച്ചില്ല. ആദാമിന് പ്രതീക്ഷയുണ്ട്, സ്ത്രീയുടെ സന്തതിയെ കാണാൻ. അങ്ങനെ ഈ ശാപം മാറാൻ.

ആദാം മക്കളോട് വീണ്ടും പറയും: ഏദൻതോട്ടത്തിൽ വച്ചു ഞാൻ പാപം ചെയ്തപ്പോൾ എനിക്ക് നഗ്നതാബോധ മുണ്ടായി. ഞാൻ ലജ്ജാവിവശനായിത്തീർന്നു. നഗ്നത മാറ്റാൻ വേറെ മാർഗ്ഗം എനിക്കറിഞ്ഞുകൂടായിരുന്നു. അത്തിയുടെ ഇല കൂട്ടിത്തുന്നി നഗ്നത മറയ്ക്കാമെന്ന് ഞാൻ വിചാരിച്ചു. പക്ഷേ, അതുകൊണ്ട് നഗ്നത മറയുകയില്ല. ദൈവതേജസ്സാണ് ഉരിഞ്ഞുപോയത്.

ഉരിഞ്ഞുപോയ ദൈവതേജസ്സ് അത്തിയിലകൊണ്ട് തിരികെ കിട്ടുകയില്ല. എനിക്ക് മനസ്സിലായി. പക്ഷേ, നഗ്നത മറയ്ക്കാൻ മാർഗ്ഗം ഞാൻ കണ്ടില്ല. മക്കളേ, ഒരു വലിയ ആത്മീയ മർമ്മം നിങ്ങൾക്ക് പറഞ്ഞു തരാം. "സ്വർഗ്ഗത്തിലെ ദൈവം ഏദൻ തോട്ടത്തിൽ ഒരു ആട്ടിൻ കുട്ടിയെ കൊന്നു, അതിന്റെ തോൽ എടുത്ത് ഞങ്ങളെ ഉടുപ്പിച്ചു." ആദാം മക്കൾക്കു പറഞ്ഞുകൊടുത്തു: യാഗം മൂലം മാത്രമേ മോചനമുള്ളൂ. യാഗം നടക്കണം. ആദ്യത്തെ യാഗം സ്വർഗ്ഗത്തിലെ ദൈവം തന്നെയാണ് നടത്തിയത്.

ആദാം പറഞ്ഞ വാക്കുകൾ മക്കൾ രണ്ടുപേരും കേട്ടു. ആദാം പറഞ്ഞ വാക്കുകൾ വിശ്വാസമായി പരിണമിച്ചത് ഹാബേലിലാണ്. കയീന് അത് മനസ്സിലായില്ല. യാഗത്തിന്റെ അർത്ഥം പിടികിട്ടിയില്ല. കയീൻ ശാപഗ്രസ്തമായ ഭൂമിയിൽ വേല ചെയ്ത് ഭൂമിയിൽ ഒതുങ്ങിക്കൂടുന്നവനായിരുന്നു. ഈ ഭൂമിയിലെ ജീവിതമായിരുന്നു അവന്റെ ലക്ഷ്യം.

ഈ ഭൂമിയിലെ സൗഭാഗ്യങ്ങളായിരുന്നു അവന്റെ ലക്ഷ്യം. ഈ ഭൂമിയിലെ കൃഷിയായിരുന്നു അവന്റെ ലക്ഷ്യം. ഈ ഭൂമിയിൽ വളരുക എന്നതായിരുന്നു അവന്റെ ലക്ഷ്യം. ലോകത്തിലെ ഉയർച്ചയായിരുന്നു അവന്റെ ലക്ഷ്യം. മാത്രമല്ല, കയീൻ അദ്ധ്വാനിക്കുന്നവനായിരുന്നു. അദ്ധ്വാനിച്ച്, അദ്ധ്വാനിച്ച് അദ്ധ്വാനഫലംകൊണ്ട് ദൈവത്തെ പ്രസാദിപ്പിക്കാം എന്ന് വിചാരിച്ചു.

പ്രവൃത്തിയുടെ മാർഗ്ഗമാണ് കയീൻ സ്വീകരിച്ചത്. കയീന്റേത് കർമ്മമാർഗ്ഗമായിരുന്നു. ദൈവത്തെ പ്രസാദിപ്പിക്കാൻ കുറെ നല്ല കാര്യങ്ങൾ ചെയ്യണം. കുറെ നല്ല പ്രവൃത്തികൾ ചെയ്യണം. ഇതാണ് കയീന്റെ ചിന്താഗതി. അത് വിശ്വാസത്തിന്റെ ചിന്താഗതിയല്ല. വിശ്വാസത്തിന്റെ മാർഗ്ഗമല്ല.

വിശ്വാസത്തിന്റെ മാർഗ്ഗം കൃപയുടെ മാർഗ്ഗമാണ്. ഞാൻ ഒന്നും ചെയ്യാതെ സ്വർഗ്ഗീയ രാജാധിരാജൻ വന്നു പൊതിയുന്നതാണ് കൃപയുടെ മാർഗ്ഗം. ഞാൻ പാപിയാണ്. എനിക്കു പാപമേ ചെയ്യാൻ പറ്റൂ. പക്ഷേ, ദൈവത്തിന്റെ കൃപ വന്ന് എന്നെ പൊതിയുന്നു. അത് ദൈവത്തിന്റെ സൗജന്യദാനമാണ്. എന്റെ പാപത്തെ യേശുക്രിസ്തുവിന്റെ രക്തം വന്ന് പൊതിയുന്നു. അതിന്റെ നിഴലാണ് മൃഗത്തെ കൊന്ന് അതിന്റെ തോൽകൊണ്ട് പൊതിഞ്ഞു എന്ന് പറയുന്നത്.

ഹാബേലിന് പെട്ടെന്ന് അർത്ഥം മനസ്സിലായി. ഹാബേൽ ദൈവത്തെ വിശ്വസിച്ചു. വിശ്വാസത്താൽ ഹാബേൽ ദൈവത്തിന് കയീന്റേതിലും ഉത്തമമായ യാഗം കഴിച്ചു. കയീന്റെ വഴിപാടിൽ ദൈവം പ്രസാദിച്ചില്ല. ഹാബേലിന്റെ യാഗത്തിൽ

ദൈവം പ്രസാദിച്ചു.

നാം പലരും ഇന്ന് കർമ്മമാർഗ്ഗങ്ങൾ സ്വീകരിക്കുന്നവരാണ്. പലതും ചെയ്തു ദൈവത്തെ പ്രസാദിപ്പിക്കാം, സാധുജന സേവനം ചെയ്ത് ദൈവത്തെ പ്രസാദിപ്പിക്കാം എന്നു വിചാരിക്കുന്നു. തീർച്ചയായും പാവങ്ങളെ സഹായിക്കേണ്ടതാണ്. "നിങ്ങൾ ദരിദ്രരെ ഓർത്തു കൊള്ളേണം" എന്ന് കർത്താവ് പറഞ്ഞിരിക്കുന്നു.

ചിലർ മനോഗുണപ്രവൃത്തികൾ ചെയ്തു ദൈവത്തെ പ്രസാദിപ്പിക്കാം, കുമ്പിട്ട് ദൈവത്തെ പ്രസാദിപ്പിക്കാം എന്നു കരുതുന്നു. കുമ്പിടുന്നത് തീർച്ചയായും പാപമല്ല. പള്ളിക്കു ചുറ്റും ഉരുണ്ടു നേർച്ച നടത്തി ദൈവത്തെ പ്രസാദിപ്പിക്കാം. നേർച്ചകൾ, വഴിപാടുകൾ, ഇതെല്ലാം കൊടുത്തു ദൈവത്തെ പ്രസാദിപ്പിക്കാം, കുരിശിൻതൊട്ടികൾ പണിതും പള്ളിമേടകൾ പണിതും വെള്ളിക്കുരിശും അല്ലെങ്കിൽ പൊന്നിൻകുരിശ് കൊടുത്തും പള്ളിപ്പെരുന്നാൾ ഏറ്റുകഴിച്ചും എല്ലാം ദൈവത്തെ പ്രസാദിപ്പിക്കാം എന്നെല്ലാം വിചാരിക്കുന്ന വിശ്വാസസമൂഹം!

എന്റെ അപ്പൻ മരിച്ചതിനുശേഷം അമ്മ അക്കാലത്ത് ഞങ്ങളുടെ പള്ളിയിലെ പെരുന്നാൾ ഏറ്റുകഴിക്കാമെന്ന് നേർന്നു. എനിക്ക് ജോലി കിട്ടി ആദ്യത്തെ ശമ്പളം കൊണ്ട് ചെയ്തത് പള്ളിപ്പെരുന്നാൾ ഏറ്റുകഴിക്കുകയായിരുന്നു. അതുകൊണ്ട് ഇതിനൊന്നും ഞാൻ എതിരല്ല. പക്ഷേ, ഇതുകൊണ്ടൊന്നും സ്വർഗ്ഗത്തിലെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ല.

യെശയ്യാപ്രവാചകന്റെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു, "നമ്മുടെ നീതിപ്രവൃത്തികൾ ഒക്കെയും ദൈവസന്നിധിയിൽ കറപുരണ്ട തുണിപോലെ" എന്ന് (യെശയ്യാവ് 64 : 6). എന്തെല്ലാം നീതിപ്രവൃത്തികൾ ചെയ്താലും ഹൃദയം നേരല്ല, ജീവിതം വിശുദ്ധമല്ല, ഉദ്ദേശ്യം ശുദ്ധമല്ല എങ്കിൽ നാം കഴിക്കുന്ന വഴിപാടുകളോ യാഗങ്ങളോ ദൈവസന്നിധിയിൽ പ്രസാദ യോഗ്യമായിത്തീരുന്നില്ല; ദൈവം കൈക്കൊള്ളുന്നില്ല. ഇത് ഒരു പരമയാഥാർത്ഥ്യമാണ്. നമ്മുടെ യാഗം ദൈവം

കൈക്കൊള്ളണമെങ്കിൽ ഹൃദയം ശുദ്ധമുള്ളതായിത്തീരണം.

നിങ്ങൾ നിങ്ങളെത്തന്നെ സമർപ്പിച്ചിട്ടുണ്ടോ? നിങ്ങളുടെ സമർപ്പണം ദൈവം അംഗീകരിക്കത്തക്കവണ്ണം ശുദ്ധമനസ്സാക്ഷിയോടെ സമർപ്പിച്ചിട്ടുണ്ടോ? ഏതെങ്കിലും പ്രവർത്തന പദ്ധതിയിലാണോ നിങ്ങൾ ആശ്രയിക്കുന്നത്, അതോ ദൈവത്തിന്റെ അനന്തമായ കൃപയിലാണോ?

എന്താണ് ദൈവകൃപ?

**"ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു, അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പു മൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്. വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തംമൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു." റോമർ 3 : 23 – 25**

ധനവാനെന്നോ ദരിദ്രനെന്നോ വ്യത്യാസമില്ല. യഹൂദനെന്നോ യവനനെന്നോ വ്യത്യാസമില്ല. സ്വന്തജാതിയെന്നോ പുറജാതിയെന്നോ വ്യത്യാസമില്ല. എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സില്ലാത്തവരായിത്തീർന്നു.

സൗജന്യമായി നീതിമാനെന്ന് ദൈവം മുദ്രകുത്തിത്തരുന്നു. ഞാൻ പാപിയാണ്. എന്നാൽ ഈ കുഞ്ഞാട്ടിന്റെ തിരുരക്തത്താൽ എന്നെ പൊതിയുന്നു. കുഞ്ഞാട്ടിന്റെ രക്തത്താൽ പൊതിയുമ്പോൾ എന്റെ പാപം പുറത്തു വെളിപ്പെടാതവണ്ണം ഞാൻ മുഴുവനും ദൈവത്തിന്റെ സ്നേഹത്താൽ, ക്രിസ്തുവിന്റെ തിരുരക്തത്താൽ ആവരണം ചെയ്യപ്പെടുകയാണ്. എന്റെ കറകൾ പിന്നെ പുറത്തു കാണുന്നില്ല.

പിശാച്, ഇവൻ എവിടെയെന്നു നോക്കുമ്പോൾ കാണുന്നത് ഊനമില്ലാത്ത കുഞ്ഞാട്ടിന്റെ തിരുരക്തമാണ്. പിശാച് എന്റെ പാപം കണ്ട് കുറ്റം വിധിക്കാൻ ഓടി നടക്കുകയാണ്. പിന്നെയും പിന്നെയും പിശാച് നോക്കിയിട്ടും യേശുവിന്റെ രക്തം മാത്രമാണ് കാണുന്നത്. മനുഷ്യന്റെ പാപത്തിന്

പരിഹാരം വരുത്തുവാൻ അവന് തന്നെത്താൻ കഴിവില്ല. അവൻ പാപമില്ലാത്തവനായിട്ടല്ല, യേശുവിന്റെ രക്തം നമ്മെ കവർ ചെയ്യുന്നു. അപ്പോഴാണ് സ്നേഹവാനായ യേശുവിന്റെ രക്തത്താൽ സൗജന്യമായി നീതീകരണം ലഭിക്കുന്നത്.

അതിന് ഞാൻ എന്താണ് ചെയ്യേണ്ടത്?

**"വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു." റോമർ 3 : 25**

പിതാവായ ദൈവം കർത്താവായ യേശുവിനെ പരസ്യമായി ക്രൂശിന്മേൽ പ്രദർശിപ്പിച്ചിരിക്കുന്നു.

"സകല ഭൂസീമാവാസികളുമായുള്ളോരേ, നിങ്ങൾ എല്ലാവരും എങ്കലേക്ക് തിരിഞ്ഞു രക്ഷപ്പെടുവിൻ. ഞാൻ അല്ലാതെ ഒരു ദൈവവുമില്ല" എന്ന് യെശയ്യാ പ്രവാചകൻ യേശു ജനിക്കുന്നതിന് 750 കൊല്ലം മുമ്പ് പറഞ്ഞു. സകല ഭൂസീമാവാസികളെയും മാടിവിളിച്ചുകൊണ്ട് യേശുക്രിസ്തു ക്രൂശിന്മേൽ പ്രദർശിപ്പിക്കപ്പെട്ടിരിക്കുകയാണ്.

ആ ക്രിസ്തുവിന്റെ തിരുരക്തത്തിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുകയല്ലാതെ ഒരു പാപിക്കും രക്ഷപ്പെടാൻ മാർഗ്ഗമില്ല. വേറെ ഒന്നിനാലും രക്ഷപ്പെടുകയില്ല. എന്തെല്ലാം പുണ്യപ്രവൃത്തികൾ ചെയ്താലും പാപമോചനം കിട്ടുകയില്ല. എന്റെ പ്രവൃത്തികളല്ല, ക്രിസ്തുവിന്റെ ക്രൂശുമരണമാണ് പാപമോചനം കിട്ടുവാനുള്ള ഒരേയൊരു പോംവഴി.

സർവ്വലോകത്തിനും മുമ്പിൽ; ആകാശത്തിനും ഭൂമിക്കും മദ്ധ്യത്തിൽ; കാലത്തിന്റെ മദ്ധ്യത്തിൽ, ഗോഗുൽത്തായുടെ മുകളിൽ കർത്താവായ യേശു ഉയർത്തപ്പെട്ടിരിക്കുന്നു. രണ്ടു കൊലയാളികളുടെ മദ്ധ്യത്തിൽ, രണ്ടു കുറ്റവാളികളുടെ മദ്ധ്യത്തിൽ ഇതാ, കുറ്റമില്ലാത്തവൻ ഉയർത്തപ്പെട്ടിരിക്കുന്നു.

അവനൊപ്പം പറയാനൊരാളുമില്ല, അവനെപ്പോൽ

ആരാധ്യനാരുമില്ല. “പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോട് വേറുവിട്ടവൻ, സ്വർഗ്ഗത്തെക്കാൾ ഉന്നതനായിത്തീർന്നവൻ.” ഈ യേശു ആരാണ്? പള്ളികളേക്കാൾ ഉയർന്നവൻ! മോശയെക്കാളും യോശുവയെക്കാളും ഉയർന്നവൻ! പ്രവാചകന്മാരേക്കാൾ ഉയർന്നവൻ! പുരോഹിതന്മാരേക്കാൾ ഉയർന്നവൻ! ഇങ്ങനെയുള്ളോരു മഹാപുരോഹിതനല്ലോ നമുക്ക് വേണ്ടിയത്. നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തയാഗമായിത്തീർന്നതവനാണ്.

യിസ്രായേൽക്കാർ മരുഭൂമിയിൽക്കൂടി യാത്രചെയ്യുകയായിരുന്നു. വലിയൊരു കൂട്ടം. അറുന്നൂറായിരം പേർ. വിശാലമായ മരുപ്പറമ്പിൽക്കൂടി ഇക്കണ്ട ജനം യാത്ര ചെയ്തു പോകുമ്പോൾ ഒരിടത്ത് പാളയമിറങ്ങി കൂടാരങ്ങളിൽ പാർക്കുകയാണ്.

പെട്ടെന്നാണ് അത്യാഹിതം. തീക്കൊള്ളി മിന്നുന്നതുപോലെ പാമ്പുകൾ പുളഞ്ഞു പുളഞ്ഞ് കൂടാരങ്ങളിൽ കടന്ന് ആളുകളെ കടിക്കുന്നു. കടിക്കുമ്പോൾ വിഷം വ്യാപരിക്കുന്നു. അല്പസമയത്തിനുള്ളിൽ വിഷത്തിന്റെ ഭയങ്കരമായ ബാധയാൽ ഓരോരുത്തർ മയങ്ങിവീഴുന്നു. കുറച്ചു കഴിയുമ്പോൾ മരിക്കുന്നു.

ജനം കൂട്ടത്തോടെ നിലവിളിക്കുന്നു. അറുന്നൂറായിരങ്ങൾ നിലവിളിക്കുന്നു. അഗ്നിസർപ്പങ്ങൾ കടിക്കുന്നു, ജനം മരിക്കുന്നു. അപ്പോഴാണ് മോശ മുട്ടുമടക്കിയത്. എന്റെ കർത്താവേ, നീ പറഞ്ഞിട്ടല്ലേ ഈ ജനം പുറപ്പെട്ടത്? ചെങ്കടൽ കടത്തിക്കൊണ്ടു വന്നത് നീയല്ലേ? മരുഭൂമിയിൽ മന്ന തന്ന് നീ ഞങ്ങളെ നടത്തിയതല്ലേ? പാറയിൽനിന്ന് വെള്ളം തന്നതല്ലേ? മാറയിലെ കയ്പ്പു ജലം മധുരമാക്കിത്തീർത്തല്ലോ. ഇപ്പോൾ ഒരു പ്രശ്നം വന്നിരിക്കുന്നു. എന്താണ് ഇതിന് ഒരു പരിഹാരം?

ദൈവം മോശയോട് പറഞ്ഞു: വലിയോരു കൊടിമരം പാളയത്തിന്റെ മദ്ധ്യത്തിൽ നാട്ടി, അതിൽ പിച്ചളകൊണ്ട് ഒരു പാമ്പിനെ നാട്ടി നിർത്തുക. ആരെല്ലാം അഗ്നിസർപ്പത്തിന്റെ

കടിയേറ്റോ അവർ എല്ലാവരും ഈ പാമ്പിലേക്ക് നോക്കിയാൽ മതി. അഗ്നിസർപ്പത്തിന്റെ കടിയേറ്റവർ എല്ലാം മരുഭൂമിയിൽ പാളയത്തിന്റെ മദ്ധ്യത്തിൽ ഉയർത്തിയിരിക്കുന്ന താമ്രസർപ്പത്തെ നോക്കിയാൽ അവർക്ക് മോചനം കിട്ടും.

മോശ കൂടാരങ്ങൾ തോറും അറിയിപ്പുകൊടുത്തു. സർപ്പത്തിന്റെ കടിയേറ്റ് ഓരോരുത്തർ ക്ഷീണിതരായി പോകുമ്പോൾ അവർ പിച്ചളസർപ്പത്തെ നോക്കുന്നു. നോക്കുന്നവർ നോക്കുന്നവർ കണ്ണുതെളിയുന്നു, ബാധ മാറുന്നു; അവർ എഴുന്നേറ്റു നടക്കുന്നു, അടുത്ത കൂടാരത്തിലുള്ളവരോട് പറയുന്നു. അവരും നോക്കുന്നു, രക്ഷപ്പെടുന്നു. അങ്ങനെ അനേകർ രക്ഷപ്പെടുകയാണ്.

സങ്കല്പിക്കൂ. ഒരു കൂടാരത്തിൽ ഒരുത്തൻ അഗ്നിസർപ്പത്തിന്റെ കടിയേറ്റ് മരിക്കാൻ പോവുകയാണ്. ശരീരം തളരുന്നു. കണ്ണു മങ്ങുന്നു. ഓർമ്മ നശിക്കുന്നു. അവൻ ക്ഷീണിതനായിക്കൊണ്ടിരിക്കുന്നു. അവനോട് ഒരാൾ ഓടിവന്നു പറഞ്ഞു: നീ മരിക്കേണ്ട ആവശ്യമില്ല, നിനക്ക് രക്ഷപ്പെടാൻ പഴുതുണ്ട്. ദൈവത്തിന്റെ പ്രവാചകൻ പറഞ്ഞത് നീ കേട്ടില്ലേ? പിച്ചള സർപ്പത്തെ നോക്കൂ.

അവൻ പറയുകയാണ്: എനിക്ക് വിശ്വസിക്കാൻ പറ്റുന്നില്ല. എനിക്കിത് മനസ്സിലാകുന്നില്ല. എന്റെ ശരീരത്തിലാണ് വിഷം വ്യാപിച്ചിരിക്കുന്നത്. ഞാൻ അല്പം സയൻസ് പഠിച്ചവനാണ്. ശരീരത്തിന്റെ ഞരമ്പുകളിലും കോശങ്ങളിലും രക്തത്തിലും ഇത് പരന്നു കഴിഞ്ഞു. എന്റെ കിഡ്നി തകരാറിലായിക്കഴിഞ്ഞു. മരുന്ന് കുത്തി വയ്ക്കുകയാണെങ്കിൽ എനിക്കു മനസ്സിലാകും. പക്ഷേ, ഒരു മരുന്നും കഴിക്കാതെ, ഒരു പ്രവൃത്തിയും ചെയ്യാതെ എങ്ങനെയിത് മാറാനാണ്? എനിക്കു മനസ്സിലാകുന്നില്ല!

സ്നേഹിതാ, മനസ്സിലാക്കാൻ നോക്കണ്ട. നോക്കിയാൽ രക്ഷ പ്രാപിക്കും എന്ന് ദൈവത്തിന്റെ വചനമാണ്. നീ വിശ്വസിക്കൂ, ആ സർപ്പത്തിലേക്ക് നോക്കൂ. അവശനിലയിൽ

കിടക്കുന്ന കിടപ്പിൽ അവൻ ചരിഞ്ഞു നോക്കി. പെട്ടെന്ന് അവന്റെ ശരീരത്തിൽ ചൈതന്യം വരുന്നു. അവന്റെ കണ്ണ് തെളിയുന്നു. അവൻ ചാടി എഴുന്നേൽക്കുന്നു.

ഞാൻ സംശയിച്ചത് തെറ്റിപ്പോയി. ഇനി എനിക്ക് വെറുതെയിരിക്കാൻ കഴിയുകയില്ല. അവൻ അടുത്ത കൂടാരത്തിലേക്ക് ഓടുന്നു. സ്നേഹിതാ, മരിക്കേണ്ട ആവശ്യമില്ല. നോക്കിയാൽ മതി. ഞാനും സംശയിച്ച് നോക്കാതിരുന്നവനാണ്. ഞാൻ നോക്കി, എനിക്ക് മോചനം കിട്ടിയിരിക്കുന്നു. എനിക്ക് സൗഖ്യം കിട്ടിയിരിക്കുന്നു. അവൻ കൂടാരംതോറും ഓടി നടക്കുകയാണ്. സർപ്പത്തിന്റെ കടിയേറ്റ അനേകർ രക്ഷപ്പെടുന്നു.

**“അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പു മൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്. വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തംമൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു.”**

**റോമർ 3 : 24, 25**

**“മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനെയും ഉയർത്തേണ്ടതാകുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിനു തന്നേ”** **യോഹന്നാൻ 3 : 14, 15**

സ്നേഹിതരേ, ഗോഗുൽത്തായിൽ ഉയർത്തിയിരിക്കുന്ന സ്വർഗ്ഗീയ പിച്ചളസർപ്പത്തെ നിങ്ങൾ നോക്കൂ. ഗോഗുൽത്തായിൽ ഉയർത്തിയിരിക്കുന്ന ഊനമില്ലാത്ത കുഞ്ഞാടിന്റെ യാഗത്തെ നിങ്ങൾ നോക്കൂ. ഗോഗുൽത്തായിലെ കുരിശിൽ മൂന്നാണിയിൽ തൂങ്ങിക്കിടന്നു പിടയുന്ന യേശുവിനെ നിങ്ങൾ നോക്കൂ. എനിക്ക് ദാഹിക്കുന്നു എന്നു പറഞ്ഞുകൊണ്ട് ക്രൂശിന്മേൽ കിടക്കുന്ന യേശുവിനെ നിങ്ങൾ നോക്കൂ.

മകനേ, നിന്റെ പാപത്തിന്റെ ബാധകൾ മാറുവാൻ യാതൊരു പുണ്യപ്രവൃത്തിയും അല്ല ചെയ്യേണ്ടത്. യേശുവിനെ

നോക്കൂ, ക്രിസ്തുവിന്റെ രക്തം നിനക്ക് മോചനം തരും. വന്നുപോയ പാപങ്ങൾ യേശുവിനോട് നീ ഏറ്റു പറയൂ. ഇനിമേൽ പാപമില്ലാത്ത ജീവിതം നയിക്കുവാൻ എന്റെ ശരീരം ഞാൻ ഇതാ, സമർപ്പിക്കുന്നു. ഞാൻ എന്നെത്തന്നെ യാഗമായി അർപ്പണം ചെയ്യുന്നു.

എന്റെ ദേഹവും ദേഹിയും ആത്മാവും എന്റെ കരുണയുള്ള യേശുവിന്റെ കുരിശിന്റെ ചുവട്ടിൽ യാഗമായി അർപ്പണം ചെയ്യുന്നു. ഇനിമേൽ ഞാനല്ല, യേശുവാണ് എന്നിൽ ജീവിക്കുന്നത്. ഇതുവരെയും പിശാച് പന്താടിയ ജീവിതം നിന്റെ കരങ്ങളിലേക്ക് ഞാൻ തരികയാണ്. ഇതുവരെ പാപത്തിന് അടിമപ്പെട്ടിരുന്ന ശരീരം നിന്റെ കരങ്ങളിലേക്കു തരികയാണ്.

വൈരാഗ്യവും കോപവും വാശിയും ഉണ്ടായിരുന്ന ഹൃദയം ഞാൻ ഇതാ, നിന്റെ കൈയിലേക്ക് തരികയാണ്. എന്നെ നീ കഴുകണമേ. തിരുരക്തത്തിന്റെ മുദ്രയണിയിക്കണമേ. തിരുരക്തത്താൽ എന്നെ പൊതിയണമേ.

നിങ്ങളെത്തന്നെ സമർപ്പിക്കുവിൻ. യേശുവിനോട് വാക്കു പറയുവിൻ. എന്റെ യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക. എന്റെ യേശുവേ, ഇന്നു മുതൽ ഞാൻ നിനക്കായി ജീവിക്കും. ഇന്നുമുതൽ ഞാൻ ഒരു പുതിയ സൃഷ്ടി. ദൈവത്തോട് വാക്കുപറയുവിൻ. ജീവിതം സമർപ്പിക്കുവിൻ. പാപമോചനത്തിന്റെ സൗഖ്യം അനുഭവിപ്പിൻ. കുടുംബ സമാധാനം അനുഭവിപ്പിൻ. പുതിയ ജീവിതം തുടങ്ങുവിൻ.

# ആറ്

**"യഹോവ സൗരഭ്യവാസന മണത്തപ്പോൾ യഹോവ തന്റെ ഹൃദയത്തിൽ അരുളിച്ചെയ്തത്: ഞാൻ മനുഷ്യന്റെ നിമിത്തം ഇനി ഭൂമിയെ ശപിക്കയില്ല. മനുഷ്യന്റെ മനോനിരൂപണം ബാല്യം മുതൽ ദോഷമുള്ളത് ആകുന്നു; ഞാൻ ചെയ്തതുപോലെ സകല ജീവികളെയും ഇനി നശിപ്പിക്കയില്ല." ഉല്പത്തി 8 : 21**

ജലപ്രളയം കഴിഞ്ഞ് നോഹയും കുടുംബവും പെട്ടകത്തിൽ നിന്ന് പുറത്തുവന്നു. സൗരഭ്യവാസനയുള്ള, സുഗന്ധവാസന യുള്ള യാഗമർപ്പിച്ചു.

മനുഷ്യന്റെ മനോനിരൂപണം ബാല്യം മുതൽ ദോഷമുള്ളതാകുന്നു. മനുഷ്യന്റെ ജീവിതത്തിൽ ഇനിയും പാപമുണ്ട്. മനുഷ്യന് പാപം ചെയ്യാനേ സാധിക്കുകയുള്ളൂ. മനസ്സിലെ വിചാരമൊക്കെയും പാപമാണ്. മനസ്സിലെ ചിന്താഗതികൾ പാപമാണ്. പക്ഷേ, ദൈവം പറയുന്നു: "ജലപ്രളയത്തിൽ ലോകമെമ്പാടുമുള്ള സകല മനുഷ്യരും നശിച്ചതുപോലെ ഇനി ഞാൻ മനുഷ്യനെ ഒന്നടങ്കം നശിപ്പിക്കു കയില്ല." ദൈവത്തിന്റെ അഗാധമായ വാത്സല്യമാണ് ഈ വാക്യത്തിൽ നാം കാണുന്നത്. ആഴമേറിയ സ്നേഹത്തോടെ ദൈവം ഒരു ഉടമ്പടി ചെയ്യുകയാണ്.

യഹോവയായ ദൈവം മനുഷ്യനോട് നിയമം ചെയ്യുന്നതായി 9-ാം അദ്ധ്യായത്തിൽ കാണുന്നു. ഇവിടെ ദൈവം തന്റെ ഹൃദയത്തിൽ അരുളിച്ചെയ്തു എന്നാണ് കാണുന്നത്.

ദൈവത്തിന് ഒരു വ്യക്തിത്വമുണ്ട്, ദൈവത്തിന് ഒരു ആളത്വമുണ്ട്. ദൈവത്തിന് ഹൃദയത്തിൽ വികാരങ്ങളുണ്ട്. സ്നേഹവികാരമുണ്ട്. വാത്സല്യ വികാരമുണ്ട്. കരുണയുടെ വികാരമുണ്ട്. ദയാവായ്പ്പിന്റെ വികാരമുണ്ട്. മനുഷ്യന്റെ വേദന കണ്ടുള്ള ആർദ്രതയുടെ വികാരമുണ്ട്. ദൈവം, വികാരമുള്ള, ഹൃദയമുള്ള ഒരു വ്യക്തിത്വമാണ്.

ഉല്പത്തി പുസ്തകം മൂന്നാം അദ്ധ്യായം വായിക്കുമ്പോൾ മനുഷ്യന്റെ നിമിത്തം ദൈവം ഭൂമിയെ ശപിച്ചു എന്നു കാണാം. മനുഷ്യന്റെ പാപം എത്രയും വലുതായിരുന്നു. മനുഷ്യൻ ദൈവത്തിന്റെ വചനം ധിക്കരിച്ചു എന്നതായിരുന്നു മനുഷ്യന്റെ പാപം. ദൈവത്തിന്റെ വചനത്തെ അനുസരിച്ചില്ല എന്നുള്ളതായിരുന്നു മനുഷ്യന്റെ പാപം.

ആദാം ദൈവത്തിന്റെ കല്പന ലംഘിച്ചു. ദൈവം കൊടുത്ത വചനത്തെ മാനിച്ചില്ല. വചനത്തെ വളച്ചൊടിച്ചു. വചനത്തെ വളച്ചൊടിക്കുന്നതിന് സഹായിയായി വേറൊരു വചനം ആദാമിന് ലഭിച്ചു. അത് പിശാചിന്റെ വായിൽ നിന്നായിരുന്നു. പിശാച് കൊടുത്ത ആ വചനം മനുഷ്യനെ തെറ്റിച്ചു കളഞ്ഞു. ആ വചനത്തെ മനുഷ്യൻ സ്വീകരിച്ചു.

ദൈവം കൊടുത്ത വചനത്തെ വളച്ചൊടിക്കുന്ന വചനമാണ് പിശാച് കൊടുത്തത്. എക്കാലത്തും പിശാച് ചെയ്യുന്ന തന്ത്രമാണിത്. ദൈവത്തിന്റെ വചനത്തിൽ മായം കലർത്തുക എന്നതാണ് പിശാചിന്റെ തന്ത്രം.

**"മനുഷ്യനോട് കല്പിച്ചതോ: നീ നിന്റെ ഭാര്യയുടെ വാക്ക് അനുസരിക്കയും തിന്നരുതെന്നു ഞാൻ കല്പിച്ച വൃക്ഷഫലം തിന്നുകയും ചെയ്തതുകൊണ്ട് നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു." ഉല്പത്തി 3 : 17**

നിന്റെ ഭാര്യയുടെ ഹിതത്തിനു വിധേയപ്പെട്ട് എന്റെ വചനത്തെ നീ ധിക്കരിച്ചു. എന്റെ വചനത്തെ നീ ലംഘിച്ചു. അതുകൊണ്ട് നീ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു. വളരെ

ദൂരവ്യാപകമായ, വർഷങ്ങളോളം, കർത്താവായ യേശുവിന്റെ വരവോളം നിലനിന്ന ഒരു വലിയ ശാപമായിരുന്നു അത്.

യേശുക്രിസ്തുവിന്റെ വരവോടുകൂടിയാണ് ആ ശാപത്തിന് മോചനം കിട്ടിയത്. ക്രിസ്തു ആ ശാപം ഏറ്റെടുത്തു! ഭൂമിയുടെ ശാപം ഏറ്റെടുത്തു! മനുഷ്യന്റെ ശാപം ഏറ്റെടുത്തു! ദൈവത്തിന്റെ മഹത്വമുള്ള വചനത്തെ ഒന്നാമത്തെ മനുഷ്യൻ ധിക്കരിച്ചതു കൊണ്ട്, ഏക മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നു.

രണ്ടാമത്തെ ആദാം ദൈവത്തിന്റെ വചനം അനുസരിച്ചു. രണ്ടാമത്തെ ആദാമായ യേശുക്രിസ്തു വചനം അനുസരിച്ച് തന്നത്താൻ യാഗമായിത്തീരുവാൻ തയ്യാറായി. അങ്ങനെ ദൈവത്തിന്റെ ഹൃദയം തണുത്തു. ദൈവത്തിന്റെ ഹൃദയത്തിന്റെ വേദനയാറി.

നാം മനസ്സിലാക്കുന്ന സത്യങ്ങൾ പെട്ടെന്ന് നമ്മുടെ ബുദ്ധിയിൽ തെളിഞ്ഞു എന്നു വരികയില്ല. ആത്മാവിലാണ് ഇത് ഗ്രഹിക്കേണ്ടത്. അറിവുകൊണ്ട് ഇത് മനസ്സിലാവുകയില്ല. ദൈവത്തിന്റെ കോപം തണുത്തു എന്ന് പറയുന്നത് നമുക്ക് മനസ്സിലാക്കാൻ കഴിയുന്ന കാര്യങ്ങളല്ല. നമ്മുടെ സാധാരണ മനുഷ്യഹൃദയത്തിന് ഇത് ഉൾക്കൊള്ളാൻ കഴിയുകയില്ല.

ജീവനുള്ള ദൈവം, സ്നേഹവാനായ ദൈവം, പിടഞ്ഞു വേദനിക്കുന്ന അവസ്ഥയിൽ നൂറ്റാണ്ടുകൾ കാത്തിരിക്കുകയായിരുന്നു. മനുഷ്യന്റെ വീണ്ടെടുപ്പും ഭൂമിയുടെ ശാപം മാറുക എന്നതും ദൈവം ആശയോടെ കാത്തിരിക്കുകയായിരുന്നു. ആദാം ചെയ്ത പാപം മൂലം മനുഷ്യജാതി പാപത്തിനും ശാപത്തിനും അടിമയായിത്തീർന്നു. ആദാം ചെയ്ത പാപം മൂലം ഭൂമി ശാപത്തിന് വിധേയമായിത്തീർന്നു.

എന്നാൽ അന്ന് ഭൂമി ശപിക്കപ്പെട്ടതിനു ശേഷം നോഹയുടെ കാലത്തെ പ്രളയം കഴിഞ്ഞ്, നോഹ കഴിച്ച യാഗംമൂലം ദൈവത്തിന് മനുഷ്യനോട് ആർദ്രത തോന്നി. മനുഷ്യനോട്

മനസ്സലിവ് തോന്നി.

**“നോഹ യഹോവയ്ക്ക് ഒരു യാഗപീഠം പണിതു, ശുദ്ധിയുള്ള സകല മൃഗങ്ങളിലും ശുദ്ധിയുള്ള എല്ലാ പറവകളിലും ചിലത് എടുത്തു യാഗപീഠത്തിന്മേൽ ഹോമയാഗം അർപ്പിച്ചു.”**

**ഉല്പത്തി 8 : 20**

യാഗം അർപ്പിച്ചു! യാഗംമൂലം മാത്രമേ ദൈവത്തിന് പ്രസാദം വരികയുള്ളൂ. നമ്മിൽ ദൈവം പ്രസാദിക്കണമെങ്കിൽ നാം നമ്മെത്തന്നെ യാഗമായി അർപ്പിക്കണം. കർത്താവായ യേശുക്രിസ്തു സൗരഭ്യവാസനയുള്ള യാഗമായി അർപ്പിച്ചതു പോലെ നാം നമ്മെത്തന്നെ യാഗമായി അർപ്പിക്കണം.

എന്റേതെന്ന് ഒന്നും ബാക്കിവയ്ക്കാതെ എല്ലാം ക്രിസ്തുവിന് കൊടുക്കുവാൻ നാം തയ്യാറാകുമ്പോഴാണ് ദൈവത്തിന്റെ പ്രസാദം നമ്മിലേക്ക് വരുന്നത്. നോഹ യാഗമർപ്പിച്ചു. അത് ഒരു മുൻകുറിയാണ്. അതൊരു നിഴലാണ്. അതൊരു symbol ആണ്.

വരുംകാലങ്ങളിൽ കർത്താവായ യേശു തന്നെത്തന്നെ സൗരഭ്യവാസനയുള്ള യാഗമായി അർപ്പിക്കുന്നതിന്റെ മുൻകുറിയായാണ് നോഹ ഈ യാഗം അർപ്പിച്ചത്. ഹാബേലിന്റെ ബലി ജീവനുള്ള ക്രിസ്തുവിന്റെ യാഗത്തിന്റെ മുൻകുറിയാണ്. അതിനെത്തുടർന്ന് ശേത്തിന്റെ കാലത്ത് ആരാധന തുടങ്ങി. ആരാധന യാഗമാണ്.

നിങ്ങൾ അനേകംപേർ ജീവിതം ക്രിസ്തുവിനായി സമർപ്പിച്ചവരാണ്. ക്രിസ്തുവിനോട് വാക്കു പറഞ്ഞവരാണ്. എന്നെത്തന്നെ ക്രിസ്തുവിനു കൊടുത്തു എന്നു പറഞ്ഞെങ്കിലും ഇനിയും എന്തെങ്കിലും കൊടുക്കേണ്ടതുണ്ടോ? ഒരു സമ്പൂർണ്ണയാഗമായി എന്റെ സമർപ്പണം തീർന്നുവോ?

അനേകമനേകം വിശുദ്ധന്മാർ തങ്ങളെത്തന്നെ യാഗമായി സമർപ്പിച്ചു. വിശുദ്ധന്മാരുടെ രക്തമാണ് സഭയുടെ വളമായി

തീർന്നത്. രക്തസാക്ഷികളുടെ രക്തമാണ് സഭ വളരുന്നതിന് കാരണമായിത്തീർന്നത്. അനേകർ ജീവൻ ബലി അർപ്പിച്ചു. നാമാരും ജീവൻ ബലി അർപ്പിച്ചവരല്ല. നാമാരും ജീവിതം മുഴുവനായി കർത്താവിന് കൊടുത്തവരല്ല.

എന്നാൽ പ്രിയപ്പെട്ടവരേ, നിങ്ങളുടെ ഹൃദയത്തിന്റെ സമർപ്പണം എങ്ങനെയിരിക്കുന്നു? മുഴുവനായി ക്രിസ്തുവിന് കൊടുത്തു എന്ന് നിങ്ങൾക്ക് ഉറപ്പുണ്ടോ? ഇനി എന്റെയൊരു ഭാവിയില്ല. എന്റെയൊരു ഇഷ്ടമില്ല. എന്റെയൊരു പദ്ധതിയില്ല. എന്റെയൊരു ശുശ്രൂഷയില്ല. എന്റെയൊരു ആത്മീയമില്ല.

ഇങ്ങനെ ആത്മികവും ഭൗതികവുമായ സകല കാര്യങ്ങളും ക്രിസ്തുവിന് കൈമാറിയെന്ന ഉറപ്പ് നിങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ? അതില്ലെങ്കിൽ നമ്മുടെ ക്രിസ്തീയജീവിതം ദരിദ്രമാണ് എന്ന് പറയേണ്ടിയിരിക്കുന്നു. നിങ്ങളുടെ ആത്മീയ ജീവിതം ശരിയായ രീതിയിൽ ആയിട്ടില്ല.

എനിക്ക് സ്വന്തം പേരില്ല, പ്രശസ്തിയില്ല, സ്വന്തം ഭാവിയില്ല. എന്റേത് മുഴുവൻ ക്രിസ്തുവിന് കൊടുത്തു എന്ന ഉറപ്പ് നിങ്ങൾക്ക് കിട്ടിയാൽ നിങ്ങളുടെ പാപങ്ങളെല്ലാം ക്ഷമിക്കപ്പെട്ടുവെന്ന് ധൈര്യമായി നിങ്ങൾക്ക് ക്രിസ്തുവിനെ സ്തുതിക്കാം.

ഏതെല്ലാം പാപങ്ങളാണ് നമുക്ക് വന്നത്? തീർച്ചയായും പാപങ്ങൾ പലരേയും വേട്ടയാടുന്നുണ്ട്. പാപത്തിന്റെ പല ശാപങ്ങളും നമ്മുടെ പിന്നാലെ വരുന്നുണ്ട്. പല ചെയ്തി കളിലും പല തിന്മകളും നമുക്കു വന്നിട്ടുണ്ട്. പല വാക്കുകളിലും കോട്ടങ്ങൾ വന്നിട്ടുണ്ട്. ഒരിക്കലും സംഭവിക്കരുതാത്ത പലതും നമ്മുടെ ജീവിതത്തിൽ സംഭവിച്ചു പോയിട്ടുണ്ട്. എന്നാൽ പ്രിയപ്പെട്ടവരേ, അതിനെ ഓർത്തൊന്നും നിങ്ങൾ നിരാശപ്പെടേണ്ട.

എന്റെ ജീവിതത്തിൽ അനേകം പാപങ്ങൾ വന്നുപോയല്ലോ എന്ന് നിങ്ങൾ അല്പംപോലും തളർന്നുപോകേണ്ട. നിരാശപ്പെട്ടു

പോകേണ്ട. മ്ലാനവദനരായിരിക്കേണ്ട. വാടിയിരിക്കേണ്ട. നിങ്ങൾ ഒരു കാര്യം മാത്രം ചെയ്യണം. ക്രിസ്തുവിന്റെ തിരുരക്തം നിങ്ങളെ മുഴുവനായും കഴുകും, സംശയമില്ല. ഒരു സമ്പൂർണ്ണ വിശുദ്ധീകരണം നിങ്ങൾക്ക് തരും. കഴിഞ്ഞകാലം മുഴുവനും എല്ലാം സ്വച്ഛമാക്കി, സുന്ദരമാക്കി കർത്താവ് കഴുകിത്തരും.

എന്താണ് ചെയ്യേണ്ടത്? എന്നെത്തന്നെ സമ്പൂർണ്ണ യാഗമായി സമർപ്പിക്കുക.

സെന്റ് പോൾ കൊടുത്തു എന്നു പറയുന്നതുപോലെ, എന്നെത്തന്നെ ഞാൻ കൊടുത്തു, സാധു സുന്ദർസിംഗ്, സി.റ്റി. സ്റ്റഡ്, അഡോണിറാം ജഡ്സൺ, ജോൺ വെസ്ലി, വില്യം കേറി മുതലായ ശ്രേഷ്ഠർ തങ്ങളെത്തന്നെ ക്രിസ്തുവിന് കൊടുത്തതുപോലെ ഞാനും കൊടുത്തു എന്ന ഉറപ്പ് വേണം. പുണ്യവാന്മാരായ പരിശുദ്ധ പിതാക്കന്മാർ തങ്ങളെത്തന്നെ ക്രിസ്തുവിന് കൊടുത്തതുപോലെ എന്നെത്തന്നെ മുഴുവനായി ക്രിസ്തുവിനുവേണ്ടി കൊടുത്തു എന്ന ഉറപ്പ് നിങ്ങൾക്ക് വന്നിട്ടുണ്ടോ? ഈ പ്രാഗത്ഭ്യം നിങ്ങൾ നേടിയിട്ടുണ്ടോ? അതാണ് സംഭവിക്കേണ്ടത്.

ഒരു ഉദാഹരണം പറയാം. നിങ്ങൾ നിങ്ങളുടെ വീട്ടിൽ നിന്ന് പത്തോ അമ്പതോ മൈൽ അകലെയുള്ള ഒരിടത്തേക്ക് യാത്ര ചെയ്യുന്നു. എന്തെല്ലാമോ കാര്യങ്ങൾ സാധിക്കാനുണ്ട്. സിറ്റിയിൽ ചെന്ന് നിങ്ങൾ ഓഫീസിലോ കടയിലോ ഒക്കെ ബദ്ധപ്പാടോടെ ഓടി നടന്നു. ഉച്ചയ്ക്ക് ഊണ് കഴിക്കേണ്ട കാര്യം ഓർത്തില്ല, സമയവുമുണ്ടായില്ല. വൈകുന്നേരമായി.

ഒരു ചായ കുടിച്ചിട്ട് മടങ്ങാമെന്നു കരുതി ഒരു നല്ല ഹോട്ടലിൽ കയറി. എല്ലാം നന്നായി സജ്ജീകരിച്ചിരിക്കുന്ന ഹോട്ടൽ. വെയ്റ്റർ വന്ന് എന്താണ് വേണ്ടതെന്നു ചോദിച്ചു. ഒരു കപ്പ് ചായയും കഴിക്കാൻ ഒരു കഷണം ഹൽവയും മതി; നിങ്ങൾ പറഞ്ഞു.

വെയ്റ്റർ ചായ ഓർഡർ ചെയ്തിട്ട് നല്ല മനോഹരമായ പ്ലേറ്റിൽ ഹൽവ കൊണ്ടുവന്നു വച്ചു. നിങ്ങൾ അറിയാതെ ആ കൈയിലേക്ക് നോക്കി. അത് കൊണ്ടുവച്ച ആളുടെ കൈയിൽ വ്രണങ്ങളുണ്ട്. ആ വ്രണങ്ങളിൽ നിന്ന് ചലം ഒലിച്ച് ഈ സോസറിന്റെ അരികത്ത് അല്പം പുരണ്ടിട്ടുണ്ട്. ഹൽവായിൽ പുരണ്ടിട്ടില്ല. അത് കൊണ്ടുവച്ചെങ്കിലും നിങ്ങൾ കഴിക്കുകയില്ല.

ഹൽവയിൽ പുരണ്ടില്ലെങ്കിലും അത് കൊണ്ടുവച്ച കൈകൾ അഴുക്കുള്ളതാണ്, അതിൽ അശുദ്ധിയുണ്ട്. നിങ്ങൾ ഒന്നും പറഞ്ഞില്ല. പെട്ടെന്ന് രൂപ കൊടുത്തു അവിടെ നിന്നിറങ്ങി. അതിൽ തൊട്ടില്ല. ഇതൊരു സാധാരണ സംഭവം. നിങ്ങൾക്ക് മനസ്സിലാകുന്നതാണ്.

എന്തുകൊണ്ടാണ് അതു കഴിക്കാതിരുന്നത്? ഹൽവ നല്ലതാണ്, പ്ലേറ്റ് നല്ലതാണ്. ഇരുന്ന കസേരയും മേശയും നല്ലതാണ്. എല്ലാം നല്ലത്. പക്ഷേ, കൊണ്ടുവന്നുവച്ച കൈകൾ അഴുക്കുള്ളതാണ്. നാം ദൈവത്തിന് കൊടുക്കുമ്പോൾ നമ്മുടെ കൈകൾ ശുദ്ധമായിരിക്കണം. നമ്മുടെ കൈകൾ നിർമ്മലമായിരിക്കണം. നമ്മുടെ ഉദ്ദേശ്യം ശുദ്ധമായിരിക്കണം.

എന്റെ ജീവിതം വിശുദ്ധമാണോ? ക്രിസ്തുവിന് ഞാൻ കൊടുക്കുന്നത് നിഷ്ക്കളങ്ക ഹൃദയത്തോടെയാണോ? മനുഷ്യൻ പുറമേയുള്ളതു നോക്കുന്നു, യഹോവയോ ഹൃദയങ്ങളെ നോക്കുന്നു. എനിക്ക് എന്തെങ്കിലും സ്വാർത്ഥ താല്പര്യമുണ്ടോ, എങ്കിൽ ദൈവം പ്രസാദിക്കയില്ല. എനിക്ക് എന്തെങ്കിലും പ്രശംസയുണ്ടെങ്കിൽ ദൈവം പ്രസാദിക്കയില്ല. എനിക്ക് എന്തെങ്കിലും ന്യായീകരണമുണ്ടെങ്കിൽ ദൈവം പ്രസാദിക്കയില്ല.

ഞാൻ കൊടുക്കുന്ന വസ്തുവിൽ എനിക്ക് എന്തെങ്കിലും ദുഷ്ടലാക്കുണ്ടെങ്കിൽ ദൈവം പ്രസാദിക്കയില്ല. ദൈവം പ്രസാദിക്കണമെങ്കിൽ വിശുദ്ധകരംകൊണ്ട് സമർപ്പിക്കണം. നമ്മുടെ ജീവിതം വിശുദ്ധമാക്കി നമ്മൾ സമർപ്പിക്കുമ്പോൾ,

ദൈവം അതിൽ പ്രസാദിക്കും. അതാണ് യഹോവ സൗരഭ്യ വാസന മണത്തപ്പോൾ ദൈവം സന്തോഷിച്ചു എന്ന് പറയുന്നത്.

മനുഷ്യന്റെ മേലുള്ള ശാപം മാറി. ദൈവം പറയുന്നു: “ഇനി ഞാൻ ഒന്നടങ്കം മനുഷ്യനെ നശിപ്പിക്കയില്ല.” ഒരിക്കൽ പറഞ്ഞു, ഭൂമി ശപിക്കപ്പെട്ടു എന്ന്. എന്നാൽ ഇപ്പോൾ പറയുന്നു, ഒരുമിച്ച് എല്ലാവരേയും നശിപ്പിക്കയില്ല എന്ന്. കാര്യം എന്താണ്? നോഹ കൊടുത്ത യാഗത്തിൽ ദൈവത്തിന്റെ ഉള്ളം പ്രസാദിച്ചു.

നിങ്ങൾ കോപിച്ച് ജ്വലിച്ച് എന്തെങ്കിലും സംസാരിച്ചു പോയിട്ടുണ്ടോ? നിങ്ങളുടെ ജീവിതം സ്നേഹം നിറഞ്ഞതായി രുന്നുവോ? പരസ്പരം സ്നേഹത്താൽ നിറഞ്ഞിട്ടുണ്ടോ? നിങ്ങൾക്ക് തമ്മിൽത്തമ്മിൽ സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരെന്ന് എല്ലാവരും അറിയും. അകന്നുപോയവർ അടുക്കണമെന്നു തോന്നിയിട്ടുണ്ടോ? ഭിന്നിച്ചുപോയവർ ഒന്നിക്കണമെന്നു തോന്നിയിട്ടുണ്ടോ?

ആരെങ്കിലും നിങ്ങളോട് തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ അവരോട് ക്ഷമിക്കണമെന്നു തോന്നിയിട്ടുണ്ടോ? ഇന്നും ക്ഷമിക്കാൻ മനസ്സില്ലാതെയാണോ ഇരിക്കുന്നത്? ഇന്നും ആരോടെങ്കിലും പകയും വിദ്വേഷവും കുമിഞ്ഞു കൂടിയിരി ക്കുന്നുവോ? എങ്കിൽ നിങ്ങൾ സമർപ്പിക്കുന്നത് ദൈവം കൈക്കൊള്ളുകയില്ല.

എല്ലാം ക്ഷമിച്ചു തരും, ഒരു കാര്യം ചെയ്യണം: കർത്താവേ, എനിക്ക് മറ്റൊന്നും അറിഞ്ഞുകൂടാ. പാപം നിറഞ്ഞ ജീവിതം സമർപ്പിച്ചാൽ നീ കൈക്കൊള്ളും എന്നെനിക്കറിയാം. നാഥാ, ശുദ്ധോദ്ദേശ്യത്തോടെ, എന്നെ സ്നേഹിച്ച യേശുവിനായി എന്റെ ഹൃദയമിതാ വച്ചു തരുന്നു. എനിക്കുവേണ്ടി തിരുരക്തം ചിന്തി ക്രൂശിൽ മരിച്ച രക്ഷകനു വേണ്ടി ഞാൻ ഇതാ, എന്റെ ജീവിതം സമർപ്പിക്കുന്നു.

അങ്ങനെ നിങ്ങൾ സമർപ്പിക്കുമ്പോൾ സകല പാപങ്ങളും

ക്ഷമിക്കപ്പെടും. സകല ശാപങ്ങളും മാറും. ദൈവത്തിന്റെ ഉള്ളം പ്രസാദിക്കും. ദൈവം നിങ്ങളിൽ മനസ്സലിഞ്ഞ് തന്റെ അനുഗ്രഹം പകരും. നിങ്ങൾക്കുവേണ്ടേ പാപമോചനം? നിങ്ങൾക്കുവേണ്ടേ ശാപങ്ങൾ മാറിക്കിട്ടുന്ന അനുഭവം? കുടുംബത്തിലെ ദോഷങ്ങൾ മാറിക്കിട്ടണ്ടേ? നിങ്ങൾക്ക് ശോഭനമായ ഭാവി വേണ്ടേ?

ജീവിതത്തിൽ ഐശ്വര്യവും നല്ല കാലവും വേണ്ടേ? നല്ല നാളുകൾ. വേണം! എന്നാൽ ഇപ്പോൾ യേശുവിനോടു പറയൂ: യേശുവേ, ഈ ഭൗതിക ജീവിതത്തിൽ തന്നെ സൗഖ്യവും സമാധാനവും തരുന്ന യേശുവിന്റെ പാദപീഠത്തിലേക്ക് എന്റെ ജീവിതം ഞാൻ സമർപ്പിക്കുന്നു. ഈ ഭൗതികജീവിതത്തിനു ശേഷം നിത്യജീവൻ തരുവാൻ കഴിവുള്ള ക്രിസ്തുവിന്റെ പാദത്തിൽ ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു.

എന്റെ ദേഹവും ദേഹിയും ആത്മാവും സമ്പൂർണ്ണ യാഗമായി സമർപ്പിക്കുന്നു. നിന്റെ കരം എന്റെ മേൽ വയ്ക്കണമേ. നിന്റെ ആണിപ്പാടുള്ള കരം എന്റെ ശിരസ്സിൽ വയ്ക്കണമേ. എന്നെ തലോടണമേ, എന്നെ കഴുകണമേ, എന്നെ വിശുദ്ധീ കരിക്കണമേ, തിരുരക്തത്താൽ എന്നെ മുദ്രയിടണമേ.

നാഥാ, ഇന്നുമുതൽ ഞാൻ നിന്റെ വക. യേശുവേ, നീ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതിനാൽ ഇന്നുമുതൽ ഞാൻ നിനക്കായി ജീവിക്കും. സമർപ്പിക്കുവിൻ. ക്രിസ്തുവിന്റെ കരങ്ങളിലേക്ക് കൊടുക്കുവിൻ. പുതിയ തീരുമാനമെടുക്കുവിൻ. യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക.

## ഏഴ്

**“എന്നാൽ ഞങ്ങൾ ഇങ്ങനെ ഇത്ര മന:പൂർവ്വമായി ദാനം ചെയ്യേണ്ടതിന്ന് പ്രാപ്തരാകുവാൻ ഞാൻ ആർ? എന്റെ ജനവും എന്തുള്ളൂ? സകലവും നിങ്കൽനിന്നല്ലോ വരുന്നത്; നിന്റെ കൈയിൽനിന്നു വാങ്ങി ഞങ്ങൾ നിനക്കു തന്നതേയുള്ളൂ.” 1 ദിനവൃത്താന്തം 29 : 14**

നോഹ യാഗം അർപ്പിച്ചു എന്നു നമ്മൾ പഠിച്ചു. എന്താണ് യാഗം അർപ്പിക്കുക എന്നു പറയുന്നത്? “നിന്റെ കൈയിൽ നിന്ന് വാങ്ങി ഞങ്ങൾ നിനക്ക് തന്നതേയുള്ളൂ.”

എന്റെ ദൈവമേ, എന്ന് വിളിക്കാൻ കഴിയുന്നത് ഒരു അത്ഭുതകൃപയാണ്. എന്റെ കർത്താവേ, എന്ന് ഹൃദയത്തിൽ നിന്നു പറയാൻ കഴിയുന്നത് ഒരത്ഭുത കൃപയാണ്. എന്റെ പാപം ക്ഷമിച്ചു തരണമേ എന്നു പ്രാർത്ഥിക്കാൻ കഴിയുന്നത് ഒരത്ഭുത കൃപയാണ്.

പാപബോധം കിട്ടുന്നത് കൃപയാണ്. കുറ്റബോധം കിട്ടുന്നത് കൃപയാണ്. സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരാൻ കഴിയുകയില്ല എന്ന് കർത്താവ് പറഞ്ഞു. സ്നേഹിതരേ, നിങ്ങൾ ഇന്ന് ഇതു വായിക്കുന്നുവെങ്കിൽ ദൈവത്തിന്റെ ഒരു ആകർഷണം നിങ്ങളുടെമേൽ ഉണ്ട്.

ദൈവത്തിന്റെ ആകർഷണം ഉള്ളതുകൊണ്ടാണ് ഈ വചനം വായിക്കുവാൻ നിങ്ങൾക്ക് ആഗ്രഹം വരുന്നത്. എത്രയോപേർ ഇത് അവഗണിച്ചുകളയുന്നു! എത്രയോപേർ

വചനത്തെ തള്ളിക്കളയുന്നു! ചവിട്ടിക്കളയുന്നു! വചനത്തെ നിരസിച്ചു കളയുന്നു!

വചനം നിങ്ങളെ സ്പർശിക്കുന്നത് അനുഭവിക്കാൻ നിങ്ങൾക്കിടയായി. വചനത്തിന്റെ തീ നിങ്ങളുടെ ഹൃദയത്തെ തൊട്ടത് അനുഭവിക്കാൻ ഇടയായി. വചനത്തിന്റെ തീ കൊണ്ട് ഹൃദയം ചൂടുപിടിച്ച, ഉള്ള് തിളച്ച അനുഭവം നിങ്ങൾക്കുണ്ട്.

അതെല്ലാം ദൈവത്തിന്റെ കൃപകളാണ്, അനുഗ്രഹങ്ങളാണ്.

**"ആ സമയത്തു തന്നേ യേശു പറഞ്ഞത്: പിതാവേ, സ്വർഗ്ഗത്തിന്നും ഭൂമിക്കും കർത്താവായുള്ളോവേ, നീ ഇത് ജ്ഞാനികൾക്കും വിവേകികൾക്കും മറച്ച് ശിശുക്കൾക്കു വെളിപ്പെടുത്തിയതുകൊണ്ട് ഞാൻ നിന്നെ വാഴ്ത്തുന്നു. അതേ, പിതാവേ, ഇങ്ങനെയല്ലോ നിനക്ക് പ്രസാദം തോന്നിയത്."**

**മത്തായി 11 : 25, 26**

ശിശുക്കൾക്കു വെളിപ്പെട്ടുകിട്ടിയ മർമ്മം ബുദ്ധിമാന്മാർക്ക് വെളിപ്പെട്ടു കിട്ടണമെന്നില്ല. ജ്ഞാനികൾക്ക് വെളിപ്പെട്ടു കിട്ടണമെന്നില്ല. എട്ടും പൊട്ടും തിരിയാത്തവർക്ക്, അക്ഷരാഭ്യാസമില്ലാത്തവർക്ക്, നിരക്ഷരകുക്ഷികൾക്ക് ഈ അത്ഭുത രഹസ്യം വെളിപ്പെട്ടു കിട്ടുകയാണ്.

ഈ വലിയ ആകർഷണം അവർക്ക് കിട്ടുകയാണ്. അവർ ക്രിസ്തുവിനെ സ്വീകരിക്കുകയാണ്. അവർക്ക് മാനസാന്തരം കിട്ടുകയാണ്.

എന്താണ് സമർപ്പിക്കുക എന്നു പറയുന്നത്? നിന്റെ കൈയിൽ നിന്നു വാങ്ങി നിനക്ക് തന്നതേയുള്ളൂ. എല്ലാം ദൈവത്തിന്റേതാണ്. ദൈവം തന്ന അനുഗ്രഹമാണ്. ഒരു കൂട്ടായ്മ തന്നെങ്കിൽ ദൈവം തന്ന അനുഗ്രഹമാണ്. കൂട്ടായ്മയിൽ ജീവന്റെ വചനമുണ്ടെങ്കിൽ ദൈവം തന്നതാണ്. കൂട്ടായ്മയിൽ ആത്മാവിന്റെ വ്യാപാരമുണ്ടെങ്കിൽ അത് ദൈവം തന്നതാണ്. കൂട്ടായ്മക്ക് ശുദ്ധ ലക്ഷ്യമുണ്ടെങ്കിൽ അത് ദൈവം തന്നതാണ്.

സകല അനുഗ്രഹങ്ങളും ക്രിസ്തുവിൽനിന്നു വരുന്നു. എല്ലാ നന്മയും തികഞ്ഞ വരമൊക്കെയും സ്വർഗ്ഗീയ പിതാവിൽ നിന്ന് വരുന്നു.

ഇവിടെ ദാവീദ് പ്രാർത്ഥിക്കുകയാണ്. എന്നാൽ ഞങ്ങൾ ഇങ്ങനെ ഇത്ര മന:പൂർവ്വമായി ദാനം ചെയ്യേണ്ടതിന് പ്രാപ്തരാകുവാൻ ഞാൻ ആർ? എന്നെത്തന്നെ തരുവാൻ, യാഗം അർപ്പിക്കുവാൻ, അതിന് ഒരു ബോധ്യം കിട്ടുവാൻ എനിക്ക് എന്താണ് യോഗ്യത? എനിക്ക് യോഗ്യതയില്ലല്ലോ.

ഞാൻ ആരാണ്? എന്റെ ജനം എന്തുള്ളൂ? എന്റെ പിതൃഗൃഹം എന്തുള്ളൂ? എന്റെ പിതാവ് എങ്ങനെയുള്ള ആൾ? ഒരു സാധുവായ മനുഷ്യൻ. എന്റെ സഹോദരങ്ങൾ എങ്ങനെ യുള്ളത്? പാവപ്പെട്ടവർ. എത്രയോ താണ കുടുംബമാണ് ഞങ്ങളു ടേത്!

യിശ്ശായിയുടെ കുടുംബം പ്രാരബ്ധമുള്ള കുടുംബമാണ്. ദുരിതവും യാതനയുമുള്ള കുടുംബം! കഷ്ടപ്പാടിൽ കിടക്കുന്ന കുടുംബം! മൂത്ത മക്കൾ ശൗൽ രാജാവിന്റെ പട്ടാളത്തിലായതുകൊണ്ട് ഒരു ചെറിയ വരുമാനമുണ്ട്. ഇളയ മകനായ ദാവീദ് ആട് നോട്ടക്കാരനാണ്. ആടുകളുടെ രോമം കത്രിച്ചു കിട്ടുന്നതും പാൽ കറന്നുകിട്ടുന്നതുമാണ് വരുമാനം.

ഇതുകൊണ്ട് എങ്ങനെ ജീവിക്കും? എട്ടു മക്കളുള്ള കുടുംബം. ദാവീദ് പറയുകയാണ്: ഇങ്ങനെയെല്ലാം ദരിദ്രമായ കുടുംബത്തിൽനിന്ന് സാധുവായ എന്നെ നീ വിളിച്ചു. ഒരു യോഗ്യതയുമില്ലാത്ത എന്നെ നിന്റെ മഹത്വമുള്ള സിംഹാസന ത്തിൽ ഇരിക്കുവാൻ യോഗ്യനാക്കിത്തീർത്തു. എന്നെ നീ പേർ ചൊല്ലി വിളിച്ചു. എന്നെ നീ അഭിഷേകം ചെയ്തു.

എന്റെ സഹോദരന്മാർ മാനിച്ചില്ല. എന്റെ അപ്പന് വില തോന്നിയില്ല. എല്ലാവരും ശമൂവേൽ പ്രവാചകന്റെ അടുത്തു പോയപ്പോൾ എന്നെ ആട് നോക്കാൻ വിട്ടു. ബാല്യം മുതൽ

അവഗണിക്കപ്പെട്ടവൻ!

ഇതെല്ലാം നിങ്ങളുടെ ജീവിതത്തോടും ചേർത്തു ചിന്തിക്കാം. ബാല്യം മുതൽ അവഗണിക്കപ്പെട്ടവരാരെങ്കിലും ഇത് വായിക്കുന്നുണ്ടോ? ആർക്കും വേണ്ടാത്തവർ! ആർക്കും സ്നേഹിക്കാനുള്ള യോഗ്യതയില്ലാത്തവർ! ആർക്കും അടുക്കാൻ പറ്റാത്തവർ! ആരെങ്കിലും അടുത്താൽ മുള്ളുകൊള്ളുന്ന പ്രകൃതമുള്ളവർ!

അങ്ങനെ ആയിരുന്നില്ലേ നമ്മിൽ പലരും? നമ്മുടെ വാക്കുകൾ മൂർച്ചയുള്ളതായിരുന്നു. വളരെ ചവർപ്പുള്ള വാക്കുകളായിരുന്നു. നീരസവും കയ്പ്പും അഹങ്കാരവുമുള്ള വാക്കുകളായിരുന്നു. ഏതെല്ലാം അസഭ്യവാക്കുകളാണ് വായിൽ വന്നുകൊണ്ടിരുന്നത്! പുറത്തുപറയാൻ കൊള്ളില്ലാത്ത എന്തെല്ലാമാണ് ജീവിതത്തിൽ സംഭവിച്ചുകൊണ്ടിരുന്നത്?

ദാവീദ് പറയുകയാണ്: ഞാൻ എന്തുള്ളൂ? എല്ലാം നിന്റെ കൃപ. നിന്റെ കൈയിൽ നിന്ന് വാങ്ങി, തിരികെ നിനക്കു തന്നു. എല്ലാം ദൈവത്തിന്റേത്.

ശരിയായ യാഗം ഈ ഒരു ബോധ്യമാണ്. എന്റേതൊന്നുമില്ല. എന്റെ കഴിവുകൊണ്ടല്ല. എന്റെ സാമർത്ഥ്യം കൊണ്ടല്ല. എന്റെ ഒരുക്കം കൊണ്ടല്ല. പ്രാർത്ഥനയുടെ മാഹാത്മ്യം കൊണ്ടല്ല. എന്റെ ജാഗരണത്തിന്റെ മേന്മകൊണ്ടല്ല. എന്നിൽനിന്നു വരാൻ സാധ്യതയുള്ളത് എല്ലാം പാപമാണ്. എന്നിൽനിന്ന് വരാൻ സാധ്യതയുള്ളത് എന്റെ സ്വയത്തിന്റെ കറയുള്ള ചിന്തകളും പ്രവൃത്തികളുമാണ്. എന്നിൽനിന്ന് അതേ വരികയുള്ളൂ.

എന്റെ സ്വയം - self - ആണ് മുന്നിട്ടു നിൽക്കുന്നത്. എന്റെ ego ആണ് മുന്നിട്ടു നിൽക്കുന്നത്. എന്റെ ആത്മീയ ജീവിതത്തിൽ പോലും എന്നെ തകർത്തു കളയുന്ന ഒരു ഭീകര പിശാചുണ്ട്, എന്റെ സ്വയം! ഈ ലോകത്തിൽ വേറെയാരുമല്ല

എന്റെ ശത്രുക്കൾ.

അനേകം പേർ ശത്രുക്കളുണ്ട് എന്ന് ഞാൻ ധരിച്ചിരുന്ന കാലമുണ്ട്. എന്റെ കർത്താവേ, തെറ്റിപ്പോയി. എന്റെ ഏറ്റവും വലിയ ശത്രു ഞാൻ തന്നെയാണ്. എന്റെ മുന്നേറ്റത്തിന് തടസ്സം സൃഷ്ടിക്കുന്നത് എന്റെ self ആണ്. ഒരു 'ഞാൻ' ഉണ്ട് എന്റെയുള്ളിൽ. ഒരു അഹങ്കാരിയുണ്ട് എന്റെയുള്ളിൽ.

ഒരു നിഗളിയും തന്നിഷ്ടക്കാരനുമുണ്ട് എന്റെ ഉള്ളിൽ. സ്വന്തം അഭിപ്രായത്തിൽനിന്ന് മാറാതെ ധാർഷ്ട്യത്തോടെ നിൽക്കുന്ന ഒരു ഭീകരനുണ്ട് എന്റെ ഉള്ളിൽ. അത് ഞാൻ തന്നെയാണ്. ആര് പറഞ്ഞാലും വഴങ്ങാത്ത, ആര് എന്ത് ചെയ്താലും അംഗീകരിക്കാത്ത ഒരു ഹൃദയമുണ്ട് എനിക്ക്.

എന്റെ ജീവിതം self-centered, സ്വയം കേന്ദ്രീകൃതമാണ്. സ്നേഹിതരേ, ചിന്തിക്കൂ. ഇപ്പോൾ നിങ്ങൾ കർത്താവിനോട് പറയണം. ഈ self-centered life ഇപ്പോൾ ഞാൻ വച്ചുമാറുന്നു. ഇത് Christ centered ആകാൻ ഞാൻ വിട്ടു തരുന്നു. ക്രിസ്തു കേന്ദ്രീകൃതമായി തീരുകയാണ്.

ക്രിസ്തുവിന്റെ ഇഷ്ടം എന്താണ്? ക്രിസ്തുവിന്റെ മഹത്വമേതാണ്? എന്റെ ഇഷ്ടം ഞാൻ ഇതാ, താഴെ വയ്ക്കുന്നു. എന്റെ താല്പര്യം ഞാൻ ഇതാ, യാഗമർപ്പിക്കുന്നു. എന്റേതെല്ലാം താഴെ വയ്ക്കുന്നു. യേശുവേ, ഇനി നീ മാത്രം.

ദൈവത്തിന് നമ്മുടേതൊന്നും കൊടുത്തിട്ടുവേണ്ട. ഒരു കാളയെ അർപ്പണം ചെയ്യുക, ആടിനെ ബലി കഴിക്കുക, ഒരു കുറുപ്രാവിനെയോ ചങ്ങാലിയെയോ ബലി കഴിക്കുക. ഇതൊന്നും ദൈവത്തിന് മനുഷ്യൻ കൊടുത്തിട്ടു വേണ്ട.

50-ാം സങ്കീർത്തനത്തിൽ ദൈവം പറയുന്നു: നിങ്ങൾ എന്തെല്ലാമാണ് കൊണ്ടുവരുന്നത്? ഇതെല്ലാം കൊണ്ടുവന്നാൽ എനിക്കു തൃപ്തിയാണെന്നാണോ നിങ്ങൾ ചിന്തിച്ചിരിക്കുന്നത്?

**"യാഗം കഴിച്ച് എന്നോട് നിയമം ചെയ്തവരായ എന്റെ**

**വിശുദ്ധന്മാരെ എന്റെ അടുക്കൽ കൂട്ടുവിൻ. ദൈവം തന്നേ ന്യായാധിപതി ആയിരിക്കയാൽ ആകാശം അവന്റെ നീതിയെ ഘോഷിക്കും. എന്റെ ജനമേ, കേൾക്ക; ഞാൻ സംസാരിക്കും. യിസ്രായേലേ, ഞാൻ നിന്നോട് സാക്ഷീകരിക്കും: ദൈവമായ ഞാൻ നിന്റെ ദൈവമാകുന്നു. നിന്റെ ഹനനയാഗങ്ങളെക്കുറിച്ച് ഞാൻ നിന്നെ ശാസിക്കുന്നില്ല; നിന്റെ ഹോമയാഗങ്ങൾ എപ്പോഴും എന്റെ മുമ്പാകെ ഇരിക്കുന്നു. നിന്റെ വീട്ടിൽനിന്ന് കാളയെയോ നിന്റെ തൊഴുത്തുകളിൽനിന്ന് കോലാട്ടുകൊറ്റന്മാരെയോ ഞാൻ എടുക്കയില്ല. കാട്ടിലെ സകലമൃഗവും പർവ്വതങ്ങളിലെ ആയിരമായിരം ജന്തുക്കളും എനിക്കുള്ളവയാകുന്നു. മലകളിലെ പക്ഷികളെയൊക്കെയും ഞാൻ അറിയുന്നു; വയലിലെ ജന്തുക്കളും എനിക്കുള്ളവതന്നേ. എനിക്ക് വിശന്നാൽ ഞാൻ നിന്നോട് പറകയില്ല; ഭൂലോകവും അതിന്റെ നിറവും എന്റേതത്രേ. ഞാൻ കാളകളുടെ മാംസം തിന്നുമോ? കോലാട്ടുകൊറ്റന്മാരുടെ രക്തം കുടിക്കുമോ? ദൈവത്തിന് സ്തോത്രയാഗം അർപ്പിക്ക; അത്യുന്നതനു നിന്റെ നേർച്ചകളെ കഴിക്ക.” സങ്കീർത്തനങ്ങൾ 50 : 5 – 14**

നീ ഹോമയാഗം കഴിക്കുന്നതെല്ലാം എനിക്ക് കിട്ടുന്നുണ്ട്, ഞാൻ കാണുന്നുണ്ട്. നിന്റെ ഹോമയാഗം എപ്പോഴും എന്റെ മുമ്പാകെ ഇരിക്കുന്നു. ഭൂലോകവും അതിന്റെ നിറവും (fullness) എന്റേതത്രേ. മനുഷ്യാ, നീ എന്താണ് ധരിച്ചത്? യഹോവയായ ഞാൻ കാളകളുടെ മാംസം തിന്നുമോ? കോലാട്ടുകൊറ്റന്മാരുടെ രക്തം കുടിക്കുമോ?

നിന്നിൽ നിന്നു ഞാൻ പ്രതീക്ഷിക്കുന്നത് ഒരു നന്ദിയുള്ള ഹൃദയമാണ്. ദൈവം നിനക്ക് എന്തു ചെയ്തു എന്ന് തിരിച്ചറിയുന്ന ഒരു നന്ദിയുള്ള ഹൃദയം. ദൈവത്തിനു സ്തോത്രയാഗം അർപ്പിക്ക. ഒരു സ്നേഹമുള്ള ഹൃദയം ഞാൻ നിന്നിൽനിന്ന് പ്രതീക്ഷിക്കുന്നു. ഞാൻ വികാരമുള്ളവനാണ്.

എനിക്ക് മനുഷ്യന്റെ സ്നേഹത്തിനുവേണ്ടി ദാഹമുണ്ട്.

മനുഷ്യൻ എന്നെ സ്നേഹിപ്പാൻ എനിക്കാഗ്രഹമുണ്ട്. ഞാൻ മനുഷ്യനെ അഗാധമായി സ്നേഹിക്കുന്നു, ആഴമായി സ്നേഹിക്കുന്നു. അതുകൊണ്ട് മനുഷ്യൻ എന്നെ ആഴമായി സ്നേഹിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

**"നിന്റെ നീർച്ചാട്ടങ്ങളുടെ ഇരച്ചലാൽ ആഴി ആഴിയെ വിളിക്കുന്നു." സങ്കീർത്തനങ്ങൾ 42 : 7**

The deep calleth the deep! ആഴം ആഴത്തെ വിളിക്കുന്നു! ദൈവസ്നേഹത്തിന്റെ ആഴം മനുഷ്യസ്നേഹത്തിന്റെ ആഴത്തെ വിളിക്കുന്നു! മനുഷ്യസ്നേഹത്തിന്റെ ആഴം ദൈവസ്നേഹ ത്തിന്റെ ആഴത്തെ വിളിക്കുന്നു!

**"മാൻ നീർത്തോടുകളിലേക്ക് ചെല്ലുവാൻ കാംക്ഷി ക്കുന്നതുപോലെ ദൈവമേ, എന്റെ ആത്മാവ് നിന്നോട് ചേരുവാൻ കാംക്ഷിക്കുന്നു." സങ്കീർത്തനങ്ങൾ 42 : 1**

ദൈവത്തിനുവേണ്ടിയുള്ള ദാഹം! അത് കിട്ടിയാൽ നിങ്ങൾ ജയിച്ചു. അതൊരു ഭാഗ്യമാണ്. ദൈവത്തോടുള്ള അഗാധമായ സ്നേഹം കിട്ടുക. ക്രിസ്തുവിനോടുള്ള സ്നേഹം കിട്ടുക. നിങ്ങൾ പറയും: എനിക്ക് ആ സ്നേഹം കിട്ടുന്നില്ലല്ലോ? ആ വിശ്വാസം കിട്ടുന്നില്ലല്ലോ? പ്രിയപ്പെട്ടവരേ, അത് വേറെയാരും കുത്തിവച്ചു തരേണ്ടതല്ല, നിങ്ങൾ തനിയെ സുബോധം പ്രാപിച്ച് കിട്ടേണ്ടതാണ്.

ക്രിസ്തു എനിക്ക് എന്തു ചെയ്തു എന്ന് തിരിച്ചറിയുക. അത് നിങ്ങൾക്കൊരു വെളിവു കിട്ടുന്നതാണ്. നിങ്ങൾ ദൈവത്തോട് പറയണം: കർത്താവേ, എനിക്ക് സുബോധം തരണമേ. നീ എന്റെ ജീവിതത്തിൽ എന്തു ചെയ്തു എന്ന് തിരിച്ചറിയാൻ എനിക്കൊരു വെളിവ് തരണമേ. എന്റെ പുറമെയുള്ള കണ്ണുകൾ, അകത്തെ കണ്ണുകൾ, ആത്മക്കണ്ണുകൾ തുറന്നുതരണമേ. അങ്ങനെ നിങ്ങൾ പ്രാർത്ഥിക്കണം. നിങ്ങളുടെ കണ്ണ് ദൈവം തുറന്നു തരും.

തോമസ് കാംബെൽ (Thomas Campbell) എന്ന ആംഗ്ലേയ കവി എഴുതിയ ഒരു കവിത ഞാൻ പണ്ട് പഠിച്ചിട്ടുണ്ട്. ഒരു അന്ധനായ ബാലകൻ ഇരുന്ന് പറയുകയാണ്:

O, say what is that thing call'd Light,
Which I must ne'er enjoy;
What are the blessings of the sight?
O, tell your poor blind boy!

You talk of wondrous things you see;
You say the sun shines bright;
I feel him warm, but how can he
Or make it day or night?

My day or night myself I make
When e'er I sleep or play
And could I ever keep awake
With me it were always day.

"ഞാൻ ഒരു പാവം അന്ധബാലനാണ്. എനിക്ക് എന്നന്നേക്കും ആസ്വദിക്കാൻ നിഷേധിക്കപ്പെട്ടിരിക്കുന്ന ഈ വെളിച്ചം എന്നത് എന്താണെന്ന് ഒന്നു പറഞ്ഞു തരാമോ?

നിങ്ങൾ അത്ഭുതകാര്യങ്ങൾ കാണുന്നു എന്ന് പറയുന്നുണ്ടല്ലോ. സൂര്യൻ നല്ലപോലെ ജ്വലിച്ചു പ്രകാശിക്കുന്നു എന്നും പറയുന്നുണ്ടല്ലോ. എനിക്ക് സൂര്യന്റെ ചൂട് കിട്ടുന്നുണ്ട്. പക്ഷേ എങ്ങനെയാണ് സൂര്യൻ പകലും രാവും ഉണ്ടാക്കുന്നത്? അതെനിക്ക് അറിഞ്ഞുകൂടാ; എനിക്ക് സൂര്യനെ കാണാൻ പറ്റുന്നില്ല.

എന്റെ പകലും രാവും ഞാൻ തന്നെയാണുണ്ടാക്കുന്നത്. ഞാൻ കളിക്കുമ്പോൾ പകൽ, ഞാൻ ഉറങ്ങുമ്പോൾ രാത്രി. എപ്പോഴും ഉറക്കം തെളിഞ്ഞിരുന്നാൽ അത് മുഴുവൻ എനിക്ക് പകൽ ആയിരിക്കും."

അനേകരിന്ന് ആന്തരികമായ കാഴ്ചയില്ലാത്തവരാണ്. വെളിച്ചം പിടികിട്ടിയിട്ടില്ല. വെളിച്ചമായ ക്രിസ്തുവിനെ തിരിച്ചറിയാൻ പറ്റിയിട്ടില്ല. ക്രിസ്തു എന്തു ചെയ്തു എന്ന് തിരിച്ചറിയാൻ പറ്റിയിട്ടില്ല. ക്രിസ്തു എന്നെ സ്നേഹിച്ച സ്നേഹം എന്താണെന്ന് മനസ്സിലായിട്ടില്ല.

"ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സ് കുരുടാക്കുന്നു." സാത്താൻ ഇന്ന് അനേകരെ ക്ഷുദ്രം ചെയ്തു മയക്കിയിരിക്കുന്നു, കണ്ണുകാഴ്ചയില്ലാത്തവരാക്കിത്തീർത്തിരിക്കുന്നു, ഹൃദയത്തിന്റെ സുബോധം നഷ്ടപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് ആത്മീയകാര്യങ്ങൾ മനസ്സിലാകുന്നില്ല. ആത്മീയമായി വിവേചിക്കാൻ സാധിക്കുന്നില്ല.

ശരിയായ കാഴ്ച പ്രാപിച്ചതിനുശേഷം നാം നമ്മെത്തന്നെ സമർപ്പിക്കാൻ തയ്യാറായില്ലെങ്കിൽ, ശരിയായ യാഗത്തിലേക്ക് വരുന്നില്ലെങ്കിൽ എന്തു സംഭവിക്കുമെന്ന് യെശയ്യാപ്രവാചകൻ പറഞ്ഞിട്ടുണ്ട്.

**"സൊദോം അധിപതികളേ, യഹോവയുടെ വചനം കേൾപ്പിൻ; ഗൊമോറ ജനമേ, നമ്മുടെ ദൈവത്തിന്റെ ന്യായപ്രമാണം ശ്രദ്ധിച്ചുകൊൾവിൻ. നിങ്ങളുടെ ഹനനയാഗങ്ങളുടെ ബാഹുല്യം എനിക്ക് എന്തിന് എന്നു യഹോവ അരുളിച്ചെയ്യുന്നു; മുട്ടാടുകളെക്കൊണ്ടുള്ള ഹോമയാഗവും തടിപ്പിച്ച മൃഗങ്ങളുടെ മേദസ്സുംകൊണ്ട് എനിക്ക് മതി വന്നിരിക്കുന്നു; കാളകളുടെയോ കുഞ്ഞാടുകളുടെയോ കോലാട്ടു കൊറ്റന്മാരുടെയോ രക്തം എനിക്ക് ഇഷ്ടമല്ല. നിങ്ങൾ എന്റെ സന്നിധിയിൽ വരുമ്പോൾ എന്റെ പ്രാകാരങ്ങളെ ചവിട്ടുവാൻ ഇത് നിങ്ങളോട് ചോദിച്ചത് ആർ? ഇനി നിങ്ങൾ വ്യർത്ഥമായുള്ള കാഴ്ച കൊണ്ടുവരരുത്; ധൂപം എനിക്ക് വെറുപ്പാകുന്നു; അമാവാസ്യയും ശബ്ബത്തും സഭായോഗം കൂടുന്നതും-നീതികേടും ഉത്സവയോഗവും എനിക്ക് സഹിച്ചുകൂടാ. നിങ്ങളുടെ അമാവാസ്യകളെയും**

**ഉത്സവങ്ങളെയും ഞാൻ വെറുക്കുന്നു; അവ എനിക്ക് അസഹ്യം; ഞാൻ അവ സഹിച്ചു മുഷിഞ്ഞിരിക്കുന്നു. നിങ്ങൾ കൈ മലർത്തുമ്പോൾ ഞാൻ എന്റെ കണ്ണ് മറച്ചുകളയും; നിങ്ങൾ എത്രതന്നേ പ്രാർത്ഥന കഴിച്ചാലും ഞാൻ കേൾക്കയില്ല; നിങ്ങളുടെ കൈ രക്തംകൊണ്ട് നിറഞ്ഞിരിക്കുന്നു. നിങ്ങളെ കഴുകി വെടിപ്പാക്കുവിൻ; നിങ്ങളുടെ പ്രവൃത്തികളുടെ ദോഷത്തെ എന്റെ കണ്ണിന്മുമ്പിൽ നിന്ന് നീക്കിക്കളവിൻ; തിന്മ ചെയ്യുന്നത് മതിയാക്കുവിൻ; നന്മ ചെയ്‌വാൻ പഠിപ്പിൻ; ന്യായം അന്വേഷിപ്പിൻ; പീഡിപ്പിക്കുന്നവനെ നേർവ്വഴിക്കാക്കുവിൻ; അനാഥന് ന്യായം നടത്തിക്കൊടുപ്പിൻ; വിധവയ്ക്കുവേണ്ടി വ്യവഹരിപ്പിൻ. വരുവിൻ, നമുക്കു തമ്മിൽ വാദിക്കാം എന്നു യഹോവ അരുളിച്ചെയ്യുന്നു; നിങ്ങളുടെ പാപങ്ങൾ കടുഞ്ചുവപ്പായിരുന്നാലും ഹിമം പോലെ വെളുക്കും; രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും. നിങ്ങൾ മനസ്സുവച്ചു കേട്ടനുസരിക്കുന്നു വെങ്കിൽ ദേശത്തിലെ നന്മ അനുഭവിക്കും."**

**യെശയ്യാവ് 1 : 10 – 19**

യഹോവ ചോദിക്കുന്നു: നിങ്ങൾ എന്തിനാണ് എനിക്ക് യാഗം കഴിക്കുന്നത്? കാളകളുടെയും കോലാട്ടുകൊറ്റന്മാരു ടെയും രക്തം എനിക്ക് ഇഷ്ടമല്ല. എന്റെ സന്നിധിയിലേക്ക് വരുമ്പോൾ ഇതെല്ലാം ആരു പറഞ്ഞിട്ടാണ് കൊണ്ടുവരുന്നത്? സുഗന്ധ ധൂപം അർപ്പിക്കുന്നുണ്ട്. അതെനിക്ക് വെറുപ്പാകുന്നു.

നിങ്ങളുടെ പെരുന്നാളുകളെയും വിശേഷദിവസങ്ങളെയും ഞാൻ വെറുക്കുന്നു. നിങ്ങൾ എത്ര പ്രാർത്ഥിച്ചാലും ഞാൻ കേൾക്കയില്ല. കാരണം, നിങ്ങളുടെ കൈയിൽ പാപമുണ്ട്. ഒരു പക്ഷേ, കൈകൊണ്ട് കൊലപാതകം ചെയ്തിട്ടില്ലെങ്കിലും, സ്വഭാവഹത്യചെയ്തിട്ടുണ്ട്. ചിലരെക്കൊണ്ട് അപവാദം പരത്തിയിട്ടുണ്ട്. നിങ്ങൾ പരദൂഷണം പറഞ്ഞിട്ടുണ്ട്.

നിങ്ങൾ ദൈവവേലയെ തടുത്തിട്ടുണ്ട്. ദൈവവേലക്കാരെ ദുഷിച്ചിട്ടുണ്ട്. വാവിഷ്ഠാണം നിങ്ങളുടെ നാവിൽനിന്ന് വന്നിട്ടുണ്ട്. Revilers ആയിട്ടുണ്ട്. മറ്റുള്ളവരെ ദുഷിച്ചിട്ടുണ്ട്. ചിലരെ കൊന്നിട്ടുണ്ട്. ശരീരത്തെ കൊന്നിട്ടില്ല, പക്ഷേ, അവരുടെ മനസ്സിനെ കൊന്നു. Character assassination! തേജോവധം ചെയ്തിട്ടുണ്ട്.

ഇതെല്ലാമോർത്ത് നിങ്ങൾ അനുതപിച്ചു പ്രാർത്ഥിപ്പിൻ. നിങ്ങളുടെ കൈകളെ വെടിപ്പാക്കുവിൻ. നിങ്ങളുടെ പാപങ്ങൾ കടുഞ്ചുവപ്പായിരുന്നാലും ഹിമം പോലെ വെളുക്കും. എല്ലാം കഴുകിത്തരാം. എല്ലാം ശുദ്ധമാക്കിത്തരാം. രക്തത്തിൽ മുക്കിയെടുത്ത വസ്ത്രംപോലെ, രക്താംബരംപോലെ, ചുവപ്പായിരുന്നാലും അത് പഞ്ഞിപോലെ വെണ്മയായിത്തീരും.

ഈ പറയുന്ന വചനങ്ങൾ നിങ്ങൾ കേട്ടനുസരിക്കുക യാണെങ്കിൽ ദേശത്തിലെ നന്മ അനുഭവിക്കാൻ കഴിയും. നമ്മെത്തന്നെ സമർപ്പിക്കുക. ദൈവം പ്രസാദിക്കുന്ന യാഗമായി സമർപ്പിക്കുക. നാം പാപമോചനം നേടുക.

ഹൃദയം കുറ്റം വിധിക്കുന്ന ഒന്നും ബാക്കി കാണരുത്. എന്റെ ഹൃദയം എന്നെ കുറ്റം വിധിക്കുന്നതായി എന്തെങ്കിലു മുണ്ടോ? നിങ്ങൾക്ക് പരിശോധിക്കാം. നിങ്ങളുടെ മനസ്സാക്ഷി മരവിച്ചിരിക്കരുത്. തുറന്ന ഹൃദയത്തോടെ ദൈവത്തോട് പറയണം.

കർത്താവേ, എന്റെ ഹൃദയം എന്നെ കുറ്റം വിധിക്കുന്ന തായി എന്തെങ്കിലും എന്റെ ഹൃദയത്തിലുണ്ടോ? എന്റെ വാക്കുകൾകൊണ്ട് മറ്റുള്ളവരെ വേദനിപ്പിച്ചത്! ചിലരെക്കൊണ്ട് ഇല്ലാത്തത് പറഞ്ഞത്. എന്റെ വാക്കുകൾകൊണ്ട് ചിലരുടെ ഹൃദയത്തെ പിളർന്ന് വ്രണമുണ്ടാക്കിയത്. എന്റെ ഭാര്യയെ ഞാൻ നൊമ്പരപ്പെടുത്തിയത്. ആ സാധുവിനെ ഞാൻ അവിശ്വസിക്കുകയും ഉപദ്രവിക്കുകയും വളരെ കർക്കശമായി

പെരുമാറി ഞാൻ അവളെ വേദനിപ്പിച്ചത്; എന്റെ ഭർത്താവിനോട് ഞാൻ ക്രൂരമായി പെരുമാറിയത്. ആ സാധുമനുഷ്യന്റെ ഹൃദയത്തെ നൊമ്പരപ്പെടുത്തുന്ന രീതിയിൽ അവിവേകമായി പെരുമാറിയത്.

എന്റെ മാതാപിതാക്കളുടെ ഹൃദയം നൊമ്പരപ്പെടുത്തിയത്. എന്റെ അദ്ധ്യാപകരുടെ ഹൃദയത്തെ വേദനിപ്പിച്ചുപോയത്. എന്റെ ജീവിതം ഞാൻ ഉഴപ്പിക്കളഞ്ഞത്. എന്റെ ജീവിതത്തിൽ വന്നുപോയ തെറ്റുകൾ എണ്ണിയാൽ തീരുന്നില്ല. പറഞ്ഞാൽ തീരുന്നില്ല. അനേകമനേകം പാപങ്ങൾ.

എന്റെ ദൈവമേ, തിരുമുമ്പാകെ എല്ലാം കടുഞ്ചുവപ്പാ യിരിക്കുന്നു. ഇതെല്ലാം വെണ്മയാക്കി തരാമെന്നല്ലോ നീ പറഞ്ഞത്. എന്റെ ഹൃദയത്തെ വെണ്മയാക്കിത്തരണം. എന്റെ ജീവിതത്തിൽ ഒരു കറയും കാണരുത്. ഇനി പിശാചിന് അവകാശമുള്ള യാതൊന്നും അവിടെ കാണരുത്.

എന്നെ മുഴുവനും കഴുകുവാനല്ലോ നീ ക്രൂശിൽ മരിച്ചത്. അതിനല്ലോ നിന്റെ ചങ്ക് തുറന്നത്. അതിനല്ലോ നിന്റെ ഹൃദയത്തിൽനിന്ന് ജീവരക്തമൊഴുകിയത്. യേശുവേ, നിന്റെ തിരുരക്തത്തിൽ ഞാൻ ആശ്രയിക്കുന്നു. എനിക്ക് തനിയെ പാപമോചനം നേടാൻ സാധ്യമല്ല.

എന്റെ ഉപവാസം കൊണ്ടോ, എന്റെ തപസ്സുകൊണ്ടോ എന്റെ ജീവിതത്തിന്റെ നിഷ്ഠകൊണ്ടോ ഒന്നും എനിക്ക് പാപമോചനം നേടാൻ സാധ്യമല്ല. യേശുവേ, നിന്റെ തിരുരക്ത ത്താൽ മാത്രമേ എനിക്ക് പാപമോചനം കിട്ടുകയുള്ളൂ. അതുകൊണ്ട് ഞാൻ ഇതാ, ക്രൂശിൻ ചുവട്ടിലേക്ക് ഓടിയണയുന്നു.

എന്നെ കഴുകണമേ. എന്നെ വിശുദ്ധീകരിക്കണമേ. എന്നെ വെടിപ്പാക്കണമേ. എന്റെ സമർപ്പണം നീ സ്വീകരിക്കണമേ. എന്റെ സമർപ്പണത്തിൽ പ്രസാദിക്കണമേ.

സൗരഭ്യവാസന മണക്കണമേ. സുഗന്ധധൂപമായി എന്റെ പ്രാർത്ഥനയും യാഗവും അംഗീകരിക്കണമേ. എന്നെ നീ കൈക്കൊള്ളണമേ. എന്നെ സ്വീകരിക്കണമേ. നമുക്ക് പ്രാർത്ഥിക്കാം.

കാരുണ്യവാനായ സ്വർഗ്ഗീയപിതാവേ, ഈ വചനം വായിക്കുന്ന എല്ലാവരുടേയും ഹൃദയത്തിന്റെ നീറ്റലുകളും നൊമ്പരങ്ങളും അകറ്റണമേ. എല്ലാവരേയും അനുഗ്രഹിക്കണമേ. നാഥാ, കുടുംബസമാധാനവും ശാന്തിയും അയയ്ക്കണമേ. തളർന്നും തകർന്നും പോയ ജീവിതങ്ങളെ പുതുക്കി മെനയണമേ. നിരാശപ്പെട്ടുപോയ ജീവിതങ്ങളിൽ ആശ്വാസവും പ്രത്യാശയും പകരണമേ. എല്ലാവരേയും തൃക്കരം വച്ച് ആശീർവ്വദിക്കണമേ. യേശുക്രിസ്തുവിന്റെ രാജകീയ നാമത്തിൽ തന്നേ, ആമ്മേൻ.

# എട്ട്

**“ദൈവം പിന്നെയും നോഹയോടും അവന്റെ പുത്രന്മാരോടും അരുളിച്ചെയ്തത്: ഞാൻ, ഇതാ, നിങ്ങളോടും നിങ്ങളുടെ സന്തതിയോടും ഭൂമിയിൽ നിങ്ങളോടുകൂടെ ഉള്ള പക്ഷികളും കന്നുകാലികളും കാട്ടുമൃഗങ്ങളുമായ സകല ജീവജന്തുക്കളോടും പെട്ടകത്തിൽനിന്ന് പുറപ്പെട്ട സകലവുമായി ഭൂമിയിലെ സകല മൃഗങ്ങളോടും ഒരു നിയമം ചെയ്യുന്നു. ഇനി സകലജഡവും ജലപ്രളയത്താൽ നശിക്കയില്ല; ഭൂമിയെ നശിപ്പിപ്പാൻ ഇനി ജലപ്രളയം ഉണ്ടാകയുമില്ല എന്നു ഞാൻ നിങ്ങളോട് ഒരു നിയമം ചെയ്യുന്നു.”**

**ഉല്പത്തി 9 : 8 – 11**

ദൈവം ചെയ്യുന്ന നിയമം! ദൈവം പറയുന്ന വാക്ക്! ദൈവം തരുന്ന വാഗ്ദത്തം! നിത്യനായ ദൈവം തന്റെ വചനം അനുസരിച്ച ദൈവദാസനായ നോഹയോട് ഒരു വാക്കു പറയുന്നു, ഒരു നിയമം ചെയ്യുന്നു.

ആ നിയമം മനുഷ്യജാതിയോട് എല്ലാമുള്ള നിയമമായി ദൈവം കല്പിക്കുകയാണ്. മനുഷ്യനോടുള്ള വ്യക്തമായ വാഗ്ദത്തമായി ദൈവം കൽപ്പിക്കുന്നു. നോഹയോടുള്ള നിയമം, സകല ജീവജാലങ്ങളോടും സകല മനുഷ്യരോടുമുള്ള നിയമമായി ദൈവം അരുളിച്ചെയ്യുന്നു. നോഹയുടെ കാലത്ത് ഉണ്ടായതുപോലെ സകല ജഡവും നശിക്കുന്ന ഒരു ജലപ്രളയം ഇനി ഉണ്ടാവുകയില്ല.

ഭൂമി മുഴുവനും വെള്ളത്തിന്റെ അടിയിലായി സകല ജീവജാലങ്ങളും നശിക്കുന്ന ആ ഒരു സ്ഥിതി ഇനി വരികയില്ല.

എന്റെ ദാസനായ നോഹ, എന്റെ വാക്ക് അനുസരിച്ച് പെട്ടകം പണിതു. എന്തു സംഭവിക്കും എന്നറിയാതെ, എന്റെ വാക്ക് കാണാതെ വിശ്വസിച്ചു, അനുസരിച്ചു എന്റെ വചനത്തെ മാനിക്കുകയും ചെയ്തു.

അതുകൊണ്ട് ഇപ്പോൾ സകലരും ഒരുമിച്ച് നശിച്ചതുപോലെ സകല ജീവജാലങ്ങളെയും നശിപ്പിക്കുന്ന ഒരു മഹാപ്രളയം ഇനി ഉണ്ടാവുകയില്ല എന്ന് ദൈവം അരുളിച്ചെയ്തു. ദൈവത്തിന്റെ ഒരു നിയമമാണിത്. A covenant! വ്യവസ്ഥാപിത മായ പ്രതിജ്ഞ!

ജീവനുള്ള ദൈവം സ്നേഹം മാത്രമാണ്. കരുണ മാത്രമാണ്. മനുഷ്യൻ ദൈവത്തിൽ നിന്നകന്നുപോകുമ്പോൾ, മനുഷ്യൻ ദൈവത്തിന്റെ വചനം ധിക്കരിച്ച് വചനത്തെ അനുസരിക്കാതെ പോകുമ്പോൾ സ്വാഭാവികമായി മനുഷ്യൻ സ്വയം ശിക്ഷയിലേക്ക് നയിക്കപ്പെടുകയാണ്. ദൈവം മനുഷ്യനെ ശിക്ഷിക്കുകയല്ല, മനുഷ്യനെ രക്ഷിക്കാൻ നോക്കുകയാണ്.

നോഹയുടെ കാലത്ത് ജനം ഏററവും ഹീനമായ ജീവിതം നയിക്കാനിടയായി. ദേശം മുഴുവനും ഹീനമായിത്തീർന്നു. ഭൂമി മുഴുവനും മ്ലേച്ഛതകൊണ്ട് നിറഞ്ഞു. അന്ന് ജീവനുള്ള ദൈവം കല്പിച്ചു, പ്രളയം കൊണ്ട് ഈ ഭൂമിയെ നശിപ്പിക്കും എന്ന്.

ദൈവം ഇപ്പോൾ പറയുന്നു: ഇനി അതുപോലെ ഒരു പ്രളയം ഉണ്ടാവുകയില്ല. സ്നേഹവാനായ ദൈവം നമുക്ക് തരുന്ന ഒരു നിയമം. എന്നാൽ ഒരു കാര്യമുണ്ട്. ഇനി വരാൻ പോകുന്നത് ജലപ്രളയമല്ല, ഒരു വലിയ അഗ്നിപ്രളയമായിരിക്കും. പഴയനിയമത്തിലും പുതിയനിയമത്തിലും ദൈവം അതിനെ ക്കുറിച്ച് പറഞ്ഞു.

**"ചൂളപോലെ കത്തുന്ന ഒരു ദിവസം വരും; അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും; വരുവാനുള്ള ആ ദിവസം വേരും കൊമ്പും**

**ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചുകളയും എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു." മലാഖി 4 : 1**

മനുഷ്യരാശിയെ മുഴുവൻ തീയിൽ ദഹിപ്പിച്ചുകളയും എന്ന് യഹോവ അരുളിച്ചെയ്യുന്നു. വരുവാനുള്ള ആ ദിവസം! ചൂളപോലെ കത്തുന്ന ആ ദിവസം! വേരും ശേഷിക്കയില്ല, കൊമ്പും ശേഷിക്കയില്ല. ഭൂമിയുടെ അടിയിലുള്ള വേര് കത്തിപ്പോകും. ഭൂമിയുടെ മുകളിലുള്ള കൊമ്പും കത്തിപ്പോകും.

വൈക്കോൽ തീയിൽ വെന്തടിയുന്നതുപോലെ എല്ലാം പെട്ടെന്ന്, നിമിഷനേരംകൊണ്ട് കത്തിപ്പോകും. അങ്ങനെ ഒരു ഭയാനകമായ ദിവസം വരാൻ പോകുന്നു എന്ന് ജീവനുള്ള ദൈവം അരുളിച്ചെയ്തു.

മനുഷ്യൻ പാപത്തിലേക്കും തിന്മയിലേക്കും പിന്നെയും പോകുന്നതുകൊണ്ട്, പൈശാചിക ശക്തിയുടെ അടിമത്വത്തിലേക്ക് മനുഷ്യൻ സ്വയം ഏല്പിച്ചു കൊടുക്കുന്നതുകൊണ്ട് സംഭവിക്കുന്നത് തടുക്കാനാവാത്ത നാശമാണ്.

**"കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്ന് ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞു പോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും." 2 പത്രോസ് 3 : 10**

ഭൂമിയും അതിലെ എല്ലാ പണിപ്പാടുകളും കത്തിപ്പോകും. ഒരു വലിയ മുഴക്കമുണ്ടാകും. ഒരു വലിയ പൊട്ടിത്തെറിയുണ്ടാകും. ഏതെങ്കിലും ബോംബ് സ്ഫോടനമാണോ? അറിഞ്ഞുകൂടാ. അല്ലെങ്കിൽ ഏതെങ്കിലും ഗ്രഹങ്ങൾ തമ്മിൽ കൂട്ടിയിടിക്കുന്നതാണോ? ഭയങ്കരമായ സംഭവമായിരിക്കും.

ആകാശം കൊടിയ മുഴക്കത്തോടെ ഒഴിഞ്ഞുപോകും. ഈ അന്തരീക്ഷം മുഴുവൻ കത്തുമെന്നാണ് പറയുന്നത്. മൂലപദാർത്ഥങ്ങൾ – ധാതുക്കളും ലോഹങ്ങളും ലവണങ്ങളും – minerals, metals and salts - എല്ലാം കത്തിയഴിയും. ഭൂമിയും അതിലെ പണിയും വെന്തുപോകും.

ഇതെല്ലാം സംഭവിക്കാവുന്നതാണ് എന്ന്, ഇന്ന് ലോകത്തിലെ അനേകം സംഭവങ്ങൾ മനസ്സിലാക്കിത്തരുന്നുണ്ട്. ലോകത്ത്, കുറഞ്ഞത് പതിനൊന്ന് രാഷ്ട്രങ്ങളുടെ കൈയിൽ അണുബോംബുണ്ട് എന്നു പറയപ്പെടുന്നു. എത്രയും വിസ്ഫോടന ശക്തിയുള്ള അണുബോംബുകൾ ഇന്ന് രാഷ്ട്രങ്ങൾ കൈവശപ്പെടുത്തിയിരിക്കുന്നു.

ഒരു വലിയ നാശം വരാൻ പോകുന്നു. എന്നാൽ ദൈവം പറയുന്നു: നിങ്ങൾക്ക് ആ നാശത്തിൽനിന്ന് രക്ഷപ്പെടാം. വേണമെങ്കിൽ രക്ഷപ്പെടാം. ഈ നാശം ഈ ഭൂമിയിൽ വരുന്ന നാശമാണ്. ഈ നാശങ്ങൾ എല്ലാം കഴിഞ്ഞ് വേറൊരു മഹാനാശമുണ്ട്. അത് തീരാത്ത അഗ്നിപ്രളയമാണ്. അത് നരകത്തിന്റെ തീയാണ്. നരകത്തിന്റെ ഭീകരമായ അഗ്നിയാണ്. ഒരിക്കലും കെടാത്ത തീയാണ്.

ഇതെല്ലാം മിഥ്യയാണ്, ആളുകൾ ഭയന്ന് ദൈവത്തിൽ ആശ്രയിക്കാൻ വേണ്ടി സുവിശേഷകർ പറയുന്ന വാക്കുകളാണ് എന്നു ചിന്തിക്കുന്ന ആളുകളുണ്ട്.

തോമസ് ഹോബ്സ്സ് (Thomas Hobbes), എന്ന ഒരാളുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: ഈ ബൈബിൾ മിഥ്യയാണ്. വെറും വിഡ്ഢിത്തമാണ്. ഈ വിശ്വാസമെല്ലാം മനുഷ്യന്റെ കഴിവുകേടിന്റെ പ്രതിഫലനങ്ങളാണ്. ബലഹീനതയുടെ പ്രതിഫലനങ്ങളാണ്. ഇങ്ങനെയൊന്നും സംഭവിക്കുകയില്ല. നരകവും സ്വർഗ്ഗവുമില്ല, മരണത്തോടെ എല്ലാം തീർന്നുപോകും.

എന്നാൽ അദ്ദേഹം മരണം അടുത്ത സമയത്ത് പറഞ്ഞു: "അയ്യോ, ഞാൻ ജനിക്കാതിരുന്നെങ്കിൽ! അന്ധകാരത്തിലേക്ക് ഞാൻ താണുപോകുന്നല്ലോ. എനിക്കെന്താണിങ്ങനെ സംഭവിച്ചത്?"

Age of Reasoning എഴുതിയ തോമസ് പെയ്ൻ (Tom Paine) ഒരു ചിന്തകനായിരുന്നു. അദ്ദേഹം പിൽക്കാലത്ത് പറഞ്ഞു: "ഞാൻ എഴുതിയ പുസ്തകങ്ങളെല്ലാം കത്തിച്ചു കളഞ്ഞെങ്കിൽ

കൊള്ളായിരുന്നു. എന്റെ പുസ്തകത്തിൽ ഞാൻ ദൈവത്തെയും ദൈവവചനത്തെയും ധിക്കരിച്ചുപോയി. അബദ്ധങ്ങൾ ഏറെ എന്റെ പുസ്തകത്തിൽ എഴുതിപ്പിടിപ്പിച്ചു. ഇന്നിതാ, ഞാൻ നിസ്സഹായനായിരിക്കുന്നു. എനിക്ക് സഹായത്തിന് ആരുമില്ലല്ലോ. ഞാൻ എല്ലാവരാലും കൈവിടപ്പെട്ട് നരക ഭീകരതയിലേക്ക് പോകുന്നല്ലോ." സങ്കടത്തോടെ അദ്ദേഹം ഇത് പറഞ്ഞാണ് മരണത്തെ അഭിമുഖീകരിച്ചത്.

ജീവനുള്ള ദൈവം നമുക്ക് മുന്നറിയിപ്പു തരുന്നു, ഒരു ഭീകരമായ അഗ്നിയുടെ കാലം വരുന്നുണ്ട്. വലിയൊരു തീപ്രളയം വരുന്നുണ്ട്. പിന്നീട് ഒരു നിത്യാഗ്നി വരുന്നുണ്ട്. ഈ അഗ്നിയിൽനിന്ന് രക്ഷപ്പെടാൻ ഒരു വഴിയുണ്ട്. എന്താണ് അതിനുള്ള വഴി?

ഒരിടത്തു ശക്തമായി കാട്ടുതീ പടർന്നു കയറുന്നു. ഒരു മനുഷ്യൻ തീ കണ്ട് ഭയന്ന് ഓടി. അയാൾ നോക്കുമ്പോൾ പക്ഷികൾ ചിറക് കരിഞ്ഞു വീഴുന്നു, മൃഗങ്ങൾ കത്തി ചാമ്പലാകുന്നു, അയാൾ നോക്കിയപ്പോൾ എതിർവശത്തു നിന്നും തീ പടരുന്നു. തീ ചുറ്റും കത്തിപ്പടരുന്നു.

എന്തു ചെയ്യും? ഈ തീയിൽ ജീവനോടെ വെന്തു പോകുമല്ലോ. പെട്ടെന്നൊരു ബുദ്ധി തോന്നി. കൈയിലിരുന്ന തീപ്പെട്ടിയെടുത്ത് തൊട്ടടുത്തുള്ള പുൽക്കാടിന് തീ കൊടുത്തു. പെട്ടെന്ന് അത് ആളിക്കത്തി. പുല്ലായതുകൊണ്ട് എല്ലാം ചാരമായി.

കത്തി തീർന്നിടത്തേക്ക് ഈ മനുഷ്യൻ കയറി നിന്നു. ചുറ്റുപാടും പക്ഷികളും മൃഗങ്ങളും മരങ്ങളും എല്ലാം കത്തി നശിക്കുന്നു. എന്നാൽ ഈ മനുഷ്യൻ നിൽക്കുന്നിടത്തേക്ക് കാട്ടുതീ വരുന്നില്ല. അവിടെ കത്തിക്കഴിഞ്ഞതുകൊണ്ട് ഇനി തീയ്ക്കു വരാൻ സാധിക്കുകയില്ല. അവിടെ ഇനി കത്താനൊന്നുമില്ല. രണ്ടു കാര്യങ്ങൾ പറയാം. കത്തിക്കഴി ഞ്ഞിടത്തേക്ക് ഓടിക്കയറി നിൽക്കുക. കത്തിക്കഴിഞ്ഞ

ഇടമുണ്ട്. അതേതാണെന്ന് ഞാൻ പറയാതെ നിങ്ങൾക്കറിയാമല്ലോ. ഗോഗുൽത്തായിലെ ദൈവകോപത്തീയിൽ കത്തിയ കർത്താവായ യേശുക്രിസ്തു!

ഗോഗുൽത്തായിലെ ദൈവകോപത്തിന്റെ അഗ്നിയിൽ കത്തിക്കഴിഞ്ഞ യേശുവിങ്കലേക്ക് നമ്മൾ കയറി നിന്നാൽ, യേശുവിന്റെ തിരുഹൃദയത്തിലേക്ക് പ്രവേശിച്ചാൽ, യേശുവിന്റെ കരങ്ങളിലേക്ക് നമ്മുടെ ജീവിതം ഏല്പിച്ചാൽ, യേശുവിന്റെ കരവലയത്തിൽ നിന്നാൽ അവിടെ അഗ്നി അടുക്കയില്ല. നമ്മുടെ ഓരോരുത്തരുടേയും ഹൃദയത്തിൽ തീ കത്തണം.

ആ തീയാണ് പരിശുദ്ധാത്മാവ്! ആ തീയാണ് അരൂപിയായ ആത്മാവ്! കർത്താവായ യേശുവിന്റെ ആത്മാവ്! പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളത്തിൽ കത്തുമ്പോൾ നമ്മുടെ ശരീരാവയവങ്ങൾ തീയുടെ ജ്വാലയായി മാറും.

നമ്മുടെ കണ്ണ് തീജ്വാലയായി മാറും. നമ്മുടെ നാവ് തീജ്വാലയായി മാറും. നമ്മുടെ ശരീരം തീയായി മാറും. നമ്മുടെ ബുദ്ധിമണ്ഡലം തീയായി മാറും. വിചാരങ്ങളും വികാരങ്ങളും തീയായി മാറും. അശുദ്ധിക്ക് ഇടയില്ലാതാകും. അശുദ്ധി നമ്മെ സ്പർശിക്കാതാവും. തീയായി മാറുന്ന അനുഭവം! തീയിൽ ജ്വലിക്കുന്ന അനുഭവം! അഗ്നിയിൽ ജീവനുള്ള ദൈവത്തെ ആരാധിക്കുന്ന അനുഭവം! തീജ്വാലയുടെ സ്തുതിയായി നാം മാറുന്ന അനുഭവം!

അഗ്നിമയന്മാർ വിറയലോടെ ആരാധിക്കുന്നവനെ നമ്മുടെ ഹൃദയത്തിൽ കിട്ടുന്ന അനുഭവം! തീയായവൻ നമ്മുടെ ഹൃദയത്തിൽ പ്രവേശിക്കുന്നു. ആ തീയായി നാം മാറുമ്പോൾ, തീ പ്രളയത്തിൽ നാം വെന്തുപോകേണ്ടി വരികയില്ല.

തീ പ്രളയം വന്നാലും നമ്മുടെ ഉള്ളിൽ അതിനേക്കാൾ കവിഞ്ഞ തീ കത്തുകയാണ്. പൗലോസ്ശ്ലീഹാ, ശൗൽ

ആയിരുന്നപ്പോൾ, അന്ന് വലിയോരു വെളിച്ചം ചുറ്റും മിന്നി. ആ വെളിച്ചം തീയായിരുന്നു. സൂര്യന്റെ പ്രകാശത്തെ കവിഞ്ഞൊരു വെളിച്ചമായിരുന്നു. കണ്ണഞ്ചിപ്പോയി!

ആയിരം കോടി സൂര്യന്മാർ ഒരുമിച്ചുദിച്ചാൽ എങ്ങനെയോ അതുപോലത്തെ കണ്ണഞ്ചിക്കുന്ന പ്രകാശം! ആ പ്രകാശത്തിൽ അലിഞ്ഞ് അവിടെ വീണുപോയി. തളർന്നു വീണപ്പോൾ ആ തീയിൽ നിന്നൊരു ശബ്ദം കേൾക്കാം.

ആ ശബ്ദം ക്രിസ്തുവിന്റെ സ്വരമായിരുന്നു. തീയാകുന്ന ക്രിസ്തുവിന്റെ, തീയാകുന്ന സ്വരം അപ്പൊസ്തലന്റെ ചുറ്റും മിന്നി വിളങ്ങിക്കൊണ്ട് അപ്പൊസ്തലന്റെ ഹൃദയത്തോട് സംസാരിച്ചു. ആ ശബ്ദം ഇങ്ങനെയാണ് പറഞ്ഞത്: "ശൗലേ, ശൗലേ.'' വാത്സല്യമസൃണമായ സ്വരം! ഹൃദയത്തെ തകർക്കുന്ന സ്വരം! "നീ എന്നെ ഉപദ്രവിക്കുന്നതെന്ത്?"

"നീ എന്തിനാണ് മകനേ എന്നെ ഉപദ്രവിക്കുന്നത്? എന്റെ മക്കളെ നീ ഉപദ്രവിച്ചില്ലേ? എന്റെ പ്രിയനായ സ്തെഫാനോസിനെ നീ കല്ലെറിഞ്ഞില്ലേ? എന്റെ മക്കളെ പീഡിപ്പിക്കാനല്ലേ നീ ഇപ്പോൾ പോകുന്നത്? നീ എന്തിന് ഈ മുള്ളിനോട് തൊഴിക്കുന്നു? ഈ മുള്ളിനോട് എന്തിന് നീ ഉതയ്ക്കുന്നു?"

"നിനക്കേ ദോഷം വരികയുള്ളൂ." "ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നതെന്ത്" എന്ന ശബ്ദം ശൗൽ കേട്ടു. യേശുവിനെയാണ് ഉപദ്രവിക്കുന്നതെന്ന് അറിഞ്ഞുകൊണ്ടല്ല ഉപദ്രവിച്ചത്. ദൈവമക്കളെ-ദൈവത്തിന്റെ സേവകരെയാണ് ഉപദ്രവിച്ചത്. ദൈവത്തിന്റെ വേലയെയും ദൈവത്തിന്റെ വേലക്കാരെയുമാണ് ഉപദ്രവിച്ചത്.

ദൈവത്തിന്റെ ഉള്ള് നൊന്തു. സ്നേഹവാനായ ദൈവം വേദനയോടെ വിളിച്ചു: "ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നതെന്ത്?"

നിങ്ങളോട് ചോദിക്കുന്ന ആ സ്നേഹത്തിന്റെ ശബ്ദം നിങ്ങളുടെ കാതുകളിൽ മുഴങ്ങിയിരുന്നെങ്കിൽ! നിങ്ങളുടെ ഹൃദയഭിത്തികളിൽ അലയടിച്ചിരുന്നെങ്കിൽ! നിങ്ങൾ ദൈവത്തെ ഉപദ്രവിക്കുന്നവരാണോ? നിങ്ങൾ പറയും, അല്ല, ഞാൻ ദൈവത്തെ ഉപദ്രവിക്കുകയില്ല.

ദൈവത്തിന്റെ മക്കളെ നീ ഉപദ്രവിക്കുന്നെങ്കിൽ, ദൈവത്തിന്റ മക്കളെക്കുറിച്ച് ഇല്ലാത്തത് പറയുന്നുവെങ്കിൽ, ദൈവത്തിന്റെ വേലക്കാരെ പരിഹസിക്കുന്നെങ്കിൽ, ദൈവത്തിന്റെ വേലയെ തരം താഴ്ത്തിക്കാണുന്നെങ്കിൽ നിങ്ങൾ ദൈവത്തെയാണ് ഉപദ്രവിക്കുന്നത്.

ദൈവം സഹിക്കുകയില്ല. "നിങ്ങളെ തൊടുന്നവൻ അവന്റെ കൺമണിയെ തൊടുന്നു." സെഖര്യാവ് 2 : 8. നിങ്ങളെ തൊടുന്നവൻ എന്റെ കൃഷ്ണമണിയിലേക്ക് കൈവിരൽ കൊണ്ടു കുത്തുകയാണ്. മനുഷ്യൻ എത്ര നിസ്സാരൻ. ദൈവത്തിന്റെ മക്കളെ ഉപദ്രവിക്കുമ്പോൾ ദൈവത്തിന്റെ കണ്ണിന്റെ കൃഷ്ണമണിയിലേക്ക് കൈവിരൽകൊണ്ട് കുത്തുന്നു. ഗൗരവമുള്ള കാര്യമാണ്.

"He who hurts you sticks his finger in Jehovah's eyes."

ദൈവത്തിന്റെ കരങ്ങളിലേക്ക് നിങ്ങളെത്തന്നെ ഏല്പിക്കുക. ഇന്ന് ദൈവം നിങ്ങൾക്ക് നല്ല അവസരം നൽകുകയാണ്. തീയാകുന്ന ദൈവത്തെ നിങ്ങൾക്ക് കൈക്കൊള്ളാം. ദൈവം നിങ്ങളോട് ഒരു നിയമം ചെയ്യുകയാണ്: "നിങ്ങളെ നശിപ്പിപ്പാൻ എനിക്ക് ആഗ്രഹമില്ല. അപകടം നിങ്ങൾക്ക് വരാൻ പോകുന്നുണ്ട്. അതിൽ നിങ്ങൾ വീഴരുതെന്ന് എനിക്ക് ആഗ്രഹമുണ്ട്. നിങ്ങൾ നശിക്കരുതെന്ന് എനിക്ക് ആഗ്രഹമുണ്ട്. അതിന് ചെയ്യേണ്ടതെല്ലാം ഞാൻ ചെയ്തിട്ടുണ്ട്. ദൈവകോപത്തീയിൽ ഞാൻ വെന്തുപോയിട്ടുണ്ട്.

ഗോഗുൽത്തായിലെ കുരിശിൽ ഞാൻ മരിച്ചിട്ടുണ്ട്. എന്റെ രക്തം സകല പാപവും പോക്കി ശുദ്ധീകരിക്കുന്നുണ്ട്.

മോനേ, നീ എന്തിനിനിയും പാപം ചെയ്യുന്നു? മോളേ, നീ എന്തിനിനിയും പാപം ചെയ്യുന്നു? എന്തിന് വിവേകമില്ലാതെ പെരുമാറുന്നു?

യൗവ്വനക്കാരാ, നീ എന്തിന് നിന്റെ ശരീരത്തെ അശുദ്ധിക്കു വിട്ടുകൊടുക്കുന്നു? എന്തിന് നിന്റെ അവയവങ്ങളെ തിന്മയ്ക്ക് വിട്ടുകൊടുക്കുന്നു? എന്തിന് നീ നശിക്കണം മകനേ? എന്തിന് നിന്റെ ജീവിതം നരകത്തിന്റെ തീയിലേക്ക് കളയണം? എന്തിന് നാശത്തിലേക്കു പോകണം?

അപകടത്തിലേക്കു പോകാതെ ഇന്നു നിനക്കു രക്ഷപ്പെടാം. അതത്രേ യേശുക്രിസ്തു നിന്നോട് പറയുന്നത്. യേശു നിനക്ക് രക്ഷ തരാനാണ് വന്നത്. അവൻ ശിക്ഷിക്കാനല്ല, നിങ്ങളെ ഉപദ്രവിക്കാനല്ല വന്നത്. അവൻ നിങ്ങളെ ശപിക്കാനല്ല, അനുഗ്രഹിക്കാനാണ് വന്നത്. നിങ്ങളുടെമേൽ കൃപ പകരാനാണ് യേശു വന്നിരിക്കുന്നത്. നിങ്ങൾക്ക് സ്നേഹം തരാനാണ് യേശു വന്നിരിക്കുന്നത്. ആ കുറ്റമില്ലാത്ത രക്തം നിങ്ങളെ കഴുകാൻ ഒഴുകുകയാണ്. നിങ്ങളെ ശുദ്ധീകരിക്കുവാൻ ഒഴുകുകയാണ്.

കുറ്റമില്ലാത്തവന്റെ കുറ്റമില്ലാത്ത രക്തം! നിഷ്ക്കളങ്കന്റെ നിഷ്ക്കളങ്ക രക്തം ഇന്നിപ്പോൾ ഒഴുകുകയാണ്. ആ തിരുരക്തം നിങ്ങളെ സ്പർശിക്കുകയാണ്. ആ തിരുരക്തം തൊടുമ്പോൾ പാപക്കറകൾ കഴുകിപ്പോകും. നിങ്ങളുടെ വേദനകൾ മാറിപ്പോകും.

നിങ്ങളുടെ രോഗങ്ങൾ മാറിപ്പോകും. ആ തിരുരക്തം സ്പർശിക്കുമ്പോൾ നിങ്ങളുടെ ജീവിതം പ്രകാശപൂരിത മായിത്തീരും. ആ തിരുരക്തം സ്പർശിക്കുമ്പോൾ നിങ്ങളുടെ ഭാവി ശോഭനമായിത്തീരും. ആ തിരുരക്തം നിങ്ങളെ അനുഗൃഹീത ഭാവിയിലേക്ക് നയിക്കും.

ആ തിരുരക്തം നിങ്ങളെ രൂപാന്തരപ്പെടുത്തും. നിങ്ങൾക്ക് കരുത്തുതരും. നിങ്ങളെ ശക്തീകരിക്കും. ആ

തിരുരക്തം നിങ്ങളെ രൂപാന്തരപ്പെടുത്തി അനുഗ്രഹിച്ച് സ്വർഗ്ഗത്തിന്റെ അവകാശികളാക്കി മാറ്റും. വേണമോ നിങ്ങൾക്ക് യേശുവിനെ?

യേശുവിനെ സ്വീകരിക്കൂ. യേശുവിന്നായി ഉള്ളു തുറക്കൂ. യേശുവേ, എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ. എന്റെ നിർജ്ജീവമായ ഹൃദയത്തിലേക്ക് തീയായ യേശുവേ, എഴുന്നള്ളി വരണമേ. എന്നെ തൊടണമേ.

നിങ്ങളുടെ ഹൃദയം ക്രിസ്തുവിന് കൊടുക്കൂ. ഒരു പുതിയ ജീവിതം തുടങ്ങൂ. വേണമെങ്കിൽ സാധിക്കും. ആർക്കും സാധിക്കും. അതിന് വിദ്യാഭ്യാസം വേണമെന്നില്ല. പഠിപ്പും പാണ്ഡിത്യവും വേണമെന്നില്ല. കുടുംബമഹിമ വേണമെന്നില്ല. പാരമ്പര്യം വേണമെന്നില്ല. നിങ്ങൾക്ക് ലോകപ്രകാരം ഒന്നുമില്ലെങ്കിലും അധൈര്യപ്പെടേണ്ട. എല്ലാം തരുവാൻ, പുതുജീവിതത്തിന്റെ സൗഭാഗ്യം തരുവാൻ യേശു വന്ന് ഹൃദയവാതിൽക്കൽ മുട്ടുകയാണ്.

ഈ സമയം നഷ്ടപ്പെടുത്തരുത്. യേശുവിന്റെ കരങ്ങളിലേക്ക് നിങ്ങളെ കൊടുക്കുവിൻ. പാപത്തോട് യാത്ര പറയുവിൻ. പുതിയ ജീവിതം തുടങ്ങുവിൻ. യേശുവിനായി ഉള്ളു തുറക്കുവിൻ. യേശുവിനോട് പറയുവിൻ: യേശുവേ, ഇന്നുമുതൽ ഞാൻ ഒരു പുതിയ സൃഷ്ടി.

പ്രാർത്ഥിക്കാം.

സ്നേഹവാനേ, മഹാപരിശുദ്ധനായ സ്വർഗ്ഗീയ പിതാവേ, അനുഗൃഹീതമായ നിമിഷങ്ങൾക്കായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. അവിടുന്ന് ഞങ്ങളുടെ കൂടെയുള്ളതിനായി, ഞങ്ങളോട് ചേർന്നു വസിക്കുന്നതിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

തീയായ യേശുവിനെ ഉൾക്കൊണ്ടുകൊണ്ട്, തീയായി ഈ ഭൂമിയിൽ ജീവിപ്പാൻ ഞങ്ങൾക്ക് ഭാഗ്യം തരണമേ.

പരിശുദ്ധാത്മാവിന്റെ തീയാൽ ഞങ്ങളെ നിറയ്ക്കണമേ. പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ ഞങ്ങളെ അനുഗ്രഹിക്കണമേ.

എല്ലാവരേയും വാഴ്ത്തണമേ. എല്ലാവരേയും അനുഗ്രഹിക്കണമേ. എല്ലാവരേയും കൃപയിൽ പൊതിയണമേ. അവിടുത്തെ രണ്ടാമത്തെ വരവിനായി എല്ലാവരേയും ഒരുക്കണമേ. യേശുനാഥന്റെ അൻപേറിയ നാമത്തിൽ പ്രാർത്ഥിക്കുന്നു പിതാവേ, കൃപയോടെ കേട്ട് ഉത്തരമരുളണമേ, ആമ്മേൻ.

# ഒമ്പത്

**"യഹോവയുടെ സഖിത്വം തന്റെ ഭക്തന്മാർക്ക് ഉണ്ടാകും; അവൻ തന്റെ നിയമം അവരെ അറിയിക്കുന്നു."**

**സങ്കീർത്തനങ്ങൾ 25 : 14**

ദൈവഭക്തന്മാരുടെ പദവിയാണിത്. ദൈവം തന്റെ നിയമം അവരെ അറിയിക്കുന്നു. തന്റെ പ്രതിജ്ഞ, അവരോടുള്ള covenant ദൈവം അറിയിക്കുന്നു.

ദൈവത്തിന്റെ സഖിത്വം കിട്ടുക. ദൈവത്തിന്റെ companion സ്നേഹിതനായി, സഖിയായി കൂടെ നടക്കുക. നമ്മുടെ ഉള്ള് തുറന്നു പറയാവുന്നയാളായി ദൈവത്തെ കിട്ടുക. നമുക്ക് ആഗ്രഹമില്ലേ നമ്മുടെ ഉള്ളം ഒന്നു തുറക്കാൻ? നമ്മുടെ വേദനകൾ തിരിച്ചറിയുന്ന ആൾ. നമ്മുടെ വേദനകളിൽ പങ്കാളിയാകാൻ മനസ്സുള്ള ആൾ. ഒപ്പമിരുന്ന് വേദനയിൽ കൂട്ടുകൂടുന്നയാൾ. തീർച്ചയായും നമുക്കത് ഒരനുഗ്രഹമാണ്.

യേശുക്രിസ്തു നമ്മുടെ ഉറ്റസഖിയായി കൂടെയിരിക്കാം എന്നാണ് പറയുന്നത്. നാം യാത്ര പോകുമ്പോൾ കൂടെയിരിക്കും. അവന്റെ തൃക്കരം നമ്മെ തലോടിക്കൊണ്ടിരിക്കുന്നത് നമുക്ക് അനുഭവിക്കാം. അതുകൊണ്ട് ദൈവമക്കൾക്ക് അപകടം വരില്ലയെന്ന് ഞാൻ പറയില്ല. ദൈവമക്കൾക്കും അപകടം വരാം. ദൈവത്തിന്റെ ഭക്തന്മാർക്കും രോഗം വരാം.

ദൈവത്തിന്റെ സഖിത്വമുണ്ടായിരിക്കും. രോഗം വരുമ്പോഴും ദൈവത്തിന്റെ സാന്നിദ്ധ്യവും സഖിത്വവും.

കഷ്ടങ്ങൾ വരുമ്പോഴും നഷ്ടങ്ങൾ വരുമ്പോഴും ദൈവത്തിന്റെ സഖിത്വം.

അപ്പൊസ്തലനായ പൗലോസിന് എന്തെല്ലാം ആപത്തുകളാണ് വന്നത്? കടലിലെ ആപത്ത്, കാട്ടിലെ ആപത്ത്, നാട്ടിലെ ആപത്ത്, കള്ളസഹോദരന്മാരാലുള്ള ആപത്ത്, കപ്പൽച്ചേതം എന്നിവയെല്ലാം അപ്പൊസ്തലന് നേരിട്ടു. ദൈവം വിചാരിച്ചാൽ കപ്പൽച്ചേതം ഒഴിവാക്കാൻ പറ്റില്ലേ? എന്തൊരു ദയനീയമായ സ്ഥിതി! കടലിൽ വെള്ളത്തിൽ പതഞ്ഞു കിടക്കേണ്ടിവന്നു. എന്നാൽ രക്ഷപ്പെട്ട് മെലിത്ത ദ്വീപിൽ എത്തി.

ജീവിതത്തിൽ കഷ്ടപ്പാടുകൾ ആർക്കും വരും. ദൈവമക്കൾക്കും വരും. പക്ഷേ, ദൈവമക്കൾക്കുള്ള പ്രത്യേകത, യഹോവയുടെ സഖിത്വം ഉണ്ടായിരിക്കും. രോഗക്കിടക്കയിൽ ഞെളിപിരി കൊള്ളുമ്പോൾ യേശുക്രിസ്തുവിന്റെ കരം വന്ന് തലോടുന്നത് അനുഭവിക്കാം.

ഉറക്കം വരാത്ത രാത്രികളിൽ, ഉറങ്ങാൻ പറ്റാതെ ചില കാര്യങ്ങളിൽ മനസ്സ് വ്യാകുലപ്പെട്ട്, മനസ്സ് അലങ്കോലപ്പെട്ട്, വല്ലാത്ത ടെൻഷനടിച്ച്, ഏതോ ചില ഭീതികൾ, അസ്വസ്ഥതകൾ ഹൃദയത്തിൽ പൊന്തിപ്പൊന്തി വരുമ്പോൾ ദൈവത്തിന്റെ സഖിത്വമുണ്ടാകും. യഹോവയുടെ സഖിത്വം തന്റെ ഭക്തന്മാർക്കുണ്ടാകും. അവൻ തന്റെ നിയമം അവരെ അറിയിക്കുന്നു.

നോഹയെ അവൻ തന്റെ നിയമം അറിയിച്ചു. ദൈവം തന്റെ ഭക്തന്മാർക്ക് തരുന്ന നിയമം എന്താണ്?

**''ഞാൻ അവരോട് ചെയ്തിരിക്കുന്ന നിയമമോ ഇതാകുന്നു എന്ന് യഹോവ അരുളിച്ചെയ്യുന്നു: നിന്റെമേലുള്ള എന്റെ ആത്മാവും നിന്റെ വായിൽ ഞാൻ തന്ന എന്റെ വചനങ്ങളും നിന്റെ വായിൽനിന്നും നിന്റെ സന്തതിയുടെ**

**വായിൽനിന്നും നിന്റെ സന്തതിയുടെ സന്തതിയുടെ വായിൽനിന്നും ഇന്നുമുതൽ ഒരു നാളും വിട്ടുപോകയില്ല എന്ന് യഹോവ അരുളിച്ചെയ്യുന്നു.” യെശയ്യാവ് 59 : 21**

നാം മക്കളെയോർത്ത് ആകുലപ്പെടുന്നവരാണ്. നാം മക്കളെയോർത്ത് ഉത്കണ്ഠാകുലരാകാറുണ്ട്. മക്കൾ പഠിക്കുന്നില്ല. അവർ ഉഴപ്പിപ്പോകുന്നു. അവർ ഉത്തരവാദിത്വമില്ലാതെ, ചുമതലാബോധമില്ലാതെ വേണ്ടാത്ത കൂട്ടുകെട്ടിൽ പോകുന്നു. അവർ അഴുക്കായ കാര്യങ്ങളിലേക്ക് നീങ്ങുന്നു.

ജീവിതത്തിൽ ഒരു ചിട്ടയും വെടിപ്പും വരുന്നില്ല. പ്രാർത്ഥിക്കുന്നില്ല. വേദപുസ്തകം വായിക്കുന്നില്ല. ആത്മീയമായ കാര്യങ്ങളിൽ ഉത്സാഹമില്ല. മക്കളെക്കുറിച്ച് ആവലാതിപ്പെടുന്നവരുണ്ട്.

എന്നാൽ നിങ്ങൾ ഒരു കാര്യം ചെയ്യൂ. നിങ്ങൾ ക്രിസ്തുവിന്റെ ഭക്തന്മാരായി മാറൂ. മക്കളെയോർത്ത് വിഷമിക്കുന്നതിനുമുമ്പ് നിങ്ങളെയോർത്ത് വിഷമിക്കൂ. നിങ്ങളുടെ പാപത്തെയോർത്ത് അനുതപിക്കൂ. ഞാൻ മാറണമല്ലോ. ഞാൻ രൂപാന്തരപ്പെടണമല്ലോ.

യഹോവയുടെ സഖിത്വം എനിക്ക് കിട്ടത്തക്കവണ്ണം എന്റെ സ്വഭാവം മാറണമല്ലോ. യേശുക്രിസ്തു എന്റെ ഹൃദയത്തിൽ വരത്തക്കവണ്ണം, യേശുക്രിസ്തു എന്നോടുകൂടെ ഇരിക്കത്തക്കവണ്ണം ഞാൻ ആള് രൂപാന്തരപ്പെടണമല്ലോ. അങ്ങനെ ക്രിസ്തു നിങ്ങളിൽ നിറഞ്ഞു നിൽക്കുമ്പോൾ നിങ്ങളുടെ മക്കളിലേക്ക് ഈ ക്രിസ്തുവിന്റെ ചൂടടിക്കും.

അവരിലുള്ള ദുഷ്ടപ്രാണികൾ, ദുരാത്മാക്കളുടെ ദുഷ്ടവ്യാപാരങ്ങൾ എല്ലാം കത്തിപ്പോകും. ശത്രുവിന്റെ ആക്രമണങ്ങൾ എല്ലാം മക്കളിൽനിന്നു വിട്ടുപോകും. ഭീകര ദുരാത്മാക്കൾ, ദുർഭൂതങ്ങൾ എല്ലാം മക്കളിൽനിന്നു വിട്ടുപോകും.

അത് കഞ്ചാവിന്റെയോ മദ്യത്തിന്റെയോ മയക്കുമരുന്നിന്റെയോ ഭൂതമായിരിക്കാം. അല്ലെങ്കിൽ ചീത്തകൂട്ടുകെട്ടിന്റെ ഭൂതമായിരിക്കാം. അല്ലെങ്കിൽ ബ്ലൂഫിലിമിന്റെ ഭൂതമായിരിക്കാം. ഇന്റർനെറ്റിലെ ചീത്ത പടങ്ങളുടെ ഭൂതമായിരിക്കാം. ആക്രമണത്തിന്റെയോ ഭീകരതയുടേയോ ഭൂതമായിരിക്കാം. എന്തെല്ലാം ദുർഭൂതങ്ങളാണ് ഓരോരുത്തരിലും കടന്നു പറ്റിയിരിക്കുന്നത്?

ഈ ക്ഷുദ്രപ്രാണികൾ എല്ലാം കത്തിപ്പോകും. അപ്പന്റെ അല്ലെങ്കിൽ അമ്മയുടെ ഹൃദയത്തിൽ തീ കത്തുമ്പോൾ, ക്രിസ്തു ഹൃദയത്തിൽ വസിക്കുമ്പോൾ, മക്കളിൽ നിന്ന് ദുരാത്മഭീതികൾ അകന്നുപോകും.

ഭാര്യയും ഭർത്താവും ഒരു ഹൃദയമായിക്കൊള്ളണം. ഭാര്യയും ഭർത്താവും തമ്മിൽ വഴക്കാണെങ്കിൽ മക്കൾ നേരെയാകില്ല. വഴക്കടിക്കുന്ന ഭാര്യാഭർത്താക്കന്മാരുടെ മക്കൾ നേരെയായിട്ടുള്ള ചരിത്രമുണ്ട്, ഇല്ലെന്നല്ല.

ഭാര്യയും ഭർത്താവും എന്നും വാഗ്വാദവും പിറുപിറുപ്പും ഇഷ്ടക്കുറവും നീരസവും പരിഭവവും ആണെങ്കിൽ കുടുംബത്തിന്റെ അന്തരീക്ഷം ഘനീഭവിക്കും. അവിടെ അകത്തുമുഴുവൻ വിഷവായു വ്യാപിക്കും. പുറമെനിന്നു പമ്പു ചെയ്യുന്ന വിഷമല്ല. ഭാര്യയും ഭർത്താവും തമ്മിൽ ഒരു ഹൃദയമായില്ലായെങ്കിൽ കുഞ്ഞുങ്ങളിലേക്ക് അപകടമായി ബാധിക്കും.

അവരുടെ ബുദ്ധിക്ക് മന്ദത ഭവിക്കും. അവരുടെ ബുദ്ധി വികലമായി പോകും. പഠിക്കാനുള്ള കഴിവ് കുറഞ്ഞുപോകും. അവരുടെ സ്വഭാവത്തിന് ഹീനത വരും. സ്വഭാവദൂഷ്യങ്ങൾ വരും. അവർ ചീത്തകൂട്ടുകെട്ടിലേക്ക് പോകും.

മക്കളെ നിങ്ങൾ സ്നേഹിക്കുക. മക്കളെ നിങ്ങൾ കരുതുക. മക്കളെ നിങ്ങൾ ഓമനിക്കുക. അതുകൊണ്ട് അവരെ തെറ്റ് ചെയ്യാൻ പ്രേരിപ്പിക്കണമെന്നല്ല. അറിയാതെ എന്തെങ്കിലും തെറ്റു പറ്റിയെങ്കിൽ ഉടനെ വഴക്കു പറയുകയല്ല,

അവരെ വിളിച്ച് ശാന്തമായി ഇരുത്തിയിട്ട്, വളരെ സ്നേഹത്തോടെ അവരോട് പറയണം: മോനേ, അത് പാടില്ല. മോളേ, അത് തെറ്റാണ്. അത് നമുക്കു ചേർന്നതല്ല. നമുക്കത് ദോഷമാണ്. പറഞ്ഞുകൊടുക്കണം.

പറഞ്ഞുകൊടുക്കാൻ പറ്റണമെങ്കിൽ അപ്പനും അമ്മയും ഒന്നായിരിക്കണം. അപ്പനും അമ്മയും ഒന്നാണെങ്കിൽ മാത്രമേ പിള്ളേരിൽ അത് ഫലപ്പെടുകയുള്ളൂ. അല്ലെങ്കിൽ പിശാചിരുന്ന് ചിരിക്കും. നിങ്ങൾ മക്കളെ ഉപദേശിക്കും: മോളേ പഠിക്ക്, പഠിക്ക് എന്നു നിങ്ങൾ പറയും. മക്കൾ വായിക്കുകയില്ല. കാരണം, അവിടെ പിശാച് അവകാശം പറഞ്ഞ് നിൽക്കുന്നു.

വീടിനകത്ത് പിശാചാണ്. അവിടെ ഇഷ്ടക്കുറവിന്റെ വിഷം വ്യാപിക്കുകയാണ്. നീരസത്തിന്റെയും കയ്പ്പിന്റെയും വിദ്വേഷത്തിന്റെയും പരിഭവത്തിന്റേയും വിഷം വ്യാപിക്കുകയാണ്. അതുകൊണ്ട് മക്കളുടെമേലും മക്കളുടെ മക്കളുടെ മേലും ഈ ആത്മാവ് വ്യാപരിക്കാതിരിക്കണമെങ്കിൽ ദൈവത്തിന്റെ നിയമം നാം അനുസരിക്കണം. ദൈവത്തിന്റെ അനുശാസനം അനുസരിക്കണം. ഇതാകുന്നു നിങ്ങളോടുള്ള എന്റെ നിയമം എന്ന് യഹോവ അരുളിച്ചെയ്യുന്നു.

**“നിന്റെ മേലുള്ള എന്റെ ആത്മാവും നിന്റെ വായിൽ ഞാൻ തന്ന എന്റെ വചനങ്ങളും നിന്റെ വായിൽനിന്നും, നിന്റെ സന്തതിയുടെ വായിൽനിന്നും നിന്റെ സന്തതിയുടെ സന്തതിയുടെ വായിൽനിന്നും ഇന്നുമുതൽ ഒരുനാളും വിട്ടുപോകയില്ല എന്ന് യഹോവ അരുളിച്ചെയ്യുന്നു.”**

**യെശയ്യാവ് 59 : 21**

1902-ൽ 38 വയസ്സുള്ള ഒരു ചെറുപ്പക്കാരന് ഒരു ലെറ്റർ കിട്ടി. ഒരു കവറിനകത്താണ്. അതിൽ കുറെ കവിതകളുമുണ്ട്. അത് പ്രസിദ്ധീകരിക്കാൻ Atlantic Monthly - യിലേക്ക് അയച്ചതാണ്. പക്ഷേ കവിതകളെല്ലാം തിരിച്ചയച്ചുകൊണ്ടുള്ള പത്രാധിപരുടെ എഴുത്താണ് വന്നിരിക്കുന്നത്.

“Not one worthy of publishing.” “ഒരെണ്ണം പോലും പ്രസിദ്ധീകരിക്കാൻ യോഗ്യമല്ല.” അതുകൊണ്ട് എല്ലാം തിരിച്ചയച്ചു. ആ ചെറുപ്പക്കാരൻ നിരാശപ്പെട്ടില്ല. അവൻ പിന്നെയും എഴുതി. ആ ചെറുപ്പക്കാരനാണ് പിൽക്കാലത്ത് സുപ്രസിദ്ധനായിത്തീർന്ന റോബർട്ട് ഫ്രോസ്റ്റ്.

ഇംഗ്ലീഷ് സാഹിത്യം അറിയാവുന്നവർക്ക് മനസ്സിലാകും അദ്ദേഹം എത്ര ഉന്നതനായ കവിയായിരുന്നുവെന്ന്. Robert Frost എഴുതിയ കവിതാശീലുകളാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, അദ്ദേഹത്തിന്റെ ഡയറിയിൽ ഒടുവിലായി എഴുതിയത്. ആ ഡയറി പിന്നെ എഴുതാൻ പറ്റിയില്ല, അദ്ദേഹം ഈ ഭൂമിയിൽ നിന്ന് കടന്നുപോയി.

The woods are lovely, dark and deep,
But I have promises to keep,
And miles to go before I sleep,
And miles to go before I sleep.

മനോഹരമായ ഭൂഭാഗങ്ങൾ! വൃക്ഷങ്ങളാൽ നിബഡീകൃതമായ വനപ്രദേശങ്ങൾ! നല്ല പച്ചിലത്തഴപ്പാർന്ന വനപ്രദേശങ്ങൾ! പച്ചിലച്ചാർത്തുകളുടെ ശോഭയിൽ ആകൃഷ്ടനായി, റോബർട്ട് ഫ്രോസ്റ്റ് കുതിരപ്പുറത്തു നിന്നിറങ്ങി, റോഡരികിൽ നിന്നുകൊണ്ട് പ്രകൃതി സൗന്ദര്യം നിരീക്ഷിക്കുകയായിരുന്നു.

കുതിര പതുക്കെ വാലാട്ടിക്കൊണ്ട് അരികെ നിൽക്കുന്നുണ്ട്. അങ്ങനെ കാനന ഭംഗികണ്ട് ആസ്വദിച്ച് നിൽക്കുമ്പോഴാണ് പെട്ടെന്ന് അദ്ദേഹം ഓർത്തത്: അയ്യോ, ഞാൻ ഇത് കണ്ടുനിന്നാൽ പോരല്ലോ. എനിക്ക് ഒട്ടേറെ ചുമതലകൾ ഉണ്ടല്ലോ. ഞാൻ ഉറങ്ങുന്നതിനുമുമ്പ് മൈലുകൾ മൈലുകൾ എനിക്ക് യാത്ര ചെയ്യണം.

ആ വരികൾ കുറിച്ചിട്ടാണ് പണ്ഡിറ്റ് നെഹ്റു തന്റെ ഡയറി അന്ന് അവസാനിപ്പിച്ചത്. പിറ്റേദിവസം ഡയറി

എഴുതാൻ കഴിഞ്ഞില്ല, അദ്ദേഹം കടന്നുപോയി.

നിരാശാകരമായ സാഹചര്യത്തിൽ ഇരിക്കുന്നവർ ഇത് വായിക്കുന്നുണ്ടാകും. ദൈവം നിങ്ങൾക്ക് ഒരു നിയമം തരുന്നു. 1902-ൽ എല്ലാ കവിതയും മടക്കി കിട്ടിയപ്പോൾ നിരാശപ്പെടാമായിരുന്നു. എന്നാൽ റോബർട്ട് ഫ്രോസ്റ്റ് നിരാശപ്പെട്ടില്ല. അദ്ദേഹം പിന്നെയും കവിത എഴുതി.

നിങ്ങളാരും തളരരുത്. ദൈവത്തിന്റെ നിയമം അവകാശ മാക്കാൻ നിങ്ങൾ കാത്തിരിക്കണം.

1905-ൽ ബെർലിൻ യൂണിവേഴ്സിറ്റിയിലെ കെമിസ്ട്രി ഡിപ്പാർട്ടുമെന്റിൽനിന്ന് ഒരു Ph. D തീസിസ് മടക്കി അയച്ചു. മടക്കി അയച്ചതിൽ എഴുതിയിരുന്നു- Fanciful and irrelevant. നിസ്സാരവും അപ്രസക്തവുമാണ്. പക്ഷേ, അദ്ദേഹം മടുത്തില്ല. അസംബന്ധം എന്ന് തീസിസ് നോക്കിയ പ്രൊഫസറുടെ അഭിപ്രായമിരിക്കെ, അദ്ദേഹം പിന്നെയും അത്യുത്സാഹത്തോടെ ജോലി ചെയ്തു, പിന്നെയും പഠിച്ചു, പിന്നെയും പിന്നെയും Ph. D തീസിസ് സമർപ്പിച്ചു. അദ്ദേഹമാണ് 20-ാം നൂറ്റാണ്ടിന്റെ ഏറ്റവും വലിയ ശാസ്ത്രജ്ഞനായിത്തീർന്ന ആൽബർട്ട് ഐൻസ്റ്റീൻ!

ഒരു പയ്യൻ speech ക്ലാസ്സിൽ പഠിക്കുകയായിരുന്നു. കാരണം, പറഞ്ഞാൽ കൊഞ്ചിപ്പോകും. വാക്കുകൾ തിരിയു കയില്ല. പ്രായമായി വന്നിട്ടും അക്ഷരം തിരിയില്ല. അതുകൊണ്ട് സ്പീച്ച് തെറാപ്പി ക്ലാസ്സിൽ ചേർത്തു. സ്പീച്ച് ക്ലാസ്സിലെ ടീച്ചർ കുട്ടിയുടെ രക്ഷകർത്താവിന് എഴുതി: Hopeless, No hope what so ever. പ്രതീക്ഷയില്ല. ആ ചെറുപ്പക്കാരനാണ് പിൽക്കാലത്ത് സുപ്രസിദ്ധ വാഗ്മിയും ബ്രിട്ടീഷ് പ്രധാനമന്ത്രിയുമായ വിൻസ്റ്റൺ ചർച്ചിൽ.

ആരെങ്കിലും തളർന്നിരിക്കുന്നവരുണ്ടോ? നിരാശപ്പെട്ടി രിക്കുന്നവരുണ്ടോ? മക്കളെയോർത്ത് ആകുലപ്പെട്ടിരിക്കുന്ന

വരുണ്ടോ? എന്റെ മകൻ അല്ലെങ്കിൽ മകൾ നേരെയാകില്ല എന്നു വിഷമിച്ചിരിക്കുന്നവരുണ്ടോ? എന്റെ ഭർത്താവ് ചൊവ്വാകില്ല എന്നു വിഷമിച്ചിരിക്കുന്നവരുണ്ടോ? എന്റെ കുടുംബം നേരെയാകില്ല എന്നു വിഷമിച്ചിരിക്കുന്നവരുണ്ടോ?

എന്റെ ജീവിതം തകർന്നു, ഇനി ഭാവിയില്ല എന്നു പറഞ്ഞ് നിരാശപ്പെട്ട് ജീവിതം താഴ്ത്തിവച്ചിരിക്കുന്നവരുണ്ടോ? നിങ്ങൾ കേൾക്കൂ. നിങ്ങൾക്കിനിയും പ്രതീക്ഷയുടെ നറുനാമ്പുകൾ വിരിയിച്ചു തരുവാൻ യേശുക്രിസ്തു അരികത്ത് വന്നു കെഞ്ചുകയാണ്.

മോനേ, നിനക്ക് എന്റെ ഹൃദയത്തിന്റെ സ്നേഹം തിരിച്ചറിയാൻ പറ്റുന്നുണ്ടോ? നിനക്കിനിയും നല്ല കാലമുണ്ട്? മോളേ, നിനക്ക് ഇനിയും ശോഭനമായ കാലങ്ങളുണ്ട്. ഇനിയും നിനക്ക് എഴുന്നേൽക്കാം. ഇനിയും നിനക്ക് വളരാം.

നീ അല്പം പോലും പരിഭ്രമിക്കേണ്ട. നല്ല കാലം നിന്നെ എതിരേല്ക്കാൻ നിൽക്കുന്നു. സൽക്കാലങ്ങൾ നിന്റെ മുമ്പിൽ വന്നു നിൽക്കുന്നു. അത് സ്വീകരിക്കാൻ നീ വരിക. ഇന്നു നീ രോഗിയാണ്. ചികിത്സകൾ ഫലപ്പെടുന്നില്ല. ഇന്നു നിന്റെ ജീവിതത്തിൽ പല അലങ്കോലങ്ങളുമുണ്ട്.

രക്ഷപ്പെടുകയില്ല എന്നു തോന്നാവുന്ന ചില കുടുക്കുകളിൽ വീണു കഴിഞ്ഞിട്ടുണ്ട്. എന്നാൽ നിന്നെ ഉയർത്താനും, നിന്നെ ഉണർത്താനും നിന്നെ ഉദ്ധരിക്കാനും നിന്നെ അനുഗ്രഹിക്കുവാനും യേശുക്രിസ്തുവിനു കഴിയും എന്നു നീ വിശ്വസിക്കൂ. യേശു നിന്റെ അരികത്തു വന്ന് പേർചൊല്ലി വിളിക്കുകയാണ്.

സ്വർഗ്ഗത്തിലെ ദൈവം എത്ര സ്നേഹമാണ്! എത്ര കരുണയാണ്! കൃപയുടെ ഉറവിടമല്ലേ? സ്നേഹത്തിന്റെ നിധിയല്ലേ യേശു? ഇതുവരെ തകർന്നുപോയവരാണെങ്കിലും നിങ്ങളെ ഉദ്ധരിക്കാൻ യേശു വന്നു നിൽക്കുന്നു.

തന്റെ ലബോറട്ടറിയും (Laboratory) വീടും കത്തുന്നത്

നോക്കിക്കൊണ്ട് ഒരാൾ നിൽക്കുന്നു! ബൾബ് കണ്ടുപിടിച്ച തോമസ് ആൽവാ എഡിസൺ! അദ്ദേഹത്തിന്റെ അതുവരെ യുണ്ടായിരുന്ന പരിശ്രമങ്ങൾ കത്തി ചാമ്പലാകുന്നു. പരീക്ഷണ ശാലയിലെ പരീക്ഷണങ്ങൾ എല്ലാം ചാമ്പലായി.

അദ്ദേഹത്തിന്റെ ഭാര്യ മകനോടു പറഞ്ഞു: "അപ്പനെ കാണുന്നില്ലല്ലോ. അപ്പൻ ആ തീയിലെങ്ങാനും പെട്ടുപോയി ട്ടുണ്ടോ? മോൻ ഒന്ന് ചെന്ന് നോക്കൂ." മോൻ ഓടി നടന്നു നോക്കി. അപ്പോൾ കണ്ടു, അപ്പൻ തീയിലേക്കു നോക്കി നിൽക്കുന്നു, ഒരു കൂസലുമില്ലാതെ.

അപ്പന്റെ അടുത്തേക്ക് മോൻ ഓടിച്ചെന്നു. അപ്പൻ പറഞ്ഞു: "നീ പോയി അമ്മയെ വേഗം വിളിച്ചുകൊണ്ടുവാ. ഇതുപോലെയൊരു കാഴ്ച ഇനി ആയുസ്സിൽ കാണാൻ കിട്ടു കയില്ല."

എഡിസൺ പിന്നെയും ജോലി ചെയ്തു. 500 പരീക്ഷണ ങ്ങൾ തോറ്റു. ഒരു സ്നേഹിതൻ ചോദിച്ചു: ഇത്രയും പരീക്ഷണങ്ങൾ തോറ്റില്ലേ, ഇനി ഈ കഷ്ടപ്പാടുകൾ വേണോ? അദ്ദേഹം പറഞ്ഞു: അല്ലല്ല, ഞാൻ തോറ്റില്ല. ഞാൻ ജയിക്കുക യായിരുന്നു. ഇപ്പോൾ ചെയ്ത അഞ്ഞൂറും ജയിക്കാൻ പറ്റിയതല്ല. അതുകൊണ്ട് വേറെ വിധത്തിൽ നോക്കിയാലേ ജയിക്കാൻ പറ്റുകയുള്ളൂ എന്നു മനസ്സിലായി.

എഡിസൺ ജയിച്ചു, അനുഗൃഹീതനായ ശാസ്ത്രജ്ഞനായി മാറി.

ഇതുവരെ ജീവിതത്തിൽ പരാജയപ്പെട്ടവരാണോ നിങ്ങൾ? കഷ്ടങ്ങളേറ്റവർ! കടത്തിൽ മുങ്ങിയവർ! മരിച്ചാൽ മതി എന്നോർത്തവർ! സ്നേഹത്തിനുവേണ്ടി കൊതിച്ചിട്ടും സ്നേഹം കിട്ടാതെ ഉഴന്നവർ! ജീവിതം വാടിത്തളർന്നവർ! ജീവനുള്ള ദൈവം പറയുന്നു: നിനക്ക് ഇനിയും ജയത്തിന് ഒരു സാധ്യതയുണ്ട്.

ജയിപ്പിക്കാൻ മതിയായവൻ നിന്റെ അരികിൽ വന്നിരിക്കുന്നു. മകനേ, ജയിപ്പിക്കുന്നവന്റെ കൈയിലേക്കു നിന്റെ തോൽവിയടഞ്ഞ ജീവിതം ഏല്പിച്ചു കൊടുക്കൂ. അവൻ നിങ്ങളെ ജയിപ്പിക്കും. അവൻ നിങ്ങളെ അനുഗ്രഹിക്കും. നിരാശ നിശ്ശേഷം തകർത്തുകളഞ്ഞ ജീവിതം യേശുവിന്റെ കൈയിലേക്കു കൊടുക്കൂ. ഈ സർവ്വശക്തന്റെ കൈയിൽ നിന്റെ ജീവിതം അവൻ പുതുക്കി മെനയും.

യഹോവയുടെ സഖിത്വം തന്റെ ഭക്തന്മാർക്കുണ്ടാകും. അവൻ തന്റെ നിയമം അവരെ അറിയിക്കും. ദൈവം നോഹയോട് നിയമം ചെയ്തു. ഇന്നു നിങ്ങളോടും നിയമം ചെയ്വാൻ ദൈവം ആഗ്രഹിക്കുന്നു. ദൈവത്തിന്റെ നിയമം വേണമോ?

യേശുവിനോടു ചോദിച്ചു വാങ്ങാം. കാരണം, അവൻ കുരിശിൽ ഒരു നിത്യനിയമം സ്ഥാപിച്ചവനാണ്. ആ നിയമം എന്താണ്? പാപിക്കു മോചനമുണ്ട്. ഏതു കൊടും പാപിക്കും രക്ഷയുണ്ട്. ഏതു ഘോരപാതകിക്കും രക്ഷയുണ്ട്. ഇനിയും പാപത്തിൽ ജീവിക്കേണ്ട ആവശ്യമില്ല.

ഇനിയും നീ തിന്മയിലേക്കു പോകണ്ട. നരകത്തിന്റെ ഭീകരതയിലേക്കു പോകണ്ട. നിത്യനാശത്തിലേക്കു പോകണ്ട. ഇനിയും നിനക്ക് ആശയ്ക്കു വകയുണ്ട്. പാപിക്ക് ഇനിയും വിശുദ്ധനാകാൻ സാദ്ധ്യതയുണ്ട് എന്നു പറയുന്ന പരിശുദ്ധന്റെ കരങ്ങളിലേക്കു നിങ്ങളുടെ ജീവിതം വച്ചു കൊടുക്കാമോ?

അവൻ നിങ്ങളെ വിശുദ്ധീകരിക്കട്ടെ. അവൻ നിങ്ങളെ കഴുകട്ടെ. അവൻ നിങ്ങളെ രൂപാന്തരപ്പെടുത്തിയെടുക്കട്ടെ. അവന്റെ കരം നിങ്ങളെ പുതുക്കി മെനയട്ടെ. നിങ്ങളുടെ ജീവിതത്തിലെ തകർന്നുപോയ അനുഭവങ്ങളിൽ പുതിയ നാമ്പുകൾ കിളിർപ്പിച്ചു തരട്ടെ. പുതിയ പ്രത്യാശയുടെ അങ്കുരങ്ങൾ നിങ്ങളുടെ ജീവിതത്തിൽ മുളച്ചു വരട്ടെ.

ഇപ്പോൾ നിങ്ങൾ ഇരിക്കുന്നിടത്തേക്ക് യേശു വരികയാണ്. നിങ്ങളുടെ സമീപത്തുകൂടി യേശു നടക്കുകയാണ്. യേശുവിന്റെ തിരുവസ്ത്രത്തിന്റെ തൊങ്ങൽ നിങ്ങളെ തൊട്ടുരുമ്മി പോവുകയാണ്. നിങ്ങളുടെ രോഗങ്ങൾ പറഞ്ഞു കൊടുക്കൂ.

യേശുവേ, എന്റെ രോഗമുള്ള ശരീരത്തിൽ നിന്റെ തിരുവസ്ത്രത്തിന്റെ തൊങ്ങൽ ഒന്നു തൊടുവിക്കണമേ. എന്നെ വിശുദ്ധീകരിക്കണമേ. എന്റെമേൽ നിന്റെ കരം വയ്ക്കണമേ. എന്റെ കടത്തിനു പൊറുതി തരണമേ. എന്റെ ദുരിതം നിറഞ്ഞ ജീവിതത്തിന് ഒരാശ്വാസം തരണമേ. പരാജയപ്പെട്ട ജീവിതത്തെ ജയത്തിന്റെ പാതയിലേക്കു തിരിക്കണമേ.

യേശുവിനോടു വാക്കുപറയുവിൻ. യേശുവിന്റെ കരങ്ങളിൽ നിങ്ങളെത്തന്നെ കൊടുത്തുകൊണ്ട്, അവന്റെ തിരുരക്തം പുരണ്ട കരത്താൽ പാപമോചനം അനുഭവി ക്കുവിൻ. ക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു.

കാരുണ്യവാനേ, മഹാപരിശുദ്ധനായ സ്വർഗ്ഗീയ പിതാവേ, ഈ നല്ല സമയത്തിനായി സ്തോത്രം. അവിടുന്ന് ഞങ്ങളുടെ കൂടെയുള്ളതിനായി സ്തോത്രം. കർത്താവേ, ഞങ്ങൾ അജ്ഞരാകുന്നു. ഞങ്ങൾ ബലഹീനരാകുന്നു. ഞങ്ങൾ അല്പരാകുന്നു. ഞങ്ങൾ നിസ്സാരരാകുന്നു.

എന്നാൽ അവിടുന്നു വലിയവനാകയാൽ സ്തോത്രം. അവിടുന്ന് അത്യുന്നതനാകയാൽ സ്തോത്രം. അവിടുന്ന് പരിശുദ്ധനാകയാൽ സ്തോത്രം. പാപികളായ ഞങ്ങളെ തേടിവന്ന നിസ്തുല്യകൃപയ്ക്കായി സ്തോത്രം. ക്രൂശിൽ കാണിച്ചു തന്ന സ്നേഹത്തിന്റെ മാതൃകയ്ക്കായി സ്തോത്രം. കുരിശിൽ ഒഴുക്കിത്തന്ന തിരുരക്തത്തിന്റെ അത്ഭുതശക്തിക്കായി

സ്തോത്രം.

തിരുരക്തത്താൽ ഞങ്ങളെ കഴുകണമേ. തിരുരക്തത്താൽ ഞങ്ങളെ വിശുദ്ധീകരിക്കണമേ. തിരുരക്തത്താൽ പാപമോചനത്തിന്റെ സൗഖ്യം നൽകണമേ. തിരുരക്തത്താൽ രോഗസൗഖ്യത്തിന്റെ ആശ്വാസം നൽകണമേ. ശോഭനമായ ഭാവിയുടെ സൗഭാഗ്യം നൽകണമേ.

എല്ലാവരേയും അനുഗ്രഹിക്കണമേ. അവിടുത്തെ രണ്ടാമത്തെ വരവിനായി ഒരുക്കണമേ. യേശുനാഥന്റെ അൻപേറിയ നാമത്തിൽ പ്രാർത്ഥിക്കുന്നു പിതാവേ, കൃപയോടെ കേൾക്കുമാറാകണമേ, ആമ്മേൻ.

## പത്ത്

**"പിന്നെയും ദൈവം അരുളിച്ചെയ്തത്: ഞാനും നിങ്ങളും നിങ്ങളോടുകൂടെ ഉള്ള സകലജീവജന്തുക്കളും തമ്മിൽ തലമുറതലമുറയോളം സദാകാലത്തേക്കും ചെയ്യുന്ന നിയമത്തിന്റെ അടയാളം ആവിത്: ഞാൻ എന്റെ വില്ല് മേഘത്തിൽ വയ്ക്കുന്നു; അത് ഞാനും ഭൂമിയും തമ്മിലുള്ള നിയമത്തിന് അടയാളമായിരിക്കും. ഞാൻ ഭൂമിയുടെ മീതെ മേഘം വരുത്തുമ്പോൾ മേഘത്തിൽ വില്ലു കാണും. അപ്പോൾ ഞാനും നിങ്ങളും സർവ്വജഡവുമായ സകല ജീവജന്തുക്കളും തമ്മിലുള്ള എന്റെ നിയമം ഞാൻ ഓർക്കും; ഇനി സകല ജഡത്തെയും നശിപ്പിപ്പാൻ വെള്ളം ഒരു പ്രളയമായി തീരുകയുമില്ല. വില്ല് മേഘത്തിൽ ഉണ്ടാകും; ദൈവവും ഭൂമിയിലെ സർവ്വജഡവുമായ സകല ജീവികളും തമ്മിൽ എന്നേക്കുമുള്ള നിയമം ഓർക്കേണ്ടതിന്നു ഞാൻ അതിനെ നോക്കും. ഞാൻ ഭൂമിയിലുള്ള സർവ്വ ജഡത്തോടും ചെയ്തിരിക്കുന്ന നിയമത്തിന് ഇതു അടയാളം എന്നും ദൈവം നോഹയോട് അരുളിച്ചെയ്തു." ഉല്പത്തി 9 : 12 – 17**

നോഹയിൽക്കൂടി ദൈവം മനുഷ്യനോട് അരുളിച്ചെയ്ത നിയമം! Covenant!

ഒരുമിച്ച് ലോകം മുഴുവനും ഇനി ജലപ്രളയത്താൽ നശിക്കുകയില്ല. അതാത് സ്ഥലങ്ങളിൽ ജലപ്രളയമുണ്ടാകും. കുറെ ആളുകൾക്കു നാശനഷ്ടങ്ങൾ ഉണ്ടാകും. എന്നാൽ നോഹയുടെ കാലത്തേതുപോലെ സർവ്വഭൂമിയും വെള്ളത്തിനുള്ളിൽ ആകുകയും, വെള്ളത്താൽ മൂടപ്പെടുകയും സർവ്വ

ജഡവും നശിക്കുകയും ചെയ്യുന്ന ഒരു ജലപ്രളയം ഇനി ഉണ്ടാവുകയില്ല. ദൈവം മനുഷ്യനോട് നിയമം ചെയ്തു. ആ നിയമം ദൈവം മഴവില്ലു മൂലം അടയാളം കൽപ്പിക്കുകയാണ്.

എന്താണ് ഇക്കാലത്തു ജീവിക്കുന്ന നമുക്ക് ഇതിൽ നിന്നുള്ള സന്ദേശം? ദൈവം പാപത്തെ വെറുക്കുന്നു. ദൈവം പാപത്തിന് ശിക്ഷ കല്പിക്കുന്നു. പാപിയായ മനുഷ്യൻ, അവൻ ചെയ്ത പാപത്തിന്റെ ശിക്ഷ അനുഭവിച്ചേ തീരുകയുള്ളൂ.

മനുഷ്യൻ വിതയ്ക്കുന്നത് കൊയ്യും, സംശയമില്ല. Be sure your sin will find you out. നിശ്ചയമായും നിന്റെ പാപം നിന്നെ കണ്ടെത്തും. ഇതെല്ലാം വേദപുസ്തകം പറയുന്നതാണ്.

**"നിങ്ങളുടെ പാപഫലം നിങ്ങൾ അനുഭവിക്കും."**

**സംഖ്യാപുസ്തകം 32 : 23**

എവിടെ മറഞ്ഞിരുന്നാലും പാപം നിങ്ങളെ കണ്ടെത്തും. എവിടെ ഒളിച്ചിരുന്നാലും പാപം നിങ്ങളെ പിടികൂടുകയും ചെയ്യും. അതുകൊണ്ട് പാപത്തിന് ശിക്ഷയുണ്ട്.

എന്നാൽ ദൈവം കല്പിക്കുന്നു: ഒരു മഴവില്ല് ഞാൻ സ്ഥാപിക്കുന്നു. നോഹയുടെ കാലത്ത് ദൈവം മഴവില്ല് സ്ഥാപിക്കുന്നതിനു മുമ്പ് മഴവില്ല് ഇല്ലേ? മഴയുണ്ടോ, മഴവില്ലുമുണ്ട്. അതിന്റെ ശാസ്ത്രീയമായ കാര്യങ്ങൾ നിങ്ങൾക്കു പലർക്കും അറിയാമായിരിക്കും.

സപ്തവർണ്ണങ്ങൾ-ഏഴുവർണ്ണങ്ങൾ മനോഹരമായി ചിത്രീകരിക്കപ്പെടുന്നതാണ് മഴവില്ല്. നീരാവി പൂരിതമായ മേഘത്തിൽ സൂര്യരശ്മികൾ തട്ടുമ്പോൾ പ്രിസം എന്നു പറയുന്ന ഒരു സാങ്കേതിക വസ്തു പ്രതിഫലിപ്പിക്കുന്നതുപോലെ വെളിച്ചം നീരാവിയിൽ തട്ടി പല നിറങ്ങളായി പ്രശോഭിക്കുന്നു.

അത് നിങ്ങൾക്കറിയാം. എന്നാൽ എന്താണ് അതിന്റെ ആത്മീയമായ വശം? ദൈവം മനുഷ്യനോട് ചെയ്യുന്ന നിയമമാണ് മഴവില്ല്. മഴവില്ല് ഞാൻ കാണുമ്പോൾ എന്റെ

നിയമം ഞാൻ ഓർക്കും എന്നാണ് കർത്താവ് പറയുന്നത്.

നമ്മുടെ ജീവിതത്തിൽ പാപത്തിന് ശിക്ഷയുണ്ട്. എന്നാൽ ദൈവം ഇതാ, ഒരു മഴവില്ല് സ്ഥാപിച്ചിരിക്കുന്നു. പാപത്തിൽനിന്നു പോംവഴി ദൈവം സൃഷ്ടിച്ചിരിക്കുന്നു. പാപത്തിന്റെ ശിക്ഷയേറ്റേ പറ്റുകയുള്ളൂ. എന്നാൽ ദൈവം കരുണതോന്നി ശിക്ഷയിൽനിന്ന് ഒരു പോംവഴി കൽപ്പിച്ചു തന്നിരിക്കുന്നു.

ഏതാണീ മഴവില്ല്? അത് ഗോഗുൽത്തായിൽ ഉയർത്തപ്പെട്ട കർത്താവായ യേശുക്രിസ്തുവാണ്. തേജോമയനായ ക്രിസ്തു! മഴവില്ലിന്റെ സൗന്ദര്യമുള്ളവനായ ക്രിസ്തു! ആയിരങ്ങളിൽ സുന്ദരനെന്നും പതിനായിരങ്ങളിൽ സുന്ദരനെന്നും തിരുവചനം സാക്ഷിക്കുന്ന ക്രിസ്തു! അവൻ നമ്മുടെ പാപത്തിൽനിന്ന് നമുക്ക് മോചനം തരുവാനായി ക്രൂശിന്മേൽ അർപ്പിതനായിരിക്കുകയാണ്.

വേദപുസ്തകം വായിക്കുമ്പോൾ മൂന്നു സ്ഥലങ്ങളിൽ നമുക്ക് മഴവില്ല് കാണാൻ സാധിക്കും.

1. നോഹയുടെ കാലത്ത് പ്രളയത്തിനുശേഷം ദൈവം കാണിച്ചു തന്ന അടയാളമായ മഴവില്ല്.
2. യെഹെസ്കേൽ പ്രവാചകന്റെ പുസ്തകം ഒന്നാം അദ്ധ്യായത്തിലെ മഴവില്ല്.
3. വെളിപ്പാടു പുസ്തകം നാലാം അദ്ധ്യായത്തിലെ മഴവില്ല്.

ഈ മൂന്നു മഴവില്ലുകളോട് ചേർന്ന് മഴയും കൊടുങ്കാറ്റും കാണാം. കൊടുങ്കാറ്റ് മഴവില്ലിനോട് ചേർന്നുള്ള പ്രതിഭാസമാണ്. ജീവിതത്തിൽ കൊടുങ്കാറ്റുകൾ വരുമ്പോൾ ഓർത്തുകൊള്ളുക, ഒരു മഴവില്ലുണ്ട്. ജീവിതത്തിൽ യാതനകൾ വരുമ്പോൾ ഓർത്തുകൊള്ളുക, യാതനകൾക്ക് ഒരു പര്യവസാനമുണ്ട്.

ഇതിനെല്ലാം ഒരു പോംവഴിയുണ്ട്. ഇതിൽ നിന്നെല്ലാം ഒരു വിടുതലുണ്ട് എന്ന് ഓർത്തുകൊള്ളുക. നമുക്ക് പ്രശംസിക്കാനോ വ്യർത്ഥമായി ആശ്വസിക്കാനോ വ്യാജമായി സന്തോഷിക്കാനോ ഉള്ള കാര്യമല്ല. എന്നാൽ ഇതൊരു യാഥാർത്ഥ്യമാണ്.

പഴയനിയമത്തിൽ നമ്മൾ കണ്ട മഴവില്ല്, പുതിയ നിയമത്തിലേക്ക് വരുമ്പോൾ അപ്പൊസ്തലനായ പൗലോസ് റോമർക്കെഴുതിയ ലേഖനം എട്ടാം അദ്ധ്യായം ഇരുപത്തി എട്ടാം വാക്യത്തിൽ അർത്ഥവത്തായി നമ്മുടെ മുന്നിൽ നിറഞ്ഞ് നിൽക്കുകയാണ്.

**“എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയ പ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു.” റോമർ 8 : 28**

എല്ലാം നന്മയ്ക്ക് എന്നു ഓടിച്ചു പറഞ്ഞാൽ പറ്റുകയില്ല. All for the best എന്നു പറയും, ആവില്ല. എല്ലാം നന്മയ്ക്കാവണം എങ്കിൽ രണ്ടു വ്യവസ്ഥയുണ്ട്.

1. ഞാൻ ദൈവത്തെ സ്നേഹിക്കുന്നവനായിരിക്കണം.
2. ദൈവത്തിന്റെ നിർണ്ണയത്താൽ വിളിക്കപ്പെട്ടവനായിരിക്കണം.

ദൈവത്തെ സ്നേഹിക്കുക എന്നത് എന്റെ പക്ഷത്തു നിന്നു വരേണ്ടതാണ്. നിർണ്ണയപ്രകാരം ഞാൻ വിളിക്കപ്പെട്ടവനാകുക എന്നത് ദൈവപക്ഷത്തുനിന്ന് വരേണ്ടതാണ്. സകല മനുഷ്യരും ദൈവത്തിന്റെ മുൻനിർണ്ണയപ്രകാരം, ദൈവത്തിന്റെ സ്നേഹത്തിന്റെ ബലിവേദിയിലേക്കു വിളിക്കപ്പെട്ടവരാണ്; ദൈവം വിളിച്ചവരാണ്; ദൈവം തിരഞ്ഞെടുത്തവരാണ്. ആ വ്യവസ്ഥ തീർച്ചയായും നമ്മെക്കുറിച്ച് സംഗതമാണ്.

എന്നാൽ ഞാൻ ദൈവത്തെ സ്നേഹിക്കുന്നുണ്ടോ? ഞാൻ

ദൈവത്തെ സ്നേഹിക്കുന്നെങ്കിൽ മാത്രമേ എല്ലാം നന്മയ്ക്കായി കൂടി വ്യാപരിക്കുകയുള്ളൂ. എല്ലാം എനിക്ക് നന്മയ്ക്കാകുമെന്നു പറയാൻ പറ്റുകയില്ല. വേദപുസ്തകം അങ്ങനെ പറയുന്നില്ല.

ജീവിതത്തിൽ കൊടുങ്കാറ്റുകളുണ്ട്, സംശയമില്ല. കൊടുങ്കാറ്റുകൾ തെറുത്തുവരും. കൊടുങ്കാറ്റുകൾ വീശിയടിച്ച് നമ്മെ വീഴിക്കും. എന്നാൽ നാം ദൈവത്തെ സ്നേഹി ക്കുന്നവരാണെങ്കിൽ, നാം ദൈവത്തെ സ്നേഹിക്കാൻ നമ്മുടെ ജീവിതം അർപ്പണം ചെയ്തവരാണെങ്കിൽ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കും എന്നു നാം അറിയുന്നു.

നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവനായതുകൊണ്ടാണ് എനിക്ക് ദൈവത്തെ സ്നേഹിക്കാൻ കഴിയുന്നത്. ദൈവത്തെ സ്നേഹിക്കാൻ കഴിയുന്നത് എന്റെ കഴിവല്ല. എന്റെ സാമർത്ഥ്യമല്ല; എന്റെ പരിശീലനം കൊണ്ടു നേടിയെടുക്കുന്ന നേട്ടമല്ല. നേരെമറിച്ച്, ദൈവത്തിന്റെ വിളി എന്റെമേൽ ഉള്ളതുകൊണ്ട്, ദൈവത്തിന്റെ മുൻ നിർണ്ണയം എന്നെ തിരഞ്ഞെടുത്തതുകൊണ്ട് എനിക്കു ദൈവത്തെ സ്നേഹിക്കാൻ സാധിക്കത്തക്കവണ്ണമുള്ള സ്ഥിതിയിലേക്ക് ദൈവം എന്നെയാക്കിയിരിക്കുകയാണ്.

ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്ന് എങ്ങനെയറിയാം? യോഹന്നാന്റെ സുവിശേഷത്തിൽ ആവർത്തിച്ചു പറയുന്നു: “നിങ്ങൾ എന്നെ സ്നേഹിക്കുന്നവരെങ്കിൽ നിങ്ങൾ എന്റെ വചനം പ്രമാണിക്കും.”

ദൈവത്തെ സ്നേഹിക്കുന്നവരുടെ ജീവിതത്തിലും കൊടുങ്കാറ്റുകളും ചുഴലിക്കാറ്റുകളും വരും. ആപത്തുകൾ വരും. അത്യാഹിതങ്ങളും വലിയ വേദനകളും യാതനകളും അവരുടെ ജീവിതത്തിൽ വരും. രോഗങ്ങളും കഷ്ടങ്ങളും നഷ്ടങ്ങളും വരും. അത് ആർക്കും വരും. എല്ലാവർക്കും വരും. പക്ഷേ, ദൈവത്തെ സ്നേഹിക്കുന്നവർക്ക് ദൈവം അതു നന്മയ്ക്കായി കൂടി വ്യാപരിപ്പിക്കും.

ഇംഗ്ലീഷ് സാഹിത്യത്തിലെ 'റോബിൻസൺ ക്രൂസോ', ഡാനിയൽ ഡിഫോ എഴുതിയ പ്രസിദ്ധമായ കഥാപുസ്തകമാണ്. ഇംഗ്ലീഷ് സാഹിത്യത്തിലെ ഏറ്റവും പുരാതനമായ കഥാപുസ്തകം.

റോബിൻസൺ ക്രൂസോ എന്ന ചെറുപ്പക്കാരന്റെ കഥയാണ് ഈ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത്. അവൻ കപ്പലോട്ടത്തിൽ സാഹസികത പൂണ്ട് പുറപ്പെട്ടവനാണ്. അവൻ ധൈര്യശാലിയായി കപ്പലോടിച്ച് ലോകം ചുറ്റാൻ പുറപ്പെട്ടു. അനേകം യാത്രക്കാരുള്ള കപ്പലിൽ അവൻ കയറി; ആഴക്കടലിലൂടെ കപ്പൽ നീങ്ങുകയാണ്.

പെട്ടെന്നാണ് അത്യാഹിതം സംഭവിച്ചത്. ആഴക്കടലിൽ, കപ്പലിന് ഏതോ ഒരു വിള്ളൽ വന്നു, വെള്ളം അകത്തു കയറി, കപ്പൽ താണുപോയി. പക്ഷേ, ചില പലകക്കഷണങ്ങളിൽ ഈ ചെറുപ്പക്കാരൻ അള്ളിപ്പിടിച്ചു, എങ്ങനെയോ കരയിൽ എത്തി. അപ്പോഴേക്കും ബോധംകെട്ടു പോയിരുന്നു.

എപ്പോഴോ കണ്ണുതുറന്നപ്പോൾ അവന് ഒട്ടും പരിചയമില്ലാത്ത മണൽപ്പരപ്പിലാണു കിടക്കുന്നത്. അവൻ പ്രാഞ്ചിപ്രാഞ്ചി നടന്നു. ആരെയും കാണുന്നില്ല. അവനു മനസ്സിലായി, കപ്പൽച്ഛേതത്തിൽ നിന്നും രക്ഷപ്പെട്ടെങ്കിലും ആരോരുമില്ലാത്ത ഒരു ദ്വീപിലാണ് വന്നെത്തിയിരിക്കുന്നത് എന്ന്.

ഈ വിജനമായ ദ്വീപിൽ ഞാൻ എങ്ങനെ ജീവിക്കും? ദ്വീപിനകത്തേക്കു നടന്നപ്പോൾ കുറെ കുറ്റിക്കാടുകളും പിന്നീട് വൻ മരങ്ങളുള്ള കൊടും വനവും. ഏതോ ചില പഴങ്ങളെല്ലാം പറിച്ചു തിന്ന് അവൻ വിശപ്പുമാറ്റി. കാട്ടുചോലയിലെ വെള്ളം കുടിച്ചു, അവന്റെ ദാഹവും മാറി.

ദിവസങ്ങൾ മുന്നോട്ടുപോയി. രാത്രിയാകുമ്പോൾ മരത്തണലിൽ കിടന്നുറങ്ങും. കാട്ടിലെ പഴംകൊണ്ടും കാട്ടരുവിയിലെ വെള്ളംകൊണ്ടും അവൻ ഉപജീവനം കഴിച്ചു. അങ്ങ് ദൂരെക്കൂടെ കപ്പലുകൾ പോകുന്നത് ചെറിയ ഒരു പൊട്ടു പോലെ അവനു കാണാം. അവൻ കൈയുയർത്തി

വിളിച്ചെങ്കിലും ആരും ഒന്നും കേട്ടില്ല.

കൂർത്ത കല്ലുകൾകൊണ്ട് മരച്ചില്ലകൾ ചതച്ചൊടിച്ച് അവൻ കുറ്റികളും വലിയ ഇലകൾകൊണ്ടുള്ള മേച്ചിലും കൊണ്ട് ഒരു കൊച്ചു കുടിൽ ഉണ്ടാക്കി. മഞ്ഞിൽ നിന്നും മഴയിൽ നിന്നും രക്ഷപ്പെടാം. രാത്രി കുടിലിൽ കിടന്നുറങ്ങും. പകൽ ദ്വീപിൽക്കൂടി സഞ്ചരിക്കും. ദിവസങ്ങളും മാസങ്ങളും മുന്നോട്ടുപോയി. എല്ലാ ദിവസവും, ഒരു മരത്തിൽ അന്നത്തെ തീയതി അവന്റെ ഓർമ്മയിൽ നിന്നു കൊത്തിവയ്ക്കും.

ഒരു ദിവസം അവൻ കാട്ടിൽക്കൂടി അലഞ്ഞുതിരിഞ്ഞു തിരികെ വന്നപ്പോൾ അവന്റെ കൊച്ചുകുടിൽ കത്തുന്നതാണ് കണ്ടത്. അവൻ നാളുകൾ അദ്ധ്വാനിച്ച് കഷ്ടപ്പെട്ടുണ്ടാക്കിയ കുടിൽ കത്തുന്നു. കാട്ടുതീയുടെ ഒരു തീപ്പൊരി എങ്ങനെയോ ഉണങ്ങിയ ഇലയിൽ വന്നു വീണതാണ്. എല്ലാം ആളിപ്പടർന്നു കത്തുന്നു.

അവൻ നെഞ്ചത്തടിച്ചു കരഞ്ഞു: ദൈവമേ, ആരെങ്കിലും വന്ന് എന്നെ ഇവിടെ നിന്നു രക്ഷപ്പെടുത്തണമെന്നു പ്രാർത്ഥിച്ചു, ആരും വന്നില്ല. കഷ്ടപ്പെട്ട് ഉണ്ടാക്കിയ ഈ കൊച്ചു കുടിലും കത്തിപ്പോയല്ലോ? നീ എന്താണിങ്ങനെ ചെയ്തത്? നീ എന്തിനാണ് എന്നെ ഇങ്ങനെ ഉപദ്രവിച്ചത്? അവൻ നിന്ന് കരയുകയാണ്.

അപ്പോൾ അവൻ ഒരു സൈറൻ കേട്ടു. അവൻ തിരിഞ്ഞു നോക്കി. ഒരു ബോട്ട് അകലെ നിന്നു പാഞ്ഞുവരുന്നു. അടുക്കാവുന്നേടത്തോളം വന്ന് ബോട്ട് നിർത്തി. ബോട്ടിൽ നിന്നു ചിലർ അവനെ കൈമാടി വിളിച്ചു. അവൻ വെള്ളത്തിൽക്കൂടി നടന്നു ബോട്ടിൽ കയറി.

ബോട്ട് അതിശീഘ്രം ദൂരെ കിടക്കുന്ന കപ്പലിനടുത്തേക്കു പാഞ്ഞു. അവനെ അതിൽ കയറ്റി. കപ്പിത്താൻ പറഞ്ഞു: നീ അത്രയും ഉയരത്തിൽ തീ കത്തിച്ചതു നന്നായി. അത്രയും ഉയരത്തിൽ കത്തിച്ചതുകൊണ്ട് ഒരു ആവശ്യക്കാരൻ

അവിടെയുണ്ട് എന്നു മനസ്സിലായി. അല്ലെങ്കിൽ ഞങ്ങൾ അറിയില്ലായിരുന്നു.

അപ്പോഴാണ് അവന് മനസ്സിലായത്, കിടപ്പാടം കത്തിയത് നന്നായി എന്ന്. അത് രക്ഷപ്പെടാൻ സഹായകമായി. കിടപ്പാടം കത്തുന്നതുപോലത്തെ ആപത്ത് ജീവിതത്തിൽ വരും. സഹിക്കാൻ വയ്യാത്ത, താങ്ങാനാവാത്ത യാതനകൾ വരും. പക്ഷേ, ആ യാതനകളുടെ മദ്ധ്യത്തിൽ നീക്കുപോക്കു തരാൻ കർത്താവായ യേശുക്രിസ്തുവിനു കഴിയും.

ദൈവത്തിന്റെ അത്ഭുത സ്നേഹം നമ്മെ ആ അത്ഭുത പന്ഥാവിലൂടെ നയിക്കും. ദൈവം നമ്മെ അനുഗ്രഹിക്കും. നന്മയ്ക്കായി ദൈവം എല്ലാം തീർത്തു തരും. കൊടുങ്കാറ്റ് ഉണ്ടാകും; എന്നാൽ അതിനപ്പുറം ഒരു മഴവില്ല് നമുക്ക് കാണാൻ കിട്ടും. നോഹയുടെ കാര്യത്തിൽ അതാണ് കാണുന്നത്? ദൈവം മഴവില്ല് സ്ഥാപിച്ചു.

വില്ല് ഒരു ആയുധത്തിന്റെ പ്രതീകമാണ്. വില്ല് യുദ്ധത്തിലെ ആക്രമണത്തിന്റെ പ്രതീകമാണ്. ശിക്ഷയുടെ പ്രതീകമാണ്. പക്ഷേ, ഈ വില്ല് രക്ഷയുടേയും സമാധാനത്തിന്റേയും പ്രതീകമായി മാറുകയാണ്.

പാപിക്കു ശിക്ഷയുണ്ട്, എന്നാൽ ക്രിസ്തു നമുക്ക് സമാധാനം തരികയാണ്. ക്രിസ്തു നമുക്ക് ആശ്വാസം തരികയാണ്. നിങ്ങൾ ആരെല്ലാം പലതരത്തിലുള്ള പ്രശ്നങ്ങളിൽ പെട്ട് ഉഴലുന്നവരുണ്ട്? പലതരത്തിലുള്ള പ്രയാസങ്ങൾ അലട്ടിക്കൊണ്ടിരിക്കുന്നുണ്ട്?

സ്നേഹിതരേ, നിങ്ങളുടെ ജീവിതത്തിൽ ഈ മഴവില്ല് കാണാൻ ഇടവരട്ടെ. ആകാശത്തിലെ മഴവില്ല് അല്ല, നീരാവിയിൽ സൂര്യപ്രകാശം അടിക്കുമ്പോഴുള്ള മഴവില്ലുമല്ല, അതിനുമപ്പുറം യേശുക്രിസ്തുവിന്റെ കൃപയുടെ വർണ്ണ ശബളിമയാർന്ന മഴവില്ല് കാണ്മാൻ ഇടയാകട്ടെ.

കഷ്ടപ്പാടിന്റെ മദ്ധ്യത്തിൽ സന്തോഷത്തിന്റെ മഴവില്ല്! കഷ്ടപ്പാടുകളുടെ മദ്ധ്യത്തിൽ ദുരിതം മാറ്റുന്ന മഴവില്ല്! രോഗവും വേദനയുമുള്ള ജീവിതത്തിൽ പരിഹാരമാകുന്ന മഴവില്ല്! അത് യേശുക്രിസ്തുവാണ്.

യേശുക്രിസ്തുവിനെ നിങ്ങളുടെ ജീവിതത്തിലേക്ക് ക്ഷണിക്കുമ്പോൾ യേശുക്രിസ്തു വർണ്ണപ്പൊലിമയോടെ പ്രകാശിച്ചു വരും. വർണ്ണഭംഗിയോടെ അവൻ ശോഭിച്ചു വരും. ആ നിറപ്പകിട്ട് പുറമെയുള്ളതല്ല, അത് കൃപയുടെ നിറവാണ്. സ്നേഹത്തിന്റെ നിറവാണ്. കാരുണ്യത്തിന്റെ കടൽ ആണ്.

സ്നേഹിതരേ, നിങ്ങളുടെ ജീവിതത്തിൽ ഈ സ്നേഹ ത്തിന്റെ മഴവില്ല് അനുഭവിച്ചിട്ടുണ്ടോ? ക്രിസ്തുവിന്റെ സ്നേഹത്തിന്റെ തലോടൽ അനുഭവിച്ചിട്ടുണ്ടോ? നിങ്ങളുടെ വേദനയിൽ നിങ്ങളെ തലോടുന്ന ക്രിസ്തുവിന്റെ കരത്തിന്റെ അനുഗൃഹീതമായ തലോടൽ ഏറ്റിട്ടുണ്ടോ?

ക്രിസ്തുവിന്റെ കൃപ നിങ്ങൾ രുചിച്ചിട്ടുണ്ടോ? “യഹോവ നല്ലവൻ എന്നു രുചിച്ചറിയുവിൻ; അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ.” ഇതുവായിക്കുമ്പോൾ തന്നെ നിങ്ങൾക്ക് കർത്താവിനോടു പറയാം: കർത്താവേ, എന്റെ ജീവിതത്തിൽ പല പ്രശ്നങ്ങളിൽക്കൂടി ഞാൻ കടന്നുപോയി. ദുരിതങ്ങൾ ഏറെ ഞാൻ അനുഭവിച്ചു. സമാധാനമില്ലാതെ വലഞ്ഞു.

അദ്ധ്വാനിച്ച് ക്ലേശിച്ച് കൊടുങ്കാറ്റേറ്റ് വാടിത്തളർന്നതു പോലെയായി എന്റെ ജീവിതം. ഒരിക്കലും സ്വസ്ഥത കിട്ടിയിട്ടില്ല. എന്നും ദുരിതവും യാതനയും മാത്രം. എന്നും നെടുവീർപ്പ് ഉയർന്നുകൊണ്ടിരുന്നു. എന്നും ഏങ്ങലടികൾ ഉയർന്നുകൊ ണ്ടിരുന്നു. ക്രൂശിൽ എനിക്കുവേണ്ടി യാതനയേറ്റ രക്ഷകാ, നിന്റെ പാദപീഠത്തിലേക്കു ഞാൻ വരുന്നു. എന്റെ മേലുള്ള പാപത്തിന്റെ ശിക്ഷയായി ക്രൂശു കാണുവാൻ നാഥാ, നീ എന്റെ ഉൾക്കണ്ണു തുറക്കണമേ.

യേശുവിന്റെ കരങ്ങളിലേക്ക് ഏൽപ്പിക്കൂ. നിങ്ങൾക്കു സമാധാനം തരുന്ന ക്രിസ്തുവിനെ ഇപ്പോൾ നിങ്ങൾ വിളിക്കൂ. നിങ്ങളുടെ വേദനാവിഷയങ്ങൾ യേശുവിന്റെ പാദപീഠത്തിലേക്ക് അർപ്പണം ചെയ്യൂ.

യേശുവിനോടു പറയൂ: ഇവിടെ ഇതാ, ഞാൻ ഒരാൾ ഇരിക്കുന്നു. എന്നോടു മനസ്സലിഞ്ഞ് എന്നെയൊന്നു നോക്കണമേ. കൊടുങ്കാറ്റുകൾ എന്നെ ഉലയ്ക്കുന്നുണ്ട്. പ്രതിസന്ധികൾ എന്നെ വലയ്ക്കുന്നുണ്ട്. ഞാൻ ഭാരത്തോടെ യിരിക്കുകയാണ്. കർത്താവേ, നീ മഴവില്ലായി എന്റെയടുത്തു വന്ന് എന്നെ തലോടണമേ. എന്റെ ഇരുണ്ട വശങ്ങളിലേക്കു നിറപ്പകിട്ടു പകരണമേ.

എനിക്ക് ആശ്വാസം തരണമേ. എനിക്കു സന്തോഷം തരണമേ. എന്നെ അനുഗ്രഹിക്കണമേ. തൃക്കരം എന്റെ തലമേൽ വയ്ക്കണമേ. നിന്റെ ആണിപ്പാടുള്ള കരം എന്നെ തലോടണമേ.

യേശുവേ, നിന്റെ കരങ്ങളിലേക്ക് എന്റെ ജീവിതം ഞാൻ ഭരമേല്പിക്കുന്നു. എന്റെ ദേഹിയും ദേഹവും ആത്മാവും ഒരു വ്യവസ്ഥയും കൂടാതെ നിന്റെ കൈയിലേക്കു തരികയാണ്. ഇപ്പോൾ നിന്റെ കരം എന്റെ തലമേൽ വച്ച് എന്നെ അനുഗ്രഹിക്കണമേ.

എന്നെ വിശുദ്ധീകരിക്കണമേ. പാപങ്ങൾ കഴുകിത്തരണമേ. എന്റെ അകൃത്യം നീക്കണമേ. നിന്റെ രാജ്യത്തിന്റെ അവകാശി യാക്കി മാറ്റണമേ. നീ എന്റെ ഹൃദയത്തിൽ വാഴണമേ.

# പതിനൊന്ന്

വേദപുസ്തകത്തിൽ മൂന്ന് സ്ഥലങ്ങളിൽ മഴവില്ല് പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഒന്നാമത്തേത് നോഹയുടെ കാലത്ത് ജലപ്രളയത്തിന് ശേഷമുണ്ടായ മഴവില്ലാണ്. രണ്ടാമത്തെ മഴവില്ല് യെഹെസ്കേൽ പ്രവചനം ഒന്നാം അദ്ധ്യായത്തിൽ നാം വായിക്കുന്നു.

**"അതിന്റെ ചുറ്റുമുള്ള പ്രകാശം മഴയുള്ള ദിവസത്തിൽ മേഘത്തിൽ കാണുന്ന വില്ലിന്റെ കാഴ്ചപോലെ ആയിരുന്നു. യഹോവയുടെ മഹത്വത്തിന്റെ പ്രത്യക്ഷത ഇങ്ങനെ ആയിരുന്നു കണ്ടത്." യെഹെസ്കേൽ 1 : 28**

യഹോവയുടെ മഹത്വത്തിന്റെ പ്രത്യക്ഷത മഴവില്ല് പോലെയാണ് കണ്ടത്. യെഹെസ്കേൽ, ആത്മാവിൽ ദർശനങ്ങളെ ദർശിക്കുകയാണ്. യെഹെസ്കേലിന്റെമേൽ ദൈവത്തിന്റെ കരം വന്നു എന്നു നാം വായിക്കുന്നുണ്ട്. ദൈവത്തിന്റെ കരം വന്നു എന്നു പറഞ്ഞാൽ ദൈവത്തിന്റെ ആത്മാവ് വന്നു.

യെഹെസ്കേൽ പ്രവാചകനായിരുന്നു. യെഹെസ്കേൽ പുരോഹിതനുമായിരുന്നു. യെഹെസ്കേൽ പ്രവാചകൻ ദൈവത്തിന്റെ സന്നിധിയിൽ ജാഗരിച്ചിരിക്കുമ്പോൾ യഹോവയുടെ കൈ യെഹെസ്കേലിന്റെ മേൽ വന്നു.

**"മുപ്പതാം ആണ്ട് നാലാം മാസം അഞ്ചാം തിയ്യതി ഞാൻ കെബാർ നദീതീരത്തു പ്രവാസികളുടെ ഇടയിൽ ഇരിക്കുമ്പോൾ സ്വർഗ്ഗം തുറന്നു ഞാൻ ദിവ്യദർശനങ്ങളെ കണ്ടു." യെഹെസ്കേൽ 1 : 1**

യെഹെസ്കേൽ ദിവ്യദർശനങ്ങളെ കാണുകയാണ്. സ്വർഗ്ഗീയരഹസ്യങ്ങൾ കാണുകയാണ്. സ്വർഗ്ഗീയദർശനങ്ങൾ ദർശിക്കുകയാണ്. "സ്വർഗ്ഗം തുറന്നു. ദിവ്യദർശനങ്ങളെ കണ്ടു."

**''കല്ദയദേശത്തു കെബാർ നദീതീരത്തുവച്ച് ബൂസിയുടെ മകൻ യെഹെസ്കേൽ പുരോഹിതന് യഹോവയുടെ അരുളപ്പാട് ഉണ്ടായി; അവിടെ യഹോവയുടെ കൈയും അവന്റെമേൽ വന്നു." യെഹെസ്കേൽ 1 : 3**

യഹോവയുടെ അരുളപ്പാട് യെഹെസ്കേലിന് ഉണ്ടായി. യഹോവയുടെ ആത്മാവ് യെഹെസ്കേലിന്റെമേൽ വന്നു. തിരുവചനം വായിക്കുമ്പോൾ ചില സ്ഥലങ്ങളിൽ ദൈവത്തിന്റെ കൈ വന്നു എന്നു നാം വായിക്കും. ചില സ്ഥലത്ത് യഹോവയുടെ ആത്മാവ് വന്നു എന്ന് നാം വായിക്കും.

ദാവീദിന്റെമേൽ യഹോവയുടെ ആത്മാവ് ശക്തിയോടെ വന്നു. ശൗലിന്റെമേൽ യഹോവയുടെ ആത്മാവ് ശക്തിയോടെ വന്നു. ശിംശോന്റെമേൽ യഹോവയുടെ ആത്മാവ് ശക്തിയോടെ വന്നു. ദൈവത്തിന്റെ ആത്മാവ് ശക്തിയോടെ വരുന്നു. പരിശുദ്ധാത്മാവ്, തേജോമയനായ ദൈവിക ആത്മാവ് മനുഷ്യന്റെമേൽ വരികയാണ്.

നിങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കൂ. ദൈവത്തിന്റെ ആത്മാവ് നിങ്ങളുടെമേൽ വരും. കൊർന്നേല്യൊസിന്റെ ഭവനത്തിൽ ഒരിക്കൽ അപ്പൊസ്തലനായ പത്രോസ് ചെന്നു. ദൈവിക നിർദ്ദേശപ്രകാരം, ദൈവത്തിന്റെ നടത്തിപ്പിൻ പ്രകാരമാണ് പത്രോസ് അവിടെ ചെന്നത്.

പത്രോസ് അവിടെ ചെന്നപ്പോൾ അനേകംപേർ അവിടെ കൂടിയിരിക്കുകയായിരുന്നു. കൊർന്നേല്യൊസ് ഒരു ശതാധിപനാണ്. പട്ടാളത്തിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥൻ. അദ്ദേഹത്തിന്റെ ഭവനത്തിൽ കുറേയേറെ ആളുകൾ കൂടിയിട്ടുണ്ട്. അവരെല്ലാവരും ദൈവത്തിന്റെ വചനം കേൾക്കാൻ ആർത്തിപൂണ്ടിരിക്കുകയാണ്.

പത്രോസ് വന്നപ്പോൾ കൊർന്നേല്യൊസ് ചെന്ന് പത്രോസിന്റെ കാൽക്കൽ വീണു പറഞ്ഞു:

**"നീ വന്നത് ഉപകാരം, കർത്താവ് നിന്നോട് കല്പിച്ച തൊക്കെയും കേൾപ്പാൻ ഞങ്ങൾ എല്ലാവരും ഇവിടെ ദൈവത്തിന്റെ മുമ്പാകെ കൂടിയിരിക്കുന്നു എന്ന് പറഞ്ഞു."**
**അപ്പൊസ്തലപ്രവൃത്തികൾ 10 : 33**

കൊർന്നേല്യൊസിന്റെ വീട്ടിലാണ് വന്നിരിക്കുന്നത്. പക്ഷേ, ഞങ്ങളെല്ലാവരും ദൈവത്തിന്റെ മുമ്പാകെ കൂടിയിരിക്കുന്നു. കർത്താവ് നിന്നോട് ചിലത് കൽപ്പിച്ചിട്ടു ണ്ടെന്ന് ഞങ്ങൾക്കറിയാം. നിന്നോട് ദൈവം ചില അരുളപ്പാടുകൾ കൽപ്പിച്ചിട്ടുണ്ട് എന്ന് ഞങ്ങൾ അറിയുന്നു. അതെല്ലാം കേൾപ്പാൻ തക്കവണ്ണം വിനയത്തോടെ ഞങ്ങൾ ഇരിക്കുകയാണ്.

പത്രോസ് അവരോട് സംസാരിച്ചുകൊണ്ടിരുന്നപ്പോൾ പരിശുദ്ധാത്മാവ് അവരുടെമേൽ വന്നു.

**"ഈ വാക്കുകളെ പത്രോസ് പ്രസ്താവിക്കുമ്പോൾ തന്നേ വചനം കേട്ട എല്ലാവരുടെമേലും പരിശുദ്ധാത്മാവ് വന്നു."** **അപ്പൊസ്തലപ്രവൃത്തികൾ 10 : 44**

പത്രോസ് പ്രസംഗിക്കുന്നു. പക്ഷേ, അവിടെ വചനം കേട്ട എല്ലാവരുടേയുംമേൽ പരിശുദ്ധാത്മാവ് വന്നു. ദൈവത്തിന്റെ വ്യക്തമായ നിർദ്ദേശമനുസരിച്ചും നടത്തിപ്പ് അനുസരിച്ചും പത്രോസ് അവിടെ ചെന്നു. പത്രോസ് സംസാരിക്കുന്നു. പത്രോസ് സംസാരിക്കുമ്പോൾ ആ വീട്ടിൽ തടിച്ചുകൂടിയിരിക്കുന്ന ജനങ്ങളുടെ എല്ലാവരുടെ മേലും പരിശുദ്ധാത്മാവ് വന്നു.

പരിശുദ്ധാത്മാവ് നമ്മുടെമേൽ വരും. നാം വചനം ശ്രദ്ധിച്ചുകൊണ്ടിരിക്കുമെങ്കിൽ, വചനം നമ്മുടെ ഹൃദയത്തിലേക്ക് ഒഴുകി വരുന്നത് നാം ഊറ്റിയൂറ്റിക്കുടിച്ചുകൊണ്ടിരിക്കുമെങ്കിൽ, ആസ്വാദ്യമായ വചനം, രുചികരമായ വചനം, അനുഗൃഹീതമായ

വചനം നാം ശ്രദ്ധയോടെ സ്വീകരിച്ചുകൊണ്ടിരിക്കുമെങ്കിൽ നമ്മുടെമേൽ പരിശുദ്ധാത്മാവ് വരും. ദൈവത്തിന്റെ കൈ നമ്മുടെമേൽ വരും.

യെഹെസ്കേലിന്റെ മേൽ ദൈവത്തിന്റെ കൈ വന്നു, യെഹെസ്കേൽ ദിവ്യദർശനങ്ങളെ കണ്ടു. ദിവ്യദർശനങ്ങളെ കണ്ടപ്പോൾ മൂന്ന് കാര്യങ്ങളെ കണ്ടു.

**“ഞാൻ നോക്കിയപ്പോൾ വടക്കുനിന്ന് ഒരു കൊടുങ്കാറ്റും വലിയോരു മേഘവും പാളിക്കത്തുന്ന തീയും വരുന്നതു കണ്ടു.”**

**യെഹെസ്കേൽ 1 : 4**

ദർശനം മൂന്നാണ്. വലിയോരു കൊടുങ്കാറ്റിന്റെ ദർശനം. വലിയോരു കൊടുങ്കാറ്റ് ഊതുന്നു. പിന്നെ വലിയോരു മേഘവും പാളിക്കത്തുന്ന തീയും വരുന്നത് കണ്ടു. കൊടുങ്കാറ്റ് കണ്ടു, മേഘം കണ്ടു, തീ കണ്ടു.

കൊടുങ്കാറ്റ് – ജീവിതത്തിൽ അടിക്കുന്ന കൊടുങ്കാറ്റുകളാണ്. ജീവിതത്തിൽ കൊടുങ്കാറ്റുകളടിക്കും. കൊടുങ്കാറ്റടിക്കുമ്പോൾ നമ്മുടെ ജീവിതത്തിലെ പ്രത്യാശ ചിലപ്പോൾ നശിക്കും. വലിയ കൊടുങ്കാറ്റ് ആഞ്ഞുവീശുമ്പോൾ നമ്മുടെ ശക്തി ക്ഷയിക്കും. അയ്യോ, എനിക്കെന്താണ് ഇങ്ങനെ വന്നത്? നാം അമ്പരപ്പിലായിപ്പോകും.

അടുത്തതാണ് മേഘം. കരിനിഴൽ വീശും. സൂര്യപ്രകാശം നേരിട്ട് കിട്ടുന്നില്ല. മേഘാവൃതമായ ആകാശത്തുനിന്ന് വെളിച്ചം ഭൂമിയിലേക്ക് വരാത്തതുപോലെ, കരിനീലാകാശത്തു നിന്ന് വെളിച്ചം വരാതെ ഇരുളിലായതുപോലെ നാമിരിക്കുന്ന സ്ഥിതി ആത്മീയജീവിതത്തിലും വരാം. ചിലപ്പോഴെല്ലാം കരിനിഴൽ വീശും. ചിലപ്പോൾ വെളിച്ചം കാണുകയില്ല. വെളിച്ചം കിട്ടുകയില്ല. പ്രകാശം കിട്ടുകയില്ല.

പ്രാർത്ഥിക്കാനിരിക്കുമ്പോൾ പ്രാർത്ഥന ഉയരുന്നതു പോലെ തോന്നുന്നില്ല. ദൈവസാന്നിദ്ധ്യം കിട്ടുന്നില്ല. പ്രകാശം

കിട്ടുന്നില്ല. വരൾച്ച വരുന്നു. വരണ്ടുപോകുന്നു. എന്റെ ഹൃദയം ഉണങ്ങിയിരിക്കുന്നു.

എന്താണെനിക്ക് പറ്റിയത്? കൊടുങ്കാറ്റൂതി! യാതനകളും വേദനകളും പ്രതിസന്ധികളും പ്രശ്നങ്ങളും വന്ന് ജീവിതത്തിൽ ആഞ്ഞടിച്ചു. കടം വന്ന് പെരുകി. രോഗം വന്ന് ആക്രമിച്ചു. ഏറ്റവും പ്രിയപ്പെട്ടവർ ശത്രുക്കളായി മാറി. സഹായികളായിരുന്നവർ ഉപദ്രവികളായി മാറി. ഒരിക്കലും നിനച്ചിരിയാതെ ആപത്തുകൾ വന്നു. ഏറ്റവും പ്രിയപ്പെട്ടവർ പെട്ടെന്ന് കടന്നുപോയി. ഒരിക്കലും പ്രതീക്ഷിക്കാത്ത അത്യാഹിതങ്ങൾ വന്നു. പ്രിയപ്പെട്ടവരേ, ഇങ്ങനെ അടിക്കടി ആപത്തുകളും ദുരിതങ്ങളും വേദനകളും കൊടുമ്പിരിക്കൊണ്ട പ്രതിസന്ധികളുമായി മനസ്സ് ഉഴലുന്ന സമയങ്ങളിൽ, അപ്പോൾ കരിനീല മേഘം ആകാശത്തുവന്ന് നിറയുന്നതും നമ്മുടെ ജീവിതത്തിൽ കരിനിഴൽ വീശുന്നതും നാം അനുഭവിക്കും.

മുകളിലേക്ക് നോക്കിയാൽ സൂര്യനെ കാണാനില്ല. പ്രകാശം കാണാനില്ല. അപ്പൊസ്തലപ്രവൃത്തികൾ 27-ാം അദ്ധ്യായത്തിൽ പറയുന്നുണ്ട്, പതിനാലുദിവസമായിട്ടും സൂര്യനെ കാണുന്നില്ല. വെളിച്ചം കാണുന്നില്ല. 276 പേരുള്ള ഒരു കപ്പൽ. രാത്രി നോക്കിയാൽ ചന്ദ്രനുമില്ല, നക്ഷത്രങ്ങളുമില്ല. പകൽ നോക്കിയാൽ സൂര്യനുമില്ല. മുഴുവൻ മഴക്കാറുകൊണ്ട് ആകാശം മൂടിയിരിക്കുന്നു.

നടുക്കടലിലൂടെ കപ്പൽ ഇങ്ങനെ പോവുകയാണ്. ഇടയ്ക്ക് 'ഈശാനമൂലൻ' എന്ന് പറയുന്ന കൊടുങ്കാറ്റ് ആഞ്ഞടിക്കുന്നു.

**"കുറെ കഴിഞ്ഞിട്ട് അതിനു വിരോധമായി ഈശാനമൂലൻ എന്ന കൊടുങ്കാറ്റ് അടിച്ചു. കപ്പൽ കാറ്റിന്റെ നേരെ നിൽപ്പാൻ കഴിയാതവണ്ണം കുടുങ്ങുകയാൽ ഞങ്ങൾ കൈവിട്ടു അങ്ങനെ പാറിപ്പോയി." അപ്പൊസ്തലപ്രവൃത്തികൾ 27 : 14, 15**

കപ്പലങ്ങ് ഒഴുകുകയാണ്. പാറിപ്പാറി പോവുകയാണ്. നടുക്കടലിൽ മരണത്തെ മുഖാമുഖം കാണുകയാണ്. കൊടുങ്കാറ്റ് ആഞ്ഞടിക്കുന്നു. മഴക്കാറ് മൂടിയിരിക്കുന്നു. ആകാശം ഇരുണ്ടിരിക്കുന്നു. പ്രകൃതിയാകെ ഇരുണ്ടിരിക്കുന്നു. തിമിർത്തു പെയ്യുന്ന മഴ. ആഞ്ഞടിക്കുന്ന കൊടുങ്കാറ്റ്. വലഞ്ഞുപോയി. 276 – പേരും ഒന്നും കഴിക്കുന്നില്ല.

ആഹാരമുണ്ട് പക്ഷേ, കഴിക്കാൻ തോന്നുന്നില്ല. എന്തിന് കഴിക്കണം? മരിക്കാൻ പോവുകയല്ലേ? തീരുകയല്ലേ? നിരാശ യിലാണ്ടുപോയി.

**"ക്ലൗദ എന്ന ചെറിയ ദ്വീപിന്റെ മറപറ്റി ഓടീട്ട് പ്രയാസ ത്തോടെ തോണി കൈവശമാക്കി. അത് വലിച്ചു കയറ്റിയിട്ട് അവർ കപ്പൽ ചുറ്റിക്കെട്ടിയും മറ്റും ഉറപ്പുവരുത്തി; പിന്നെ മണത്തിട്ടമേൽ അകപ്പെടും എന്ന് പേടിച്ച് പായ് ഇറക്കി അങ്ങനെ പാറിപ്പോയി. ഞങ്ങൾ കൊടുങ്കാറ്റിനാൽ അത്യന്തം അലയുകകൊണ്ട് പിറ്റെന്ന് അവർ ചരക്ക് പുറത്തുകളഞ്ഞു. മൂന്നാം നാൾ അവർ സ്വന്തകൈയാൽ കപ്പൽക്കോപ്പും കടലിൽ ഇട്ടുകളഞ്ഞു. വളരെ നാളായിട്ട് സൂര്യനെയോ നക്ഷത്രങ്ങളെയോ കാണാതെയും വല്ലാത്ത കൊടുങ്കാറ്റ് അടിച്ചുകൊണ്ടും ഇരിക്കയാൽ ഞങ്ങൾ രക്ഷപ്പെടും എന്നുള്ള ആശയൊക്കെയും അറ്റുപോയി."**

**അപ്പൊസ്തലപ്രവൃത്തികൾ 27 : 16 – 20**

ഞങ്ങൾ രക്ഷപ്പെടും എന്നുള്ള ആശയൊക്കെയും അറ്റുപോയി. പ്രിയപ്പെട്ടവരേ, നിങ്ങളാരെങ്കിലും അത്രയും നിരാശപ്പെട്ടിരിക്കുന്നുണ്ടോ? ഇനി ആത്മഹത്യയല്ലാതെ മറ്റു പോംവഴിയില്ല. ഈ കടം ആരു കൊടുത്തുതീർക്കും? മുഴുവൻ വിറ്റാലും തീരുകയില്ല. ഇതുവരെയും ഒരു കിടപ്പാടമില്ല. വാടക കൊടുക്കാൻ മാർഗ്ഗമില്ല. എന്തു ചെയ്യും? എല്ലാമെല്ലാം നശിച്ചു. നാളെ പുലർന്നാൽ എങ്ങനെ ജീവിക്കും? രക്ഷപ്പെടും എന്നുള്ള ആശയൊക്കെയും അറ്റുപോയി.

**“വളരെ നാളായിട്ട് സൂര്യനെയോ നക്ഷത്രങ്ങളെയോ കാണാതെയും വല്ലാത്ത കൊടുങ്കാറ്റ് അടിച്ചുകൊണ്ടും ഇരിക്കയാൽ ഞങ്ങൾ രക്ഷപ്പെടും എന്നുള്ള ആശ ഒക്കെയും അറ്റുപോയി.” അപ്പൊസ്തലപ്രവൃത്തികൾ 27 : 20**

എല്ലാ പ്രതീക്ഷയും നശിച്ചു. അതുപോലെയുള്ള അവസ്ഥയിലിരിക്കുന്ന ആരെങ്കിലുമുണ്ടോ? സകലവാതിലും അടഞ്ഞു. മുന്നോട്ടൊരു ഗതിയും കാണുന്നില്ല. എല്ലാം പ്രതിസന്ധികൾ തന്നെ. സകലരും എതിരാളികൾ. സകലരും ശത്രുക്കൾ. നല്ല വാക്ക് പറയാൻ ആരുമില്ല. ഒരു മധുരവാക്ക് പറയാൻ ആരുമില്ല. ഒരു സാന്ത്വനവാക്ക് പറയാൻ ആരുമില്ല.

ഒന്ന് കൂടെയിരുന്ന് പ്രാർത്ഥിക്കാൻ ആരുമില്ല. എന്റെ ദൈവമേ, രക്ഷപ്പെടും എന്നുള്ള ആശയൊക്കെയും അറ്റുപോയി.

**“അവർ വളരെ പട്ടിണി കിടന്നശേഷം പൗലോസ് അവരുടെ നടുവിൽ നിന്നുകൊണ്ട് പറഞ്ഞത്: പുരുഷന്മാരേ, എന്റെ വാക്ക് അനുസരിച്ച് ക്രേത്തയിൽനിന്നു നീക്കാതെയും ഈ കഷ്ടനഷ്ടങ്ങൾ സമ്പാദിക്കാതെയും ഇരിക്കേണ്ടതായി രുന്നു. എങ്കിലും ഇപ്പോൾ ധൈര്യത്തോടിരിപ്പാൻ ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു.”**

**അപ്പൊസ്തലപ്രവൃത്തികൾ 27 : 21, 22**

പ്രത്യാശയുള്ള ഒരാൾ ആ കപ്പലിൽ ഉണ്ടായിരുന്നു. 276–പേരിൽ 275 പേരുടേയും പ്രത്യാശ പോയി. പക്ഷേ ഒരാൾക്ക് പ്രത്യാശ ഉണ്ടായിരുന്നു. പൗലോസ്ശ്ലീഹായ്ക്ക് നല്ല ധൈര്യവും ഉറപ്പും ഉണ്ടായിരുന്നു. എന്താണ് അതിന്റെ രഹസ്യം?

**“കപ്പലിന് അല്ലാതെ നിങ്ങളിൽ ആരുടെയും പ്രാണനു ഹാനി വരികയില്ല. എന്റെ ഉടയവനും ഞാൻ സേവിച്ചു വരുന്നവനുമായ ദൈവത്തിന്റെ ദൂതൻ ഈ രാത്രിയിൽ എന്റെ അടുക്കൽ നിന്നു: പൗലോസേ, ഭയപ്പെടരുത്; നീ കൈസരുടെ മുമ്പിൽ നിൽക്കേണ്ടതാകുന്നു; നിന്നോടുകൂടെ**

**യാത്ര ചെയ്യുന്നവരെ ഒക്കെയും ദൈവം നിനക്കു ദാനം ചെയ്തിരിക്കുന്നു എന്ന് പറഞ്ഞു. അതുകൊണ്ടു പുരുഷന്മാരേ, ധൈര്യത്തോടിരിപ്പിൻ; എന്നോട് അരുളിച്ചെയ്തതുപോലെ തന്നേ സംഭവിക്കും എന്ന് ഞാൻ ദൈവത്തെ വിശ്വസിക്കുന്നു. എങ്കിലും നാം ഒരു ദ്വീപിന്മേൽ മുട്ടി വീഴേണ്ടതാകുന്നു."**

**അപ്പൊസ്തലപ്രവൃത്തികൾ 27 : 22 – 26**

എന്റെ ഉടയവനും ഞാൻ സേവിച്ചു വരുന്നവനും! എന്തൊരു പ്രാഗത്ഭ്യമാണ്! എന്റെ ഉടയവനും ഞാൻ സേവിച്ചുവരുന്ന വനുമായ എന്റെ ദൈവം ഈ രാത്രിയിൽ തന്റെ ദൂതനെ എന്റെ അടുക്കലേക്ക് പ്രത്യേകം ചട്ടംകെട്ടി അയച്ചിരുന്നു: "നിന്നോടു കൂടെ യാത്ര ചെയ്യുന്ന ഈ '275' പേരേയും ദൈവം നിനക്ക് ദാനം ചെയ്തിരിക്കുന്നു. ഇവർക്കാർക്കും കേട് വരികയില്ല. നിന്റെ കൂടെ യാത്രചെയ്യുന്നവർ ഇപ്പോൾ നിരാശരാണെങ്കിലും, ഇപ്പോൾ മനസ്സ് മടുത്തവരാണെങ്കിലും, അവർ പട്ടിണി കിടക്കുകയാണെങ്കിലും, മരിക്കും എന്നുള്ള പ്രതീക്ഷയോടെ ഇരിക്കുകയാണെങ്കിലും പേടിക്കേണ്ട, അവർക്കാർക്കും ഒരു കേടും വരികയില്ല."

"ഇന്ന് നിരാശയിലും ആകുലത്തിലും പരിഭ്രാന്തിയിലും മനസ്സ് തകർന്ന് തളർന്നിരിക്കുന്ന ഈ നിന്റെ കൂടെയുള്ളവർ ക്കാർക്കും ഒരു കേടും വരികയില്ല. പൗലോസേ, ഭയപ്പെടരുത്. അവരെ എല്ലാവരേയും ഞാൻ നിനക്ക് ദാനം ചെയ്തിരിക്കുന്നു." എന്നോട് അരുളിച്ചെയ്തതുപോലെ തന്നെ സംഭവിക്കും എന്ന് ഞാൻ ദൈവത്തെ വിശ്വസിക്കുന്നു. ഒരു വിശ്വാസി അവിടെ ഉണ്ടായിരുന്നു.

സ്നേഹിതരേ, നിങ്ങൾക്ക് വിശ്വസിക്കാമോ, നിങ്ങൾക്ക് ഒരു നല്ല നാളെ കിട്ടുമെന്ന്? നിങ്ങൾക്ക് വിശ്വസിക്കാമോ നിങ്ങളുടെ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം നന്മയ്ക്കാക്കി മാറ്റിത്തീർക്കുമെന്ന്? നിങ്ങൾക്ക് വിശ്വസിക്കാമോ ഇന്നത്തെ ഈ രോഗം മാറുമെന്ന്? ഇന്നത്തെ നിങ്ങളുടെ കടത്തിന്റെ ബാദ്ധ്യത തീരുമെന്ന്? ഇന്നത്തെ എതിർപ്പുകളും പോരാട്ടങ്ങളും

മാറുമെന്ന്? ഇന്നത്തെ പ്രതിസന്ധികൾക്ക് ഒരു പരിഹാരം വരുമെന്ന്?

നിങ്ങൾക്ക് വിശ്വസിക്കാമോ, ഇന്നത്തെ മാനസിക ക്ലേശങ്ങൾക്ക് അറുതി വരുമെന്ന്? നിങ്ങളുടെ മക്കൾ നല്ല നിലയിൽ ആയി വരുമെന്ന്? അവരുടെ സ്വഭാവം നന്നായി വരുമെന്ന്? അവർക്കൊരു ശോഭനമായ ഭാവി കിട്ടുമെന്ന്?

ഇന്നു വിശ്വസിക്കാൻ തക്കവണ്ണമുള്ള തെളിവൊന്നുമില്ല. സൂര്യനെ കാണുന്നില്ല. നക്ഷത്രങ്ങളെ കാണുന്നില്ല. രാവും പകലും വ്യത്യാസമില്ല. എല്ലാം കൂരിരുട്ടു തന്നെ. എല്ലാം കരിനിഴൽ തന്നെ. മേഘമുണ്ട്, കൂരിരുട്ടുണ്ട്. ഒപ്പം കൊടുങ്കാറ്റു മുണ്ട്. ഒരാശയ്ക്കും വക കാണുന്നില്ല.

യെഹെസ്കേൽ കൊടുങ്കാറ്റ് കണ്ടു! മേഘം കണ്ടു! രണ്ടു ദർശനങ്ങൾ! രണ്ടും പ്രയാസമുള്ളതാണ്. രണ്ടും ബുദ്ധിമുട്ട് ഉണ്ടാക്കുന്നതാണ്. എന്നാൽ ആ സമയത്തുതന്നെ വീണ്ടും കാണുന്നു, ഒരു തേജസ്സിന്റെ മിന്നൽ!

**"ഞാൻ നോക്കിയപ്പോൾ വടക്കുനിന്ന് ഒരു കൊടുങ്കാറ്റും വലിയോരു മേഘവും പാളിക്കത്തുന്ന തീയും വരുന്നതു കണ്ടു." യെഹെസ്കേൽ 1 : 4**

പാളിക്കത്തുന്ന തീയും വരുന്നത് കണ്ടു. ആദ്യം കൊടുങ്കാറ്റ്, പിന്നെ മേഘം, പിന്നെ പാളിക്കത്തുന്ന തീ! ഏതാണീ തീ? പൗലോസ്ശ്ലീഹായ്ക്ക് ധൈര്യം കൊടുത്ത തീ, അത് ദൈവത്തിന്റെ വചനമാണ്. വചനം ക്രിസ്തുവാണ്. വചനം ദൈവമാണ്. ജീവനുള്ള ക്രിസ്തു വെളിപ്പെടുകയാണ്.

ക്രിസ്തു വചനമായി വെളിപ്പെടുകയാണ്. നിങ്ങളുടെ അരികത്ത് വചനമായ ക്രിസ്തു വന്നിരിക്കുകയാണ്. വചനം നിങ്ങളുടെ കാതുകളിൽക്കൂടി കേൾക്കുന്നു. അത് നിങ്ങളുടെ ഹൃദയഭിത്തികളിൽ അലയടിക്കുന്നു. എന്നാൽ ഇപ്പോൾ നിങ്ങളുടെ അരികത്ത് ക്രിസ്തു വന്നിരിക്കുകയാണ്.

പാളിക്കത്തുന്ന തീ നിങ്ങളുടെ അരികത്തേക്ക് വന്നിരിക്കുകയാണ്.

മകനേ, നിന്റെ ജീവിതത്തിൽ കൊടുങ്കാറ്റുണ്ട്. മകളേ, നിന്റെ ജീവിതത്തിൽ മേഘത്തിന്റെ കരിനിഴൽ വീശുന്നുണ്ട്. നിന്റെ ജീവിതത്തിൽ ഇരുളാണ്. നിന്റെ ജീവിതത്തിൽ നിരാശയാണ്. ഇന്ന് നിനക്ക് ആകുലമാണ്. ഇന്ന് നിനക്ക് ആവലാതിയാണ്.

ഇന്ന് നിനക്ക് രോഗമാണ്. എന്നാൽ ഇതാ, പാളിക്കത്തുന്ന തീ പിന്നാലെ വരികയാണ്. പാളിക്കത്തുന്ന തീ നിന്റെ അരികത്ത് വരികയാണ്. അത് വചനത്തിന്റെ വെളിച്ചമാണ്. അത് വചനത്തിന്റെ പ്രകാശമാണ്. അത് വചനത്തിന്റെ ശോഭയാണ്. വചനത്തിന്റെ ആത്മാവാണ്. അത് നിന്റെ അരികത്ത് വന്ന് മിന്നുകയാണ്.

കൊടുങ്കാറ്റ്, കരിനിഴൽ വീശുന്ന മേഘം. എന്നാൽ അതിനപ്പുറത്തിതാ പാളിക്കത്തുന്ന തീ നീ കാണുകയാണ്. വചനത്തിന്റെ തീ നിന്നെ സമീപിക്കുകയാണ്. വചനത്തിന്റെ തീ, കർത്താവായ യേശുക്രിസ്തുവാണ്.

കർത്താവായ യേശുക്രിസ്തു കൊടുങ്കാറ്റിന്റെ മദ്ധ്യത്തിൽ തന്റെ പ്രിയപ്പെട്ടവരെ തിരക്കി വരികയാണ്. മർക്കോസിന്റെ സുവിശേഷം ആറാം അദ്ധ്യായത്തിന്റെ നാല്പത്തഞ്ചാം വാക്യം മുതൽ വായിക്കുമ്പോൾ കാണാം. കർത്താവ് പറഞ്ഞു: നിങ്ങൾ എല്ലാവരും പടക് കയറി അക്കരയ്ക്ക് പൊയ്ക്കൊള്ളൂ.

കർത്താവ് തിരികെ മലയിലേക്ക് കയറിപ്പോയി. ശിഷ്യന്മാരുടെ കൂടെ കർത്താവ് പോയില്ല. അവർ പടക് കയറി അക്കരയ്ക്ക് പോവുകയാണ്. ഗലീലാക്കടലിന് അക്കരെ ബേത്ത്സയിദ ആണ്. കർത്താവ് അപ്പുറത്തേക്ക് പൊയ്ക്കൊള്ളാൻ ശിഷ്യന്മാരോട് പറഞ്ഞു, അവർ അങ്ങോട്ട് പോവുകയാണ്.

അവർക്ക് ശുഭപ്രതീക്ഷയുണ്ട്. ബേത്ത്സയിദ, അനുഗ്രഹ

ത്തിന്റെ ഒരു പ്രദേശമാണ്. കർത്താവ് ഒരിക്കൽ ബേത്ത്സയിദയിൽ ചെന്നപ്പോൾ അവിടെ വച്ച് അഞ്ചപ്പവും രണ്ടുമീനുംകൊണ്ട് അയ്യായിരത്തിലേറെ പുരുഷന്മാർ നിറഞ്ഞ മഹാസദസ്സിന് ആഹാരം കൊടുത്തു. വലിയ നിറവുണ്ടായി.

ആഹാരം നിറപടിയായി ലഭിക്കത്തക്കവണ്ണം അഞ്ചപ്പവും രണ്ടു ചെറുമീനുംകൊണ്ട് കർത്താവ് വീര്യം പ്രവർത്തിച്ചു. അങ്ങനെ അനുഗ്രഹിക്കപ്പെട്ട ദേശമാണ്. ആ ദേശത്തെ ജനം ആവേശഭരിതരായി ഇരിക്കുകയാണ്. അതിനും പുറമേ അടുത്ത പ്രാവശ്യം കർത്താവ് ചെന്നപ്പോൾ ഒരു കുരുടനെ കൊണ്ടുവന്നു. കുരുടന് കണ്ണുകാഴ്ച കിട്ടി. ബേത്ത്സയിദ അനുഗ്രഹത്തിന്റെ ദേശമാണ്. അവിടെ ആയിരക്കണക്കിന് ജനം യേശു അവിടെയുണ്ട് എന്നറിഞ്ഞ് അങ്ങോട്ട് ഓടുവാൻ തയ്യാറായി നിൽക്കുകയാണ്. അവശരും ആർത്തരും ബലഹീനരുമായ ജനങ്ങളെല്ലാം യേശു എവിടെയുണ്ട്, എവിടെയുണ്ട് എന്ന് അന്വേഷിച്ചു നടക്കുന്ന സ്ഥലമാണ് ബേത്ത്സയിദ.

അങ്ങോട്ടാണവർ പോകുന്നത്. അവർ നല്ല ശുഭപ്രതീക്ഷ യോടെയാണ് ചെല്ലുന്നത്. യേശു കൂടെയില്ലെങ്കിലും യേശുവിന്റെ ശിഷ്യന്മാരല്ലേ? നല്ല സ്വീകരണം കിട്ടും, നല്ല സ്വാഗതം ലഭിക്കും എന്നുള്ള പ്രതീക്ഷ അവരുടെ ഹൃദയത്തിലുണ്ട്. അങ്ങനെ പോകുമ്പോൾ ഏതാണ്ട് സന്ധ്യയോടടുത്തപ്പോൾ നടുക്കടലിൽ എത്തിക്കഴിഞ്ഞിരി ക്കുന്നു.

പക്ഷേ, പെട്ടെന്നാണ് അവിചാരിതമായി ഒരു ആപത്തു ണ്ടായത്. ആപത്തുകൾ പലതും അങ്ങനെയാണ്. അവിചാരിത മായിട്ടാണ്. ഈ അടുത്ത സമയം വരെയും വളരെ സുഖസന്തോഷത്തിൽ ജീവിച്ചവർ, പെട്ടെന്നിതാ മാരകമായ രോഗത്തിനടിമയാണെന്നറിയുന്നു. ആകെ അമ്പരപ്പിലായി. ആകെ പരിഭ്രാന്തിയിലായി. എന്നതുപോലെ അവിചാരിത

മായിട്ടാണ് കൊടുങ്കാറ്റ് ഊതിയത്.

ഭയങ്കരമായ കൊടുങ്കാറ്റ്! ഭീകരമായ കൊടുങ്കാറ്റ്! ആ പടക് ഒരിഞ്ച് മുന്നോട്ട് നീങ്ങുന്നില്ല. പടക് വട്ടം കറങ്ങുകയാണ്. ശിഷ്യന്മാർ അമ്പരപ്പിലായി. അവർ നല്ലതുപോലെ തണ്ട് വലിക്കുന്നുണ്ട്. തണ്ട് വലിച്ചു വലഞ്ഞു എന്നാണ് വേദപുസ്തകം പറയുന്നത്. പക്ഷേ, പടക് ഒരിഞ്ച് നീങ്ങുന്നില്ല. രാത്രി പാതിരയായി. സന്ധ്യമുതൽ പാതിരവരെയും തണ്ടുവലിച്ചു വലഞ്ഞു. ശിഷ്യന്മാർ പന്ത്രണ്ടുപേരും ഒരുപോലെ തളർന്നു.

അവർ പങ്കായമെല്ലാം അതിനകത്ത് വച്ച് വിഷാദഭരിതരായി ഇരിക്കുകയാണ്. നമ്മുടെ കർത്താവ് കൂടെയില്ലാതെ നാം ഇത്രത്തോളം വന്നു. കർത്താവ് കൂടെയില്ലാതെ നമ്മളങ്ങ് മരിക്കും. നമ്മുടെ കാര്യം തീരും. സങ്കടത്തിലായി. പിന്നെയും സമയം മുന്നോട്ട് പോയി. ഇടയ്ക്ക് എഴുന്നേറ്റ് പങ്കായം എടുക്കും. അതൊക്കെ എന്റെ ഭാവനയാണ്. അവർ പിന്നെയും വലിച്ചുനോക്കും. ഇല്ല, നീങ്ങുന്നില്ല. നാലാം യാമമായി.

വെളുപ്പിന് മൂന്ന് മണി കഴിഞ്ഞു. തലേ സന്ധ്യക്ക് തുടങ്ങിയ അദ്ധ്വാനം വെളുപ്പിന് മൂന്ന് മണിവരെയും നീളുകയാണ്. ഒരിഞ്ച് നീങ്ങുന്നില്ല. ഇവിടെ തീരും. മുങ്ങും. അവർ വലഞ്ഞുപോയി.

പ്രിയപ്പെട്ടവരേ, കൊടുങ്കാറ്റ്, ഒപ്പം നിരാശ! അപ്പോഴുണ്ട് ഇതാ, പാളിക്കത്തുന്ന തീ വരുന്നു. കൂരിരുട്ടിൽ ഒരു വെളിച്ചം പോലെ. വെളിച്ചമായി ഒരാൾ വരുന്നു. എന്താണ് അർദ്ധ രാത്രിക്ക് ഒരു ആൾ രൂപത്തിൽ വെളിച്ചം വരുന്നത്? അവർ പേടിച്ചുപോയി. വല്ല ഭൂതമോ പ്രേതമോ എന്താണാവോ? അവർ ഭയന്നുപോയി.

മനുഷ്യന്റെ ആകൃതിയുണ്ട്. പക്ഷേ, വെളിച്ചമുണ്ട്. അതും നല്ല തീപോലെയുള്ള വെളിച്ചം. അവർ അത്ഭുതത്തോടെ നോക്കി. അവർ പേടിച്ചുപോയി. അവർ ഞെട്ടിവിറയ്ക്കുകയാണ്. അവർ പേടിച്ചു നിലവിളിച്ചു. നടുക്കടലിൽ മുങ്ങാൻ

പോവുകയാണ്. ഇപ്പോഴിതാ ഭൂതബാധയും വന്നിരിക്കുന്നു. എന്തുചെയ്യും? കൂനിന്മേൽ കുരു എന്നതുപോലെ അവർ വലഞ്ഞുപോയി.

**"കാറ്റ് പ്രതികൂലം ആകകൊണ്ട് അവർ തണ്ടുവലിച്ചു വലയുന്നത് അവൻ കണ്ടു ഏകദേശം രാത്രി നാലാം യാമത്തിൽ കടലിന്മേൽനടന്ന് അവരുടെ അടുക്കൽ ചെന്നു അവരെ കടന്നുപോകുവാൻ ഭാവിച്ചു. അവൻ കടലിന്മേൽ നടക്കുന്നത് കണ്ടിട്ട് ഭൂതം എന്ന് അവർ നിരൂപിച്ചു നിലവിളിച്ചു. എല്ലാവരും അവനെ കണ്ടു ഭ്രമിച്ചിരുന്നു. ഉടനെ അവൻ അവരോടു സംസാരിച്ചു: ധൈര്യപ്പെടുവിൻ; ഞാൻ തന്നേ ആകുന്നു; ഭയപ്പെടേണ്ടാ എന്നു പറഞ്ഞു. പിന്നെ അവൻ അവരുടെ അടുക്കൽ ചെന്നു പടകിൽ കയറി, കാറ്റ് അമർന്നു; അവർ ഉള്ളിൽ അത്യന്തം ഭ്രമിച്ചാശ്ചര്യപ്പെട്ടു."**

**മർക്കോസ് 6 : 48 – 51**

കടലിന്മേൽ നടന്ന് യേശു വരികയാണ്. തിരമാലകളിങ്ങനെ ആർത്തിരമ്പി വരുന്നു. തിരമാലകൾ പൊങ്ങിപ്പൊങ്ങി ഉയരുകയാണ്. ഇതാ തിരമാലകളുടെ മീതെ തേജോരൂപിയായ യേശു! പാളിക്കത്തുന്ന തീയായ യേശു! അവിടുന്ന് തിരമാല കളുടെ മീതെ പൊങ്ങുന്നു. തിരമാല താഴുമ്പോൾ താഴുന്നു. അങ്ങനെ യേശു തിരമാലകളുടെ മീതെ ഒരു കേടും വരാതെ നടന്നുവരികയാണ്.

കാറ്റ് പ്രതികൂലമാകുന്നു. അവർ തണ്ട് വലിച്ചു വലയുന്നു. നേരം വെളുക്കാറായിരിക്കുന്നു. വെളുപ്പാൻകാലം വരെയും തണ്ടു വലിച്ചു വലഞ്ഞിരിക്കുകയാണ്. ക്ഷീണിതരായി തളർന്ന് വിവശരായി ഇരിക്കുകയാണ്. അപ്പോൾ അവൻ കടലിന്മേൽ നടക്കുന്നത് കണ്ടു. ഭൂതം എന്ന് അവർ നിരൂപിച്ചു നിലവിളിച്ചു. എല്ലാവരും അവനെക്കണ്ട് ഭ്രമിച്ചിരുന്നു.

കർത്താവ് പറഞ്ഞു: പേടിക്കേണ്ട, ഞാൻ തന്നെയാണ്. "ഞാൻ ആകുന്നവൻ ഞാൻ ആകുന്നു." നിങ്ങളുടെ

അരികത്തേക്ക് ഈ പ്രയാസത്തിന്റെ സമയത്ത് വരുന്നത് ഞാൻ തന്നെയാണ്. നിങ്ങൾ ഭയപ്പെടേണ്ട. നിങ്ങളിവിടെ തീരാൻ പോവുകയല്ല. എനിക്ക് ഇനിയും നിങ്ങളെക്കൊണ്ട് ചില ശുശ്രൂഷകൾ ചെയ്യിക്കാനുണ്ട്. ചില കാര്യങ്ങൾ നിങ്ങളെക്കൊണ്ട് ചെയ്യിക്കാനുണ്ട്. വൻകാര്യങ്ങൾ നിങ്ങളെ ക്കൊണ്ട് നിവർത്തിക്കാനുണ്ട്. നിങ്ങളിൽ നിന്നുകൊണ്ട് ചില അത്ഭുതങ്ങൾ ചെയ്യാനുണ്ട്. യേശു പടകിൽ കയറി. കാറ്റ് അമർന്നു.

കൊടുങ്കാറ്റ് അമർത്താൻ ശക്തിയുള്ളവൻ നിങ്ങളുടെ അരികത്തേക്ക് വരികയാണ്. അവനിതാ നിങ്ങളുടെ സമീപത്ത് വന്നിരിക്കുകയാണ്. പാളിക്കത്തുന്ന തീയിതാ, കൊടിയ യാതനകളുടേയും വേദനകളുടേയും മദ്ധ്യത്തിൽ, പ്രതിസ ന്ധികളുടേയും പ്രശ്നത്തിന്റേയും മദ്ധ്യത്തിൽ, ഊരാക്കുരു ക്കിന്റെ മദ്ധ്യത്തിൽ, ഇനി തലപൊക്കുകയില്ല എന്ന് വിചാരിക്കുന്ന നിരാശാകരമായ സാഹചര്യങ്ങളുടെ മദ്ധ്യ ത്തിൽ നിങ്ങളുടെ അരികത്തേക്ക് വന്നിരിക്കുകയാണ്.

ഇനി ഞാൻ എഴുന്നേൽക്കുകയില്ല എന്ന് പറഞ്ഞിരിക്കുന്ന മാന്യസ്നേഹിതാ, നിന്റെ അരികത്തേക്ക് യേശു വന്നിരിക്കുക യാണ്. ഇനി എനിക്ക് ഒരു ഭാവിയില്ല എന്ന് പറഞ്ഞിരിക്കുന്ന മാന്യസഹോദരീ, നിന്റെ അരികിലേക്ക് യേശു വന്നിരിക്കു കയാണ്. ഇനി ആത്മഹത്യയല്ലാതെ പോംവഴിയില്ല എന്നുപറഞ്ഞ് നിരാശയോടിരിക്കുന്ന ബഹുമാന്യ സുഹൃത്തേ, നിന്റെ അരികിലേക്ക് യേശു വന്നിരിക്കുകയാണ്.

യേശു നിന്റെ അരികത്ത് വന്നിട്ട്: “ഞാൻ ആകുന്നു, പേടിക്കേണ്ട” എന്നു പറഞ്ഞുകൊണ്ട് നിന്റെ ജീവിതപടകി ലേക്ക് കയറുകയാണ്. അവൻ നിന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരികയാണ്. അവൻ നിന്റെ ഹൃദയത്തിൽ വന്ന് അവിടെ കാലൂന്നി നിൽക്കുകയാണ്. ഉടനെ കാറ്റ് അമരുകയാണ്.

അവൻ വന്നാൽ കാറ്റ് അമരും. കൊടുങ്കാറ്റുകൾ

ശാന്തമാകും. അവൻ വന്നാൽ തിരമാലകൾ അമരും. അവൻ വന്നാൽ ചുഴലിക്കാറ്റുകൾ പ്രശാന്തമാകും. അവൻ വന്നാൽ ദൈവപൈതലേ, നിന്റെ പ്രശ്നങ്ങൾക്ക് പരിഹാരമാകും. അവൻ വന്ന് നിന്റെ ജീവിതത്തിൽ കാലൂന്നി നിന്നാൽ നിന്റെ ജീവിതത്തിലെ കൊടുമ്പിരിക്കൊണ്ട പ്രശ്നങ്ങൾക്ക് ഒരു പരിഹാരം ലഭിക്കും. നിങ്ങൾ വിശ്വസിക്കൂ, യേശുവിനെ സ്വീകരിക്കൂ. യേശുവിന്റെ കരങ്ങളിലേക്ക് നിന്നെ കൊടുക്കൂ.

യേശു നിനക്കുവേണ്ടി ക്രൂശിൽ മരിച്ചവനാണ്. ക്രൂശിന്മേൽ കൊടുങ്കാറ്റേറ്റവനാണ്. പൈശാചികന്റെ കൊടുങ്കാറ്റേറ്റ് ക്രൂശിന്മേൽ കിടന്ന് നിലവിളിച്ചവനാണ്. “എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്” എന്ന് പറഞ്ഞ് ക്രൂശിന്മേൽ കരഞ്ഞവനാണ്. യേശുവിനെ നീ സ്വീകരിക്കൂ.

യേശുവിനെ നീ വിളിക്കൂ. യേശുവിന്റെ പാദത്തിൽ നീ വീഴൂ. യേശുവിനോട് വാക്ക് പറയൂ. എന്റെ യേശുവേ, നീ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതിനാൽ ഇന്നുമുതൽ ഞാൻ നിനക്കായി ജീവിക്കും.

# പന്ത്രണ്ട്

നോഹയുടെ കാലത്ത് ജലപ്രളയം കഴിഞ്ഞ് ദൈവം മനുഷ്യനോട് ഒരു മഴവില്ല് സ്ഥാപിച്ചുകൊണ്ട്, നിയമം ചെയ്യുന്നു. ആ മഴവില്ല് ദൈവത്തിന്റെ ഒരു നിത്യ നിയമമായി മനുഷ്യന്റെ മുമ്പിൽ ദൈവം നിയമിച്ചാക്കുകയായിരുന്നു. നോഹയുടെ കാലത്തിനുമുമ്പും മഴവില്ല് ഉണ്ടായിരുന്നിരിക്കും.

തിരുവചനത്തിലെ ഒന്നാമത്തെ മഴവില്ല് ഉല്പത്തി പുസ്തകം ഒമ്പതാം അദ്ധ്യായത്തിൽ കാണുന്നു.

മനുഷ്യൻ പാപം ചെയ്യുമ്പോൾ സ്വാഭാവികമായി മനുഷ്യന് പാപത്തിന്റെ ഫലമായ ശിക്ഷ ഉണ്ടാകും. അത് ദൈവം ശിക്ഷിക്കുന്നതല്ല, മനുഷ്യൻ സ്വയമേവ ശിക്ഷിതനായി തീരുന്നതാണ്. ദൈവം ആരെയും നരകത്തിലേക്ക് കൊണ്ടു പോകുന്നില്ല, ദൈവം ആരെയും നരകത്തിലേക്ക് തള്ളിക്കള യുന്നില്ല. ദൈവസന്നിധിയിൽ നിൽപ്പാൻ സാധ്യമല്ലാത്തവിധം മനുഷ്യനിൽ തിന്മ കുടികൊള്ളുന്നതുകൊണ്ട് തിന്മയുടെ പാർപ്പിടത്തിലേക്ക് മനുഷ്യൻ പോകേണ്ടിവരികയാണ്.

തിന്മയുടെ ഉറവിടവും തിന്മയുടെ പാർപ്പിടവുമാണ് നരകം. തിന്മയുടെ വിളനിലമാണ് നരകം. തിന്മയുടെ കേന്ദ്രമാണ് നരകം. ആ നരകത്തിലേക്ക് മനുഷ്യൻ പോകേണ്ടി വരികയാണ്. നീ അങ്ങോട്ടു പോകൂ എന്നു പറഞ്ഞ് ദൈവം തള്ളിക്കളയുകയല്ല. ദൈവത്തിന്റെ അനന്തസ്നേഹം എന്നും മനുഷ്യനെ ആകർഷിച്ചുകൊണ്ടിരിക്കുകയാണ്.

ദൈവത്തിന്റെ നിത്യസ്നേഹം മനുഷ്യനെ നാശത്തിൽ നിന്ന് വീണ്ടെടുക്കാൻ അദ്ധ്വാനിച്ചുകൊണ്ടിരിക്കുകയാണ്.

യെഹെസ്കേൽ പ്രവാചകനോട് ദൈവം പറയുന്നു: ഞാൻ ദുഷ്ടനോട്, നീ മരിക്കും എന്ന് കൽപ്പിക്കുമ്പോൾ നീ അവനെ അവന്റെ ദോഷവഴികൾ വിട്ട് തിരിയുവാൻ ഓർമ്മപ്പെടുത്തിയില്ലെങ്കിൽ ദുഷ്ടൻ തന്റെ അകൃത്യത്തിൽ മരിക്കും. അവന്റെ രക്തമോ ഞാൻ നിന്നോട് ചോദിക്കും.

**"മനുഷ്യപുത്രാ, ഞാൻ നിന്നെ യിസ്രായേൽഗൃഹത്തിനു കാവൽക്കാരനാക്കിയിരിക്കുന്നു." യെഹെസ്കേൽ 3 : 17**

പാപം ചെയ്യുന്നവനോട്, പാപത്തിന്റെ ശമ്പളമായ മരണമുണ്ട്, നീ ആത്മാവിൽ മരിക്കും, അതുമൂലം നീ നരകാവകാശിയായിത്തീരും എന്ന് ദൈവം കൽപ്പിക്കുമ്പോൾ, സ്വാഭാവികമായി പാപത്തിന്റെ പരിണിതഫലമായ നരകത്തിന്റെ ഭീകരതയിലേക്ക് നീ തള്ളപ്പെടുമെന്ന് ദൈവം കൽപ്പിക്കുമ്പോൾ ആ ദൈവത്തിന്റെ കൽപന മനുഷ്യനെ അറിയിക്കുന്നതിനായി യെഹെസ്കേലിനെ ദൈവം നിയമിച്ചു.

ആ കാര്യം അറിയിക്കുവാൻ ദൈവം സുവിശേഷകരെ നിയമിച്ചു. ഉപദേഷ്ടാക്കന്മാരെ നിയമിച്ചു. ഈ കാര്യം അറിയിക്കാൻ ദൈവം പ്രബോധകന്മാരെ നിയമിച്ചു. പ്രവാചകന്മാരെ നിയമിച്ചു. ആ കാര്യം ഓടിനടന്ന് പറയുവാൻ ദൈവം അപ്പൊസ്തലന്മാരെ നിയമിച്ചു. ജീവനുള്ള ദൈവം അതിനുവേണ്ടി അതാത് സ്ഥലത്ത്, അതാത് വിധത്തിൽ തന്റെ വേലക്കാരെ ആക്കി. ദൈവം യെഹെസ്കേലിനോട് പറഞ്ഞു:

**"മനുഷ്യപുത്രാ, ഞാൻ നിന്നെ യിസ്രായേൽഗൃഹത്തിനു കാവൽക്കാരനാക്കിയിരിക്കുന്നു." യെഹെസ്കേൽ 3 :17**

ദുഷ്ടന്റെ മരണത്തിൽ എനിക്ക് താൽപര്യമില്ല. ദൈവം പറയുകയാണ്. പാപം ചെയ്യുന്നവൻ നശിക്കുന്നതിൽ എനിക്ക് താല്പര്യമില്ല. പാപം ചെയ്യുന്ന ദേഹി മരിക്കും. എന്നാൽ ദുഷ്ടന്റെ മരണത്തിൽ എനിക്ക് താല്പര്യമില്ല.

ദുഷ്ടൻ തന്റെ വഴി വിട്ടു തിരിഞ്ഞ് രക്ഷപ്പെടണമെന്നാണ്

എന്റെ ആഗ്രഹം. തിന്മയുടെ വഴികളെ വിട്ട് ദൈവത്തിങ്കലേക്ക് തിരിഞ്ഞ് നന്മയിലേയ്ക്കും വിശുദ്ധിയിലേയ്ക്കും ദൈവസ്നേഹത്തിലേയ്ക്കും തിരിഞ്ഞ് അവൻ സ്വർഗ്ഗാവകാശി യായിത്തീരണം. നിത്യസൗഭാഗ്യത്തിന്റെ അവകാശി യായിത്തീരണം. ഇതാണ് ദൈവത്തിന്റെ ആഗ്രഹം.

**“മനുഷ്യപുത്രാ, ഞാൻ നിന്നെ യിസ്രായേൽഗൃഹത്തിനു കാവൽക്കാരനാക്കിയിരിക്കുന്നു: നീ എന്റെ വായിൽനിന്നു വചനം കേട്ട് എന്റെ നാമത്തിൽ അവരെ പ്രബോധിപ്പിക്കേണം. ഞാൻ ദുഷ്ടനോട്: നീ മരിക്കും എന്നു കൽപ്പിക്കുമ്പോൾ നീ അവനെ ഓർപ്പിക്കയോ ദുഷ്ടനെ ജീവനോടെ രക്ഷിക്കേണ്ടതിന് അവൻ തന്റെ ദുർമ്മാർഗ്ഗം വിടുവാൻ അവനെ ഓർപ്പിച്ചു കൊണ്ടും ഒന്നും പറകയോ ചെയ്യാഞ്ഞാൽ, ദുഷ്ടൻ തന്റെ അകൃത്യത്തിൽ മരിക്കും; അവന്റെ രക്തമോ ഞാൻ നിന്നോടു ചോദിക്കും. എന്നാൽ നീ ദുഷ്ടനെ ഓർപ്പിച്ചിട്ടും അവൻ തന്റെ ദുഷ്ടതയും ദുർമ്മാർഗ്ഗവും വിട്ടുതിരിയുന്നില്ലെങ്കിൽ അവൻ തന്റെ അകൃത്യത്തിൽ മരിക്കും; നീയോ നിന്റെ പ്രാണനെ രക്ഷിച്ചിരിക്കുന്നു.” യെഹെസ്കേൽ 3 : 17 – 19**

ആ രക്തപ്പക നിന്റേമേൽ ചുമത്തുകയില്ല. ആ ദോഷം നിന്റേമേൽ ചുമത്തുകയില്ല. ആ ദോഷത്തിൽ നിന്ന് നിനക്ക് മോചനം പ്രാപിക്കാം. നീ പറഞ്ഞിട്ടും അവൻ സ്വീകരിച്ചില്ല.

ദുഷ്ടൻ എന്ന് വേദപുസ്തകത്തിൽ കാണുന്നതെല്ലാം അവിശ്വാസി എന്നുള്ള അർത്ഥത്തിലാണ്. അപ്പൊസ്തലനായ പൗലോസ്, എബ്രായർക്കെഴുതിയ ലേഖനത്തിൽ പറയുന്നു:

**“സഹോദരന്മാരേ, ജീവനുള്ള ദൈവത്തെ ത്യജിച്ചു കളയാതിരിക്കേണ്ടതിന് അവിശ്വാസമുള്ള ദുഷ്ടഹൃദയം നിങ്ങളിൽ ആർക്കും ഉണ്ടാകാതിരിപ്പാൻ നോക്കുവിൻ.”**

**എബ്രായർ 3 : 12**

അതുകൊണ്ട് ദൈവത്തിന്റെ വചനത്തെ വിശ്വസിക്കാതെ പോയാൽ ആ മനുഷ്യൻ അവന്റെ അകൃത്യത്തിൽ മരിക്കും.

അവൻ അകൃത്യത്തിൽ മരിച്ചു കഴിയുമ്പോൾ അവനാണ് നാശം. നീ നിന്റെ പ്രാണനെ രക്ഷിച്ചിരിക്കുന്നു. കാരണം, നീ അവനെ പ്രബോധിപ്പിച്ചു, നിന്റെ ചുമതല നീ നിർവ്വഹിച്ചു.

ദൈവമോ എന്താണ് ചെയ്യുന്നത്? ദൈവം സ്നേഹം മാത്രം തരികയാണ്. ദൈവം കരുണ മാത്രമാണ്. ദൈവം ഈ മഴവില്ല് വച്ചതിൽക്കൂടെ, ആ മഴവില്ല് അടയാളമായി കാണിച്ചതിൽ ക്കൂടെ, ദൈവത്തിന്റെ നിയമം പറഞ്ഞതിൽക്കൂടെ ദൈവത്തിന്റെ അനന്തസ്നേഹം നമ്മോടു പ്രദർശിപ്പിക്കുകയാണ്. നിത്യ സ്നേഹം!

രക്ഷയ്ക്ക് മാർഗ്ഗമുണ്ട്. അപകടം വരാതെ രക്ഷപ്പെടാൻ ഒരു വഴിയുണ്ട്. ഏതാണീ രക്ഷയുടെ മാർഗ്ഗം? അത് മനസ്സിലാകുന്നത് രണ്ടാമത്തെ മഴവില്ലിനെക്കുറിച്ച് നാം പഠിക്കുമ്പോഴാണ്. വേദപുസ്തകത്തിലെ രണ്ടാമത്തെ മഴവില്ല് യെഹെസ്കേൽ പ്രവാചകന്റെ പുസ്തകം ഒന്നാം അദ്ധ്യായ ത്തിൽ നമുക്ക് കാണാം.

**“അതിന്റെ ചുറ്റുമുള്ള പ്രകാശം മഴയുള്ള ദിവസത്തിൽ മേഘത്തിൽ കാണുന്ന വില്ലിന്റെ കാഴ്ചപോലെ ആയിരുന്നു. യഹോവയുടെ മഹത്വത്തിന്റെ പ്രത്യക്ഷത ഇങ്ങനെ ആയിരുന്നു കണ്ടത്; അതു കണ്ടിട്ട് ഞാൻ കവിണ്ണുവീണു; സംസാരിക്കുന്ന ഒരുത്തന്റെ ശബ്ദവും ഞാൻ കേട്ടു.” യെഹെസ്കേൽ 1 : 28**

യെഹെസ്കേൽ ദൈവശബ്ദം കേൾക്കുകയാണ്. യെഹെസ്കേൽ ദൈവശബ്ദം കേട്ടതോടുകൂടെ മഴവില്ലിന്റെ കാഴ്ച കാണുകയാണ്. യെഹെസ്കേൽ ഒന്നാം അദ്ധ്യായം ആദ്യഭാഗം കാണുമ്പോൾ നിത്യനായ ദൈവത്തിന്റെ തേജോമയമായ കാഴ്ചയാണ് നമുക്ക് കിട്ടുന്നത്.

**“അവിടെ യഹോവയുടെ കൈയും അവന്റെമേൽ വന്നു. ഞാൻ നോക്കിയപ്പോൾ വടക്കുനിന്ന് ഒരു കൊടുങ്കാറ്റും വലിയോരു മേഘവും പാളിക്കത്തുന്ന തീയും വരുന്നത് കണ്ടു.” യെഹെസ്കേൽ 1 : 3, 4**

യെഹെസ്കേൽ പ്രവാചകനായിരുന്നു, യെഹെസ്കേൽ പുരോഹിതനുമായിരുന്നു. യെഹെസ്കേലിന്റെമേൽ ദൈവത്തിന്റെ ആത്മാവ് വന്നു. യഹോവയുടെ കൈ യെഹെസ്കേലിന്റെ മേൽ വന്നു. അപ്പോൾ ഒരു കാഴ്ച കണ്ടു, തേജോമയമായ ദർശനം കണ്ടു.

ആ ദർശനത്തിലേക്ക് യെഹെസ്കേൽ ഉറ്റുനോക്കി. അപ്പോൾ കണ്ടത് വടക്കുനിന്ന് ഒരു കൊടുങ്കാറ്റ് വരുന്നു, പിന്നീട് വലിയോരു മേഘം വരുന്നു, അതിനുശേഷം പാളിക്കത്തുന്ന തീയും വരുന്നത് കണ്ടു.

**"അതിന്റെ ചുറ്റും ഒരു പ്രകാശവും അതിന്റെ നടുവിൽ നിന്നു, തീയുടെ നടുവിൽ നിന്നുതന്നേ, ശുക്ലസ്വർണ്ണം പോലെ ഒരു കാഴ്ചയും ഉണ്ടായിരുന്നു."**

**യെഹെസ്കേൽ 1 : 4**

നിത്യനായ ദൈവത്തിന്റെ തേജസ്സിന്റെ കാഴ്ചയാണത്. ദൈവത്തിന്റെ മഹത്വത്തിന്റെ കാഴ്ചയാണത്. ഇതു നമുക്ക് വിശദമായി മനസ്സിലാക്കണമെങ്കിൽ വെളിപ്പാടു പുസ്തകം ഒന്നാം അദ്ധ്യായത്തിലേക്ക് വരണം. വെളിപ്പാട് പുസ്തകം ഒന്നാം അദ്ധ്യായത്തിൽ, യെഹെസ്കേൽ ഒന്നാം അദ്ധ്യായത്തിൽ കാണുന്നതുപോലെ നിത്യനായ ദൈവത്തിന്റെ തേജസ്സിന്റെ കാഴ്ചയാണ് അപ്പൊസ്തലനായ യോഹന്നാൽ പത്മോസിൽ വച്ച് കണ്ടത്.

പ്രിയപ്പെട്ടവരേ, ദൈവത്തിന്റെ തേജസ്സ്! അടുത്തുകൂടാത്ത വെളിച്ചം! ആർക്കും അടുക്കാൻ വയ്യാത്ത വെളിച്ചം! ആ തേജോമയമായ പ്രകാശത്തിന്റെ നടുവിൽ പ്രശോഭിക്കുന്ന നിത്യമഹത്വത്തെയാണ് യെഹെസ്കേൽ കണ്ടത്. ദൈവത്തെ ആർക്കും നേരിട്ട് കാണുവാൻ സാധ്യമല്ല. ഒരു മനുഷ്യനും ദൈവത്തെ കണ്ടിട്ട് പിന്നെ ജീവനോടെയിരിക്കാൻ സാദ്ധ്യമല്ല. മോശയോട് ദൈവം പറഞ്ഞു: എന്നെ കണ്ടിട്ട് ആരും ജീവനോടെ ഇരിക്കുകയില്ല.

മാനുഷികമായി ആർക്കും ദൈവത്തെ കാണാൻ സാദ്ധ്യമല്ലാത്തതുപോലെ ദൈവം തേജോമയനാണ് എന്ന് ദൈവം തന്നെ മോശയോട് പറഞ്ഞു. ഇവിടെ യെഹെസ്കേലിനോടും അതു തന്നെയാണ് പറയുന്നത്.

ദൈവത്തിന് രൂപമില്ല. ദൈവത്തിന് ആകൃതിയില്ല. ദൈവം ആത്മാവാകുന്നു. ദൈവം തേജസ്സാകുന്നു. ദൈവം വെളിച്ചമാകുന്നു. ദൈവം ജീവനാകുന്നു. ദൈവം ജീവന്റെ പ്രവാഹമാകുന്നു. ദൈവം ജീവന്റെ ജലമാകുന്നു. ജീവന്റെ അപ്പമാകുന്നു. പ്രകാശം മാത്രമാകുന്ന ദൈവം! വിശുദ്ധിയുടെ തേജസ്സിൽ പ്രശോഭിക്കുന്ന ദൈവം!

ആ ജീവനുള്ള ദൈവത്തെയാണ് വാസ്തവത്തിൽ മനുഷ്യന് കാണാൻ പാകത്തിന് തേജസ്സിന്റെ മദ്ധ്യത്തിലായി വെളിപ്പെട്ടു കിട്ടുന്നത്. ദൈവത്തെ നേരിട്ട് കിട്ടുന്നില്ല. പക്ഷേ, ആ മഹത്വം ദൈവം മനുഷ്യന് കാണിച്ചുകൊടുക്കുകയാണ്. ദൈവത്തിന്റെ തേജസ്സ് കാണിച്ചുകൊടുക്കുകയാണ്.

മോശ ദൈവത്തോട് ചോദിച്ചു: കർത്താവേ, എനിക്ക് നിന്നെ ഒന്ന് കാണാൻ ആഗ്രഹമുണ്ടല്ലോ. ദൈവം പറഞ്ഞു: മകനേ, നിനക്ക് എന്നെ നേരിട്ട് കാണാൻ സാദ്ധ്യമല്ല. എന്നെ കണ്ടാൽ നീ പിന്നെ ഈ ഭൂമിയിൽ ജീവിച്ചിരിക്കയില്ല. നീ ഈ ഭൂമിയിൽനിന്ന് മാറ്റപ്പെട്ടുപോവുക തന്നെ ചെയ്യും.

പിന്നെ ഭൂമിയിൽ ജീവിച്ചിരിക്കാൻ സാദ്ധ്യമല്ല. നിനക്ക് ഇങ്ങനെ ഒരു ആഗ്രഹം ഉള്ളതുകൊണ്ട് ഒരു കാര്യം ചെയ്യാം. നീ ആ പാറയുടെ മറവിൽ മറഞ്ഞ് നിൽക്കൂ. എന്റെ തേജസ്സ് കടന്നുപോകുന്നത് നിനക്ക് കാണാം. ദൈവത്തെ കാണാൻ പറ്റുകയില്ല. മോശ പാറയുടെ മറവിൽ ഒളിവിൽ നിന്നു. അപ്പുറത്തൂടെ തേജസ്സ് കടന്നുപോയി.

ആഘോഷത്തോടെ കടന്നുപോയി. ആരവാരത്തോടെ കടന്നുപോയി. തേജസ്സ് സ്തുതിയോടെ കടന്നുപോയി. സ്തുതിയുടെ തേജസ്സിൽക്കൂടി ജീവനുള്ള ദൈവം

മഹത്വകരമായ തേജസ്സിന്റെ പൂർണ്ണതയോടെ കടന്നുപോയി. മോശ ആ തേജസ്സിന്റെ ഒരു അംശം മാത്രം കണ്ടു. മോശ പിന്നെ താഴ്വരയിലേക്ക് ഇറങ്ങി വന്നു. ആർക്കും മോശയുടെ മുഖത്ത് നോക്കാൻ വയ്യ. മോശയുടെ ശരീരത്തിലേക്ക് നോക്കാൻ വയ്യ. തേജസ്സ് ശരീരത്തിൽ തിങ്ങിനിൽക്കുന്നു.

മോശയുടെ ശരീരം മുഴുവൻ പ്രകാശിതമായിരിക്കുന്നു. ആർക്കും കാണാൻ വയ്യാത്തതുപോലെ കണ്ണഞ്ചിപ്പോകുന്ന വിധത്തിൽ എല്ലാവരും ഭയന്ന് പിന്മാറുന്നു. മോശ ഒരു മൂടുപടം ഇട്ടുകൊണ്ട് ജനത്തിന്റെ മുൻപിൽ നിന്നു. ദൈവത്തിന്റെ തേജസ്സ് അത്ര മഹത്തായതാണ്.

നിത്യനായ ദൈവത്തിന്റെ തേജസ്സാണ് അരുളിച്ചെയ്യുന്നത്. നിങ്ങൾക്ക് നിത്യശിക്ഷ വരാതിരിപ്പാൻ തേജോമയനായ ദൈവം ഇതാ, മനുഷ്യരൂപത്തിൽ ഇറങ്ങിവന്നിരിക്കുന്നു. എത്ര അത്ഭുതകരമായ കാര്യമാണ്! എത്ര മനോഹരമായ കാര്യമാണ്! ആർക്കും അടുക്കാൻ വയ്യാത്തവനായ ദൈവം, എല്ലാവർക്കും സമീപിക്കാവുന്നവനായി, എല്ലാവരുടേയും ഇടയിലേക്ക് ഒരു മനുഷ്യനെപ്പോലെ തന്നെ മനുഷ്യാകൃതിയിൽ ഇറങ്ങിവന്നിരിക്കുന്നു. അതാണ് കർത്താവായ യേശുക്രിസ്തു!

നിത്യനായ ദൈവത്തെ ആർക്കും സമീപിക്കുവാൻ സാദ്ധ്യമല്ല. നിത്യനായ ദൈവത്തോട് ആർക്കും അടുക്കാനോ, ദൈവത്തോട് അടുത്തുനിന്ന് സംസാരിക്കാനോ സാദ്ധ്യമല്ല. അതുകൊണ്ട് നിത്യനായ ദൈവം മനുഷ്യരൂപമെടുത്തുകൊണ്ട് ഒരു സ്ത്രീയുടെ ഗർഭപാത്രത്തിൽ ഒതുങ്ങി. സ്ത്രീയുടെ ഉദരത്തിൽ ഒതുങ്ങി.

നിത്യനായ ദൈവം ഒരു കാലത്തിന്റെ മദ്ധ്യത്തിൽ ഒതുങ്ങി. BC-യുടേയും AD-യുടേയും മദ്ധ്യത്തിൽ ഒതുങ്ങി. നിത്യനായ ദൈവം ആകാശത്തിനും ഭൂമിക്കും മദ്ധ്യത്തിൽ ഒതുങ്ങി. നിത്യനായ ദൈവം ഒരുപുൽക്കൂട്ടിൽ ഒതുങ്ങി. നിത്യനായ ദൈവം മുപ്പത്തിമൂന്നര വർഷത്തിന്റെ കാലയളവിൽ

ഒതുങ്ങി.

നിത്യനായ ദൈവം രണ്ട് മരക്കഷണങ്ങളാകുന്ന കുരിശിന്മേൽ ഒതുങ്ങി. നിത്യനായ ദൈവം അരിമത്യക്കാരനായ യോസേഫിന്റെ കല്ലറയിൽ ഒതുങ്ങി. എന്തിന്? പ്രിയപ്പെട്ടവരേ, എനിക്കടുക്കാൻ, നിങ്ങൾക്ക് അടുക്കാൻ. എനിക്ക് സംസാരിക്കാൻ, നിങ്ങൾക്ക് സംസാരിക്കാൻ, എന്റെ കാര്യങ്ങൾ പറയുവാൻ, എന്റെ ആവശ്യങ്ങൾ പറയുവാൻ, എന്റെ ഹൃദയനൊമ്പരങ്ങൾ എല്ലാം തുറന്ന് പറയുവാൻ അവനിതാ എന്റെ അരികിലേക്ക് വന്നിരിക്കുന്നു.

മുപ്പത്തിമൂന്നര കൊല്ലം ജീവിച്ച് യേശുക്രിസ്തു ക്രൂശിക്കപ്പെട്ടതിനുശേഷം ഇന്നും യേശുക്രിസ്തു ജീവിക്കുന്നു. ഇന്നും യേശുക്രിസ്തു ജീവിച്ചുകൊണ്ട് നമ്മുടെ ഇടയിലൂടെ നടക്കുന്നു. അവിടുന്ന് ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്നു.

പ്രിയപ്പെട്ടവരേ, നിങ്ങളുടെ അരികത്തുകൂടി ഈ യേശു ആത്മാവായി നടക്കുകയാണ്. ആത്മാവാകുന്ന ക്രിസ്തു നിങ്ങളുടെ ശരീരത്തെ തൊട്ടുരുമ്മിക്കൊണ്ട് നടക്കുകയാണ്. നിങ്ങളുടെ ശരീരത്തിൽ മുട്ടിക്കൊണ്ട് യേശു നടക്കുകയാണ്. യേശു നിങ്ങളുടെ സമീപത്തുകൂടി നടക്കുമ്പോൾ നിങ്ങൾക്ക് പറയാം: കർത്താവേ, ഇവിടെ ഒരു ആവശ്യക്കാരൻ ഇരിക്കുന്നു. നരകാവകാശിയായ ഒരു മനുഷ്യനിതാ ഇരിക്കുന്നു. പാപത്തിന്റെ ശമ്പളമായ മരണം വാഴുന്ന ഒരു സ്ത്രീ ഇവിടെ ഇരിക്കുന്നു.

എന്റെ യേശുവേ, പാപത്തിന്റെ ശമ്പളമായ മരണം മൂലം നിത്യനാശത്തിലേക്കു പോകുന്ന ഒരു മനുഷ്യനിതാ ഇവിടെ ഇരിക്കുന്നു. ഞാൻ നിന്റെ കൈപ്പണിയാണല്ലോ. എന്നാൽ ഞാനിതാ ശിക്ഷാവിധിക്ക് അർഹനായിട്ട് ഇരിക്കുന്നു. നിത്യപ്രളയത്തിൽ നശിക്കേണ്ടവനായി, നരകത്തിന്റെ ഭീകരതയിലേക്ക് തള്ളപ്പെടേണ്ടവനായി, അതിനുമാത്രം യോഗ്യതയുള്ളവനായി ഞാനൊരാൾ ഇവിടെ ഇരിക്കുന്നു.

എന്റെ പാപങ്ങൾ ഭയാനകമാണ്. എന്റെ യേശുവേ, എന്റെ ജീവിതത്തിൽ വന്നുപോയ പാപങ്ങൾ ലോകത്താർക്കും അറിഞ്ഞുകൂടാ. എന്നാൽ നാഥാ, നീ അറിയുന്നു. നിന്നെ മറയ്ക്കാൻ സാദ്ധ്യമല്ല. നിന്നെ ഒളിക്കാൻ സാദ്ധ്യമല്ല. യേശുവേ, നീയിപ്പോൾ എന്റെ അരികത്തേക്ക് വന്നിരിക്കുന്ന ഈ സമയം ഞാൻ നിന്നോട് യാചിക്കുകയാണ്.

കർത്താവേ, നീ ക്രൂശിൽ മരിച്ചത് എന്റെ പാപത്തിന്റെ ശിക്ഷ വഹിച്ചുകൊണ്ടാണെന്ന് ഞാൻ വിശ്വസിച്ച് ഏറ്റുപറയു കയാണ്. എന്റെ ബന്ധനങ്ങൾ അഴിക്കുവാനാണ് നീ കുരിശിന്മേൽ ആണികളാൽ ബന്ധിതനായതെന്ന് ഞാൻ വിശ്വസിച്ച് ഏറ്റുപറയുകയാണ്.

കർത്താവേ, എണ്ണിയാൽ തീരാത്ത പാപങ്ങളെല്ലാം വഹിച്ചുകൊണ്ട് ഞാനിതാ തിരുമുമ്പാകെ വന്ന് കുരിശിൻ ചുവട്ടിൽ എന്നെത്തന്നെ അടിയറ വയ്ക്കുന്നു. എനിക്ക് ന്യായംപറയാൻ ഒന്നുമില്ല. എനിക്ക് അഭിമാനിക്കാൻ ഒന്നുമില്ല, എനിക്ക് സന്തോഷിക്കാൻ ഒന്നുമില്ല.

എനിക്ക് പ്രശംസിപ്പാൻ ഒന്നുമില്ല. ഞാനോ പാപിയായൊരു മനുഷ്യൻ. എന്റെ പ്രവൃത്തിയിൽ പാപം ഇല്ലാത്തപ്പോഴും എന്റെ വാക്കിൽ പാപമില്ലാത്തപ്പോഴും എന്റെ ചിന്താഗതികളിൽ പാപമുണ്ട്. എന്റെ മനോഭാവത്തിൽ പാപമുണ്ട്. എന്റെ പ്രകൃതത്തിൽ പാപമുണ്ട്. എന്റെ സ്വഭാവത്തിൽ പാപമുണ്ട്. കാരണം, ഞാൻ പാപത്തിൽ നിർമ്മിക്കപ്പെട്ടവനാണ്. ഞാൻ പാപത്താൽ നിയന്ത്രിക്കപ്പെട്ടവനാണ്.

യേശുവേ, ഞാൻ ഈ ഭൂമിയിലേക്ക് ജനിക്കുമ്പോൾ തന്നെ പാപിയാണ്. പാപം ചെയ്തതുകൊണ്ടല്ല ഞാൻ പാപിയായത്. പാപിയായതുകൊണ്ട് പാപം ചെയ്തു പോകുന്നുവെന്നേയുള്ളൂ. കർത്താവേ, എന്റെ രക്തത്തിൽ പാപമുണ്ട്. എന്നാൽ എന്നെ രക്ഷിക്കാൻ നീ കുരിശിൽ മരിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു. കർത്താവേ, നീ കുരിശിൽനിന്ന്

ഒന്ന് എഴുന്നള്ളി ഇറങ്ങിവന്ന് എന്റെ ഹൃദയത്തിലേക്ക് നടന്നുകയറണമേ. എന്നിൽ നീ വാഴണമേ. എന്റെ ഹൃദയത്തിൽ നീ വസിക്കണമേ.

എന്റെ പൂർണ്ണ അവകാശം ഞാൻ നിനക്ക് വിട്ട് തരുന്നു. ഇതുവരെയും എന്റെ കൈയിൽ പിടിച്ചിരുന്ന അവകാശങ്ങൾ ഞാനിതാ വിട്ട് നിന്റെ കരങ്ങളിലേക്ക് തരുന്നു. എന്റെ ഈ ശരീരം തരുന്നു. മനസ്സ് തരുന്നു. എന്റെ ആത്മാവ് തരുന്നു. എന്റെ വരുമാനം തരുന്നു. എന്റെ കുടുംബം തരുന്നു. എന്റെ ഭാര്യയെ തരുന്നു. എന്റെ ഭർത്താവിനെ തരുന്നു. എന്റെ മക്കളെത്തരുന്നു.

എന്റെ ജീവിതത്തിൽ എന്തെല്ലാമുണ്ടോ അതെല്ലാം നിന്റെ കൈകളിലേക്ക് തരുന്നു. നാഥാ, നിന്റെ തിരുരക്തത്തിന്റെ മുദ്ര അണിയിച്ച് ഞാനെല്ലാം തിരികെ വാങ്ങുകയാണ്. നിന്റെ തിരുരക്തത്തിന്റെ മുദ്ര ലഭിച്ച് ഞാനിതെല്ലാം തിരികെ വാങ്ങി നിന്റെ നാമത്തിന്റെ മഹത്വത്തിനുവേണ്ടി ഇനി ഇതെല്ലാം വിനിയോഗിക്കുകയാണ്.

എന്റെ കുടുംബജീവിതം നിന്റെ മഹത്വത്തിനുവേണ്ടിയാണ്. എന്റെ മക്കൾ നിന്റെ മഹത്വത്തിനുവേണ്ടിയാണ്. എന്റെ മാതാപിതാക്കൾ നിന്റെ മഹത്വത്തിനു വേണ്ടിയാണ്. എന്റെ വരുമാനം നിന്റെ മഹത്വത്തിനുവേണ്ടിയാണ്. എന്റെ ജീവിതത്തിൽ ഇനി എനിക്ക് ഒരേയൊരു ലക്ഷ്യമേയുള്ളൂ. യേശു എന്നിൽ പ്രസാദിക്കണം. യേശു എന്നെ നയിക്കണം.

യേശു എന്നെ നടത്തണം. യേശുവിന്റെ കൃപ എന്നിൽ നിറയണം. യേശുവിന്റെ ആത്മാവ് എന്നെ നയിച്ച്, എന്നെ നിയന്ത്രിച്ച് എന്നെ ഭരിച്ചുകൊണ്ട് പോകണം. നാഥാ, ഈ മഹാഭാഗ്യത്തിലേക്ക് എന്നെ നീ ഇപ്പോൾ തന്നെ നയിക്കുമോ? അരികത്തൂടെ നടക്കുന്ന യേശുവിനോട് നിങ്ങൾക്ക് പറയാം.

വ്യക്തമായും കൃത്യമായും ശക്തമായും യേശുക്രിസ്തുവിന്റെ ആത്മാവ് നിങ്ങളോട് ഇടപെടുകയാണ്. നിങ്ങളെ

വീണ്ടെടുക്കാൻ അദ്ധ്വാനിക്കുകയാണ്. നിങ്ങളെ രക്ഷിക്കാൻ ശ്രമിക്കുകയാണ്. പാപത്തിന്റെ ശിക്ഷയിലേക്ക് തള്ളപ്പെടുവാൻ ദൈവം നിങ്ങളെക്കുറിച്ച് ആഗ്രഹിക്കുന്നില്ല.

നിങ്ങൾ എല്ലാവരും രക്ഷപ്പെടണമെന്നാണ് കർത്താവിന്റെ ആഗ്രഹം. നിങ്ങൾ ഓരോരുത്തരും രക്ഷയുടെ കവാടത്തിൽ ക്കൂടെ നിത്യരക്ഷയിലേക്ക് പ്രവേശിക്കാൻ ആഗ്രഹിച്ചുകൊണ്ട് രക്ഷകനിതാ മാടിമാടി വിളിക്കുകയാണ്.

അവൻ നിങ്ങളെ സ്നേഹത്തോടെ വിളിച്ചു ചേർക്കുക യാണ്. അവന് നിങ്ങളോട് പരിഭവമില്ല. യേശുവിന് നിങ്ങളോട് വഴക്കില്ല. നിങ്ങൾ പാപം ചെയ്ത് ജീവിച്ചല്ലോ എന്ന് യേശു നിങ്ങളോട് വഴക്കടിക്കുന്നില്ല. യേശു നിങ്ങളെ തള്ളി മാറ്റുന്നില്ല.

യേശു നിങ്ങളെ ശപിച്ചുവിടുന്നില്ല. യേശു നിങ്ങളെ ഉപേക്ഷിച്ചുകളയുന്നില്ല. യേശു നിങ്ങളെ ചേർത്തണയ്ക്കുകയാണ്. എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളയുകയില്ല എന്ന് യേശു വ്യക്തമായി കല്പിച്ചിട്ടുണ്ട്.

എന്റെ സ്നേഹിതരേ, നിങ്ങൾ യേശുവിന്റെ അരികിലേക്ക് ഓടിവരിക. യേശു രക്ഷകനാണ്. യേശുവിന്റെ രക്തം ഗുണകരമായി സംസാരിക്കുന്നുണ്ട്. യേശു കാരുണ്യവാനാണ്. ആ തിരുനാഥന്റെ പൊന്നു സവിധത്തിലേക്ക് ഓടിയണയുവിൻ. അവന്റെ പാദത്തിൽ നിങ്ങൾ മുത്തുവിൻ. അവന്റെ പാദത്തിൽ നിങ്ങൾ വീഴുവിൻ. അവന്റെ പാദത്തിൽ നിങ്ങൾ താഴുവിൻ. അവനോട് നിങ്ങൾ പറയുവിൻ.

യേശുനാഥാ, നീയാണ് എന്റെ ഉടയവൻ. നീയാണ് എന്റെ നാഥൻ. നീയാണ് എന്റെ രക്ഷകർത്താവ്. നീയാണ് എന്റെ വീണ്ടെടുപ്പുകാരൻ. നീയാണ് എന്റെ യജമാനൻ. നീയാണ് എന്റെ കർത്താവ്. യേശുവേ, എന്റെ കർതൃത്വം മുഴുവനും ഞാൻ നിന്റെ കൈകളിലേക്ക് കൈമാറിയിരിക്കുന്നു. യേശുവേ, പാപപൂർണ്ണമായ ഈ ജീവിതം നിന്റെ കരങ്ങളിലേക്ക്

കൈമാറിയിരിക്കുന്നു.

കർത്താവേ, എന്നെ നീ ശുദ്ധീകരിച്ച്, രൂപാന്തരപ്പെടുത്തി യേശുവിന്റെ സ്വഭാവമുള്ള ഒരു വ്യക്തിയാക്കിത്തീർക്കണമേ. കർത്താവേ, എന്നെ രൂപാന്തരപ്പെടുത്തണമേ. എന്റെ സ്വഭാവം മാറ്റണമേ. പാപമയ പ്രകൃതികൾ മാറ്റി എന്നെ ഒരു വിശുദ്ധനാക്കി മാറ്റണമേ. എന്നെ ഒരു ശുദ്ധിമതിയാക്കി മാറ്റണമേ.

ഈ തലമുറയിലെ ഒരു വിശുദ്ധനായി മാറുവാൻ എനിക്ക് നീ ഭാഗ്യം തരണമേ. നാഥാ, എന്നോടുള്ള നിയമം ഞാൻ ഓർക്കുന്നു. തിരുരക്തത്താലുള്ള നിയമം ഞാൻ ഓർക്കുന്നു. യേശുവേ, മഴവില്ല് ഞാൻ കാണുന്നു. കർത്താവേ, എന്റെ ജീവിതത്തിൽ സ്നേഹത്തിന്റെ മഴവില്ലായി നീ എഴുന്നള്ളിവന്ന് നീ എന്റെ ജീവിതത്തിൽ രക്ഷാവലയം സൃഷ്ടിക്കണമേ.

എനിക്കു ചുറ്റും പ്രകാശവലയം സൃഷ്ടിക്കണമേ. എനിക്കുചുറ്റും കരുതൽ സൃഷ്ടിക്കണമേ. കർത്താവേ, എനിക്കുചുറ്റും ഒരു വലിയ കോട്ട കെട്ടണമേ. എന്നെ നീ സ്വന്തമാക്കിത്തീർക്കണമേ. നീ എന്റെ സ്വന്തം, യേശുവേ, ഞാൻ നിന്റെ സ്വന്തം. കർത്താവേ നാം ഇന്നുമുതൽ ഒന്നാണ്.

എനിക്ക് സ്വന്തം പരിപാടിയില്ല. എനിക്ക് സ്വന്തം പ്ലാനില്ല. എന്റെ പദ്ധതികളെല്ലാം നിന്റേതാക്കി മാറ്റി, യേശുവേ, നീ എന്നെ പൂർണ്ണതയിലേക്ക് നയിക്കണമേ. എന്നെ ഇനിയും രൂപാന്തരപ്പെടുത്തണമേ. ഇനിയും എന്നെ ശുദ്ധീകരിക്കണമേ.

ഇങ്ങനെ പ്രാർത്ഥിക്കുമ്പോൾ യേശുവിന്റെ കരം നിങ്ങളെ തലോടുന്നത് നിങ്ങൾക്ക് അനുഭവിക്കാം. കഴിഞ്ഞകാലങ്ങൾ മായ്ച്ചു തരുന്നത് നിങ്ങൾക്ക് അനുഭവിക്കാം. എല്ലാം ഒരു നിമിഷനേരംകൊണ്ട് കഴുകിത്തരുന്നു. എല്ലാം മറച്ചുതരുന്നു.

ഇനി പിശാച് നോക്കുമ്പോൾ എന്നിൽ പാപം

കാണുകയില്ല. കാരണം, നീ എല്ലാം മായ്ച്ചു കളഞ്ഞു. ഇപ്പോൾ പിശാച് നോക്കുമ്പോൾ കാണുന്നത് നിന്റെ തിരുരക്തമാണ്. എന്റെമേൽ നിന്റെ തിരുരക്തം. ദൈവമക്കളേ, നിങ്ങൾക്ക് വേണമോ ഈ യേശുവിനെ? ഈ സ്വർഗ്ഗീയ മഴവില്ല് വേണമോ? സ്വർഗ്ഗത്തിന്റെ മഴവില്ലാകുന്ന തേജസ്സിന്റെ പ്രകാശം നിങ്ങൾക്ക് വേണമോ? ഈ മഹത്വത്തിന്റെ പ്രകാശം നിങ്ങൾക്ക് വേണമോ? അവനിതാ നിങ്ങളുടെ അരികത്തേക്ക് വന്നിട്ടുണ്ട്. അവനെ നിങ്ങൾ കൈവിട്ടു കളയരുത്.

ഇപ്പോൾ തന്നെ നിങ്ങൾ യേശുവിനോട് പറയൂ. യേശുവേ, ഇന്നുമുതൽ ഞാനൊരു പുതിയ സൃഷ്ടി. എന്റെ യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ സ്വന്തം. യേശുവേ, ഇനി ഞാനില്ല, നീ മാത്രം. യേശുവേ, നിനക്കായി ഞാൻ വേർതിരിച്ചിരിക്കുന്നു. നിനക്കായി ഞാൻ വിട്ടുതന്നിരിക്കുന്നു. ഇന്നുമുതൽ ഞാൻ നിന്റെ വക.

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം - ഭാഗം ഒന്ന്
53. കണ്ണീർപ്പാടം - ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസ വീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. CALEB - A BRAVE HERO OF FAITH
107. രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?
108. ശുഭമുദ്ര
109. LITTLE FOXES
110. വരൾച്ചയും വളർച്ചയും
111. മരണമേ, നിന്റെ ജയം എവിടെ?
112. സമർപ്പണം
113 ON WIND'S WAY
114. സന്തോഷത്തിന് വല്ല വഴിയുമുണ്ടോ?
115. भाग्यशाली
116. ജയാളികൾ
117. സൂര്യനുദിക്കും
118 VICTORIOUS LIVING
119. DEATH, WHERE IS YOUR VICTORY?
120. അഭിവൃദ്ധി പ്രാപിക്കണമോ?
121. എഴുന്നേല്ക്കുക
122 WHAT MUST I DO TO BE SAVED?
123. സ്നേഹാർദ്രകരങ്ങൾ
124. മ്ലാനത മാറുമോ?
125. ഫിലേമോൻ
126. DEDICATION
127. മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ
128. ദൈവത്തിന്റെ സ്നേഹിതൻ
129. വിശ്വാസികളുടെ പിതാവ്
130. വിശ്വാസത്തിന്റെ ചുവടുവെപ്പുകൾ
131. ALL FOR THE BEST
132. അനുഗ്രഹം തലമുറകളിലേയ്ക്ക്
133. തളരാതെ ഓടുക
134. സ്മാരക സ്തംഭങ്ങൾ
135. ആത്മവിവശത
136. സ്നേഹത്തിന്റെ തീജ്ജ്വാല
137. പ്രത്യാശയുടെ നറുനാമ്പുകൾ
138. യഥാസ്ഥാനപ്പെടുവിൻ
139. ഭീരു ധീരനാകയോ?
140. പുനഃപ്രതിഷ്ഠ
141. കൊടുങ്കാറ്റുകൾ
142. സന്തോഷം
143. COURAGE IN CRISES
144. ഹാനോക്ക്
145. പോരാട്ടം

# ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ
# പ്രധാനയോഗങ്ങൾ

**Prof. M.Y. യോഹന്നാന്റെ** ഭവനത്തിനടുത്തുള്ള പ്രാർത്ഥനാഹാളിൽ
കടയിരുപ്പ് (കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്)
Ph : 0484 -2689489, 9142 303096

---

| | |
|---|---|
| രണ്ടാം ശനിയാഴ്ച (മാസം തോറുമുള്ള പ്രധാന യോഗം) | 9.00am - 2.00pm |
| കുട്ടികൾക്കുള്ള ബൈബിൾ ക്ലാസ്സ് | 3.00pm - 4.30pm |
| യുവതികളുടെ ഫെല്ലോഷിപ്പ് | 3.00pm - 4.30pm |
| സാക്ഷ്യയോഗം | 4.30pm - 9.00pm |
| രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള | |
| രണ്ടാം ഞായറാഴ്ച | 12.30pm - 5.00pm |
| മൂന്നാം ഞായറാഴ്ച | 12.30pm - 5.00pm |
| എല്ലാ തിങ്കളാഴ്ചയും | 6.00pm - 8.30pm |
| എല്ലാ വെള്ളിയാഴ്ചയും | 6.00pm - 8.30pm |
| (ബൈബിൾ ക്ലാസ്സ്) | |
| ഒന്നാം ചൊവ്വാഴ്ച | 9.00am - 12.45pm |
| (വനിതകളുടെ യോഗം) | |
| എല്ലാ ഒന്നും മൂന്നും ബുധനാഴ്ച | 6.30pm - 9.00pm |
| യുവാക്കന്മാരുടെ യോഗം | |
| (15 വയസ് മുതൽ 35 വരെ) | |